# മലയാളത്തിലെ

# പഴയ പാട്ടുകൾ

## പ്രകാശകൻെറ

# പ്രസ്താവന.

---

മലയാളത്തിലെ പഴയപാട്ടുകൾ മലയാളഭാഷാസാഹിത്യത്തിൻേറയും ഈ ഭാഷ പ്രചരിച്ചിരിക്കുന്ന രാജ്യത്തിൻെറയും സംസാരിക്കുന്ന ജനങ്ങളുടേയും അതീതചരിത്രങ്ങളെ വെളിപ്പെടുത്തുമെന്നുള്ളതു സൎവസമ്മതമാകുന്നു. പുരാതനചരിത്രങ്ങളറിയുന്നതിന് കല്ലും കരടും തിരഞ്ഞു നടക്കുന്ന ഡിപ്പാൎട്ടുമെൻറുകാർ ഈ വക പാട്ടുകൾ ശേഖരിക്കാൻ തുടങ്ങിയെന്നുവരുകിൽ അന്ധകാരത്തിരയിൽ കിടക്കുന്ന എന്തെല്ലാം കാൎയ്യങ്ങൾ പ്രകാശിക്കുമായിരുന്നു. ഈ നാട്ടിലെ സാമാന്യജനങ്ങളുടെ ഇടയിൽ ഒരു കാലത്തും പ്രതിഷ്ഠ ലഭിച്ചിട്ടില്ലാത്ത സംസ്കൃതമെന്ന ആൎയ്യഭാഷയിലെ പുരാതനഗ്രന്ഥങ്ങൾ സംഭരിച്ചു് ഈ നാട്ടുചരിത്രം ഗ്രഹിക്കാൻ തുനിയുന്നതിൻെറ ഔചിത്യം മലയാളികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചില്ലെങ്കിൽ ആൎക്കാണു നഷ്ടം? കാലം നമ്മുടെ സൌകൎയ്യം നോക്കി നില്ക്കുന്നില്ല. നില്ക്കയുമില്ല. കാലചക്രം തിരിയുന്നതോടുകൂടി പുതിയതെല്ലാം പഴയതാകുന്നു. പഴയതെല്ലാം ഓൎമ്മയിൽനിന്നു മറയുന്നു. ഇങ്ങനെ മലയാളികളായ നമ്മെ സംബന്ധിച്ച എന്തെല്ലാം കാൎയ്യങ്ങൾ മറഞ്ഞുപോയിരിക്കുന്നു. ഈ കഥയോൎക്കുമ്പോൾ പഴയപാട്ടുകളുടെ വിഷയത്തിൽ നമുക്കുള്ള അശ്രദ്ധ ക്ഷന്തവ്യമല്ലെന്നു കാണാം.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഈ ഗ്രന്ഥം ചിറയിങ്കീഴ്, പി. [illegible]ദപ്പിള്ള (എം. ആർ. ഏ. എസ്.) അവർകളുടെ ചിരകാലപ്രയത്നത്തിന്റെ ഫലമാകുന്നു. ഗോവിന്ദപ്പിള്ള അവർകളെ ഈ ഗ്രന്ഥം വായിക്കുന്നവരുമായി പരിചയപ്പെടുത്തേണ്ട ആവശ്യം ഇല്ല. സരസഗദ്യപ്രബന്ധങ്ങൾ കൊണ്ടു ഭാഷാസാഹിത്യലോകത്തിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചിട്ടുള്ള ഒരു മാന്യനാണദ്ദേഹം. എത്ര ഗംഭീരമായ വിഷയം തന്നെയായാലും പിള്ള അവർകളുടെ തൂവലുകൊണ്ടു വിവരിക്കയാണെങ്കിൽ അതു ഫലിതപൂർണ്ണമായിരിക്കുമെന്നുള്ളതു മലയാളികൾ പരക്കെ അറിഞ്ഞിട്ടുള്ള ഒരു വാസ്തവമാണ്.

ഗോവിന്ദപ്പിള്ള അവർകൾക്കു പഴയപാട്ടുകൾ ശേഖരിക്കാൻ ഉത്സാഹം ജനിപ്പിച്ചതു് പരേതനായ "മലയാളമനോരമ" പത്രാധിപർ കെ. ഐ. വറുഗീസ്മാപ്പിള അവർകളാണ്. ഭാവികാലത്തിൽ ഭാഷാസാഹിത്യത്തിന് ഉപയോഗപ്പെടേണ്ടതായ വാസനാബലം മലയാളത്തിന്റെ ഏതുഭാഗത്തെങ്കിലും പ്രത്യക്ഷപ്പെടുന്നതായി കണ്ടാൽ അതിനെ വേണ്ടവിധം ഉജ്ജ്വലിപ്പിക്കാൻ വറുഗീസ് മാപ്പിള അവർകൾക്കുണ്ടായിരുന്ന ശക്തി സുപ്രസിദ്ധമാണല്ലോ. അദ്ദേഹം ഗോവിന്ദപ്പിള്ള അവർകളുടെ കുട്ടിക്കാലംമുതൽ അദ്ദേഹത്തിന്റെ സാഹിത്യരംഗത്തിലെ കളികൾ കണ്ടു് ആനന്ദിക്കയും അദ്ദേഹത്തെ വേണ്ടവിധം നയിക്കയുംചെയ്തിരുന്നു. ഈ പട്ടണത്തിൽനിന്നു പ്രസിദ്ധമാക്കിയിരുന്ന "കേരളപത്രിക" പത്രത്തിന്റെ ആധിപത്യം ഗോവിന്ദപ്പിള്ള അ

വർകൾ വഹിച്ചിരുന്നപ്പോൾ മിസ്റ്റർ വറുഗീസ്മാപ്പിള ആ സന്നമരണനായി കിടക്കയായിരുന്നു. ആ കാലത്തിലും "പഞ്ചിക"യുടെ മുഖപ്രസംഗങ്ങളെ പ്രത്യേകം ശ്രദ്ധയോടെ വായിച്ചു വേണ്ടവിധം ഉപദേശങ്ങളടങ്ങിയ കത്തുകൾ വേണ്ട കാലങ്ങളിലയച്ചു പിള്ള അവർകളെ പത്രാധിപകൃത്യത്തിൽ പരിചയിപ്പിക്കാൻ വറുഗീസ് മാപ്പിള അവർകൾ പരിശ്രമിച്ചിരുന്നു. ഈവിധം ഭാഷയ്ക്കും നാട്ടിനും വേണ്ടി ജീവിച്ചിരുന്ന ആ മഹാനുഭാവൻെറ ആയുഷ്കാലം കുറെക്കൂടി നീണ്ടിരുന്നുവെന്നുവരുകിൽ ഇതുപോലുള്ള ഗ്രന്ഥങ്ങൾ ഇതിനിടെ എത്രയെത്ര ഉണ്ടാകുമായിരുന്നു.

ഗോവിന്ദപ്പിള്ള അവർകൾ "സ്വദേശാഭിമാനി" പത്രാധിപരായിരുന്നകാലത്തു് അദ്ദേഹം ചില സ്നേഹിതന്മാരുടെ സഹകരണങ്ങളാൽ കേരളത്തിൻെറ വിവിധഭാഗങ്ങളിൽനിന്നു പല വിലയേറിയ പാട്ടുകൾ സംഭരിച്ചിട്ടുണ്ടായിരുന്നതു് ആ സ്ഥാനത്തിൽനിന്നു പിരിഞ്ഞപ്പോൾ അനധീനമായിപ്പോയെന്നു വ്യസനസമേതം പറയേണ്ടിവന്നിരിക്കുന്നു.

മലയാളത്തിലെ ഒരേ ഒരു പഴയ പാട്ടിനെപ്പററി മിസ്റ്റർ പിള്ള അനേകം കൊല്ലമായി "ഭാഷാപോഷിണി"യിൽ എഴുതിവന്ന ഉപന്യാസങ്ങൾ മലയാളികളുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കയും പലരും അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുണ്ടു്. ദിവാൻബഹദൂർ പി. രാജഗോപാലാചാരി (സീ. ഐ. ഇ.) അവർകളുടെ ആദ്ധ്യക്ഷത്തിൽ കൂടിയ തി. വീ. മഹാസഭയുടെ ഒരു വാർഷികസമ്മേളനത്തിൽ തിരുവനന്തപുരം രാജകീയകാളേജിൽ അസിസ്റ്റൻറു

പ്രൊഫസരും ഒരു ഉത്തമഭാഷാഭിമാനിയും ആയ രാജശ്രീ ഏ. ഗോപാലമേനോൻ എം. ഏ. അവർകഠം ചെയ്ത പ്രസംഗത്തിൽ മിസ്റ്റർ ഗോവിന്ദപ്പിള്ളയുടെ ഏതദ്വിഷയമായ പ്രയത്നത്തെപ്പററി ശ്ലാഘിക്കയും മലയാളികളുടെയും ഗവമ്മെണ്ടിൻേറയും ദയാദൃഷ്ടിക്ക് അദ്ദേഹം അഹനാണെന്നു കാണിക്കയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തെപോലെ ഉൽകൃഷ്ടന്മാരും ഉത്തരവാദിത്വമുള്ളവരുമായ പല മലയാളികളും മിസ്റ്റർ പിള്ളയുടെ ഈദൃശശ്രമങ്ങളെ അഭിനന്ദിച്ചിട്ടുള്ളതുകൊണ്ടാണ് ഈ ഗ്രന്ഥപരമ്പരയുടെ ആദ്യഭാഗം ഇപ്പോഴെങ്കിലും പ്രകാശിപ്പിക്കാൻ സംഗതിയായത്.

കവികുലചക്രവത്തിയായ കേരളവമ്മ (സീ. എസ് ഐ.) വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ സംരക്ഷണത്തിൻകീഴിൽ കഴിഞ്ഞുപോന്ന ഗോവിന്ദപ്പിള്ള അവർകഠംക്ക് ആ രക്ഷാകത്താവിൻെറ ദേഹവിയോഗം അസഹ്യവും അശാന്തവും ആയ ദുഃഖം ഉണ്ടാക്കിയിരിക്കുന്നു. ഈ ദുഃഖവും ഇയ്യിടെ ഉത്ഭവിച്ചിട്ടുള്ള ശരീരാസ്വാസ്ഥ്യവും ഈ മാതിരി സ്ഥിരപരിശ്രമങ്ങഠംക്ക് അദ്ദേഹത്തെ അശക്തനാക്കിയിരിക്കയാണ്. ഈ കാരണത്താൽ ഈയവസരത്തിൽ ഈ പ്രസിദ്ധീകരണത്തിനു ഞാൻ പ്രത്യേകം പ്രയത്നിക്കേണ്ടതായി വന്നിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷയിൽ ഈമാതിരി ഗ്രന്ഥങ്ങഠംക്കുള്ള വിലയും നിലയും വേണ്ടപോലെയറിഞ്ഞിട്ടുള്ള രാജകീയകാളേജ് ഇംഗ്ലീഷ് പ്രൊഫസർ മിസ്റ്റർ സ്ലാസ് (എം. ഏ.) ഈ ഗ്രന്ഥകാര്യം ഗ്രഹിച്ച് ഈ പരിശ്രമത്തിൻെറ ഔചി

ത്ത്യത്തേയും ഇതുനിമിത്തം ഉണ്ടാകാവുന്ന ഗുണങ്ങളേയുംപ റ്റി ഗോവിന്ദപ്പിള്ള അവർകളോടു വിവരിച്ച് അദ്ദേഹ ത്തെ പ്രോത്സാഹിപ്പിച്ചിട്ടുള്ളതും ഇവിടെ കൃതജ്ഞതാപുര സ്സരം സ്മരിക്കേണ്ടിയിരിക്കുന്നു.

ഈ പ്രസ്താവന മൂലം പ്രധാനമായി ചെയ്യേണ്ടതു് ഈ ഗ്രന്ഥത്തിൻെറ ആമുഖോപന്യാസകർത്താവായ ബ്രഹ്മ ശ്രീ എസ്. പരമേശ്വരയ്യർ (എം. എ., ബി. എൽ. എം. ആർ. എ. എസ്.) അവർകളുടെനേൎക്കു ഞങ്ങൾക്കുള്ള നന്ദിയെ പ്രദർശിപ്പിക്കയാകുന്നു. മിസ്റ്റർ പരമേശ്വ രയ്യൎക്കു മലയാളഭാഷയും മലയാളികളും എത്രത്തോളം കട പ്പെട്ടിട്ടുണ്ടെന്നുള്ളതു് നിർമ്മത്സരന്മാൎക്കു ബോദ്ധ്യമായിട്ടുള്ള സംഗതിയാണ്. സംസ്കൃതം, ഇംഗ്ലീഷ്, തമിഴ്, മലയാളം എന്നീ നാലുഭാഷകളിലും അവിതൎക്കിതവും അപാരവും ആ യ പാണ്ഡിത്യവും മലയാളത്തിൽ മഹാകവിയെന്ന പേരി ന് അചലിതമായ അവകാശവും ഇംഗ്ലീഷിലും മലയാള ത്തിലും പ്രസന്നമായ വാഗ്മിത്വവും സമ്പാദിച്ച് ഭാഷയുടെ പുരാതന ചരിത്രങ്ങളെ പ്രകാശിപ്പിക്കാൻ നിരന്തരമായി പ്രയത്നിച്ച് മലയാളികളുടെ അഭിമാനപാത്രമായി ഭവിച്ചി രിക്കുന്ന ഈ മാന്യൻ കാൎയ്യശതാകുലനെങ്കിലും ഞങ്ങളുടെ അപേക്ഷയെ അംഗീകരിച്ച് സാരസ്വരസമായ ഒരു ആമു ഖോപന്യാസമെഴുതിത്തന്നതു് അദ്ദേഹത്തിനു മലയാളഭാ ഷയോടുള്ള പ്രതിപത്തിക്കു വേറൊരു ഉദാഹരണമാകുന്നു. ഈ ആമുഖോപന്യാസം എഴുതിയപ്പോൾ പലപാട്ടുകളിൽ നിന്നു് ഉദാഹരണത്തിനായി ഏതാനം വരികൾ മാത്രമേ

ഈ ഗ്രന്ഥത്തിൽ ചേർത്തിരുന്നൊള്ളൂ. "മിസ്റ്റർ ഗോവിന്ദപ്പിള്ള എൻെറ ഈ അപേക്ഷയെ അംഗീകരിച്ചു പഴയ പാട്ടുകളെപ്പററിയുള്ള വിമർശനങ്ങൾക്കു പുറമെ ആ പാട്ടുകളെത്തന്നെ സമഗ്രമായി പ്രസിദ്ധപ്പെടുത്തി........" ഇത്യാദി ആമുഖോപന്യാസത്തിലെ അഭിപ്രായത്തെ ഞങ്ങൾ ആദരിച്ചു് ഈ ഗ്രന്ഥത്തെ ആദ്യന്തം അലകും പിടിയും മാററി എഴുതേണ്ടി വന്നതിനാൽ ആദ്യം നിശ്ചയിച്ച അവസരത്തിൽ ഇതു പ്രസിദ്ധമാക്കാനിടയായില്ല.

ഈ ഗ്രന്ഥം അച്ചടിച്ചു തുടങ്ങിയയിടയ്ക്കു വിവരം ഗ്രഹിച്ചും ഇതിൻെറ ആവശ്യകതയേയും ഈ വിഷയത്തിൽ മലയാളികൾക്കുള്ള കടമയേയുംമററും വിവരിച്ചും മുഖപ്രസംഗമെഴുതി ഞങ്ങളെ പ്രോത്സാഹിപ്പിച്ച "ഭാരതകേസരി"പത്രാധിപർ രാജശ്രീ കേ. വേലുപ്പിള്ള അവർകളോടും ഞങ്ങൾ വിശിഷ്യ നന്ദിയുള്ളവരായിരിക്കുന്നു.

പ്രജാസഭാംഗവും മവേലിക്കര മുൻസിഫ് കോടതി വക്കീലുമായ രാജശ്രീ എൻ. ജി. പരമേശ്വരൻ പിള്ള അവർകൾ മുതലായി പല മാന്യന്മാരുടേയും സഹകരണം ഈ പ്രസിദ്ധീകരണത്തിൽ ഞങ്ങൾക്കുണ്ടായിട്ടുണ്ടു്. അതിനാൽ അവരോടും ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു.

തിരുവനന്തപുരം
വിദ്യാവിലാസപ്രസിദ്ധീകരണ-
ശാല.
൧൧൦൬-൧-൧. } തോമസ് പോൾ.ബി.എ.

# ആമുഖോപന്യാസം.

---

എൻെറ ഒരു ബാല്യസ്നേഹിതനും യഥാൎത്ഥ ഭാഷാഭിമാനിയുമായ ചിറയിങ്കീഴ് പി. ഗോവിന്ദപ്പിള്ള അവൎകൾ എഴുതിയ 'മലയാളത്തിലെ പഴയ പാട്ടുകൾ' എന്ന പുസ്തകത്തെ മഹാജനസമക്ഷം അവതരിപ്പിക്കുന്നതിനു എനിക്കു പ്രത്യേകം സന്തോഷമുണ്ടു്.

ഭാഷയിൽ ഇപ്പോൾ ധാരാളം പുസ്തകങ്ങളുണ്ടാകുന്നുണ്ടെന്നുള്ളതും അവയിൽ നൂററിനു തൊണ്ണൂററൊൻപതും ഭാഷാപോഷണത്തിനു് ഒരു വിധത്തിലും പ്രയോജനപ്പെടുന്നില്ലെന്നുള്ളതും ഒന്നുപോലെ പരമാൎത്ഥമാണു്. ഗോവിന്ദപ്പിള്ള അവൎകൾ തന്നെ ഈ പുസ്തകത്തിൽ പ്രസ്താവിക്കുന്നതുപോലെ 'അയ്യപ്പച്ചാരു് അങ്ങാടിമരുന്നിടിച്ചതും കയ്യിൽ ഉലക്കകൊണ്ടതും മമ്മതുകുഞ്ഞു പട്ടമ്പി മാവിൽ കയറി മറിഞ്ഞുവീണതും മണിമലയാററിൽ തീ പിടിച്ചതും ഉരച്ചുചേൎത്തു് വിടവുമടച്ചു് ആപ്പും വച്ചു് അങ്ങോട്ടു ചെല്ലമ്മയെന്നോ വീരഭദ്രവിലാസമെന്നോ പേരുകൊടുത്താൽ ഗ്രന്ഥകൎത്തൃപദവി അപഹരിക്കാൻ തരമുള്ള' ഒരു കാലം തന്നെയാണു് ഇതു്. വാസനയും അഭ്യാസവും മററും വേണമെന്നു് ചില യോഗ്യന്മാർ അസൂയാകുക്ഷികളായിട്ടു് മുഖത്തു കരിപററിയ മൂങ്ങകളെപ്പോലെ മുക്കിലും മൂലയിലുമിരുന്നു പിറുപിറുത്താൽ അതുകൊണ്ടു് ഈ ഗ്രന്ഥകാരവീരന്മാൎക്കു് എന്താണു് ഹാനി? പുസ്തകമെഴുതുക എന്നതു ഇന്നാൎക്കേ ആവൂ എന്നുള്ളതിനു വല്ല നിയമമോ ആ നിയമത്തെ ലംഘിച്ചാൽ അതിനു വല്ല ശിക്ഷയോ ഉണ്ടോ? സ്വസ്വാതന്ത്ര്യമെന്നുള്ള പഞ്ചാക്ഷരമല്ലേ ഈ ഇരുപതാം നൂററാ

ണ്ടിലെ മുദ്രാപാദം? വല്ലതും വാരി വലച്ചു കാടേ മേടേ എന്നെഴുതിയാലെന്താണു്? അച്ചടിപ്പിക്കാനൊരച്ചുകൂടവും. അനുകൂലാഭിപ്രായം പുറപ്പെടുവിക്കാനൊരു വർത്തമാനക്കടലാസുമില്ലേ നുവരുമോ? നാലു പാദം വച്ചാലെങ്കിൽ കവിയായി; അതിനു നിവൃത്തിയില്ലെങ്കിൽ ഗദ്യകാരനായി; ഒരു പോക്കുമില്ലെങ്കിൽ നിരൂപകനുമായി. യേനകേനപ്രകാരേണ പ്രസിദ്ധ പുരുഷനായിത്തീർന്നു് കാലിന്മേൽ കാലിട്ടു ഞെളിയാൻ ഇപ്പോൾ ആൎക്കും ഒരു പ്രയാസവുമില്ല. വാളെടുത്തവനെല്ലാം വെളിച്ചപ്പാടു്; തടിയെടുത്തവനെല്ലാം വേട്ടക്കാരൻ. കുറെ മുറിഇംഗ്ലീഷുംകൂടി വശമായാൽ ഉടൻ സർവ്വജ്ഞപീഠം കയറാം. പിന്നെ വലിയ കോയിത്തമ്പുരാനു് എന്തു വൈദുഷ്യമാണു്? കൊച്ചുണ്ണിത്തമ്പുരാനു് എന്തു കവിത്വമാണു്? ഈ പഴയകൂററുകാരുണ്ടോ കാവ്യത്തിന്റെ മർമ്മം കാണുന്നു? ഇവർക്കു പ്രകൃതിയേപ്പകർത്താനറിയാമോ? എന്നും മററും ചില വിഡ്ഢിത്തങ്ങൾ പ്രസംഗമണ്ഡപത്തിൽ നിന്നു പുല്ലിളിച്ചുകൊണ്ടു എഴുന്നള്ളിക്കുകകൂടി ചെയ്യാമെങ്കിൽ ജന്മസാഫല്യവുമായി. 'അംബ കൈരളി.' അവിടുത്തേക്കു് ഇങ്ങനെയും ഒരു കാലം വന്നുവല്ലോ? ഹരിണീസ്വയംവരം തുള്ളലെഴുതിയ ആ കവിചക്രവർത്തി ഇന്നു ജീവിച്ചിരുന്നുവെങ്കിൽ ഈ ഭാഷാപോ—അല്ല ഉദരപോഷണസംരംഭം കൊണ്ടുള്ള അനർത്ഥങ്ങളെ എങ്ങനെയെല്ലാം വർണ്ണിച്ചു ബോധം വരുത്തുമായിരുന്നു!

മലയാളത്തിലെ പഴയ പാട്ടുകളെ തിരഞ്ഞുപിടിച്ചു പ്രസിദ്ധം ചെയ്യുക എന്നുള്ള സദ്വ്യവസായത്തിനും മേൽവിവരിച്ച നവീനസാഹിത്യപ്രസ്ഥാനത്തിനും തമ്മിൽ വളരെ അന്തരമുണ്ടു്. ഒടിഞ്ഞും പൊടിഞ്ഞും കിടക്കുന്ന താളിയോലഗ്രന്ഥങ്ങളെ കൈകൊണ്ടു തൊടണമെങ്കിൽതന്നെ സാമാന്യം പോലെ ശ്രമക്ഷമതയുണ്ടായിരിക്കണം. മങ്ങിയും മാഞ്ഞും

കാണുന്ന അതിലെ അക്ഷരങ്ങളിൽ കണ്ണു പതിയണമെങ്കിൽ ഭാഷാഭഗവതിയുടെനേൎക്കു് അളവററ ഭക്തിയുണ്ടായിരിക്കണം. ആ അക്ഷരങ്ങൾ വായിച്ചു നോക്കി കാൎയ്യം ഗ്രഹിക്കണമെങ്കിൽ ഒന്നിലധികം ഭാഷകളുമായി സമീപപരിചയം സിദ്ധിച്ചിരിക്കണം. എന്തിനു വളരെ പറയുന്നു? ഇതു് ആകപ്പാടെ ഒരു 'തൊന്തരവുപിടിച്ചതും' 'കുരുത്തംകെട്ടതും' ആയ വേലതന്നെയാണു്. പിന്നെ ഇത്രയെല്ലാം കണ്ണുകളഞ്ഞു ബുദ്ധിമുട്ടി ഈ പാട്ടുകൾ പ്രസിദ്ധപ്പെടുത്തിയാൽതന്നെ അറിയുന്നവരാരു്? 'ഈ വിദ്വാന്മാർ കുറെ പിച്ചുതന്നെ തോന്നുന്നു; ഇതെല്ലാം ഏതു പാണ്ടിത്തമിഴെല്ലാം മലയാളമായിരിക്കണമല്ലോ' എന്നു ചില സാഹിത്യബധിരന്മാർ ശകാരിച്ചും തുടങ്ങും. അതൊന്നും കേൾക്കാതെ കാലത്തിനേററ കോലം കെട്ടി ചില മുറിപ്പുരിഷ്കാരികൾ കൊട്ടുന്ന താളത്തിനൊപ്പിച്ചു തുള്ളുന്നതു് യശസ്കരവും ചിലപ്പോൾ ആദായപ്രദവുമായ ഒരു പ്രവൃത്തിയാണെന്നുള്ളതിനു സംശയമില്ല. പക്ഷേ ഒരു ഗ്രഹപ്പിഴ ഒഴിയാബാധപോലെ കിടക്കുന്നു. ഭാഷാഭിവൃദ്ധിക്കുപയോഗപ്പെടുന്ന മാൎഗ്ഗമേതെന്നു് അന്തഃകരണം തുറന്നു പറഞ്ഞു തരുന്നു. ആ പ്രത്യക്ഷദേവതയുടെ നിദേശത്തെ അനുസരിക്കുന്നതിൽ നിന്നു വരുന്ന ക്ഷതി വന്നുകൊള്ളട്ടെ. ആ നിദേശത്തെ ഉല്ലംഘിക്കുന്നതിൽ നിന്നു വരാവുന്ന അസൌഖ്യം അവിടെത്തന്നെ കിടന്നുകൊള്ളട്ടെ.

മേൽവിവരിച്ച ചിത്തവൃത്തിയോടുകൂടി സാഹിത്യവ്യവസായം ചെയ്യുന്ന ഒരു മാന്യനാണു് മിസ്റ്റർ സി. പി. ഗോവിന്ദപ്പിള്ളയെന്നുള്ളതു് ഈ പ്രസിദ്ധീകരണത്തിൽ നിന്നുതന്നെ വായനക്കാൎക്കു് അനുമാനിക്കാവുന്നതാണു്. മലയാളത്തിലെ പഴയ പാട്ടുകളിൽ ജനസാമാന്യത്തിനു് അഭിരുചി ജനിപ്പിക്കുവാൻ എന്റെ സ്നേഹിതൻ ഭാഷാപോഷിണിവഴിയായും മ

റവും വളരെക്കാലമായി യത്നിച്ചുവരുന്നുണ്ട്. 'മാവാരതം' പാട്ടും മററും ആദ്യമായി കണ്ടുപിടിച്ചതുതന്നെ സി. പി. യാണെന്നു പറയാം. ഇന്നും ഇദ്ദേഹം ഇതുസംബന്ധമായുള്ള ശ്രമം മതിയാക്കീട്ടില്ല. 'പാമ്പു ചാകുകയുമില്ല കോലൊടികയുമില്ല' എന്ന് ഈ വിഷയത്തെ അധികരിച്ചു താൻ തുടർച്ചയായെഴുതുന്ന ഉപന്യാസങ്ങളെപ്പററി ചില പണ്ഡിതമ്മന്യന്മാർ അധിക്ഷേപിക്കുന്നതിൽ വച്ച് ഇദ്ദേഹത്തിനു കുണ്ഠിതവുമില്ല. ബാല്യത്തിൽ ഇംഗ്ലീഷിൽ പറയത്തക്ക ഉൽകൃഷ്ടപരീക്ഷാവിജയസൌകര്യങ്ങളൊന്നും ലഭിക്കാതെ വാസനയുടെ തള്ളിച്ചകൊണ്ടുംസ്വപ്രയത്നത്തിൻെറ ദാർഢ്യം കൊണ്ടും മാത്രം ഭാഷാസാഹിത്യസാമ്രാജ്യത്തിൽ ഒരു മാന്യസ്ഥാനത്തിനവകാശിയായ് തീർന്നിട്ടുള്ള ഇദ്ദേഹത്തെ എന്നെപ്പോലെ ഹാർദ്ദമായി അഭിനന്ദിക്കുന്ന കേരളീയർ പലരുമുണ്ട്.

ഗോവിന്ദപ്പിള്ള അവർകളുടെ ഗദ്യശൈലിക്കുള്ള വിജാതീയമായ രാമണീയകം സഹൃദയന്മാർക്ക് അനുഭവവേദ്യമാണ്. ആരേയും മുഷിപ്പിക്കാതേയും എല്ലാവരേയും ആനന്ദിപ്പിച്ചും ഭംഗിയിൽ കാര്യം പറയുന്നതാണ് ഫലിതത്തിൻെറ പരമരഹസ്യം എന്നൊരു പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ മാതിരി ഒരു ഫലിതമാണ് ഇദ്ദേഹത്തിൻെറ ഗദ്യകൃതികളിൽ നൈസർഗ്ഗികമായി കണ്ടുവരാറുള്ളതു്. ആ ജന്മസിദ്ധമായ കാവ്യഗുണം ഈ പുതിയ പുസ്തകത്തിലും ധാരാളം വെളിപ്പെടുന്നുണ്ട്.

സി. പി. യുടെ നിരന്തരവ്യവസായങ്ങളിൽ ഒന്നു പഴയ പാട്ടുകൾ ശേഖരിക്കുന്നതാണ്. സംഗതിയുടെ ഗൌരവം നോക്കിയാൽ ഒന്നിനു പകരം ഒരു നൂറു ഗോവിന്ദപ്പിള്ളമാർ തന്നെ ഈ വിഷയത്തിൽ പ്രവർത്തിച്ചാലും അതു് ഒട്ടും അധികമായിപ്പോയെന്നു വരുന്നതല്ല. ഈ പാട്ടുകൾ കേരളീയർ ഉ

പനിഷത്തുകളെപ്പോലെ ആരാധിച്ചുവന്ന ഒരു കാലം ഉണ്ടായിരുന്നു. ആ കാലം ഇങ്ങിനി വരാതവണ്ണം പൊയ്പ്പോയിരിക്കുന്നു. പഴയതൊക്കെപ്പാഴാണെന്നു പണ്ഡിതന്മാർ പോലും പരിഹസിച്ചുതുടങ്ങിയിരിക്കുന്നു. ഓണക്കേറാമൂലകളിൽക്കൂടി ഹാർമ്മോണിയവും സ്വനഗ്രാഹിയന്ത്രവും സ്ഥലം പിടിച്ചു കഴിഞ്ഞിരിക്കുന്നു. മുറിയിംഗ്ലീഷും മൂളിപ്പാട്ടുമില്ലാഞ്ഞാൽ നാലുപേരിലൊരുത്തനാകുന്ന കാര്യം തന്നെ ദൈവഗതിക്കായിത്തീർന്നിരിക്കുന്നു. ഇങ്ങനെയററത്തു കിടക്കുന്നവരും ഇക്കൂട്ടപ്പാച്ചിലിൽ അരോചകം ജനിച്ചിരിക്കുന്നു. എന്തിനു വിസ്തരിക്കുന്നു. പുതിയ പരിഷ്കാരമാകുന്ന അഗ്നിപർവതം പൊട്ടിത്തെറിച്ചു 'പുരായത്തസ്രോതഃപുളിനമധുനം' എന്നമാതിരിയിൽ കണ്ടാൽ കഴിയും തിരിച്ചറിയാൻ പാടില്ലാതെ ലോകമാകപ്പാടെ ഒന്നിളകി കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ഈ കോലാഹലത്തിനിടയിൽ പഴയ പാട്ടുകൾ പാടാനാര്? കേൾക്കാനാര്?

'അപ്രിയസ്യചപഥ്യസ്യ വക്താശ്രോതാചദുർല്ലഭഃ'

എന്നത് വാത്മീകിയുടെ കാലത്തും ഇന്നും ഒന്നുപോലെ പറയുന്ന ഒരു തത്വമല്ലേ? അവ എഴുതിവച്ചിരിക്കുന്ന ഏടുകൾ എടുക്കാനാര്? തുടയ്ക്കാനാര്? അവയുടെ ഉടമസ്ഥന്മാർ ക്ഷാമദേവതയുടെ എന്നപോലെ അവ അണുപ്രാണികളുടെ സ്വച്ഛന്ദവിഹാരത്തിനു കേളിരംഗങ്ങളായി തീർന്നിട്ട് കാലം കുറെയായി. കണ്ഠഗതപ്രാണങ്ങളായി മാത്രമെങ്കിലും അവ അവിടവിടെ അവശേഷിക്കുന്നുണ്ടെങ്കിൽ അതു കൈരളിയുടെ പൂർവപുണ്യംകൊണ്ടല്ലാതെ മറെറാന്നുകൊണ്ടുമല്ല.

'ഇദാനീമേതേസ്മഃ പ്രതിദിവസമാസന്നപതനാ-
ഗതാസ്മഃ പ്യാവസ്ഥാം സികതിലനദീതീരതരുഭിഃ'

എന്ന മാതിരിയിൽ കിടക്കുന്ന ഈ പാട്ടുകളെ അപമൃത്യുവിൽ നിന്നു പരിത്രാണം ചെയ്യുന്നതിനേക്കാൾ പാവനമായ ഒരു ധ

മ്മം ഭാഷാഭിമാനികൾക്കുണ്ടെന്നെനിക്കു വിശ്വാസമില്ല. മാന്യവായനക്കാരേ! നമ്മുടെ പൂർവികന്മാരുടെ ഈ അമൂല്യനിധികൾക്കു ക്ഷണഭംഗുരത്വമോ ചിരഞ്ജീവിത്വമോ രണ്ടിലൊന്നു് നല്കുവാൻ ഈ നിമിഷത്തിൽ നാം വിചാരിച്ചാൽ കഴിയും. അതിൽ ഏതാണു കർത്തവ്യമെന്നു നിശ്ചയിച്ചു് ഔചിത്യംപോലെ പ്രവർത്തിക്കുവിൻ. ഉത്തരക്ഷണത്തിൽ ത്യാജ്യഗ്രാഹ്യവിഃവചനത്തിനുള്ള സമയം അതീതമായിപ്പോകുന്നു. 'പാഥസാംനിചയംവന്നൊഴിഞ്ഞളവു സേതുബന്ധനോദ്യോഗം' അന്നാശാസ്യമാണല്ലോ.

ഈ പ്രസിദ്ധീകരണത്തിൽനിന്നു ഗോവിന്ദപ്പിള്ള അവർകൾ ഉദ്ദേശിക്കുന്നതു വായനക്കാർക്കു് മലയാളത്തിലെ പഴയ പാട്ടുകളുടെ നേർക്കു് ആഭിമുഖ്യം ജനിപ്പിക്കുക എന്നുള്ളതായിരിക്കണം. ആ ഉദ്ദേശം ഇതുകൊണ്ടു പൂർണ്ണമായി സാധിക്കുമെന്നതന്നെയാണു് എന്റെയും വിശ്വാസം. അഞ്ചു തമ്പുരാൻ പാട്ടിനേയും മററും പററി ഇതിൽ അടങ്ങീട്ടുള്ള കുറിപ്പുകൾ വായിച്ചാൽ അതുപോലെയുള്ള പാട്ടുകൾ ശേഖരിക്കണമെന്നു് ഏതു ഭാഷാഭിമാനിക്കാണു് ആഗ്രഹം തോന്നാതെയിരിക്കുന്നതു്? ആ മാതിരി പാട്ടുകളിൽനിന്നു് ചരിത്രസംബന്ധമായും സമുദായസംബന്ധമായും മററും സിദ്ധിക്കുന്ന അറിവുകൾ എത്ര വിലവേറില്ലാത്തവയാണു്. പ്രധാനപ്പെട്ട പാട്ടുകൾക്കെല്ലാം ഗ്രന്ഥകർത്താവു് ദിങ്മാത്രമായിട്ടെങ്കിലും ഉദാഹരണങ്ങൾ ചേർത്തിരിക്കുന്നതും ഉചിതമായിരിക്കുന്നു. എന്നാൽ ഇതുകൊണ്ടുമാത്രം എന്റെ സ്നേഹിതന്റെ ചുമതല അവസാനിച്ചതായി അദ്ദേഹം വിചാരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. രാമകഥപ്പാട്ടുപോലെ ഉത്തമകാവ്യത്വമുള്ള ദീർഘഗാനങ്ങളെ പ്രത്യേകമായിത്തന്നെ പ്രസിദ്ധപ്പെടുത്തേണ്ടതാണു്. അതു കൃച്ഛ്രസാദ്ധ്യമായ ഒരു പ്രയത്നമാണെന്നുള്ള

വാസ്തവം ഞാൻവിസ്മരിക്കുന്നുമില്ല. എന്നാൽ മററുള്ള ചെറിയ പാട്ടുകൾ ശേഖരിച്ചിരിപ്പുള്ളിടത്തോളം ഒന്നിച്ചു ചേൎത്തു പുസ്തകാകൃതിയിൽ ഉടനടി പ്രസിദ്ധപ്പെടുത്തുന്നതിന് അദ്ദേഹം ശ്രമിക്കണമെന്നാണ് എന്റെ ഹൃദയപൂൎവ്വമായ അഭ്യൎത്ഥന. ആ സദ്വ്യവസായം നാട്ടുകാൎക്ക് നിരതിശയമായ ആനന്ദത്തിനും തനിക്കു ചിരസ്ഥായിയായ യശസ്സിനും ഒരുത്തമമാൎഗ്ഗമായി തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഭാഷാസാഹിത്യത്തിന്റെ സ്ഥിതിഗതികൾക്കുതന്നെ ഈ പാട്ടുകളുടെ പ്രസിദ്ധീകരണം നിമിത്തം ഗണനീയവും അഭിലഷണീയവുമായ വ്യത്യാസം വന്നുകൂടെന്നില്ല. Percy എന്ന മഹാന്റെ Reliques of Ancient Poetry എന്ന ഉത്തമഗ്രന്ഥത്തിന്റെ പ്രകാശത്തിനു മുൻപു ആംഗലസാഹിത്യത്തിന്റെ അവസ്ഥയെന്തായിരുന്നു? Sir Watter Scot മുതലായ കാവ്യകാരശിരോമണികൾ ആ ഗ്രന്ഥത്തിനോട് എത്രമാത്രം കടപ്പെട്ടിരുന്നുവെന്നുള്ളത് പലൎക്കും അറിയാവുന്ന ഒരു പരമാൎത്ഥമാണല്ലോ. അതിനാൽ മിസ്റ്റർ ഗോവിന്ദപ്പിള്ള എന്റെ ഈ അപേക്ഷയെ അംഗീകരിച്ചു പഴയ പാട്ടുകളെപ്പററിയുള്ള വിമൎശനങ്ങൾക്കു പുറമേ ആ പാട്ടുകളെത്തന്നെ സമഗ്രമായി പ്രസിദ്ധപ്പെടുത്തി മലയാളത്തിലെ 'പെഴ്സി' എന്ന ബിരുദത്തിനു പാത്രീഭവിക്കണമെന്നു ഉപദേശിക്കയും അതിലേക്കു എന്റെ സ്നേഹിതനു യോഗം വരുത്തുന്നതിനു ജഗന്നിയന്താവിനോടു പ്രാൎത്ഥിക്കുകയും ചെയ്തുകൊള്ളുന്നു. കാണാൻപോകുന്ന പൂരം പറഞ്ഞറിയിക്കണമെന്നില്ലാത്തതുകൊണ്ടു പ്രകൃതപുസ്തകത്തെപ്പററി ഇനിയും പലതും ഉപന്യസിച്ചു വായനക്കാരുടെ ക്ഷമയെ പരീക്ഷിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഈ പുസ്തകത്തിനു ഒരാമുഖോപന്യാസം എഴുതുവാനിടവന്നതുകൊണ്ടുതന്നെ ഞാൻ ചരിതാൎത്ഥനായി. ഈ ഉപന്യാസം വായിക്കുന്നവരിൽ ആൎക്കെങ്കിലും മലയാളത്തിലെ പ

ഴയ പാട്ടുകളോട് ആദരവും അവയെ ശേഖരിക്കുന്നതിന് ഔൽസുക്യവും അംകുരിക്കുമെങ്കിൽ എന്റെ ചാരിതാൎത്ഥ്യം അപ്പോൾ ശതഗുണീഭവിക്കുമെന്നും ഞാൻ പറയേണ്ടതായിരിക്കുന്നില്ല.

തിരുവനന്തപുരം
൧-൩-൧൦൮൭. } ഉള്ളൂർ എസ്. പരമേശ്വരയ്യർ.

# മലയാളത്തിലെ

# പഴയ പാട്ടുകൾ

---

മലയാളഭാഷാഗംഗ സംസ്കൃതഹിമഗിരിഗളിതയോ ദ്രാവിഡഹിമഗിരിഗളിതയോ പ്രാകൃതഹിമഗിരിഗളിതയോ ആയിക്കൊള്ളട്ടെ. ഹിമഗിരിയിൽ നിന്നേയല്ല, ഹിമാംശുവിന്റെ നാലുകെട്ടിൽ നിന്നാണു്, എന്നൊരു വാദംതന്നെ ഉണ്ടായാലും, എന്തുമാകട്ടെ. ബ്രഹ്മം എന്നപോലെ അനാദിയായാലെന്തു്? അതൊന്നും തൽക്കാലം നമ്മുടെ ആലോചനാവിഷയമല്ല.

ചിന്താഗോചരംപോലും അല്ലാത്ത അതിപ്രാചീനമായ ഒരു കാലം മുതൽ ഇന്നോളം ജീവിച്ചുപോരുന്ന ഈ ഭാഷ, ഏതേതിടങ്ങളിൽ, ഏതേതു കാലങ്ങളിൽ, ഏതേതാളുകളുടെ ഇടയിൽ, ഏതേതു രൂപങ്ങളിൽ, പ്രത്യക്ഷപ്പെട്ടിരുന്നുവെന്നു് അല്പം ഓർത്തുനോക്കുമ്പോളാണു്, "ധർമ്മോസ്മൽകുലദൈവതം." എന്ന മുദ്രാവാക്യത്തെ ഭരിക്കുന്ന രാജവംശാതപത്രത്തിൻകീഴിൽ സുഖമായുറങ്ങുന്ന നമ്മുടേയും നമ്മുടെ കൂട്ടുകാരുടേയും ഭാഷാവിഷയകമായ അമാന്തം വെളിപ്പെടുന്നതു്.

"മോറങ്ങേറെ വിയക്കിണോ വിശറണോ വീശപാളണോ..."

എന്നതു മലയാളം.

"അയ്യേ മിഞ്ഞി കരുത്തിരിക്കിണ മുരുത്തച്ചീലവും കൊമ്പെലോ—
ടൊയ്യാരങ്ങളുമെന്തിനാണ കൊമരു, കാമ്പിക്കിണു ചെല്ലുക."

എന്നതും മലയാളം.

"ഇന്നാംകെല്പകയ്യൂകത്തും പെട്ട കല്ല കരട്ട കാഞ്ഞിരക്കുററിയും, മുള്ളു മുരിറു മൂർഖൻപാമ്പും പെരുകാംപുലിയും, കമ്പിളിയയണി വരിക്കപ്ലാവും, തേൻപെട്ടം ചോലയും, മീൻപെട്ടം കുളവും, മാൻപെട്ടം കാട്ടം, ഉട്ടയോടാമയും, മേൽനോക്കിന മാനവും, കീഴ്നോക്കിന കുഴിയും, തെററപുററം മററം, അറ തറ നിതി കിണറം, ആകാശം പാതാളമേ മണ്ണടക്കം, മരമടക്കം, ഊൺനില ഒഴിയാമൽ, ആചന്തിരതാരമേ സന്തതിപ്രവേശമേ മേലാൺമയടക്കം, കാരാൺമയടക്കം അനുഭവിത്തുകൊള്ളമാറം കല്പിത്ത"—തും മലയാളത്തിലാണ്.

"നാടന്മാർ ഫൂളിഷ് കൺട്രീസ് (countries) ആണ്. അവർക്ക് സിവിലിസേഷൻ (civilization) ലേശം ഇല്ല. ഇഡിയട്ട്സ് (idiots) പഴയ സമ്പ്രദായത്തെ ഗിവപ്പ് (give up) ചെയ്യില്ല. ഒരു കൾച്ചർ (culture) ഇല്ല. ഫാഷൻ (fashion) ഇല്ല. ഓൾഡ് സ്റ്റോറീസ് (old stories) വായിച്ച് വർത്-ലെസ് സൂപ്പർസ്റ്റിഷൻസിൽ (worth less superstitions) ബിലീഫ് (belief) ഓട്ടുകൂടി വെറം ആനിമൽസ് (animals) പോലിരിക്കയാണ്. ഇവർ എങ്ങനെ ഇമ്പ്രൂവ് (improve) ചെയ്യും? ഇതും മലയാളമെന്നാണ് വെയ്പ്.

"ഇഷ്ടീൻസായിപ്പും ഇസ്പീശ്യാൽ റിപ്ലി"യും ചന്തുമേനവൻെറ കാലത്ത് മലയാളത്തിൽ കടന്നുകയറിക്കഴിഞ്ഞു.

കുട്ടിവക്കീലിൻെറ "സ്സീനൽ കോർട്ടി"നും കണ്ടുൻമേനോൻെറ "ലപി ഡൻസി"നും മലയാളം സ്ഥലം കൊടുക്കേണ്ടിവന്നു.

(൧) "മച്ചമ്പീ! ഏറിത്തീന്തിതാടേ? എനക്കു രണ്ടേറിഞ്ഞാററുക്കോ?"

(൨) "അടിക്കിടാങ്ങളേ ലച്ചിക്കാനും സിച്ചിക്കാനും അവിടെ അതിവാരമൊണ്ടല്ല്?"

(൩) "ഇന്നു പടച്ചവൻ കണ്ണുമുളിച്ചില്ല; ഞമ്മക്കുടെ വരണവനിക്കെല്ലാം ഒറക്കമൊളിക്കാനക്കൊണ്ട് പെരുത്തു തെണ്ണം."

(൪) "ഒമ്പളത്തില ബാലബാജസഭേജാര ബാളിബാഡു നാനു ഗയിക്കം. ഢുഡ്ഡു ഗുഡു."

(൫) "ആന്നേ ആന്ന്". അച്ചാച്ചൻ തെരോന്തറത്തു പോയേപ്പിന്നെ എ ന്താനിപ്പിള്ളേരായിട്ട് ത്തത്തറോം കുരുസ്തക്കേടും പടിച്ച് പെലന്നം ലും തെവ്വത്തേ നോംഷ്ഷരിക്കേല്ല. തന്തോം തള്ളേം എന്താശെയ്യ!"

ഈ മാതിരി മലയാളപ്രയോഗങ്ങളെ ഉന്തിക്കയററാൻ ഉടയോനും പഴിയും ഇല്ലാത്ത ഏതു് അന്യഭാഷയാണ് ഇപ്പോഴുള്ളതു്. ശാരദയിലേ കർപ്പൂരയ്യന്റെ കൊളമ്പിൽ കയറി പാപ്പർ സൂട്ടിനു 'ഡാപ്ളിക്കേഷൻ' ബോധിപ്പിക്കാൻ 'ഓച്യം' കൊടുത്ത മൂലവക്കീലുതന്നേയും ഇതു കണ്ടുപിടിക്കുമോ എന്നു സംശയം.

ഇതെല്ലാം ചിന്തിക്കുന്നതായാൽ കണിയാകുളത്തു പോരു നടന്നകാലത്തേ ഭാഷാരീതിതന്നെ കലി അയ്യായിരത്തിപ്പതിനേഴിലുമായിരിക്കുമെന്നു കരുതിക്കൂട. പത്മനാഭപുരത്തു തമ്പിയും പട്ടാമ്പിയിൽ നമ്പിയും ഒരേ രീതിയിൽ സംസാരിച്ചുവെന്നും വരുന്നതല്ല.

ഇങ്ങനെ ഭാഷയ്ക്കു കാലദേശഭേദങ്ങൾ കൊണ്ടുണ്ടാകാവുന്ന രീതിവ്യത്യാസങ്ങൾ എത്രയോ കഴിഞ്ഞിരിക്കണം. അവ സംബന്ധിച്ച് തൃപ്തികരമായ വല്ല വിവരവും നമുക്കുണ്ടോ? ഇല്ല. അതോ പോകട്ടെ; ഭാഷാരീതിയറിഞ്ഞില്ലെങ്കിൽ വേണ്ട. നമ്മേത്തന്നെ നമുക്കറിഞ്ഞുകൂട എന്നു വരുന്നതോ? നമ്മുടെ പൂർവികന്മാരെ കവിതാദേവി അനുഗ്രഹിക്കുമ്പോൾ അവരിൽ പലരും പുരാണപ്രതിപാദിതങ്ങളായ കഥകളേ അവലംബിച്ചിരുന്നുവെന്നുള്ളതു സത്യംതന്നെ. ചരിത്രകാര്യക്കുറിപ്പ് ആവശ്യമാണെന്ന് അറിയുന്ന ഇക്കാലത്തുതന്നെയും കവിതാപിശാചിയുടേ ആവേശംകൊണ്ട് ഹയഗ്രീവനേയും ജരാസന്ധനേയും ഊഞ്ഞാലിലും വഞ്ചിയിലും കയററി മറിക്കാനല്ലേ പലർക്കും മോഹം? ഈ സ്ഥിതിക്ക് കാരണവന്മാർ ചരിത്രകാര്യങ്ങൾ രേഖപ്പെടുത്താതിരുന്നതു് ഒരു കുററമാക്കി അവരുടെതല

യിൽ കയറുവാൻ ഈ അനന്തിരവൎക്കവകാശമില്ല. അല്ലാ മുമ്പെ വേലായുധനാന പിണങ്ങിയപ്പോൾ കവിതാദേവിയെ ഉരുട്ടിയുന്തിയ കവികളുടെ കൂട്ടുകാർ പഴയകാലത്തും ഉണ്ടായിരുന്നിരിക്കാം. അവരിൽതന്നെ പലൎക്കും യഥാൎത്ഥകവിത്വം ഉണ്ടായിരുന്നുവെന്നും വരാം.

യഥാൎത്ഥസംഭവങ്ങൾ കവിതാവിഷയങ്ങളായി തീൎന്നിരുന്നില്ല; എന്നാൽതന്നെയെന്താണു്? പുരാണകഥാവിവരണങ്ങളിൽ നിന്നു് ചരിത്രകാൎയ്യങ്ങളെ പണിപ്പെട്ടു വേർതിരിച്ചെടുക്കരുതോ? നിശ്ശേഷമില്ലാത്തതിൽ ഭേദം അല്പമെങ്കിലും കിട്ടുന്നതാണല്ലൊ? പക്ഷെ ശുക്തിസ്ഫുടംകൊണ്ടു മാറ്റുകയറുമ്പോൾ ശോഷിച്ചു മാറ്റുമാത്രം ശേഷിച്ചുവെന്നും വരാം. ഏതായാലും, പ്രത്യക്ഷമായിട്ടല്ലെങ്കിലും നമ്മുടെ പൂൎവ്വികന്മാർ അവരറിയാതെതന്നെ ചില ചരിത്രവിവരസൂത്രങ്ങൾ നമുക്കായിട്ടു സമ്പാദിച്ചുവെച്ചു. അതു് പ്രകൃതിയുടെ നിർബ്ബന്ധപ്രകാരം സംഭവിച്ചുപോയി എന്നുതന്നെ വിചാരിക്കാം.

മലയാളത്തിൽ പലയാവശ്യങ്ങൾ പ്രമാണിച്ചും അല്ലാതെയും പലയവസരങ്ങളിലായി അനേകം ഗദ്യപദ്യബന്ധങ്ങൾ ഉണ്ടായിട്ടുണ്ടു്. പഴയ ഗദ്യവിഭാഗം, ദേവസ്വങ്ങളുടേയോ രാജസ്വങ്ങളുടേയോ റിക്കാർട്ടുകളായ ഉടമ്പടികൾ, ഗ്രന്ഥവരികൾ, ഇത്യാദി ചില ഓലപ്രമാണങ്ങളേയും; താമ്രശിലാശാസനങ്ങളെയും മാത്രമാണു് പ്രധാനമായി അവലംബിച്ചു കാണപ്പെടുന്നതു്. പദ്യങ്ങളോ ആ വിധമല്ല. ഇവയിൽ ഏതു കാലത്തെ മനുഷ്യൎക്കും അനുകരണീയങ്ങളായ സദ്ഗുണങ്ങൾ മൂൎത്തീകരിച്ചിട്ടുള്ള നളൻ, ശ്രീരാമൻ, ധൎമ്മപുത്രൻ മുതലായ പുരാണപുരുഷന്മാരുടെ കഥകൾ; തച്ചോളി ഉദയനൻ തുടങ്ങിയ വീരന്മാരുടെ ചരിത്രങ്ങൾ; ഇരവിക്കുട്ടിപ്പിള്ളപ്പോരു് ആദിയായ ഭയങ്കരയുദ്ധവിവരണങ്ങൾ; ഉമയമ്മപ്പാട്ടു മുതലായ ഐതിഹ്യ

ശംസനങ്ങൾ; കേരളമാഹാത്മ്യം, സേതുചരിതം ഇത്യാദി ദേശചരിത്രങ്ങൾ; ശൂദ്രാചാരംതുടങ്ങിയ സമുദായനിയമങ്ങൾ; സമുദായചരിത്രങ്ങൾ, ഈശ്വരസ്തുതികൾ മുതലായി ഗ്രാഹ്യങ്ങളും രസകരങ്ങളും ആയ അനേകം സംഗതികൾ ഉൾപ്പെടുന്നു. അതീതയുഗങ്ങളിലെ സംഭവങ്ങളെക്കുറിച്ച് എഴുതുമ്പോഴും അവയിൽ എഴുതുന്നവന്റെ ജീവിതകാലദേശസ്ഥിതികളും അവനു പരിചിതങ്ങളായ സാധനങ്ങളും ജീവികളും നടപടിക്രമങ്ങളും എന്നുവേണ്ട എല്ലാംതന്നെ ഒരുപ്രകാരത്തിലല്ലെങ്കിൽ മറെറാരുപ്രകാരത്തിൽ പ്രതിഫലിച്ചു കാണുന്നതാകുന്നു. ഉത്തരഇൻഡ്യയിലെ അയോദ്ധ്യാരാജ്യാധിപൻ വേട്ടയാടിയ കഥ മലയാളത്തിലെ ഒരു കവിയുടെ തൂലികാവിഷയമായി ഭവിക്കുമ്പോൾ, വേട്ടക്കാർ ഇക്കരനായരും, കോരപ്പുള്ളിച്ചാരും; വേട്ടക്കുള്ള ആയുധങ്ങൾ, കാട്ടുവള്ളിക്കൊല്ലൻ തീർത്തവയും; വേട്ടയാടിയ വനങ്ങൾ തെങ്ങു, കവുങ്ങു, മുതലായ മരങ്ങൾ നിറഞ്ഞവയും ആയിരിക്കും. ചൂതിൽ തോററശേഷം പാണ്ഡവരോടുകൂടി വനത്തിൽ പോയതു് പൂമംഗലം നമ്പൂരിയും പൂവള്ളി നമ്പൂരിയുമെന്നാണു് വെണ്മണി വാദിക്കുന്നതു്. പുത്രൻ മരിച്ചതിനാൽ വിലപിക്കുന്ന ബ്രാഹ്മണനെ സമാധാനപ്പെടുത്താൻ:—

"കരഞ്ഞീടേണ്ടിനിയേതും കുറഞ്ഞു സങ്കടം ഞാനു-
ന്നറിഞ്ഞുവെങ്കിലോ വേഗം പറഞ്ഞാലും പരമാർത്ഥം." ഇത്യാദി.

സാന്ത്വനവാക്യകൾ പറഞ്ഞ അർജ്ജുനനെ മേനോനോ മേനോക്കിയോ എന്നാണത്രെ ബ്രാഹ്മണൻ സംശയിക്കുന്നതു്. രുക്മിണി കുണ്ഡിനപുരത്തിലെ ഒരു ഹിന്ദുസ്ത്രീയാണെങ്കിലും ആ കന്യകയെ നേര്യതും അരഞ്ഞാൺ കട്ടിക്കാപ്പും ധരിപ്പിച്ചേ ഒരു മലയാളകവി രാജസദസ്സിൽ പ്രവേശിപ്പിക്കുന്നുള്ളൂ. വിദേഹരാജ്യത്തിലെ സദ്യയ്ക്കു് നാഞ്ചിനാട്ടിലെ നെല്ലുകുത്തിയ അരിയും പമ്പാനദിയുടെ തീരങ്ങളിലുണ്ടായ സസ്യങ്ങളും തന്നെ

വേണം. വിദർഭരാജ്യത്തിൽ മുൻകുടുമക്കാരേ മാത്രമേ കേരളകവി കാണുന്നുള്ളൂ. കാശ്മീരരാജാവിന്റെയോ വംഗദേശാധിപന്റെയോ കൊട്ടാരങ്ങളെ മലയാളത്തിൽ വർണ്ണിക്കുമ്പോൾ അവ തിരുവിതാംകോട്ടയോ, കൊച്ചിയിലെയോ, കോഴിക്കോട്ടേയോ, രാജമന്ദിരങ്ങളുടെ ശരിപ്പകർപ്പുകളായിരിക്കും. ഇടവപ്പാതിയും തുലാവർഷവും തിരുവാതിരഞാററുവേലയും തിരുവോണവും വൈക്കത്തഷ്ടമിയും തൃശ്ശൂർ പൂരവും കലിംഗരാജ്യത്ത് ആണ്ടുതോറും ഉണ്ടാകുന്നവയായി മലയാളകവി കരുതിയേക്കാം. ഹേഹയരാജ്യത്തിലെ പെൺകുട്ടികളുടെ താലികെട്ടുകല്യാണം, പുടവകൊട എന്ന അടിയന്തിരത്തിനു മുമ്പേ നടത്താനേ കേരളകവികൾ സമ്മതമുള്ളൂ. ഹിരണ്യാക്ഷൻ ഭൂമിയെ ചുരുട്ടി കക്ഷത്തിലിട്ടുകൊണ്ടു പാതാളത്തു പോയ കഥ ക്രിസ്തുവർഷം ൧൯൩൦-ൽ മലയാളത്തിൽ എഴുതിയിരുന്നാൽ കോട്ടയത്തെ മനോരമയാപ്പീസും, തിരുവനന്തപുരത്തെ കാളേജും അസുരന്റെ കക്ഷത്തിലായിരുന്നെന്നും വരാം. ധർമ്മപുത്രരുടെ അശ്വമേധയാഗത്തിന് ബ്രിട്ടീഷ് റസിഡണ്ട് സന്നിഹിതനായിരുന്നതായി കവിതയുണ്ടാകാനും മതി. പവൻ കൊടുക്കാമെന്നു കീചകൻ മാലിനിയോടു ചെയ്ത പ്രതിജ്ഞയെയേ ഈയിടെ ഒരു മഹാകാവ്യം രേഖപ്പെടുത്തിയിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ഓരോ കാലത്ത് എഴുതപ്പെടുന്ന പുരാണകഥാവിവരണങ്ങൾപോലും അതതുകാലങ്ങളിലെ പരോക്ഷങ്ങളായ ദേശചരിത്രങ്ങളോ, ഭാഷാചരിത്രങ്ങളോ, മഹച്ചരിതങ്ങളോ, സമുദായനിയമങ്ങളോ മറ്റോ ആയിരിക്കാം.

മലയാളികളുടെ അനാസ്ഥനിമിത്തം ഈ മാതിരി എത്രയോ പ്രമാണഗ്രന്ഥങ്ങൾ "ഇങ്ങിനിക്കാണാതവണ്ണം" മറഞ്ഞുപോയി. ഉണ്ണുനീലി സന്ദേശമയച്ചതോ, ഉഴുത്രവാര്യരു പായസം കുടിച്ചതോ ശേഷിച്ചിട്ടുണ്ടെങ്കിൽ അവമാത്രമാണ്

നമുക്കു് നവരാത്രിക്ക സരസ്വതീദേവിയുടെ മുമ്പാകെ സമൎപ്പിക്കാനുള്ള സ്വത്തുക്കൾ.

താളിയോലകളിൽ വിലസുന്ന ഈ വക കൂടാതെ മറെറാരുവക സ്വത്തുക്കൾ നമുക്കുള്ളതു്, നമ്മുടെ നാട്ടിൽ പണ്ടുപണ്ടേ നടപ്പുള്ള പല പാട്ടുകളാണു്. പരമ്പരയാ പലരുടേയും നാവുകളിൽ തന്നെ സ്ഥലംപിടിച്ചുപോന്നതിനാൽ ഇവയും അവലംബസ്ഥാനങ്ങളുടെ നാശത്തോടുകൂടി നഷ്ടപ്പെട്ടുപോയി. ബാക്കിയുള്ളതെങ്കിലും ശേഖരിച്ചു സൂക്ഷിക്കേണ്ടതു് എത്രയോ ആവശ്യമായിരിക്കുന്നു. അയ്യപ്പച്ചാര് അങ്ങാടിമരുന്നിടിച്ചതും കയ്യിൽ ഉരക്കുകൊണ്ടതും, ഉമ്മത്തുകായുപെട്ടുവിമാവിൽ കയറി മറിഞ്ഞുവീണതും, മന്നിലയാററിൽ തിച്ചിടിച്ചതും ഉരച്ചുചേൎത്തു് വിടാവുമടച്ച് അപ്പംവെച്ച് ഡിമ്മി എട്ടിൽ പതിമൂന്നാവശമാക്കി കഷായംവെച്ച് "അങ്ങോട്ട വെല്ലമ്മ"-യെന്നോ, "വീരഭദ്രവിലാസം"എന്നോ, പേരുകൊടുത്താൽ ഗ്രന്ഥകൎത്തൃപദവി അപഹരിക്കാൻ തരമുള്ള ഈ കാലത്തു് കഥയില്ലാത്ത പഴയ പാട്ടുകൾ കൂട്ടിച്ചേൎക്കുന്ന കുരുത്തംകെട്ട തൊഴിലിനു് ആരിറങ്ങും?

മലയാളികളിൽ ഒരു പ്രധാനവൎഗ്ഗക്കാരായ നായന്മാർ നാകലോകത്തു നിന്നോ നാഗപുരത്തു നിന്നോ വന്നതു്; എന്നു തീൎച്ചയാക്കാൻ വാദമുഖങ്ങളേപ്പെടുത്തി തെളിവു ശേഖരിച്ചു വിധിയെഴുതാനും, ആ വിധിയെ റദ്ദാക്കാനും മററും "മഹലഹളകളോ", "മഹാലഹളകളോ" നടന്നുവരുന്ന ഇക്കാലത്തു്; പല റിക്കാർഡുകളേ ചുരുട്ടിക്കൂട്ടി വേദങ്ങളേ പണ്ടു ഹയഗ്രീവൻ എന്നപോലെ വെള്ളത്തിലാക്കാൻ പഴയ കോടാലിക്കാരൻ പരശുരാമൻ വൈകുണ്ഠത്തു നിന്നു് വ്യോമയാനം വഴി ഇവിടെ എത്തി കാൎയ്യം നിൎവ്വഹിച്ചുകളഞ്ഞാൽ ഇക്കൂട്ടരുടെ കഥ എന്തായിരിക്കും? ഇവർ കുറെ മുൻപു് തെക്കേ ദി

ക്കിൽ ഉദിച്ച വാൽനക്ഷത്രത്തിൻെറ സഹായത്തോടു കൂടി ഭൂമിയിലേയ്ക്കു തൂങ്ങിയിറങ്ങിയവരാണെന്നും അതിന്റെ ലക്ഷ്യം കോദണ്ഡരാമസ്മൃതിയുടെ പുറവശത്തുണ്ടെന്നും അതിനാൽ ജന്മഭൂമിയെന്നുള്ള അവകാശം സ്ഥാപിക്കാൻ തെക്കോട്ടു പോകണമെന്നും ഒരു വാദം ഉണ്ടാക്കിയെക്കാൻ മതി. പക്ഷെ പരശുരാമന്റെ കർമ്മസ്ഥാനത്ത് ആദിത്യനോ ചൊവ്വായോ ഉച്ചത്തിൽ നിന്നാലും അതു ഫലിക്കില്ലതന്നെ. ഈ നിശ്ചയം കൊണ്ട് നമ്മുടെയും നമ്മുടെ ദേശത്തിന്റെയും ഭാഷയുടേയും ചരിത്രലക്ഷ്യങ്ങൾ നശിപ്പിക്കണമെന്നുണ്ടോ? ഇവയെ ശേഖരിച്ച് ചരിത്രകാരന്മാർക്ക് ഉപകരണങ്ങളാക്കി സൂക്ഷിക്കാൻ മനസ്സും ശേഷിയും ഉള്ളവർക്ക് ഏതും പിടിയുമില്ലാതെ വായുവാഹനത്തിൽ കയറി സവാരിചെയ്തു മാത്രം കഴിഞ്ഞുകൂടുന്ന എത്രയെത്ര പാട്ടുകൾ കിട്ടിയെന്നു വരാം? അറിവിൽപെട്ടിട്ടുള്ളവയിൽ ഏതാനും പാട്ടുകളുടെ പേരുകൾ ഇവിടെ കുറിക്കാം.

തമ്പുരാൻപാട്ട്, അഞ്ചുതമ്പുരാൻപാട്ട്, കല്യാണക്കളിപ്പാട്ട്, തോറ്റമ്പാട്ട്, മാവാരതംപാട്ട്, രാമകഥപ്പാട്ട്, വേലൻപാട്ട്, മാടൻപാട്ട്, നടേരിക്കളിപ്പാട്ട്, ഭദ്രകാളിപ്പാട്ട്, കണിയാകുളത്തുപോര്, കോലടിപ്പാട്ട്, പൊറമാക്കേട്ട്പ്പിള്ളപ്പാട്ട്, പാണ്ടികളിപ്പാട്ട്, മുക്കകളിപ്പാട്ട്, കണ്ണൻപൊത്താൻകളിപ്പാട്ട്, തുമ്പിതുള്ളൽപാട്ട്, പഴയ ഊഞ്ഞാൽപാട്ട്, മാരൻപാട്ട്, പുള്ളുപ്പാട്ട്, ചാമ്പാൻപാട്ട്, തെന്നോലപ്പാട്ട്, ഓണപ്പാട്ട്, ഏഴാംപാട്ട്, ബ്രാഹ്മണിപ്പാട്ട്, വാതിൽതുറപ്പാട്ട്, മണ്ണനീർകോഴമ്പാട്ട്, കുരിയാറപ്പാട്ട്, തച്ചോളിപ്പാട്ട്, കോഴമ്മപ്പാട്ട്, ചെമ്പരുത്തിപ്പാട്ട്, അരിവരുത്താൻപാട്ട്, പോരിപ്പാട്ട്, പുറമ്പൂച്ചിത്തരപ്പാട്ട്, അകവച്ചിത്തരപ്പാട്ട്, കൂമ്പച്ചിത്തരപ്പാട്ട്, അഴിപ്പുകഥ, ഈറക്കിളിത്തമ്പാറം, ചിരച്ചിര കൂട്ടത്താല, അ

യ്യനരശൻപാട്ടു്, ചിത്തിരപുത്തിരനായനാർപാട്ടു് (ഒരം പാട്ടിനെ തമിഴിലോട്ടു തള്ളുകയല്ലേ വേണ്ടതു്?) കൃഷിപ്പാട്ടു്, നീരുഴിച്ചിൽപ്പാട്ടു്, കൊൻേറവേന്തൻപാട്ടു്, ഗുണദോഷവാക്യം, നായാട്ടുപാട്ടു്, യാത്രകളിപ്പാട്ടു്, ഐവർകളിപ്പാട്ടു്, കൈപ്പിഴപ്പാട്ടു്, അമ്പിളിയമ്മാവൻപാട്ടു്, തിരുവാതിരപ്പാട്ടു്, വെരതപ്പാട്ടു്, കറത്തിപ്പാട്ടു്, രാമപുരപ്പാട്ടു്, പുനംകളിപ്പാട്ടു്, അമ്മാനപ്പാട്ടു്, സപ്പ്പ്പാട്ടു്, തീയാട്ടുപാട്ടു്, ശാസ്താംപാട്ടു്, ശിവാലയപ്പാട്ടു്, പുള്ളോൻപാട്ടു്, വള്ളോൻപാട്ടു്, മലമപ്പാട്ടു്, പാനകളിപ്പാട്ടു്, ആണ്ടിക്കൂത്തുപാട്ടു്, ഹംസപ്പാട്ടു്, (ഇതിനു അധികം പഴക്കം കാണുന്നില്ല.) കിളിപ്പാട്ടു്, അരളിപ്പാട്ടു്, തുള്ളപ്പാട്ടു്, വള്ളപ്പാട്ടു്, കോമരിപ്പാട്ടു്, കോനാർപാട്ടു്, പൊരുവെട്ടിപ്പാട്ടു്, കൃഷ്ണപ്പാട്ടു്, കറിപ്പാട്ടു് അല്ലെങ്കിൽ കറിശ്ലോകം (ഇതിൽ പല പിരിവുകളുണ്ടു്. ഗണപതി, സരസ്വതി, ശരളി, ചോദ്യം, ചികിത്സ, കറിവക, ചേട്ടത്തിവിളമ്പു്, ചിത്തിരം (ചിത്രം) കുറിപ്പു്, തല്ലുകവി (കറിക്ക മാത്രമല്ല ഇതു പാട്ടുന്നവക്കും തല്ലുകിട്ടിയെന്നു വരാം.) ഇവയും പേരറിയാൻ പാടില്ലാത്ത മററു പല പാട്ടുകളും പലയിടങ്ങളിലും നടപ്പുണ്ടു്.

പോർട്ടുഗീസുകാർ തേവലക്കര ക്ഷേത്രത്തെ കൊള്ളയിട്ട കഥയേ വിവരിക്കുന്ന ഒരു പാട്ടു് മദ്ധ്യതിരുവിതാംകോടിന്റെ ദക്ഷിണഭാഗത്തു നടപ്പുള്ളതായറിയുന്നു.

ആററിങ്ങൽ റാണിയുമായി ഡച്ചു്, പോർട്ടുഗീസ്, ഇംഗ്ലീഷ് മുതലായ വിദേശീയന്മാക്കുണ്ടായിരുന്ന ഇടപാടുകളിൽ പലതും പല പഴയ പാട്ടുകൾക്കും വിഷയങ്ങളായി തീന്നിട്ടുണ്ടു്.

തമ്പുരാൻപാട്ടിനു് ഉലകുടെപെരുമാൾപാട്ടു് എന്നുകൂടി പേരുള്ളതായിക്കാണുന്നു. വള്ളക്കരത്തായാരുടെ മകനായ കഥാനായകന്റെ ധീരോദാത്തതയാണു് കവിതാവിഷയം. മധുരയിൽ നായകന്മാരുടെ പ്രാബല്യകാലത്തു് തിരുവിതാംകോ

ടിന്റെ തെക്കുകിഴക്കുഭാഗം അവരുടെ അധീനത്തിലായിരു ന്നുവെന്നുള്ളതിലേയ്ക്കു ചില ലക്ഷ്യങ്ങൾ ഇപ്പൊഴുമുണ്ടല്ലോ. അക്കാലത്തു് ഈ രാജ്യത്തു് ബഹുമാനിക്കപ്പെട്ടിരുന്ന ഒരു നാ യക്കരാജാവിന്റെ കഥയായിരിക്കണം ഇതു്. മധുരാപട്ടണ ത്തിൽക്കൂടി ഒഴുകുന്ന വൈകയാററിന്റെ കരയിലായിരുന്നു ക ഥാനായകന്റെ മാതാവിന്റെ വസതി. അതിനാലായിരി ക്കണം വയ്യക്കരെത്തായാരായതു്. ഈ കഥയ്ക്കു വിഷയീഭൂത മായ ആ പഴയ പാട്ടിന്റെ ഒരംശമാണു് താഴെ കാണുന്നതു്.

"കരത്തിൽ മാനും മഴുവും തരിത്തയ്ങ്കരൻ
വനത്തിൽ കളിത്തങ്കാനുരുപമതാകവേ
കരുണയൊടു മലമകളും കരിണിയതാക വടിവൊടു ചമഞ്ഞു
മനതുയരെക്കളിത്തുയിരാകവേ വിളയാടുന്നാൾ;
തിരിച്ച പഞ്ചശരത്താൽ കളിത്തപോതുമയാൾക്ക
തിരുവയററിലന്നു കരി ഉണരററനാൾ,
തിറമൊടരനരുളാലെ വനമതിലന്നു വ-
ന്നഴകൊടു പുറന്തന ചെൽവനേ
കരിപോലെ മുകമഴകായവ ... ... ..." ഇത്യാദി.

അഞ്ചുതമ്പുരാൻപാട്ടു് തിരുവിതാങ്കോട്ടു ചരിത്രസംബ ന്ധമായ ഒരു നല്ല പ്രമാണമാണു്. സഹോദരന്മാരായ അഞ്ചു തമ്പുരാക്കന്മാർ തങ്ങളിൽ പിണങ്ങി "കുത്തും കൊലയും" എ ന്ന നിലയിലായപ്പോൾ വലിയതമ്പുരാൻ സമാധാനപരിപാ ലനത്തിനും അവകാശസ്ഥാപനത്തിനുമായി കഴക്കൂട്ടത്തുപി ള്ളയുടെ സഹായം ആവശ്യപ്പെടുകയും അദ്ദേഹം കല്പനയ നുസരിക്കയും ചെയ്യുന്നതാണു് ഇതിലേ കഥാവസ്തു. രാജാവു് ക ഴക്കൂട്ടത്തേയ്ക്കു് ഓട്ടനെ, അതാവിതു് ഓട്ടക്കാരനെ—ദൂതനെ— അയക്കുന്നു. അവൻ ഉപ്പിടാകയും, (ഉൾപ്പിടാക) വഞ്ചിയൂരു വയലിലേ ഓലയമ്പലവും, കാവടക്കുള്ള പാതിരിക്കരിയും, പട്ടമേലായും, കടന്നു് തിരുവനന്തപുരത്തു നിന്നു് എട്ടു നാഴിക ദൂരമുള്ള പാങ്ങപ്പാറ എന്നസ്ഥലത്തു് എത്തുന്നു.

"ഉറവടന്നേ ഓട്ടനോടിയുപ്പിടാകയും കടന്നു
ഓലയമ്പലം കടന്നു ഉഴറി വഴിനടന്നു
പപ്പനാവാ ചരണമെന്ന പാതിരിക്കരി കടന്നു
പാതിരിക്കരി കടന്നു പട്ടമേലായും കടന്നു
പാങ്ങപ്പാറതന്നിലോട്ടൻ ചെൽവരാ
... ... ... ...
കണ്ട കണ്ട പേരോടെല്ലാം തിക്കന്നേയുന്നാരുമപ്പോൾ
കലവറയാന വീടിനി ചെത്തത്തുരമോ?"

എന്നു ചോദിച്ചതിന്,

"..ണ്ടാൽ തിരിയാന്തോടാ, കൽക്കെട്ടും ചിറാമ്പികളും
കാലുകില്ലുന്നന മേട കാണലാമേ, വെള്ള പൂശും മേട കാണലാമേ."

എന്നായിരുന്നു ഉത്തരം. ദൂതൻ, പിള്ളയുടെ മുൻപാകെ എത്തിയശേഷം പിള്ള വിവരം ചോദിച്ചു. അനന്തരം,

"ഓട്ടൻ താനെന്നു-കേട്ടപോതിലേ
ഞെട്ടി എഴുന്തല്ലോ-പെട്ടെന്നിരുകയ്യാൽ
മുന്തിവലിത്തല്ലോ-നീട്ടെത്തന വാങ്കി
ഉറപ്പാപ്പുരം ... ..." ഇത്യാദി.

രാജഭക്തിയാൽ രാജദൂതനേക്കണ്ടു ഞെട്ടി എഴുന്നേല്ക്കയും ഉടനേ ഇരുകയ്യുംകൊണ്ടു വസ്ത്രാഗ്രത്തെ ഉയർത്തി അതിൽ നീട്ടുവാങ്ങി ഉറവുനോക്കുകയും ചെയ്തു എട്ടുവീട്ടിലെ ഈ പിള്ള രാജദ്രോഹിയാണോ? എട്ടുവീട്ടിൽ പിള്ളമാരെല്ലാം പരമ്പരയാ രാജദ്രോഹികളായിരുന്നുവെന്നു വിചാരിച്ചുകൂട. ഏതാനും പേർ രാജവംശത്തോടു ദ്രോഹിക്കയും അവർ അതിന്റെ ഫലം അനുഭവിക്കയും ചെയ്തു. പിള്ളമാരുടെ രാജഭക്തിയെ കാണിക്കുന്നവയായി ഇനിയും പല പാട്ടുകളും ചില നീട്ടുകളും ഞാൻ കേൾക്കുകയും കാണുകയും ചെയ്തിട്ടുണ്ട്.

തെക്കേ ദിക്കിൽ പ്രസിദ്ധമായ കണിയാകുളത്തു പോരു പാട്ട്, ഘോരമായ ഒരു യുദ്ധത്തിന്റെ വിവരണമാണ്. ക

ള്ളിയങ്കാട്ടിനു സമീപത്തുള്ള കണിയാകുളം എന്ന സ്ഥലത്തു വെച്ചുണ്ടായ ഈ സംഗരത്തെ ഇരവിക്കുട്ടിപ്പിള്ളപ്പോരു് എന്നും പറഞ്ഞുവരുന്നു. ജയസിംഹനാട്ടിലെ വലിയ തിരുവടിയുടെ പടത്തലവൻ ഇരവിപ്പിള്ള ഈ പോരിൽ പട്ടു. മധുരാസാമ്രാജ്യാധിപതിയായ തിരുമല നായക്കരുടെ സേനാനിയായ രാമപ്പയ്യനോടു യുദ്ധം ചെയ്തു് ഇരവിക്കുട്ടിപ്പിള്ള മരിക്കുന്നതാണു് ഇതിലെ ഇതിവൃത്തം. വടക്കപ്പടയോടു യുദ്ധം ചെയ്വാൻ വഞ്ചിരാജാവിന്റെ ആജ്ഞയനുസരിച്ചു് ഇരവിക്കുട്ടിപ്പിള്ള പോകുന്നതും യാത്രാരംഭത്തിൽ അശുഭശകുനങ്ങൾ കണ്ടു്, അമ്മ, ഭാര്യ മുതലായവർ തടുക്കുന്നതും രാജഭക്തിമൂലം അവയൊന്നും ഗണിക്കാതെ അദ്ദേഹം പടക്കളത്തിൽ എത്തി പോരാടുന്നതും ഒടുവിൽ എതിരാളികളുടെ കയ്യാൽ പടയിൽ "പട്ടുന്നതും" ആ വിവരം അറിഞ്ഞു് പെറ്റവരും ചാർച്ചക്കാരും മാറത്തടിച്ചു നിലവിളിക്കുന്നതും മറ്റും സരസലളിതമായി വർണ്ണിച്ചിരിക്കുന്ന ഈ പാട്ടു് തിരുവിതാംകോട്ടെ പ്രാചീനചരിത്രകാര്യങ്ങളന്വേഷിക്കുന്നവർക്കു തക്കതായ ഒരു പ്രമാണമാണു്. ആകയാൽ ഈ പാട്ടിൽ ഏതാനും ഭാഗം ഇവിടെ ചേർക്കുന്നു.

(വിരുത്തം)

"പണ്ടുപോൽ വഞ്ചിവേന്തൻ
പരിച്ചുടൻ കൽക്കുളത്തിൽ
അണ്ടർകോമാനെപ്പോലെ
അവനിയാണ്ടിരിക്കും കാലം
തിണ്ടാടി രാമപ്പയ്യൻ
ശേനൈ പാടെ തട്ടഴിന്തു
അന്റു കോപ്പുണകുടിയിൽ
ഇരുന്തു പാടെ ശേകരിത്താൻ.

(പാട്ട്)

പട്ടവിട്ടാരെൻറ വാത്തൈ
പാളയക്കാർ കേട്ടപോതു
അഷ്ടദിക്കും പുകഴും പടൈത്ത
ആണ്ട പടൈ വേലപ്പനേ
കെട്ടിവെത്ത പൊന്നതുപോൽ
കാത്തിരുന്ത കണ്മണിയേ
ചെരുത്തു വെട്ടിത്തലയുംകൊണ്ടു
ചിറന്ത കപ്പൽപണവുംകൊണ്ടു
പാണ്ടിയനാട്ടിൽ മണിയാണ്ട—പന്നം
കൊണ്ടുവരപ്പോനവരെ
മീണ്ടുവര വിട്ടൊഴിയ—വഞ്ചി
വേന്തരൊടെ നില്പതില്ലെ
കണ്ടപടി ശേനൈയെല്ലാം
ചാകുവാരോ ചൊല്ലുമന്നാ.
എൻറ വാത്തൈ കേട്ടപോതു
ഉടനെ മുത്തുരാകുത്തനും
മുറംപോലുള്ള ആനയെത്താൻ
മഞ്ചണനീരാട്ടിവര
നീരാട്ടിക്കൊണ്ടുവന്തു
പൊന്നാലേ തുടലണിന്തു
താരാട്ടിപ്പണിയണിന്തു
മണിപ്പുരവിക്കയറും കെട്ടി
വിടിയും മുന്നേ മതകരിയിൽ
മീതേറി തിശൈനോക്ക
നടതിടിമേൻറി പൊടവേ
പടയോടേ ചേർന്തിരുന്താർ.
വേലയിൽ തുരുമ്പുപോലെ
വെതികററിരുന്താരന്റോ
(പട്ടുമാറി)
...ന്തപടയുടൻ പെരുപ്പമെല്ലാം

മന്നവനെ, ചൊല്ലുത്തുലയാതയ്യാം.
മുന്തച്ചിലൈ രാമരുടൻ പൊരുത
മുകിൽവെള്ളത്ത്ലൈനെയിളുക്കിണെയോം
തന്തിപ്പടൈയോടെ കുതിരപ്പടൈ
തക്കൊലാളും പരന്തു ചെല്ലും
എണ്ണത്തുലൈയാതളൈമക്കളും
എഴുപത്തിരണ്ടു പാളയക്കാററും
തിണ്ണത്തുടൻ വന്തണ്ടിരുക്കതയ്യോ
ചേരപ്പെരുമാളെൻറരുളിച്ചെയ്യു.
കണ്ണിമണിപോലെ ഇളമുറയും
കാവലാവരോടും തിരുവുള്ളമാം
എട്ടുവീട്ടിലുള്ള പടൈപണ്ടാരം
ഇടത്തുറൈ മാതേവൻ പോർകണ്ടാരാം;
ഒത്തുത്തിരണ്ടങ്കേ പൊരുവതുക്കു
ഉദയഗിരിയിനാലേ കോട്ടകണ്ടേൻ.
മാററാൻ വിനൈവന്തു പൊരുവതെല്ലാം.
പാവിത്തവൻ വാറകാരീയമേ,
ഉററ പുരവിയും കാലാളും
ഉങ്കാംവശം കാണും മന്തിരിയേ
വേററി നമുക്കിനി മന്തിരിമാർ
വേണ്ടുംവണ്ണം ചെൻറു പുലിയൂരിലേ
പുത്തിയുടൻ പുലിയൂർകുറിച്ചിയിലേ
പാളയങ്കാം നൻറായ് ശേകരിത്താർ-

(മട്ടുമാറി)

പാളയങ്കാം പുലിയൂർകുറിച്ചിയിൽ
പാരരശർ പരികലത്തോരെല്ലാം
വേളയത്തുടൻ അങ്കേ ഇരിക്കവേ;
വേന്തൻമന്തിരിമാർകളിലേഴുപേർ
നാളെപ്പോരെൻറതുക്കിനി എപ്പടി
നാമളേഴുപേരൊൻറാകെക്കൂടിയേ

(മട്ടുമാറി)

കാരിയക്കേട്ട വാരാമൽനിരുപിത്തു
പേശിനൻറായ്മൊഴി ശെല്ലിക്കൊള്ളുവോം
എൻറചങ്കുക്കൊടിവീരൻ കേശവൻ
ഏററവീടിനി ലെല്ലോരുംക്രുടിയെ
വെററിയാന തിരുമലനായക്കൻ
വേലപ്പൻപോലെയൊരു ത്തുരൈതന്നെയും
കൊൻറല്ലാമലെ രാമയ്യൻതന്മെയും
കോട്ടെയ്യുള്ളെയിരിക്കവും മാട്ടാനെ
കോട്ടെതന്നെ യടൈത്തിരുന്താലുമേ
കുൻറതേശത്തെ നീത്തുള്ളിയാക്കുവോം
വാട്ടമില്ലാം വട്ടകപ്പടൈയോടെ
മന്തിരിമാർകളെ നിങ്കളെല്ലാം നാളെ
ചട്ടമാകവെ കെട്ടിച്ചമെന്തല്ലോം
ചെല്ലവേണമിടക്കൈ വലക്കൈക്ക
നാണയത്താലിടക്കൈ വലക്കൈക്ക
നാങ്കളംചെല്ലുവോം നെററിക്കൈ തന്നിലെ
ചൊന്നനെററിക്കൈ തന്നിലെ നാൻപോറേൻ
ത്തുങ്കവഞ്ചിക്കരശാളുടൻ ചൊല്ല
ചേരമാനൈ ത്തൊഴുതു വിടൈവാങ്കി
ചിറന്ത മന്തിരിമാർകൾ തിരുമ്പിനാർ
പാരമാകവേ തങ്കൾ തങ്കൾവീട്ടിൽ
വന്തിരുന്താരെ ചിന്തക്കളിപ്പോടെ
വീരശ്ശൂരനിടത്തിറത്തേവനും
വെങ്കലക്കൊടി കളത്തൂരു രാമനും
പേരിളമ്പയിൽ മാത്താണ്ഡവമ്മനും
ഇണങ്കും കോയിക്കൽ തന്നിലിരുന്താരെ.

(വിരുത്തം.)

ഇരുന്തപോതവർകളെല്ലാം, എഴുത്തുമുൻകൊടുത്തുവിട്ടു
പൊരുന്തവേ ഓലതന്നെ, പുകൾപെറക്കണക്കൈ വാങ്കി

വിരുപ്പമായന്ത ഓലൈ, വാചകം ഉരയ്ക്കൂലുററാർ
ഉരത്തനവനാളെ നാങ്കൾ, ഉതിക്കമുൻപടൈക്കവാറോം.
പൊരുത്തമാം നെററികൈക്ക, പൊരവന്തതുരൈയ നാങ്കൾ
വിരുപ്പമാഷ്ഷൈന്തുക്കൊണ്ടു, വിരവുടൻചതിയതാകെ
തിരുത്തമായ് ത്തലൈയുംകൊണ്ടു, ശീക്കിരം വരുവാരെൻറാർ.

## (മട്ടുമാറി.)

എൻറവാത്തൈ കേട്ടപോതു
രാമയ്യനും ഒട്ടുചൊൽവാൻ
നൻറിനപേരങ്കിരുക്കനെല്ല
തുരൈയല്ലൊ ഇരവിപിള്ളെ
അൻറപടൈ പിറപ്പെട്ടപ്പോൾ
അവരുടൈയ തായാരും
കണ്ടുമനം മികക്കലങ്കി
കിനാവുകണ്ടാളൻറരാവു
ഇരവിവിടിന്തെഴന്തവുടൻ
എല്ലോരും ഉണ്ടൊരുങ്കി
പൊരുവതുക്ക തുരൈകളെല്ലാം
പോക്കോലം ചമൈന്തൊരുങ്കി
കരുണൈയുററ പരികലത്തോർ
കട്ടിച്ചമൈന്തവർകൾവര
മല്ലാരുന്തൻ പുഴയത്തോൻപിള്ളെ
മാതാവും ഏതോ ചൊൽവാൾ·
എന്മകനേ, എന്നിരവീ, നീ
ഇൻറപടൈ പോകവേണ്ടാം;
കമ്മവിനൈ പൊല്ലാതു
കേളുമെടാ, എന്മകനേ;
കിനാവുകണ്ട സ്വപ്പനങ്കൾ
കേളുമെടാ എന്മകനേ;
കേളെടാ നീ കൺമണിയേ
കൺമണിയേ, കേളുമെടാ;

പൊന്നുനിറം മെത്തയിലേ
പുകയെഴമ്പക്കണ്ടേൻ നാൻ
തിരളാന കൂട്ടമിട്ടു
ചിങ്കം പററിക്കൊല്ലക്കണ്ടേൻ;
കൊത്തളരും ഇലങ്കമതിൽ
കൂവെയിരുന്തളവും കണ്ടേൻ;
കൂവെയല്ലാ അളുകിറതു
കൂററവങ്കാണെന്നിരവി;
കൂററവെന്നോ മാററാരോ
കൊല്ലുവന്ത ചത്തുരുവോ?"
"തായാരേ, കേളുമമ്മാ
തട്ടത്തു മൊഴി ശൊല്ലാതെ.
ഏഴുകടലപ്പിറത്തിൽ
ഇരുമ്പറയ്ക്കുള്ളിരുന്താലും
യമനുടയ ആളുവന്താൽ
ഇല്ലയെൻറാൽ പോവർകളോ?
കല്ലറയും കെട്ടിവയ്ത്തു
കല്ലറയ്ക്കുള്ളിരുന്താലും
കാലനുടേ ആളുവന്താൽ
കണ്ടില്ലെൻറാർ വിടുവർകളോ?
വാററവിതിയെങ്കിരുന്തും
വന്തിടുങ്കാൺ തായാരേ."
തായാർ ചൊൽ മുകിയാമൽ
താർകുഴലെ ഏകിവിട്ടാറെ
വാടീനീ പെൺകൊടിയേ
വാർത്തയൊന്റു ചൊല്ലുകിറേൻ
നാൻവിലക്ക കേളാമല്ലർ
നായകനാർ പടൈപോറാൻ
കേട്ടപോതിലെ പെൺകൊടിയും
കെട്ടതിയെൻറുതാൻ നിനൈന്തു
പഞ്ചരത്തച്ചേലതന്നെ

കൊയ്യുട്ടത്താൾ പെൺകൊടിയാൾ
മിഞ്ചും തനാവണ്ടശയാം
മെല്ലിനല്ലാൾ പിള്ളെമ്മുന്നെ
മങ്കൈനല്ലാൾ വന്തുനിൻറു
മണവാളരോ ടേതോ ചൊൽവാൾ

ഇരവിക്കുട്ടിപ്പിള്ള അമ്മയേ സമാധാനപ്പെടുത്തിയ ശേഷം അദ്ദേഹത്തിൻെറ ഭാര്യവനെ വിരോധിക്കുന്നു.

"എങ്ങാണും പത്താവേ,—ഉമ
ക്കിന്ത വിതി വരുവാനേ?
നേത്തിരാവു പഞ്ചണൈമേൽ
നിത്തിരൈ ഞാനുറങ്കയിലേ
പാത്തിരിക്കച്ചനിയൻ വന്തു
പത്താവേ ക്കൊണ്ടുപോനാൻ;
ആലമരം മൂടോടേ
അടിനകൻറു വിഴവും കണ്ടേൻ;
നാൻവളത്ത കിളിയന്നൈത്ത
നല്ലരവം തീണ്ടക്കണ്ടേൻ;
പൂണാരിയ കുളമുടൈത്തു
മതയാനൈചായക്കണ്ടേൻ.
വാളുംപരിശയുമായ്
ഉറക്കളത്തിൽ ചാടക്കണ്ടേൻ
പൊന്നിൻമുട്ടിട്ടുടവാളും
പുലിത്തോൽ പരിശയുമായ്
പുകഴംപിറവേ മറവർകുത്തിൽ
അകപ്പെടവും കണ്ടേൻ നാൻ
പൊന്നിൻനിറ മെത്തയിലെ
പുകയെഴുമ്പക്കണ്ടേനയ്യോ
നരിയുംവന്തു കോഴിയെത്താൻ
നടുങ്കപ്പറിപ്പിടിക്കക്കണ്ടേൻ

മുൻവായിൽ മുത്തുതിർന്നു
മുന്തിയിലെ മുടിയക്കണ്ടേൻ
വെള്ളരിക്കാ കൊണ്ടുവന്നു
വിട്ടതിയിലെ തരവുംകണ്ടേൻ
കത്തിരിക്കാ കൊണ്ടുവന്നു
കൈതന്നിലെ തരവുംകണ്ടേൻ
മഞ്ഞല്ലിയം ഇഴപെരുകി
മടിയിലറ വിഴവുംകണ്ടേൻ
കല്ലുളത്തിൽ മകാതേവർ
കൂടിയതൊരു തിരുനാളിൽ
ആറാം തിരുനാളിൽ
അവണർ കഴകേറിട്ടുവാൻ
ഏഴാം തിരുനാളിൽ
എരുത്തുമേൽ നടതിടിമെൻ
നടതിടിമെൻ അടിപെടവെ
നായകനാർ പവനിവരാ
എട്ടാം തിരുനാളിൽ
ഇനിയതൊരു പരിയോരം
ഒൻപതാം തിരുനാളിൽ
ഉമയുമൊരു തേരോടി
തേരോടി വലത്തുവരാം
തെന്നവനാർ പവനിവരാം
ചാഞ്ചോട്ടും തേരിന്നട
തലയലങ്കാരം മുറിന്നു
തലയലങ്കാരാ മുറിന്നുപൊൻറും
താഴികുടമുടയക്കണ്ടേൻ
തന്നിഷ്ടമായ് നീർകുളത്തിൽ
തട്ടുമാറി നിഷ്ഠയിലെ
ഉണ്മെവിട്ടു മറവരെല്ലാം
പിൻവാങ്ങി ഓടക്കണ്ടേൻ
കണ്ടകിനാ വത്തനെയും

കാവലക്ക് പൊല്ലാതു
പൊല്ലാതാ കിനാവുകണ്ടാൽ
പോവർകളോ മന്തിരിയെ
വാറവിതി എങ്കിരുന്തും
വന്തിടുംകാൺ പൊൺകൊടിയെ
ഇട്ടപയിരവപ്പതുക്ക
ഏതും–കുറവില്ലെ പെൺകൊടിയെ
വിളന്തപയിരവപ്പതുക്ക
വിസനപ്പെടാ വേണ്ടാമേ
എന്തരത്തിൽ മന്തിരിമാ–
രെല്ലാരും പടൈപോക
നാൻ–ഇങ്കിരിക്ക താണവമേം
എന്നോടെ വിലക്കാതെ
ഏന്തിഴയേ പോവേനെൻറാർ
എൻറചൊല്ലി ഇരവിപ്പിള്ളെ
ഇമ്പമുടൻ മൊഴിപേശി
ചന്തമുടൻ ഇരവിപ്പിള്ളെ
നീരാടപ്പുറപ്പെട്ടുവാർ.

(മട്ടുമാറി.)

അന്തനേരം ഇരവിക്കുട്ടിപ്പിള്ളെ
ആലകാലവിഷംപോലെ കോപിത്താർ
ചന്തണമരയ്ക്കച്ചെറക്കൻപോക
ചടുതിയിലമൃതാകട്ടിനച്ചൊല്ലി
വെന്തെഴന്ത ഉലയിൽ മെഴകുപോൽ
വേകിൻറാടിയെ തായാരുമുൻചെല്ല
പാട്ടുപെട്ടാലുമെന്നാൽ മുകിയാതു
പൈങ്കൊടി ചൊല്ലുകേളാമൽ പോവേനോ
കാൽപിടിത്തങ്കഴുതു മുറയിട്ടു
കണ്ണുറശേ പടപോക വേണ്ടാമെ

.............................................

ചന്തമാക മൊഴിപേശിപ്പിള്ളയും

ചരതമാകവേ നീരാടപ്പിറപ്പെട്ടാർ
നീരാടിക്കരതന്നിലങ്ങേറിയേ
നീലകണ്ഠം ചരണമിനച്ചൊല്ലി
പാരപ്പെട്ട മരത്തിലിരുന്നൊരു
പല്ലിവന്നു വലത്തോട്ടിലേവീഴ
തൊട്ടനല്ല കുറിപലം പൊല്ലാത്ത്
ശോകമോടെ തിരുമ്പി നീരാടിനാർ
തിരുമ്പിച്ചെൻറുടൻ നീരാടിപ്പിള്ളയും
ചെൻറിരുന്താ നിലങ്കത്തകത്തിലെ
ചാരിലങ്കം ചെക്കിന്നുടൻപിള്ളയും
പത്തിരപ്പള്ളിയമേ ചരണാമേ
അന്നെരന്നുടൻ കൊണ്ടുവന്നൊരതിചന്ദനം
അടിത്തുപത്തിനാഞ്ഞപോൽ കിഴവിനം.

(ഒട്ടമറി)

മനമതിൽ മിചവിടംഉം വെന്നുടനെ—പിള്ളയും
മകിടാവെമുടിയും പുടനൊന്തേ കെട്ടി
നെററി തന്നിലെ നീരമണിന്നുടൻ
നീലകണ്ഠൻ തൻ പാലത്തെ പോററിയെ
കസ്തൂരിക്കുറിയത്തുമിട്ടുടൻ
കൈത്തിരിത്തിയെ ഒപ്പമിട്ടാർപിള്ളെ
വന്തിരുന്താരിടക്കെട്ടതന്നിലെ
മങ്കനല്ലാൾം അമ്മുതുകൊണ്ടുവച്ചു
മുന്നൊടുത്ത അമൃതത്തു തന്നിലെ
മുല്ലപ്പൂമാലപോലെ തലനാരു
കണ്ടപ്പോതമ്മ തായാർമലങ്കിയെ
കാരിയമൊൻറുമാലമല്ല കാണവേൻ
തെണ്ടർച്ചുഴം മടവാർകൾകണ്ടാരെ
തെറിശനമൊൻറും പൊല്ലാതകാണമേ
പക്കനാളുമകെനാളുമൊല്ലാത്തു
പാപിയേനെ പടൈക്കെൻറുപൊകാതെ

തുക്കമെൻറപ്പടൈക്കെൻറുപോകുന്നീർ
തുണിന്താലും ഉയിരൈയിളപ്പേനേ
കേട്ടതെല്ലാം മനസ്സിലടക്കിയെ
കൃപയൊടെ അമ്മതുണ്ടിളകിനാർ
നാട്ടമാകവേ കയ്യുംമിഴക്കിയെ

മേലെഴുതപ്പെട്ട ഭാഗങ്ങളിൽനിന്ന് തിരുവിതാംകോട്ടു ചരിത്രം സംബന്ധിച്ച് പ്രത്യക്ഷമായും പരോക്ഷമായും പലതും ഗ്രഹിക്കാമല്ലോ. വടുകപ്പടയുമായി യുദ്ധമുണ്ടായ എഴുനൂററിഅമ്പതാമാണ്ടിടയ്ക്ക് തിരുവിതാംകോട്ടു രാജധാനി കൽക്കുളത്തായിരുന്നു. ആ പട ആദ്യം തിരുവിതാംകോട്ടു സൈന്യത്തോടേററു തോററു. അനന്തരം ആ അഹിതപക്ഷക്കാർ ഈ രാജ്യസീമയ്ക്കടുത്ത പണകുടിയിൽ നിന്ന് ഒരു വലിയ സൈന്യം ശേഖരിച്ചു. ഈ സ്ഥലം നാഞ്ചിനാട്ടിനേയും തിരുനൽവേലിയേയും വേർതിരിക്കുന്ന അതിരു മലയുടെ അപ്പുറത്താണ്. തോവാളത്താലൂക്കിൽ ചെന്നു കടുക്കറെ മലയിടുക്കു കടന്നാൽ പണകുടിയിൽ ചെന്നുചേരാം. സൈന്യശേഖരം ചെയ്തുശേഷം വടുകന്മാർ പോരിനായി വീണ്ടും ഈ രാജ്യാതിർത്തിയിലെത്തി. ഈ വിവരം വഞ്ചിരാജാവറിഞ്ഞ് എതിർക്കാൻ വേണ്ട ഒരുക്കങ്ങളും ചെയ്തു. എട്ടുവീടർ, ഇളമ്പയിൽ പണ്ടാരം, ഇടത്തറപ്പോററി മുതലായവർ യോജിച്ചു പടകൂട്ടി ഉദയഗിരിയിൽ എത്തി. രാജാവിൻെറ ആജ്ഞയിൻകീഴിലുള്ള ഏഴു സൈന്യനേതാക്കന്മാരും ചേർന്ന് ഒരാലോചന നടത്തിയ ശേഷം അവരിൽ ഇടത്തറപ്പോററിയും കളത്തൂർ രാമൻപിള്ളയും ഇളമ്പയിൽ പണ്ടാരം മാർത്താണ്ഡവർമ്മനും കോയിക്കൽതന്നെ വസിക്കയും മററാളുകൾ ആ ചേരരാജാവിനെ വണങ്ങി വിടവാങ്ങി അടുത്തദിവസം പോർക്കളത്തിലെത്തിക്കൊള്ളാമെന്നു സമയം ചെയ്തിട്ടു പാർപ്പിടങ്ങളിലേക്കു പോകയും ഉണ്ടായി. പിന്നീടു ഇടത്തറപ്പോററി മുതലായവർ വ-

ട്ടകസേനയുടെ നാഥനായ രാമപ്പയ്യന്ന് ഒരു എഴുത്തയച്ചു. പിറേറദിവസം ഉദയത്തിന്നു മുൻപേ അവർ പടയ്ക്കു പുറപ്പെട്ടു് ശത്രുസംഘത്തിന്റെ മുന്നണിയിൽ നില്ക്കുന്ന സേനാപതിയെ വളഞ്ഞുപിടിച്ചു് അയാളുടെ തലയറുക്കുന്നുണ്ടു് എന്നൊരു വീരവാദമായിരുന്നു ആ എഴുത്തിൽ അന്തർഭവിച്ചിരുന്നതു്.

തിരുവിതാംകോട്ടേ പ്രധാന സേനാനാഥനായിരുന്ന ഇരവിക്കുട്ടിപ്പിള്ള പോരിന്നൊരുങ്ങി. അദ്ദേഹത്തിന്റെ മാതാവിന്നു് മകന്റെ ഈ ഒരുക്കം കണ്ടു പരിഭ്രമമുണ്ടായി. ആ സ്ത്രീ അന്നു രാത്രിയിൽ അശുഭസൂചകങ്ങളായ പല സ്വപ്നങ്ങൾകണ്ടു് ആ വിവരം മകനെ അറിയിക്കയും പോരിന്നു പോകരുതെന്നു പറയുകയും ചെയ്തു. ഇരവിപ്പിള്ള സ്വധർമ്മഭ്രംശത്തിലുള്ള ഭയം നിമിത്തം അതു കൈക്കൊണ്ടില്ല. അതിനാൽ ആ സ്ത്രീ ഇരവിപ്പിള്ളയുടെ പത്നിയെ അയാളുടെ മുൻപാകെ തള്ളിവിട്ടു. അവൾ അലംകൃതയായി ഭർത്തൃസമക്ഷം പ്രാപിച്ചു് അദ്ദേഹം ആ ഉദ്യമത്തിൽ നിന്നൊഴിയണമെന്നർത്ഥിച്ചു. അതും ആ ധർമ്മനിരതനായ സേനാനി സ്വീകരിച്ചില്ല. "ഏഴാംകടലിനപ്പുറത്തു് ഇരുമ്പറയ്ക്കകത്തു് ഇരുന്നാൽ തന്നേയും യമദൂതന്മാർ വരുമ്പോൾ "ഇല്ല" എന്നു പറഞ്ഞാൽ പോകുന്നതാണോ? കല്ലറകെട്ടി അതിനുള്ളിലിരുന്നാലും കാലന്റെ ആളുവന്നാൽ "കണ്ടില്ലെ"ന്നുപറഞ്ഞു് അവരെ അയയ്ക്കാവുന്നതാണോ? വരാനുള്ളതു് എവിടെ ഇരുന്നാലും വന്നുചേരും, "വിളവിറക്കിയാൽ" അതു കൊയ്തെടുക്കുന്നതിൽ കുറവൊന്നും വരാനില്ല. പാകമായ വിളവു കൊയ്യുന്നതിൽ പരിതപിച്ചിട്ടു കാര്യമില്ല. എന്റെ തരത്തിലുള്ള സൈന്യമുഖ്യന്മാർ പടയ്ക്കുപോകുമ്പോൾ ഞാൻ ഗൃഹത്തിൽ ഒതുങ്ങിയിരിക്കുന്നതു യോഗ്യമാണോ?" എന്നൊക്കെയായിരുന്നു ഇരവിക്കുട്ടിപ്പിള്ളയുടെ സമാധാനവാക്യങ്ങൾ. അനന്തരം അ

ദ്ദേഹം കുളിക്കാൻപോയി. അപ്പോഴും ദുർന്നിമിത്തങ്ങൾ കാണുകയാൽ മാതാവു് ദുഃഖിച്ചു മതിമയങ്ങി ഓടിയെത്തി മകന്റെ കാല്ക്കൽവീണു മുറവിളികൂട്ടി. അതിനു അദ്ദേഹം പല സാന്ത്വനവചനങ്ങൾ പറഞ്ഞശേഷം കുളിച്ചുകയറി ദൈവപ്രാർത്ഥന നടത്തി. അപ്പോഴേയ്ക്കും അടുത്തുണ്ടായിരുന്ന ഒരു മരത്തിൽനിന്നു് ഒരു പല്ലി അദ്ദേഹത്തിന്റെ വലത്തെ തോളിൽ വീണു. ഇതുകണ്ടു് സേനാപതി വീണ്ടും വെള്ളത്തിൽ മുങ്ങി. കുളിച്ചുകയറി ഇലങ്കത്തിൽപോയി തൊഴുതശേഷം ഉണ്ണാനിരുന്നു. ചോറിൽ തലമുടികണ്ടു. ഇതും ദുർന്നിമിത്തസൂചകമായിരുന്നു. അമ്മ വീണ്ടും മുൻപത്തെപ്പോലെ പലതും പറഞ്ഞു മുറയിട്ടു. ഇളവിപ്പിള്ള ചഞ്ചലഹൃദയത്തോടുകൂടി ഭക്ഷണംകഴിച്ചെഴുന്നേറ്റു് ഒരുക്കംതുടങ്ങി.

ഒരു ഞങ്ങളപ്പാറി ഈവിധം പറയുന്നു.

നല്ലചല്ലടം മേൽക്കച്ചകെട്ടിനാർ
പൂശിനാരെ പുഴവോടുജവ്വാദും
പൂന്തളിർക്കച്ചമീതിലണിഞ്ഞുടൻ
തട്ടഴിയാലവിഴ്ന്നു വിഴാമലെ
ചന്ദ്രകാവിജമുതാടം മേൽകെട്ടി
ഇന്തിരൻ പവനിക്കിണയാകവേ
ബഹു- ചന്തിരൻവന്നുതിത്തളുപോലവേ
അന്തിരങ്ങൾവാറതറിയാമൽ
ആയുധം നാലുകൂട്ടമെടുപ്പാരാം.

പിന്നീടുണ്ടായ കൃത്യങ്ങൾ താഴെക്കാണുന്നവയാണു്.

ചിന്തമെയ്ക്കുവേ മങ്കനല്ലാളുക്കു
സ്നേഹമുററവരുവേലംവാരിയെ
സന്തോഷത്തുംവഴിയെ കൊടുത്തുടൻ
ചാത്തിരചൊല്ലവേണമിനിയെൻറ
കരുവേലം കയ്യിൽകണ്ടപൊഴുതിലെ

കൈനകിത്താളെ മന്തിരിയെത്താനം
അന്തിരമൊൻറും വാരാമൽനീർചെൻറു
തന്തിരത്താൽ പടൈകൊണ്ടുവാരുമേ
എൻറപോതവും ചൊന്നപൊഴുതിലെ
മാതാവേത്തിരുവടി പോററിയെ
ഏതുമൊൻറും കുറൈയില്ലത്തായാരെ
ഏപ്പടിയുംപടൈവെൻറുവാറേനാൻ
നീതിയാലിന്ത ഈശ്വരിയുണ്ടമ്മെ
നീലകണ്ഠസ്വാമിയുമുണ്ടമ്മെ
അയ്യനാർതൻ തിരുനയനത്തിനിൽ
അരുമയാകപ്പിറന്തതും നീയല്ലൊ
മെയ്യിൽമതിയൊരു പേരുമറിയാമൽ
പെരുമയാക ഉതകീട്ടുദൈവമേ
ഉപായമാകവേ കൊല്ലിക്കപാണ്ടിയൻ
മറുപ്ടിക്കകെ കണ്ണകപോതൊളും
കണ്ണകയ്യുടൻ വാളുകൊടുത്തതും
കന്നിപത്തിരകാളിയും നീയല്ലൊ
എണ്ണമെണ്ണിയിരുന്തു വിഴാമലെ
ഇരവിയോടെപ്പടൈക്ക പോമോകാളീ
ഏകിടവേ അടിതൊഴുതേകിയെ
ഇരവിപ്പിള്ളൈ പടൈക്കനടന്തനരെ
ചാവടിയിൽ വരുമന്തവേളയിൽ
തക്കവീരപ്പടയുമിളകിയെ
മങ്കിളാനന്തപുരവികൊട്ടുവന്തു
മല്ലുംവൈത്തുക്കടവാറിറുക്കിയെ
ചെൻറുതൊട്ടുപരിമീതിലേറിയെ
ചിറന്തനല്ലമറുമറിന്തേവിഴ
മല്ലമററുമറിന്തു വിഴന്തപിൻ
വായിത്തനല്ലവരിയിതുപൊല്ലാതു
മെല്ലെമെല്ലെച്ചെരുപ്പിന്മീതേറിയെ
വീരരോടെ പടൈക്കനടന്താരെ

നടന്നുതേരുവീതിയിൽ ചെല്ലുമ്പോൾ
നല്ലവേതിയൻ എതൃവന്നു തോൻറിനാർ
മുഴകിഒരുകയ്യിൽ ഉരുളിയുമരിയുമായ്
മോകമോടെ ഒരുകയ്യിൽ തീയുമായ്
എതൃവന്തമറയോനെക്കണ്ടപിൻ
ഏളുവന്നുപിടിയുമോയെൻപാരാം
കതിർകൊണ്ടപുലിയൂർക്കുറിച്ചിയിൽ
കരുമ്പാറയിൽ മാളികമീതിനിൽ
കൊത്തളത്തിൽ പാരാശതമ്പുരാൻ
കൂൻറവീരപ്പടയോടിരിക്കവേ

...            ...            ...            ...

അനന്തരം പടക്കളംനോക്കി പുറപ്പെട്ടു തിരുവിടക്കോടു മുതലായ സ്ഥലങ്ങളും കടന്നു പോകുന്നു. ഈ യാത്ര കണ്ടു പുരസ്ത്രീകൾ ഓരോന്നു പറയുന്നു.

തെന്നവനിരവിപിള്ളെ—മന്നവർ
പവനിയെപ്പോൽവാറാർ
മന്നവർപവനിയെപ്പോലെ—ഇരവിപ്പിള്ള
വാറപവനിയെപ്പാരായ്
മന്നവർ പവനിയെപ്പോലെ-മാർത്താണ്ഡവാളിരവി
വാറതുരയെക്കണ്ടു
മടവാർകൾകൂടിനിൻറ-കന്നൽമതനക്കിളൈ
ഇവർ രാച്ചിയത്തിൽ വാഴ്കകരുതി
വീരരോടെവടുകർ—പോരുക്കാകെ

...            ...            ...            ...

പോരുക്കൊരുങ്കിനിൻറ
പോറതുരയെക്കണ്ടു
കൂവേയർകൾകൂടിനിൻറ
ആശൈമൊഴികൾപേശി
പാരുലകിലിന്തതുരയെ
പെററതായും പെൺകൊടിയും

പടൈപോകച്ചൊന്നാരേം
ചൊന്നാർകളെംയിന്തളുരയെ
പെററതായും തുയരംതീൎത്തു
പെററതായും തുയരംതീൎത്തു
മനസ്സങ്കടങ്കിയിരുപ്പാർകളെം
എന്നപൃത്തി ശൊന്നായി
... ... ...

പിന്നീട്ടു ഇരുഭാഗങ്ങളിലുമുള്ള ആഘോഷങ്ങളെപ്പററി വിവരിക്കുന്നു. അനന്തരം ഇരവിപ്പിള്ള,

കള്ളമക്കാട്ടുകള്ളം എല്ലൈലെവിട്ടു
കള്ളമക്കാട്ടുകളെല്ലൈലവിട്ടു
തൊട്ടിയക്കോട്ടം താൻകടന്നു
തൊട്ടിയക്കോട്ടം പെരുവിളയും
ചുങ്കാനമ്പലം കടന്നു
മുന്നേമുന്നേ ചെൻറപേരൈ
ഇളംകുടിക്കളം തന്നിലെ
നിൻറവരണി പിടിക്ക
ഇങ്കവരണി പിടിത്തു
നിക്കമന്തവേളയിലെ
ഇരുമുകിൽവണ്ണാ ശരണമെൻറു
ഏഴിലൊട്ടുവന്ത മറപ്പടയും
ഈത്താകാട്ടുപാളയത്തി
ലിരുന്ത വട്ടകരെല്ലാം
... ... ...
.. ... ...
പരുത്തിരൾ മലയാംസേനൈ
മാററാനെക്കണ്ടപോതു
ഉരത്തിനാൽ വില്ലൂർചെയ്തു
ഓശേയമായ് വെടികൾവൈത്താർ

പാട്ടു്.

അന്തനേരമിടത്തിറത്തേവനും

ആനശങ്കരൻ കോതമരുകനും
വിന്തചേരും കലയപ്പെരുമാളും
വെങ്കലക്കൊടി കുളത്തൂരുരാമനും
ചുന്തരംപുകഠ കുംകുമക്കണ്ണനും
തുങ്കശംകുക്കൊടി വീരൻകേശവൻ
തെന്നിളമ്പയിൽ മാൎത്താണ്ഡവമ്മനും
ചിങ്കംപോലെ വരികിൻറവേളയിൽ
മന്നവരും ചിനപ്പത്തിപ്പിള്ളയും
വലിയപിള്ള പനയറരാമനും
എന്നിലും പുകളീച്ചുരൻതേവനും
ഇരിവിപിള്ളയും നെററിക്കെതന്നിലെ
വന്തുമുന്നണിതന്നിലിറങ്കിയെ
മാരിപോലെ ചരങ്കളെ തൂകിനാർ
നാലുദിക്കുംപടെയേയിളക്കിയെ
നാക്കാലെയ്യു പടവിളികൊണ്ടല്ലോ
വീരർതാങ്കളും വാങ്കിവിട്ടാർകളെ
തരത്തിനോരോ കുതിരയെവേഗംതാൻ
താണ്ടിവന്താർളുംകുടിതന്നിലെ
വാറവാറ കുതിരയെ കണ്ടുപിൻ
മന്തിരിയോടെയോടവർ ശേവിത്താർ
പാപിമേക്കെ കുതിരവരുകിതേ
പാറനാമം മലയേറിക്കൊള്ളുവോം
വാൎത്തചൊന്ന കടക്കാറനെപാൎത്തു
മാററിവൈത്ത വെടിയിടിപോലവേ
മന്തിരിയായിപ്പിറന്തോരുനാമിനി
മാറിപ്പോവതുംശരിയല്ല കാണുവോം
പട്ടിയെക്കണ്ടാലോട്ടുവതു നീതിയോ
അന്തരംവരം ഇൻറുനാമോട്ടുകിൽ
അരശർതിരുമുമ്പിൽ എപ്പടിചെല്ലുവാം
എന്തനോടെയിറങ്കിപ്പൊരുവോമ്
ഏററശേവുകരുണ്ടാനാൽ വാരുങ്കോ

വൻ

ചിന്തൈമയ്യവെ ഈട്ടികൈവാങ്കിയെ
തിരുമ്പിയേറിനാരീററപ്പുലിപോലെ
ഏകിനാരെഇളംകടിതന്നിലെ
ഇടിമുഴക്കംപോൽ വന്താരംക്കുട്ടിയെ
മാറിവാററകുതിരയെക്കണ്ടല്ലൊ
വേകത്താൽകത്തിവെമ്പരിയേറിനാൻ.
ആനയിന്മേലെവെട്ടിമടക്കിനാർ
കാലുനാലും മുകമിടമററിട
കയ്യിനാലെ പുരവിയെത്തട്ടിനാർ
ഇന്തിരനൊ ഇവരാരൊ തൈവമേ
ഏതുപായമോ കയ്യറംചെയ്യിററർ
ചന്തിരനൊ ഇമലോകത്തുള്ളോരോ
ഈശ്വരനൊ വകപ്പിനാൽ തൈവമേ
കാവലക്കിണയൊത്തോരു വീരനൊ
കുതിരയെവെട്ടിക്കയ്യും തഴമ്പിച്ചൊ
അന്തപ്പുരവെട്ടുകൾകണ്ടുടൻ
അരശർ പെരുമാളും മന്നരെത്തേടിനാർ
എന്നമെയ്യു വളത്ത പരരാശർ
ഇപ്പോളാനമീതേറിവാററരോ
പിന്നണിയേയും വെട്ടിത്തുരത്തിയെ
മിഞ്ചുംവീർ പടയോടെ ചൊല്ലുവാർ
അണ്ണർകോനൊരു വമ്പടൈ മൂപ്പയ്യ
ആരവാരം കേട്ടോടിവാററരോ
എണ്ണില്ലാത്ത ശരംവന്തു കൊള്ളവേ
ഏററശേവുകൾ മേലെടംതേറിനാർ
വീരശൂരനിടത്തിറത്തേവനം
വെള്ളികെട്ടും കുഴൽക്കാറർക്കൂട്ടവും
വേകമോടെവെടികൾ കൊളുത്തിയെ
മാററലർപടവെട്ടിമടിയവേ
ഇപ്പടിയെപ്പൊരുകിൻറവേളയിൽ
എല്ലാംപേരും പടൈ കണ്ടുനില്ക്കവേ

(വിരുത്തം.)

അണിക്കണിപിടിത്തകുഴൽവെങ്കലം അതിക്കിടമാനമത്ത
ആനൈക്കമുത്തുകിട്ടുടലൊക്കയും വെങ്കലം
വെങ്കലത്തമ്പട്ടമൊട്ട, പുരവിനടനാലുമിട്ടതണ്ടമേളവെങ്കലം
പിരവിനൊട്ടകെട്ടുന്ന മേപ്പിടാരത്തിൽ നാലരുകും ചട്ടയുംവെങ്കലം
എങ്കുമെയപ്പടപുറപ്പെട്ടന്നേരത്തു വിളിക്കുന്ന വാങ്കാവും വെങ്കലം
ഇപ്പടിയെപടകോലാഹലംകണ്ടു ഇരവിക്കുട്ടിപ്പിള്ള പൊരുതാൻ.

അതിൽപിന്നീടുണ്ടായ അതിഭയങ്കരസംഗരത്തെ സര സമായി വർണ്ണിക്കുന്നു. പോരിൽ മരിച്ച വഞ്ചിസൈന്യനാഥന്മാരിൽ പലരുടേയും പേരുകൾ ഈ കൃതിയിൽ പ്രസ്താവിക്കുന്നുണ്ട്. അപജയോന്മുഖമായ സൈന്യത്തിന്റെ മുന്നണിയിൽ ഇരവിക്കുട്ടിപ്പിള്ള പത്മവ്യൂഹത്തിൽ അഭിമന്യുവെന്നപോലെ പ്രവേശിച്ച് ശത്രുക്കളിൽ അനേകംപേരെ നിഗ്രഹിക്കയും ഒടുവിൽ മുറിവേററു പടനിലത്തിൽ പതിക്കയും ചെയ്യുന്നു. ഉടൻ വിപക്ഷനായ ഒരു ഭടൻ അടുത്ത് ആ ഇരവിപ്പിള്ളയുടെ ശിരസ്സ് ദേഹത്തിൽ നിന്നു വേർപെടുത്തി വടുകപ്പടയുടെ നാഥനു കാഴ്ചവയ്ക്കുന്നു.

തിട്ടത്തുടൻ തലയുംകൊണ്ടു
വെററിക്കൊട്ടും കൊട്ടിക്കൊണ്ടു
ചെപ്പത്തുടൻ ഈത്തൻകാട്ടു
പാളയത്തിൽ ചെന്തിരുന്താർ
ഇരവിപ്പിള്ളത്തലയും വെട്ടി
പട്ടിൽപ്പൊതിഞ്ഞുകെട്ടി
ചിക്കേറും തിരുമലനാഥൻ
തുരയുടെമുമ്പിൽ വൈത്തുതൊഴുതു
അടിവണങ്ങി തൊഴുതുനിൻറാൻ.
... ... ...
വണങ്ങിനിൻറ ഓട്ടനോടേ

വാർത്തയെല്ലാം കേൾപ്പാനാം
ഇണങ്കുമ്പടിതലയിതേതോ
ഏഴുതലയെൻറാൻ
കണാംപറവേ ഓട്ടനോട്ടു
ക്കുറിട്ടവാണൊരുവാത്തൈ
അങ്കരശർമണവാള
രാനവഞ്ചിവേന്തരുടെ
വേന്തരെട്ടുപേരതിലെ
വീരരനപേർകളുണ്ടും
ഇണങ്കുംവൃകൾഇങ്കരശേ
ഇരവിക്കുട്ടിപ്പിള്ളയുടെ
ചന്തത്തുരതലയിതെൻറ
ചെപ്പിട്ടവാർ ഓട്ടാളൻ
അന്തവാർത്തകേട്ടപോതു
ആണഴകൻവേന്തരും

... ... ...

അയ്യോഇന്തത്തുരയെപ്പോലെ
അവനീതനിൽപാർത്താലൊരുവരുണ്ടോ
കൈയ്യൂരമെഴമ്പിച്ചോ ഇവനെ വെട്ടാൻ
കണ്ടവരും മനം കലങ്കുമല്ലോ
വയ്യമ്പുകഴ്ത്തിട്ടുമിവരുടയ
*വൈരപ്പണിയിട്ടകാതഴകും
കോതിമുടിന്തതോർമുടിയഴകും
കുൻറകസ്തൂരിപ്പൊട്ടഴകും
ഏളുംചൊല്ലപ്പോറേനിവർവടിവൈ
ഇനിമേൽനിനന്താനാൽ പലവുമുണ്ടോ?
പോതമറിയാമൽപത്തുതലയെ
തിരുമ്പപ്പാളയത്തിൽ കൊടുത്തുവിട്ടാൻ.

... ... ... ...

... ... ... ...

ആററിങ്ങൽ റാണിക്കു കപ്പം കൊടുപ്പാൻപോയ അവസരത്തിൽ ഗിഫോർഡിനെയും കൂട്ടുകാരേയും എട്ടുവീട്ടിൽപിള്ളമാരിൽ ചിലർ വധിച്ച വിവരം മലയാളത്തിൽ പല പഴയ പാട്ടുകൾക്കും വിഷയമായിത്തീർന്നിട്ടുണ്ടു്. അഞ്ചുതെങ്ങിൽ കോട്ടയിലേ വെള്ളക്കാർ നാട്ടുകാരോടു പ്രതികാരം ചെയ്വാൻ തലശ്ശേരിക്കോട്ടയിൽനിന്നു വരുത്തിയ വെള്ളപ്പട രാജദ്രോഹികളെ തിരഞ്ഞു യാത്രയായി. ഈ അവസരത്തിൽ രാജ്ഞി പതിവായി നീരാടുന്ന ആററുകടവുവിട്ടു് വേറൊരു നിർഭയസ്ഥാനത്തു് സ്നാനത്തിനെഴുന്നള്ളി. രാജ്ഞിയുടെ അംഗരക്ഷകന്മാരായ നായർപ്പടയും അവരിൽ ഉൾപ്പെട്ട ചാവർപ്പടയും അവിടെ നിരന്നുകഴിഞ്ഞു. ഈ വിവരം അടുത്ത ഒരു പൊയ്കയിൽ മുങ്ങിക്കുളിച്ചു മുടി കോതി നിന്ന ഒരു യുവതിയോടു് അവളുടെ കാമുകൻ പറയുന്നു. ആ വിദ്വാൻ ഒരു കുന്നിക്കുരു എടുത്തെറിഞ്ഞു് അവളുടെ ശ്രദ്ധയെ ആകർഷിച്ചു.

അതിനവൾ:—

"മുങ്ങിക്കുളിച്ചു മുടികോതിനിന്നപ്പം
കുന്നിക്കുരുകൊണ്ടെറിയുന്നതാരെന്നെ?"

എന്നുചോദിച്ചു.

അപ്പോൾ അവൻ:—

"കുന്നിക്കുരുകൊണ്ടെറിയുന്നതു ഞാനാണു്,
ഇപ്പഴേം ചോലയിൽ നിന്നു കുളിക്കുന്നൊ?
മാമ്പാപിപ്പിള്ളമാർ ചതിച്ച ചതികണ്ടു്
വെള്ളപ്പടവന്നു കോറാറുമായല്ലൊ.

... ... ... ...

തമ്പ്രാട്ടി നീരാടി യിപ്പോഴെഴുന്നള്ളും
ചെഞ്ചോലപ്പാടത്തു കൂടെ എഴുന്നള്ളും
നായർപട പാഞ്ഞണിയിട്ടെഴുന്നള്ളും

ചാവപ്പ്ടചാടി ക്കൂടെ എഴുന്നള്ളും.
ചാഞ്ചാടി ചോലയിൽ നിന്നുകൊണ്ട ചൊല്ലൊാാംക (ഇത്യാദി)

ഇരുന്നൂററിമുപ്പത്തഞ്ചുവർഷം മുൻപെയാണു് ഇതുണ്ടായതു്. ദേശചരിത്രം സംബന്ധിച്ചു്,

"പന്തം പൊലിഞ്ഞോടം പരപ്പക്കുട്ടി?
പനിവെള്ളം വീഴുന്നിട്ടെ തമ്പുരാനെ
ചതിയോടം വിതിയോടം പരപ്പക്കുട്ടി
ചതിയല്ല വിതിയാണെ തമ്പുരാനെ."

പണ്ടു തിരുവിതാംകോട്ടു രാജാക്കന്മാരെ രാജദ്രോഹികൾ പലപ്രകാരത്തിൽ ഉപദ്രവിച്ചിരുന്നു. അവരുടെ ബലവും രാജാക്കന്മാരുടെ ബലഹീനതയും കൊണ്ടു് രാജവംശത്തിൻെറ പ്രതാപംതന്നെ അസ്തപ്രായമായിരുന്നു. ചിലരാജാക്കന്മാർ പ്രായേണ രാത്രികാലങ്ങളിൽ രഹസ്യമായിട്ടാണു് സഞ്ചരിച്ചിരുന്നതു്. ആ കാലത്തു് ഒരുരാത്രിയിൽ ഒരു രാജകുമാരൻ അവിടത്തെ ഒരു അനുചരനോടൊന്നിച്ചു് നെല്ലറിളഞ്ഞുകിടന്ന ഒരു പാടത്തിൻെറ മദ്ധ്യത്തുകൂടി പോകയായിരുന്നു. ഘോരമായ ഇരുട്ടിൽ വഴികാണാൻ ആ ഭൃത്യൻ ഒരു പന്തം കത്തിച്ചു പിടിച്ചുകൊണ്ടാണു് യാത്രയായതു്. ദീപം രഹിച്ചിരുന്നാൽ തന്നെയും തിരുമുമ്പിൽ നടക്കുന്നതു് ഭൃത്യന്മാക്കുചിതമല്ലെന്നു നടിച്ചുംകൊണ്ടു് അയാൾ പിറകിലും രാജാവു മുമ്പിലുമായി നടന്നു. അനുചരൻ വൈരികളാൽ വശീകൃതനായിരുന്ന കഥ രാജാവു് അറിഞ്ഞില്ല. വഴിയിൽ ഒളിച്ചിരുന്ന രാജദ്രോഹികൾ അവരുടെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്ന ലക്ഷ്യം കാണിച്ചയുടനെ പരപ്പക്കുട്ടിയെന്ന ആ ഭൃത്യഘാതകൻ പന്തം അണച്ചു. രാജാവു അതു കണ്ടിട്ടു് "പരപ്പക്കുട്ടീ! പന്തം അണഞ്ഞുപോയോ" എന്നു ചോദിക്കയും "മഞ്ഞുവെള്ളം വീണിട്ടാണു് അണഞ്ഞുപോയതെന്നു് അവൻ സമാധാനമറിയിക്കയും വസ്തുതഗ്ര

ഹിച്ചിട്ടു് "ചതിയോ ഇതിനു കാരണം വിധിയോ" എന്നു രാജാവു വീണ്ടും ചോദിക്കയും "ചതിയല്ല, വിധിതന്നെയാണ്" എന്നു ഭൃത്യർ അതിനു മറുപടി അറിയിക്കയും ഉണ്ടായി. ആ നിമിഷത്തിൽ തന്നെ വൈരികൾ പ്രത്യക്ഷപ്പെട്ടു് അവരുടെ ആഗ്രഹം നിർവ്വഹിച്ചു. ഇങ്ങനെയൊരു കഥയാണ് മേൽ എഴുതപ്പെട്ട പാട്ടിനെ സംബന്ധിച്ചു നടപ്പുള്ളതു്. വേറെ ലക്ഷ്യം കിട്ടുന്നതുവരെ ഇതുതന്നെ വിശ്വസിക്കയെ തരമുള്ളൂ.

---

## ഭാരതപ്പോരു്.

---

അമ്പിളിമ്പിളിത്തെല്ലണിയും നാഥൻ
അമ്പിനോടു കൊമ്പനാനവടിവായ്
ഇമ്പമോടു കുന്നിൻമകളുമപ്പോൾ
ഇമ്പമകന്നൊരു പിടിയുമായി
ആടലൊഴിഞ്ഞവരടവിതന്നിൽ
ഊടമോദമോടു മരുവുംകാലം
തണ്ടാർശരൻ നീലകണ്ഠനെ കണ്ടി-
ട്ടുണ്ടായിതുവൈരം മാനസംതന്നിൽ
മുന്നമെരിചെയ്ത പകയെ തീർപ്പാൻ
ഇന്നുതരമായി വന്നുകൂടി
എന്നു മാനസത്തിലുറച്ചുകൊണ്ടു
ചെന്നു മലരമ്പും കരിമ്പുവില്ലും
കൈക്കലാക്കിവന്നു തേരതിലേറി
കാററുപോലെവന്നു മറഞ്ഞുനിന്നു
മുന്നമെരിചെയ്തപോലെ വരായ്വാൻ
മുന്നംനായകനെ ശരണമെന്നു
അഞ്ചെഞ്ചൊരെ കണ്ടഞ്ചമ്പനഞ്ചെയ്യു

അഞ്ചുംതച്ചു നെഞ്ചിലാറണിഞ്ഞോനെ
അമ്പുകൊണ്ടു കൊമ്പനാനയുമപ്പോൾ
അമ്പുററു പിടിയോടൊട്ടടുത്തു മോദാൽ
മാരത്തുയിർക്കൊണ്ടു പുണർന്നാളിൽ
ആനമുകനായ്പ്പന്നുളവാം പൈതൽ
ഇന്നെന്നുടെ ചിത്തകമലംതന്നിൽ
വന്നിങ്ങിരുൾനീക്കി തുണചെയ്യാംനായ്
അപ്പമിളന്നീരും പൊരിവരിക്ക
ചക്കച്ചുള രസക്കനികളെല്ലാം
എപ്പോതിലുംവച്ചു പണിഞ്ഞേനൻപാൽ
ഉൾപ്പൂതെളിഞ്ഞൊക്കെ നുകർന്നുകൊൾക
വാണീഭഗവതി വാണിടുകെന്റെ
നാവിലൊരുകഥ ചൊൽവതിനായി
പണികൂപ്പിഞാനും വരമിരന്നേൻ
വേണികൊൾക കവിമങ്കയെ തായെ
സ്ഥാണുമലയോനു മാനമുകനും
സാരമേറുമെന്റെ ഗുരുവരനും
ഇസ്സഭയിൽവാഴും സജ്ജനങ്ങളും
ഇക്കഥയ്ക്കനുജ്ഞതെ നൽകിടുന്നാകിൽ
ഉൾക്കാമ്പതിൽവച്ചു വന്ദനചെയ്യേൻ
ബാലനാകയുമുണ്ടറിവുമില്ല
ചേലൊടൊരുവിദ്യ വശവുമില്ല
ഓർത്താൽ സ്വരമത്ര ലയവുമില്ല
പാർത്താലൊരുബന്ധു തുണയുമില്ല
കർത്തൃകർമ്മക്രിയാ പദമറിയാ
കാലദിക്കവസ്ഥയതുമറിയാ
സത്തുചിത്താനന്ദപ്പൊരുളറിയാ
ഒന്നുരണ്ടുമൂന്നു നാലൊടഞ്ചാറ്
ഒന്നുമറിയാതൊരടിയനിന്ന്
വന്നിസ്സഭതന്നിലുരചെയ്യുന്നേൻ
നിന്ദിക്കാതെ വന്ദിപ്പതിനായിട്ട്

പൂക്കളിട്ടു കാല്യപണിന്തേനമ്പാൽ
എപ്പോതിലുമുൾപ്പൂ തെളിഞ്ഞടിയൻ
സോമകുലജാതഭൂപതിമാക്ക്
ദീപമാകിയോരു ശന്തനുഭൂപൻ
ഭാമിനിയാം ഗംഗ മറഞ്ഞശേഷം
കാമിനിയാം മത്സ്യഗന്ധിയെ വേട്ടു
ചിത്രാംഗദൻപിന്നെ വിചിത്രവീര്യൻ
എന്നങ്ങിരുപേരു സന്തതിയുണ്ടായ്
അമ്മാൻമിഴിയാമംബികയെവേട്ടു
ചിത്തകൗതുകത്തോടിരിക്കുംകാലം
മൂപ്പാരിടത്തിങ്കും കീർത്തിയുള്ളോരു
അപ്പോൾമാറവാനായംബരേനിന്നു
ചിത്രാംഗദനാം ഗന്ധർവൻകോപിച്ചു
ആർത്തടുത്തു യുദ്ധംചെയ്തുനേരം
നേർത്തുപോരിലിരുപേരുമൊന്നിച്ചു
പാർത്തീടാതെ വാനോർപുരംപ്രാപിച്ചു
പിന്നെ നാടുവാണു വിചിത്രവീര്യൻ
കൊന്നു രാജയക്ഷ്മാവാകിയ വ്യാധി
അമ്മയായ സത്യവതിയക്കാലം
തന്മകനാം വേദവ്യാസനെയോർത്തു
ദുഃഖിച്ചുടൻമെല്ലെ മാമുനിവ്യാസൻ
വെക്കമവിടത്തേയ്ക്കുംയെഴുന്നള്ളി
അപ്പോളുരുൾചെയ്തു വ്യാസനെനോക്കി
ഇപ്പോൾതെളിഞ്ഞെന്റെ സങ്കടമെല്ലാം
വമ്പനാകും ചിത്രാംഗദന്റെ കയ്യാൽ
ഉമ്പർനാട്ടിലായി വിചിത്രവീര്യൻ
പെററില്ലംബുജാക്ഷിമാരിരുപേരും
ചെററല്ലെന്റെ ദുഃഖമെന്തുചൊല്ലാവൂ
സോമകുലത്തിൽ സന്തതിയില്ലാതെ
സാമാന്യമായി വന്നിക്കാലമോർത്താലും
അംബികയിലുമംബാലികയിലും

ചെമ്മേ സന്തതിയുണ്ടാകണമിന്നു
അമ്മചൊന്നതു കേട്ടംബികതാനും
അംഗം പുണരുവാൻ ചെന്നൊരുനേരം
കഷ്ടമായ രൂപവേഷ്ടിതംകണ്ടു.
ദൃഷ്ടിയടച്ചു മെയ്പുണൎന്നമൂലം
പെട്ടന്നംബികയിലുളവായ്വന്നു
ദൃഷ്ടിവിഹീനനായ് ധൃതരാഷ്ട്രൻതാൻ
അംബാലികതൻെറ ഭവനേചെന്നു
അന്നുമുനിരൂപവിഹീനനായി
ഗാത്രശ്മശ്രുരോമാദികളെക്കണ്ടു.
നേത്രകൌതുകം വരാഞ്ഞതുമൂലം
സൂത്രമതിനെന്തെന്നോൎത്തവൾതൻെറ
ഗാത്രമൊരു വസ്ത്രംകൊണ്ടു വേഷ്ടിച്ചു
അംബാലികയുമായ്പുണൎന്നമൂലം
അംബാലികയിലുണ്ടായിതു പാണ്ഡു
സത്യവതീ മാതാവിങ്ങനെകണ്ടു
സത്യപതി തന്നോടിങ്ങനെചൊല്ലി
പുത്രാ കേൾക്കനീയിന്നിവിടെ ചെയ്ത
വിക്രമങ്ങളേററം വിചിത്രമായി
പെട്ടെന്നംബികയിലുളവായപ്പോൾ
ദൃഷ്ടിവിഹീനനായുള്ളൊരു പുത്രൻ
അംബാലികതന്നിലുളവായ്വന്നു
അംഗവിഹീനനായുള്ളൊരു പാണ്ഡു
തത്വകാലജ്ഞാനനിരതനായി
ഉൾപ്പൂതെളിഞ്ഞൊന്നു നൾകുകനീയും
അമ്മചൊന്നതുപോൽ ചൊന്നൊരുനേരം
അമ്മാമുനിപിന്നെദാസിയായുള്ള
അമ്മാനിനിയുമായ്പുണൎന്നമൂലം
മൂന്നാമതാദാസി മണിയിൽനിന്നു
ഉണ്ടായ്‌വിദുരനെന്നൊരു തനുജൻ
അല്ലലൊഴിഞ്ഞെല്ലാവരുമൊന്നിച്ചു

നല്ലപോലെ വാണങ്ങിരിക്കുംകാലം
അന്ധാത്മാവു ധൃതരാഷ്ട്രനുംപിന്നെ
സന്തോഷേണ ഗാന്ധാരിയേയുംവേട്ടു
കുന്തിഭോജനുടെ നന്ദനയാകും
കുന്തിദേവിയേയുംപിന്നെ വൈകാതെ
മദ്രാത്മജയാകും മാദ്രിയെക്കൂടെ
ആർദ്രമാനസനാംപാണ്ഡു കൈക്കൊണ്ടു
ചിത്തകൌതുകത്തോടൊത്തഥ പാണ്ഡു
മത്തഗാമിനിമാരോടു ചേർന്നിട്ടു
അദ്രിതൻമുകളിൽ മടിച്ചീടാതെ
അത്തലൊഴിഞ്ഞങ്ങു മരുവുംകാലം
ചിത്രമായമാനും കലയുമായി
ഒത്തുപുണരുമ്പോളമ്മഹീപാലൻ
കണ്ടുകർത്താരിലെടുത്തുചാപം
മണ്ടിയണഞ്ഞമ്പു തൊടുത്തൊന്നെയ്തു
അസ്ത്രമേററുടനക്കലയുംദിവ്യ
ഗാത്രമോടുനല്ല മുനിയായ്വന്നു.
അംഗജാസ്ത്രമേററ പ്രിയതമയെ
തുംഗമുദാതൊട്ടാൽ നിനക്കുമൃത്യു
വന്നീടുമേ ചന്ദ്രവംശജാ പാണ്ഡു
മന്നാനിനക്കു മേലാസുഖംവേണ്ട
ഏവമരുൾചെയ്തു മുനിയുമപ്പോൾ
ദേഹമുപേക്ഷിച്ചു ദിവംപ്രാപിച്ചു
ഗാന്ധാരിക്കു ഗർഭമുളവായെന്നു
എല്ലാജനങ്ങളും പറഞ്ഞുകേട്ടു
കുന്തിദേവിയോടു പറഞ്ഞുപാണ്ഡു
ഗാന്ധാരിക്കു ഗർഭമുളവായിപ്പോൾ
ഭാഗ്യവാനായിവന്നഗ്രജൻതാനും
ഭാഗ്യവിരോധിയായ്വന്നിതു ഞാനും
പണ്ടുമിക്കാലത്തിൽ പുത്രരില്ലാതെ
വണ്ടാർകുഴലിമാർ ദുഃഖിതരായി

നന്നനന്നിതെന്നേ പറഞ്ഞീടാവൂ
പുത്രരുളവായില്ലെങ്കിലെല്ലാർക്കും
എത്തുംനരകമെന്നറിക ബാലെ
എന്നതോർത്തു നീയുമെന്നുടെവാക്ക്
നിന്ദിക്കാതെ നന്ദിച്ചീടുകവേണം
ഭർത്തൃശാസന കൈക്കൊണ്ടവൾതന്റെ
ഭർത്താവായപാണ്ഡു തന്നോടുചൊല്ലി
പണ്ടെനിക്കു ദുർവ്വാസമുനി തന്നി
ട്ടുണ്ടുനാലു മന്ത്രമൊച്ചയെന്നാലും
പ്രാർത്ഥിച്ചിട്ടുകിലിന്നാരിൽനിന്നും
പാർത്തിടാതെ പുത്രനുളവാംവണ്ണം
ഏവംകേട്ടുതാപംവെടിഞ്ഞുതന്റെ
ഭാവംകളഞ്ഞു പാണ്ഡുവുംമന്ത്രിച്ചു
യോഗ്യതകൾമററില്ലിതിനോടൊപ്പം
ബാലേ സതികുലമാലികേ കുന്തീ
ചാലേ സന്തതിയുണ്ടാവതിനായി
സേവിച്ചീടുകനീ ധർമ്മരാജാവേ
മോദത്തൊടുഞാനും തപംചെയ്തീടാം
ഇത്ഥംകേട്ടു കുന്തീദേവിയുമപ്പോൾ
ശുദ്ധബുദ്ധിയോടുമക്ജൻ താനും
സേവിച്ചതിനാലെ കുന്തിയുമായി
പ്രാപിച്ചതിനാലെയുളവായ്വന്നു
കേട്ടശ്രുതി ദിവ്യനാമിവനെന്നും
നാട്ടിന്നധിപതിയാമിവനെന്നും
നാമമിവന്നു യുധിഷ്ഠിരനെന്നും
നാരായണഭക്തനാമിവനെന്നും
ഇത്ഥംകേട്ടു പാണ്ഡു അവനെയപ്പോൾ
ചിത്തംതെളിഞ്ഞു മെയ്പുണർന്നാവോളം
വണ്ടാർകുഴലിയാം ഭാമിനിയോടു
രണ്ടാമത്തുംപാണ്ഡു പറഞ്ഞാനല്ലോ
ഏററമാററലരെ മാററുവാനേററം

ഊററമിവനില്ലെന്നറികമ്പോലെ
എന്നതോൎത്തിനിയും ഒന്നുനീവേണം
ഇന്നു മാരുതൻമായൊരുമിച്ചു
മിണ്ടാതരികളോടെതിൎപ്പതിന്നാ
യുണ്ടാകണം പുത്രനിനിയുമൊന്നു
വായുപുത്രനൊന്നു പിറക്കുന്നാകിൽ
പായുമരിവൃന്ദമോരൊരുകോണിൽ
ഏവംകേട്ടുകുന്തി ദേവിയുമായി
ഭാവംതെളിഞ്ഞു മെയ് പുണൎന്നാളിൽ
ഭീമസേനനെന്നങ്ങൊരു തനൂജൻ
ഭീമപരാക്രമനായുളവായി
വാൎത്തകേട്ടു ഗാന്ധാരിയാകും നാരി
ചിത്തതാരിലോൎത്തങ്ങിരിക്കുംമുൻപേ
ഗർഭമുളവായി പെററതില്ലെന്നും
പെററാലിനിയെന്തു ഫലമുള്ളെന്നും
ചീററമോടുദരമൎദ്ദനം ചെയ്തു
കുററാർകുഴലി ഗാന്ധാരിയുമപ്പോൾ
പെററാളതുകൊണ്ടു കുഴവിപോലെ
നൂറായ് നുറുക്കിയാ മാംസവുമപ്പോൾ
നൂറുകലശത്തിലാക്കിയാവ്യാസൻ
ഒട്ടുനാളുചെന്നപ്പൊഴേ കുടത്തിൽ
പൊട്ടിയൊരുമാംസശകലംതാനും
നൂറുകലശത്തിൽ നൂറുപേരുണ്ടായ്
നൂറുപേൎക്കുമോരോ പേരുകളിട്ടു
നൂറുപേരെന്നുള്ള വാൎത്തകൾകേട്ടു
ഏററമഴൽപൂണ്ടു പറഞ്ഞുപാണ്ഡു
കാന്തേ കനകമാൻമിഴിയേകുന്തീ
സ്വാന്തേ വളരുന്നു സങ്കടം കേൾനീ
ഗാന്ധാരിയിലുണ്ടായ് നൂറു പുത്രന്മാർ
കാന്താരനിവാസം നമുക്കുമുണ്ടായി
സൂൎയ്യാത്മജനൊട്ടു വഴുതിടാതെ

വീൎയ്യശൌൎയ്യവാരാന്നിധിയായിട്ടു
തണ്ടാർശരോപമനായൊരുപുത്രൻ
ഉണ്ടാകണമിപ്പോളതിന്നു ബാലേ
ഞാനും തപംചെയ്യാമിന്ദ്രനെ നീയും
സ്നാനംചെയ്തു മന്ത്രോപാസനംചെയ്തു
പ്രാണനാഥനിത്ഥം ചൊന്നതുകേട്ടു
താണുനമസ്കാരം ചെയ്തുടൻ കുന്തി
സ്നാനംചെയ്തു ദുർവ്വാസാവിനെ നോക്കി
ധ്യാനംചെയ്തു ദേവേന്ദ്രനേയുമൻപാൽ
ചക്രായുധൻ തന്റെ കൃപയാലപ്പോൾ
ശക്രനവിടത്തെയ്ക്കെഴുന്നെള്ളത്തായ"
(തണ്ടാർശരോത്സവത്തിന്നൊരുമ്പെട്ടു)
... ... ... ... ...
രണ്ടുപേരുമാകല്പുണൎന്നാളിൽ
വിക്രമബുദ്ധിയായുള്ളൊരു പുത്രൻ
ശക്രാത്മജനായിപ്പിറന്നശേഷം
കാമനോടുതുല്യമഴകേറുന്നു
ശ്രീരാമനുതുല്യം വില്ലിനുപാൎത്താൽ
ഘോഷിച്ചുടനങ്ങു പാണ്ഡുരാജാവും
സന്തോഷമായിവന്നു കുന്തിദേവിക്കും
അർഭകനെ വാങ്ങിയണച്ചുപുൽകി
ഭാഗ്യാംബുധി പാണ്ഡുവായ രാജാവും
അൎക്കാത്മജനാദി പുത്രരോടൊത്തു
അമ്മാമലതന്നിലിരിക്കുംകാലം
അംബുജാക്ഷിയായ മാദ്രിയുംചൊല്ലി
ഗാന്ധാരിയും കുന്തീദേവിയും പെററു
കാന്തികലരുന്ന സുതരുണ്ടായി
ഭാഗ്യമവൎക്കുണ്ടായ്വന്നിതിക്കാലം
ഭാഗ്യരഹിതയായ്വന്നിതു ഞാനും
അപ്പോളതുലംചെയ്തു കുന്തിയും നിന്റെ
ഉൾപ്പൂവതി[illegible]വം തോന്നുവാനെന്തേ

എൻമക്കളും നിന്റെമക്കളല്ലാതെ
എൻമനസ്സുതന്നിലില്ല മറ്റൊന്നു
ഇന്നിയൊരുമന്ത്രമുള്ളതു നല്കാം
എന്നുചൊല്ലി മന്ത്രം കൊടുത്താൾകുന്തി
പാണ്ഡുനിയോഗാലശ്വിനീദേവന്മാർ
തന്നിലിരുപേരു സന്തതിയുണ്ടായ്
ശക്രസമനായ നകുലൻദിവ്യൻ
ഭക്തനായ നല്ല സഹദേവനും
അഞ്ചുപേർമഞ്ചുനാമവുംകൂടെ
അഞ്ചുപേർക്കും നാമം പാണ്ഡവരെന്നും
പാണ്ഡുരാജനും തൻ ഭാമിനിമാരും
പാണ്ഡവരുമായി മരുവുംകാലം
വേട്ടയ്ക്കുണ്ടുപോയി പാണ്ഡുവും തന്റെ
കൂട്ടായിട്ടുപോയി മാദ്രിയുമപ്പോൾ
ഓർത്തില്ലമ്മുനിതൻ ശാപവും പാണ്ഡു
ഓർത്തു മാദ്രിയുമായ്പുണർന്നശേഷം
ദേഹംവെടിഞ്ഞുപോയ് ദേഹിയുമപ്പോൾ
ഖേദംപൂണ്ടു കുന്തീതനയന്മാരും
സൂര്യൻവാരിധിയിൽ മറയുന്നേരം
അന്തണരും മുനിപുംഗവന്മാരും
ചന്തമൊടുവന്നു നിറഞ്ഞാവോളം
അത്യുന്നതമായ ചിതയുംചീർത്തു
പാണ്ഡുതന്റെ ദേഹം ദഹനംചെയ്തു
ശേഷക്രിയപാണ്ഡു സുതരെക്കൊണ്ടും
ഘോഷിച്ചങ്ങുചെയ്യിച്ചന്തണന്മാരും
സാധുക്കളാമവർ പിന്നെയുമോർത്തു
സാധിക്കില്ലകാടിന്നിവർക്കപാർത്താൽ
എന്നോർത്തിട്ടു കുന്തീദേവിയും തന്റെ
നന്ദനരാം ധർമ്മജാദികളേയും
ആക്കി അസ്തിനമാം പുരിയിൽപിന്നെ
പോക്കിസങ്കടങ്ങളന്തണന്മാരും

കുന്തീദേവിയും തൻ മക്കളുമായി
ചന്തമോടവിടെ വാണിതക്കാലം
പാരിച്ചഗ്നികത്തിജ്ജ്വലിയ്ക്കുന്നേരം
അഗ്നിയതിൽച്ചാടി മരിച്ചുമാദ്രി
...   ...   ...   ...
സോമകുലജാതരായിട്ടുന്നോരു
സോമധരാശ്രിത പാണ്ഡവന്മാരും
നൂററുപേരും തമ്മിൽ പൊരുത പോരിൽ
തോററുപോയിഭീഷ്മർ ശരശയനം
പ്രാപിച്ചിതു ഗാന്ധാരാത്മജരായുള്ളോർ
ഖേദിച്ചുടൻമോദിച്ചരുളിച്ചെയ്തു
ധർമ്മജാദികളെ ജയിപ്പതിന്നു
കർണ്ണനിന്നു സേനാപതിയാകേണം
കർണ്ണനതുകേട്ടു ചൊല്ലിനാനപ്പോൾ
ബന്ധമതിനില്ലിന്നിവർക്കപാർത്താൽ
വന്ദനായ ദ്രോണരിരിക്കുംകാലം
മുൻപിൽഞാൻ ഭരിപ്പതഴകല്ലല്ലോ
ഇന്നുഭരദ്വാജാത്മജൻ ഭരിച്ചാൽ
പിന്നെഞാൻ ഭരിപ്പാനില്ലസന്ദേഹം
അക്കാത്മജനിത്ഥമരുൾചെയ്തപ്പോൾ
ഉൾപ്പൂതെളിഞ്ഞെല്ലാവരുമൊന്നിച്ചു
നാനാവിധവാദ്യമലങ്കാരത്തോ-
ടാചാര്യ്യനെ സേനാപതിയാക്കിച്ചു
നാടടക്കമൊന്നു കുലുങ്ങിയപ്പോൾ
നാനാലോകവും ചേർന്നതുപോലായി
അപ്പോൾ ഭരദ്വാജപുത്രനും മോദാൽ
കെല്പേറിടുന്ന ദുര്യ്യോധനനോടു
ഉൾപ്പൂതെളിഞ്ഞപ്പോളോതി നിങ്ങൾക്കു
ബോധിച്ചതെന്നോടു പറവിൻവേഗം
കേൾക്കഭരദ്വാജാത്മജാചാര്യ്യ നീ
നീക്കമൊഴിഞ്ഞെന്റെ ശാസനയിപ്പോൾ

ധൎമ്മാത്മജൻതന്നെ പിടിച്ചുകെട്ടി
എന്റെ മുമ്പിൽവച്ചാൽ മതിയാമല്ലൊ
നാഗദ്ധ്വജനിത്ഥമരുൾചെയ്തപ്പോൾ
നാനാരഥികളും കേൾക്കവേ ചൊല്ലി
ജീവനോടുഞാനുമിരുന്നെന്നാകിൽ
മോദിച്ചതുസാധിച്ചീടുവൻ ഞാനും
ഇത്ഥം പറഞ്ഞവൻ പടയുംകൂട്ടി
ബദ്ധരോഷമോടു പുറപ്പെട്ടപ്പോൾ
ധൎമ്മാത്മജനൊക്കെയറിഞ്ഞുചെന്നു
അംബുജാക്ഷനോടങ്ങരുളിച്ചെയ്തു
പെട്ടെന്നെന്നെ നാഗദ്ധ്വജന്റെ മുമ്പിൽ
കെട്ടിക്കൊണ്ടുവയ്ക്കാൻ ദ്രോണഗുരുവും
സത്യംചെയ്തുവെന്നു കേട്ടുഞാനിപ്പോൾ
സത്യപരായണാ നീയറിഞ്ഞില്ലേ
അപ്പോളരുൾചെയ്തു മുകുന്ദനല്ലൊ
ഉൾപ്പൂവതിലൊരു സങ്കടംവേണ്ട
രക്ഷിപ്പതിന്നാളാം ഞങ്ങളെല്ലാരും
ബന്ധിപ്പതിന്നാളല്ലിന്നിവരാരും
ഇത്ഥമരുൾചെയ്തു ധൎമ്മജനോടു
ഗത്വാചതുരംഗപ്പടയുമായി
ഏററുതമ്മിലതിഘോരമായപ്പോൾ
കാററിന്മകനും ശല്യരുമൊന്നിച്ചു
ഉല്ലാസത്തോടുപോർ ചെയ്തതുനേരം
എല്ലാവരും കണ്ടു വിസ്മയംപൂണ്ടു
അന്നസ്തമിച്ചൎക്കൻ പടയും മാററി
അന്നപ്പോൾക്കളത്തിൽ വസിച്ചെല്ലാരും
അന്നത്താഴമൂണു കഴിഞ്ഞശേഷം
സന്നദ്ധനാം ദ്രോണരരുളിച്ചെയ്തു
നന്ദാത്മജനും പാൎത്ഥനുമായിട്ടു
ഒന്നിച്ചൊരുമ്പെട്ടിന്നെതിൎക്കുന്നാകിൽ
നേപ്പാനാരുള്ളീയുലകത്തിങ്കൽ

മൂൎത്തിമൂന്നിനുംതാൻ പണിയാമല്ലൊ
കൃഷ്ണാൎജ്ജുനന്മാരെയകററന്നാകിൽ
നീക്കമില്ല സത്യം പരിപാലിക്കാം.
അപ്പോൾ ത്രികൎത്താദി വീരരും ചൊല്ലി
ഇപ്പോൾ ചെന്നിവരെ മാററിടാമല്ലൊ
എന്നുപറഞ്ഞതക്കൎന്നെദിക്കുംമുൻപേ
ചെന്നു പോരിനായി വിളിച്ചുകോപാൽ
വീരാ ധനഞ്ജയാ ഫൽഗുനാ നീയും
പോരും പോരിനെങ്കിൽ വരികെന്നോട്
അപ്പോളൎജ്ജുനനും കൃഷ്ണനുമായി
ആൎത്തുത്രികൎത്താദിയോടി തെക്കോട്ടു
ശ്വേതാശ്വനും പിൻപേ തുടൎന്നുചെന്നു
അപ്പോളതിമെല്ലെ ദ്രോണഗുരുവും
കെല്പേറിടുംമഹാ വ്യൂഹവുംകൂട്ടി
പോരിനൊരുമ്പെട്ടു നിലയുംനിന്നു
വീരനായ ധൃഷ്ടദ്യുമ്നനും ചെന്നു
നേൎത്തുതമ്മിലവർ പൊരുതപോരിൽ
തോററുപോയിതന്നു പാണ്ഡവസൈന്യം
പാഞ്ചാലനും പാൎത്ഥതനയന്മാരും
സാത്യകിയും സഹദേവനുംപിന്നെ
ചെമ്മേനകുലനും ഭീമനുമായി
ഏററമെടുത്തുവൈരികളോടപ്പോൾ
നേൎത്തുതമ്മിലവർ പൊരുതപോരു്
പാൎത്തുകണ്ടവൎക്കുംപറഞ്ഞുകൂടാ
മൂടിശരമാരികൊണ്ടിതാകാശം
പേടികാണികൾക്കും വളൎന്നീടുന്നു
വീരർ ചിലരുണ്ടു മരിച്ചീടുന്നു
വീൎയ്യസ്വൎഗ്ഗമതിൽ ഗമിച്ചീടുന്നു
ഭീതിപൂണ്ടുചിലർ വീണിതേടുന്നു
ഭീമൻ പടയിടതന്നിലാക്കുന്നു
നാനാരഥികളും ഭ്രമിച്ചീടുന്നു

നാരായണായെന്നു ജപിച്ചീടുന്നു
പാടിനാരദനും തെളിഞ്ഞീടുന്നു.
വാടിവദനം ദുര്യോധനൻ തന്റെ
അപ്പോൾ ഭഗദത്തവീരനും ചെന്നു.
കേൾപ്പിനോടു പോരുചെയ്യുതിനായി
പത്തായിരമാനബലമുള്ളോരു
മത്തഗജത്തിന്റെ കഴുത്തിലേറി
കൊണ്ടലൊലിപോൽ ഞാണൊലി കൊണ്ടപ്പോൾ
മണ്ടിയണഞ്ഞെല്ലാം വായുവിൻപുത്രൻ
മത്തകരിതന്റെ വരവുകണ്ടു
ഹസ്തിവൈരിയെന്ന കണക്കെ ഭീമൻ
നേർത്തുതമ്മിലവർ പൊരുതപോരിൻ
വാർത്തചിത്രമെന്നേ പറഞ്ഞീടാവൂ
വാങ്ങിനീങ്ങിയും നീങ്ങാതെ നിന്നിട്ടും
ഓങ്ങിയടിച്ചുമൊട്ടിടിച്ചും പിന്നെ
കമ്പംവരുമാറു ഭൂമിയിൽവീണു
കൊമ്പുതാഴ്ത്തീടുമ്പോളുരുണ്ടും പിന്നെ
തെല്ലുകലെവാങ്ങി നിന്നിടുന്നാകിൽ
കൊല്ലും ഭഗദത്തവീരനവനെ
മത്തകരിതന്റെ വരവുകണ്ടാൽ
മത്തകരിതന്നോടടുത്തുകൂടാ
ബദ്ധവൈരമിരുപേക്കുമൊരുപോൽ
യുദ്ധകോലാഹലം കണ്ടവരെല്ലാരും
ചിത്രമിതുപോലെ കണ്ടതില്ലെങ്ങും
ചിത്രംചിത്രമെന്നു കാണികൾ ചൊല്ലി
മത്തകരികളൊന്നിച്ചാർത്തിടും ഘോഷം
വീരരുടെ ചെറുഞാണൊലികളും
പോരാളികൾ നിലവിളിഘോഷവും
ആരാവാരവും കേട്ടർജ്ജുനൻതാനും
വൃഷ്ണികുലാധിപനായി മേവുന്ന
കൃഷ്ണൻതിരുവടിയോടരുൾചെയ്തു

പോരിനിങ്ങുപോന്ന സമയംകണ്ടു
പോരങ്ങതിഘോരമായി വന്നിപ്പോൾ
ആരവാരമതിഘോരമായ് കേൾപ്പൂ
അരനൊടിയിടപോലും പാർക്കരുതല്ലോ
പാർത്ഥഗിരംകേട്ടു പങ്കജനേത്രൻ
ആസ്ഥയോടു തേരും തിരിച്ചോടിച്ചു.
ത്രികർത്താദികൾ പിന്നിൽ തിരിഞ്ഞുനിന്നു
ശ്വേതാശ്വനെത്തന്നെ വിളിച്ചുചൊല്ലി
വീരനെന്നു നിന്നെ ചൊല്ലുമാരുണ്ടു
പോരിലിളിച്ചെന്തേ തിരിച്ചോടുന്നു
പോരിലരികളെതിർക്കുന്നേരം
ആരുമിതുപോലെ ചെയ്യറിവില്ല
പോരുംപോരിനെങ്കിൽ പൊരുതീടേണം
പോരായതിനെങ്കിൽ മരിച്ചീടേണം
നാണക്കേടു നിങ്ങൾക്കില്ലയോ പാർത്താൽ
ഇത്ഥംകേട്ടു പാർത്ഥൻ കോപവുംപൂണ്ടു
മത്തകരിതന്റെ വരവുകണ്ടു
യുദ്ധഭൂമിതന്നിൽ ചെന്നൊരുനേരം
മത്തവാരണവും ഭഗദത്തനും
കാററിന്മകനായ ഭീമനോടേററു
ഊററമോടു പോരുചെയ്യതുകണ്ടു,
തോററുപോകും ഭീമസേനനെന്നോർത്തു
കാററിൻചിനപോലെയടുത്താൻ പാർത്ഥൻ
ഭഗദത്തനോടുപിന്നെ പാർത്ഥനുമേററു.
മത്തകരിയോടു ഭീമനുമേററു
കണ്ടുനിന്ന നാനാജനങ്ങളെല്ലാം
കൊണ്ടാടിനാർ പോരിൻ കൊടുമകണ്ട്
ഘോരഘോരമവർ പൊരുതുന്നില്ലൊ
വീരനായ ഭഗദത്തനുമപ്പോൾ
പാർത്ഥനെയും പത്മലോചനനേയും
പാരമെയ്തു ദേഹം പിളർന്നാവോളം

കോപിച്ചർജ്ജുനനും ഭഗദത്തന്റെ
ചാപം മുറിച്ചപ്പോളവനും കോപാൽ
മറെറാരുത്തനിതുകണ്ടിടുംമുൻപേ
തെറെറന്നൊരുവില്ല് കുലച്ചുടൻതാൻ
നാരായണമന്ത്രമഭിമന്ത്രിച്ചു
പാരാതയച്ചല്ലോ പാർത്ഥനെക്കൊല്ലാൻ
പാരമെരിഞ്ഞസ്ത്രം വരവുകണ്ടു
നാരായണൻ മെയ്യിലേററുകൊണ്ടപ്പോൾ
പാർത്ഥൻമനമൊന്നു ചലിച്ചനേരം
നേർത്തശരം കൃഷ്ണൻ തടുക്കയാലെ
ഓർത്തുമാധവനമരുളിച്ചെയ്തു
പാർത്ഥാലില്ലകുററം ക്ഷമിച്ചാലുംനീ
ചീർത്തകോപമോടു മദകരിയും
കുത്താൻഭീമനെക്കണ്ടത്രയും കോപാൽ
എത്തിപ്പിടിച്ചു മേല്പോട്ടെറിഞ്ഞപ്പോൾ
കൊമ്പുതന്നിൽവന്നു വീഴ്‌വതിന്നായി
കൊമ്പുമുയർത്തിനിന്നീടിനനേരം
ഭീമൻ മരിച്ചീടുമിപ്പോഴെന്നോർത്തു
ബദ്ധപ്പെട്ടു പാർത്ഥനെയ്തൊരുബാണം
ആനത്തലയററു ഭഗദത്തന്റെ
വില്ലുമററവന്റെ തലയുമററു
വാലുമററു കൊമ്പനാനയുംവീണു
ദേവനാരിമാർ പൂമാരികൾതൂകി
ചിത്രംചിത്രമെന്നു കാണികൾചൊല്ലി
അപ്പോൾ ശകുനിയും മായകൾ കാട്ടി
കെല്പോടൊരുയുദ്ധം ചെയ്യുവതിന്നായി
ചൂതല്ലെടാനല്ല പോരിതെന്നോർത്തോ
നില്ലുനില്ലെന്നെയ്തുടുത്താൻപാർത്ഥൻ
വില്ലും കൊടിയോടു കുതിരചക്രം
ചൊല്ലിച്ചൊല്ലിയെയ്തു മുറിച്ചാൻ പാർത്ഥൻ
ഓടിപ്പോയിട്ടുരെ ശകുനിനിന്നു

പാൎത്ഥനൊണ്ടുപിമ്പേ വരുമെന്നോൎത്തു
ദ്രോണാത്മജനെസ്ഥങ്ങടുത്താനപ്പോൾ
ബാണഗണം കൊണ്ടങ്ങൊഴിച്ചാൻ പാൎത്ഥൻ
വൻപടകളെല്ലാം സംഭ്രമം പൂണ്ടു
വൻപൻകൎണ്ണനുടെ പിമ്പിലായപ്പോൾ
വിശ്വശൌൎയ്യനിധിയാകിയ പാൎത്ഥൻ
സൂൎയ്യാത്മജനായ കൎണ്ണനോടേററു
പാരം പരസ്പരം പൊരുതുനില്ക്കെ
നേരെനിന്ന നാനാജനങ്ങളെല്ലാം
കാണ്മാൻകൌതുകംപൂണ്ടോടിനില്ക്കുമ്പോൾ
കൎണ്ണാത്മജന്മാരെ കൊന്നിതുപാൎത്ഥൻ
കൎണ്ണാദികൾതോററു കൈനിലപൂക്കു
അൎണ്ണവത്തിലങ്ങു മറഞ്ഞു സൂൎയ്യൻ
കുരുക്കൾപതിയായ ദുൎയ്യോധനനും
ഗുരുവീരനോടു തൊഴുതുണൎത്തി
ബന്ധുക്കളും ഭഗദത്തനാദികൾ
അന്തകന്റെ പുരംതന്നിലായല്ലൊ.
കോപം ഭവാനിനിയും വന്നതില്ലല്ലൊ
സ്നേഹം ഞങ്ങളിലില്ലായ്കയാലത്രെ
അപ്പോളുരുൾചെയ്തു ദ്രോണഗുരുവും
ഉൾപ്പൂതെളിഞ്ഞൊന്നു കേട്ടുകൊണ്ടാലും
വീരനരനായ പാൎത്ഥനെക്കാത്തു
നാരായണദേവൻ സാരഥിയായാൻ
ആരുചെന്നു നേരെ ജയിച്ചീടുന്നു
പോരുംപൌരുഷം നീ പറഞ്ഞതെല്ലാം
ദൂരെയകറേറണമവരെയെങ്കിൽ
നേരെവരുന്നോരെ നിഗ്രഹിച്ചീടാം
എങ്കിൽ ത്രികൎത്താദിവീരരുംപോയി
ശങ്കകൂടാതവരെയകററിടേണം
എന്നുകേട്ടവരും നടകൊണ്ടല്ലൊ
വെന്നിപ്പറകളും പടകളുമായ്

കേട്ടപോരിനവർ പുറപ്പെട്ടപ്പോൾ
ആത്തരവംകേട്ട പങ്കജനേത്രൻ
പാത്ഥൻതാനുമായി പുറപ്പെട്ടപ്പോൾ
ശത്രുസൈന്യമോടി ദക്ഷിണദിക്കിൽ
സവ്യസാചിയും പിൻതുടൎന്നുനിന്നു
പാത്ഥൻദൂരെയായതോത്തുടൻദ്രോണർ
ആസ്ഥയൊടു പത്മവ്യൂഹവുംകൂട്ടി
നിത്തിവൻപടകളിളക്കിക്കൂടാ—
താത്തനേരമോത്തു ധമ്മജൻതാനും
പാത്ഥാത്മജൻതന്നെ വിളിച്ചുചൊല്ലി
പോരാപോരിനി വനോടിവരാതും
നാരായണൻ നരവൈരിവൈകുണ്ഠൻ
തൻെറ മരുമകനാകയുമൊണ്ടു്
പാത്ഥനുടെ പുത്രനാകയുമുണ്ടു്
പാത്താലവൻതന്നെ മതിയാമല്ലൊ
അഭിലാഷമങ്ങിത്ഥം നിനച്ചുകൊണ്ടു്
അഭിമന്യുവിനോടിങ്ങരുളിച്ചെയ്തു
വീരാ കുമാരാ മാരനനേരായ
ധീരാ സുകുമാരാ സുന്ദരാംഗാകേൾ
പോരിനിവർനമ്മേവിളിക്കുന്നല്ലൊ
പോരായ്മയുണ്ടുന്നിനമുക്കപാത്താൽ
ദൂരെപോയിനിൻെറതാതനാംപാത്ഥൻ
കൂടെപ്പോയിതല്ലോമാധവൻകൃഷ്ണൻ
നീയല്ലാതെകണ്ടില്ലാരെയുമിപ്പോൾ
പാത്ഥൻതുല്യനല്ലൊനീയുമിന്നോത്താൽ
ആത്തുനേത്തവരെജയിക്കവേഗം
ഇത്ഥമരുൾചെയ്തു ധമ്മജൻതാനും
പാത്ഥാത്മജൻതാനുംതൊഴുതുണത്തി
ഊററമേററമുള്ളമാററലരോടു
ഏററമാററലരെമാററവാനിന്നു
ഊററമില്ലബാലനാമെനിക്കിന്നു

പാൎത്ഥാത്മജനിത്ഥമരുൾചെയ്തപ്പോൾ
പാൎത്ഥിവനാംധൎമ്മാത്മജനുംചൊന്നാൻ
ഭീമൻപോരുമല്ലൊത്തുണയായിട്ടു
കൂടെപ്പോരുമല്ലൊകേകയൻമാരും
മററുമുള്ളപടനായകന്മാരും
വീരനായഘടോൽകചനുംപോരും
മററുംചതുരംഗപ്പടയുംപോരും
പോരിൽസുമന്ത്രരുംനടത്തുംതേരും
പോരിൽജയിച്ചിങ്ങുവരികവേഗം
ധൎമ്മാത്മജനിത്ഥമരുൾചെയ്തപ്പോൾ
ധീരനാകുമഭിമന്യുവുംചൊന്നാൻ
സൂതനാകിയൊരുസുമന്ത്രരോടു
തേരുവഹിക്കെന്നുപറഞ്ഞനേരം
അപ്പൊഴഭിമന്യുതന്നോടുചൊല്ലി
സൂതനാകിയൊരു സുമന്ത്രൻതാനും
അധികംബാലനല്ലൊ നീയുമിന്നോൎത്താൽ
ആനക്കൊമ്പരല്ലൊ മററവർകൂട്ടം
സേനാപതിയല്ലൊ കൎണ്ണനാംവീരൻ
അത്രയല്ല ദ്രോണഗുരുവുംപിന്നെ
കൎണ്ണൻകൃപരു ഭോജരും മററുള്ള
പൊണ്ണൻമാരൊടേററു പിണങ്ങുന്നേരം
പോരിലിളിച്ചെന്നാലരചക്കെല്ലാം
പോരായ്മയുണ്ടുണ്ണീ! കൃഷ്ണനമേററം
കേൾക്കസാരഥേ! ഞാൻ ബാലനെന്നാലും
ശക്രാത്മജനെൻറെ താതനാകുന്നു
അമ്മാവനാകുന്നു മുകുന്ദനെൻറെ
അണ്ണൻഘടോൽകചനെന്നറിഞ്ഞാലും
പോരാപോരിനു ഞാനെങ്കിലുമെൻറെ
പ്രാണൻകളവാൻഞാൻ മതിയാമല്ലൊ
പിന്നെയവരെക്കൊന്നപ്പഴിമീളാൻ
എന്നെപ്പററിയവരുണ്ടറിഞ്ഞാലും

എന്നല്ലവർതന്റെ കൃപയുണ്ടെങ്കിൽ
ഇന്നുജയിപ്പാൻഞാൻ മതിയാമല്ലൊ
വാക്യമിദംകേട്ടു സുമന്ത്രൻതാനും
വേഗമോട്ടു തേരു തെളിച്ചുവല്ലൊ
ഭീമപരാക്രമനാമഭിമന്യു
ഭീമപദാതികളോടൊരുമിച്ചു
തേരിലേറി തന്റെ വാഹിനിയൊത്ത
ചതുരംഗമായിട്ടുന്ന സേനകൾചൂഴെ
ശാപം ശരം ചക്രം പരിശ ശൂലം
വേലും മുസലവും വെണ്മഴ കുന്തം
തുള്ളും മുനയുള്ള ചുരിക കത്തി
മിന്നും കട്ടത്തില കനകക്കത്തി
കല്ലും കവിണോട്ടു കൈലകം നല്ല
ആയുധങ്ങളെല്ലാം വഹിച്ചുതേരിൽ
പായും കുതിരയെ വിരവിൽപൂട്ടി
ലോകാലോകം നേരെ വരുന്നപോലെ
പൊന്നണിഞ്ഞ മത്തവാരണക്കൂട്ടം
പിന്നാലവർപൊന്നിൻമലകൾപോലെ
വെള്ളത്തിലെ തിരമാലകൾപോലെ
അലയാഴികൾചൂഴം പരന്നപോലെ
കാലാൾപടകളും നിരക്കമാറു്
വൻപോടലറുന്ന പടഹംഭേരി
കൊമ്പും കുഴൽചിഹ്നം നിരന്ന ശംഖം
കൊടികുടതഴയൊരുനിരവേ
തുടൽമണിനാദമൊരുനിരവേ
കൊണ്ടലൊലിപോൽ ഞാണൊലി കൊണ്ടപ്പോൾ
എട്ടുദിക്കുകളും നടുങ്ങുമാറു്
ഭൂമികുലുങ്ങി വൻപൊടിയിളകി
ഭൂമണ്ഡലങ്ങളും വിറയ്ക്കുമാറു്
എട്ടാശകൾ പെട്ടെന്നലറിക്കൊണ്ടു്
വട്ടം നിരന്നല്ലൊ പാണ്ഡവർസൈന്യം

വീരകേസരിപോലുള്ളഭിമന്യു
ഘോരാരവത്തോടെ പാണ്ഡവർസേനാം
കോലാഹലത്തോടെ വരവുകണ്ടു്
അഞ്ചുമനമഞ്ചും ചഞ്ചലിയാതെ
നെഞ്ചൊള്ളോരു വില്ലാളികളെല്ലാരും
മത്തവാരണത്തെ മുന്നണിക്കാക്കി
ഒത്തുകൂടിയൊരു ഭാഗമേനില്ക്കിൻ
അല്ലാതുള്ള ധൂളിപ്പടകളെല്ലാം
അങ്ങുമിങ്ങുമായി നിരത്തിക്കൊൾവിൻ
ഇത്ഥം ഭരദ്വാജപുത്രനുംചൊല്ലി
തത്തിതത്തിപത്തി നിരത്തിക്കൊണ്ടു്
പോരിനൊരുമ്പെട്ടു നിലയുംനിന്നു
ഘോരമാരിപോലെ ശരങ്ങൾതൂകി
അപ്പോളടുത്തെത്താനർജ്ജുനപുത്രൻ
കെൽപുള്ളവരൊക്കെ മരിക്കുമ്മാറു്
ഉഗ്രക്കോടടുത്തേററം പിണങ്ങുന്നേരം
വാട്ടം മരുതലയ്ക്കുണ്ടിതെന്നോർത്തു.
കാററിൻചിനപോലെയടുത്താനവൻ
ഊററമോടു പത്മവ്യൂഹമുൾപ്പുക്കു
ഭേദിച്ചിതു പത്മവ്യൂഹവുമപ്പോൾ
ചിന്നിച്ചിതറിച്ചു നൂററുപേരേയും
ഖിന്നനായിവന്നു ഭാസ്കരവീരൻ
പാർത്ഥാത്മജൻതന്റെ ബലവീര്യങ്ങൾ
പാർത്തുപാർത്തു ദേവമുനിമാരെല്ലാം
ചിത്രമിതുപോലെ കണ്ടതില്ലെങ്ങും
ചിത്രംചിത്രമെന്നു പുകഴ്ത്തീടുന്നു
പോരിൽചിലരുണ്ടു മരിച്ചീടുന്നു
പോരിൽചിലരോടിയൊളിച്ചീടുന്നു
വീരരായവർകൾ തിരിഞ്ഞുനിന്നു
ഘോരശരമാരി പൊഴിച്ചീടുന്നു
പാരംതളർന്നംഗം മുറിഞ്ഞീടുന്നു

പാരാതുടൻമൃത്യു ഭവിച്ചീടുന്നു
കാണികളും ദിവ്യാംഗനമാർകളും
കൺകൊള്ളാതവന്നു നിരന്നീടുന്നു
ചങ്ങാതികൾ വീണങ്ങിഴഞ്ഞീടുന്നു
പാപമെന്നുചൊല്ലിയടുത്തീടുന്നു
കണ്ഠമതിലമ്പു തറച്ചീടുന്നു.
കാണാതിണങ്ങന്മാർ തിരിച്ചീടുന്നു
കാലപുരിനോക്കി ഗമിച്ചീടുന്നു
ചാകാതവരോടിയൊളിച്ചീടുന്നു
ശല്യംമുഴത്താമ്പുതൊടുത്തീടുന്നു
തണ്ണീർകുടിയാതെ തളന്നീടുന്നു
കണ്ണീർപൊഴിച്ചൊട്ടു കരഞ്ഞീടുന്നു.
നാനാജനംകണ്ടു ഭ്രമിച്ചീടുന്നു
നാരായണായെന്നു ജപിച്ചീടുന്നു
മത്തവാരണത്തിന്നമ്പുകൾകൊണ്ടു
പെട്ടപാടുകളങ്ങെന്തുചൊല്ലുന്നു.
കാണികളുംകണ്ടു വിറച്ചുപാരം
ക്ഷോണീതലംമെല്ലെ കുലുങ്ങീടുന്നു
കൂളിക്കൂട്ടമാർത്തുവിളിച്ചീടുന്നു.
കാളിരുധിരത്തിൽ പുളച്ചീടുന്നു
ചക്രമേററഗളം തെറിച്ചീടുന്നു
വിക്രമികൾ പെട്ടെന്നടുത്തീടുന്നു
വിഗ്രഹിച്ചുള്ളോർ തടുത്തീടുന്നു
ഉൾക്കരുത്തുകൊണ്ടങ്ങടുത്തീടുന്നു
ഭീമൻഗദകൊണ്ടങ്ങൊടുക്കീടുന്നു
വാജികളെക്കൊന്നു മുടിച്ചീടുന്നു
വാശികളോരോന്നെ പറഞ്ഞീടുന്നു
നാകലോകത്തേക്കങ്ങയച്ചീടുന്നു
അപ്പോളഭിമന്യുവതികോപത്താൽ
കെല്പേറിടും വീരകേസരിപോലെ
വില്ലാളിവീരന്മാരുടെ കൂട്ടത്തിൽ

തെല്ലും മടിക്കാതങ്ങടുക്കുന്നേരം
കമ്പംകലന്നല്ലൊ വൻപടക്കൂട്ടം
തുമ്പംമുഴുത്തല്ലൊ ദുരിയോധനനും
ആചാര്യനും മററുള്ളരചന്മാരും
ആഹാരവത്തോടങ്ങിരുന്നാരപ്പോൾ
മേഘനാഥനോടു ലക്ഷ്മണൻമുന്നം
ഘോരതരമേററ പൊരുതപോലെ
ശക്രാത്മജനാംകുമഭിമന്യുതാൻ
വിക്രമത്തൊടങ്ങു മുതിന്നാരപ്പോൾ
അത്തൽമുഴുത്തൊന്നു ചലിച്ചെല്ലാരും
ശല്യാത്മജൻ നേരിട്ടടുത്താനപ്പോൾ
നേർത്തുതമ്മിലവർ പിണങ്ങുന്നേരം
പാർത്ഥതനയന്റെ വീട്ടിലുമായി
അപ്പോളുടൻ ശല്യാത്മജൻതന്നോടു
കെല്പേറിടും ദുരിയോധനനനും ചൊന്നാൻ
വേഗത്താലിവനെ കൊൽകനീചെന്നു
ഏവംകേട്ടു ദുശ്ശാസനൻ ചെന്നല്ലൊ
പാർത്ഥാത്മജൻതന്നെ വധിപ്പാനായി
ബദ്ധരോഷമാർന്നു തടുക്കുന്നേരം
ബാലനാംകുമഭിമന്യുവും ചൊന്നാൻ
നില്ലുനില്ലു പോരിനെന്നൊടുനീയും
ശല്യാത്മജനൊരു തുണയായിട്ടു
നില്ലുനില്ലു നിന്നെ അയയ്ക്കുന്നൊണ്ടു്
പാഞ്ചാലിയെപ്പണ്ടു സഭയിൽവച്ചു
പൂഞ്ചേലയെച്ചുററിയിഴച്ചില്ല്യോനീ?
ഇന്നതിനാൽനിന്നെ കൊൽകയില്ലഞാൻ
കൊന്നാലുണ്ടുദോഷം സത്യഭംഗത്താൽ
കൊല്ലുംനിന്നെ ഭീമനില്ലസന്ദേഹം
എന്നുപറഞ്ഞു പേമഴകൾപോലെ
ചെന്നുതറച്ചമ്പു ബഹുലമായി
വേഗംതേരിലേറി തിരിച്ചവനും

ഇന്നല്ലെന്നരച്ചു പോയൊരുശേഷം
ദുശ്ശാസനൻതന്റെ ഗമനംകണ്ടു
കെല്പോടടുത്തു പോർചെയ്തു ടൻകുന്നൻ
വീരനായ പാർത്ഥാത്മജനമപ്പോൾ
വില്ലുംകൊടിയും കേതനവുംപിന്നെ
ചൊല്ലിച്ചൊല്ലിയെയ്തു തുരഗത്തേയും
ഓടാതെടായെന്നു ചൊല്ലിനാൻബാലൻ
ആലിലകൾപോലെ വിറച്ചെല്ലാരും
ചാലെതിരിഞ്ഞങ്ങു നടന്നെല്ലാരും
ഭീമസേനനോടുള്ളൊരു വൈരത്താൽ
വീരാഗ്രേസരനായ ജയദ്രഥനും
വീരകേസരിപോലാഗതനായി
ഇക്കഥയോരല്പം പറയാനുണ്ടു്
ചൊല്ലൊണ്ടിട്ടും ധർമ്മജാദികളെല്ലാം
നാടുവിട്ടു കാട്ടിൽ വസിക്കുംകാലം
പേടിയൊഴിഞ്ഞങ്ങു ജയദ്രഥനും
പാഞ്ചാലിയെ കട്ടുകൊണ്ടുപോവാനായ്.
പഞ്ചബാണമേററങ്ങുടക്കുന്നേരം
കാററിൻചിനപോലെ തടുത്തുഭീമൻ
കള്ളനായവനെ കൊൽവതിന്നായി
കണ്ണുമതിലാശു പിടിപെട്ടപ്പോൾ
കണ്ടിരുന്ന ധർമ്മാത്മജനും ചൊല്ലി
കഷ്ടമിന്നിവനെ കൊല്ലരുതേ നീ.
പ്രാണൻകളയുന്നതെന്തിനു പാർത്താൽ
പ്രീണിച്ചിതുകേട്ടു ഭീമസേനൻതാൻ
നാണംകെടുത്തിയങ്ങയച്ചുവല്ലൊ
നാണംപൂണ്ടു ജയദ്രഥനുംപോയി
ചെന്നുനീലകണ്ഠനോടുണർത്തിച്ചു
മാററലരെക്കൊൽവാൻ വരവുംവാങ്ങി
ആററപേക്ഷമിവൻ സഖിയായ്നിന്നു്
മിത്രാത്മജൻകേട്ടു ചിരിച്ചശേഷം

ശത്രുവാകും ജയദ്രഥനന്നപ്പോൾ
പണ്ടുണ്ടായ വൈരം തീർപ്പതിനായി
മണ്ടിയടുത്തു പോർചെയ്തുനേരം
ആരും നീറുമാറും ഫണിയും ചൂടും
ആലമുണ്ടശിവൻ ശരത്തിൻമൂലം
പേടി മുഴത്തോടി പാണ്ഡവർസൈന്യം
പേടിയൊഴിഞ്ഞഭിമന്യുവും നിന്നാൻ.
പാർത്ഥാത്മജനല്ലാതുള്ള സൈന്യങ്ങൾ
പോർക്കളം വെടിഞ്ഞു മണ്ടിയനേരം
വീരരായവർകൾ വളഞ്ഞുകൂടി
പാരാതകത്താക്കിയുറച്ചു വ്യൂഹം.
ബാലനായ പാർത്ഥാത്മജൻതന്നോടു
ചാലേ ചുഴന്നു പോർചെയ്തിതെല്ലാരും.
ഏകനായ പാർത്ഥാത്മജനന്നപ്പോൾ
മണ്ടിപ്പോയി നാനാ രഥികളെല്ലാം;
കണ്ടുനിന്ന ശല്യാത്മജനും ചൊന്നാൻ:—
"മണ്ടുന്നെന്തിനു ഞാനുണ്ടുപോരിന്നു
കണ്ടുകൊൾവിനെന്നങ്ങടുക്കുന്നേരം
ചെന്നുപടയോടും കൂടവേതന്നെ.
ശല്യാത്മജൻ കാലപുരം പ്രാപിച്ചു;
കോപിച്ചുടൻനാഗധ്വജനന്നപ്പോൾ
നേരിട്ടടുത്തു പോർചെയ്തുനേരം;
തെരുതെരെ ബാണം പൊഴിക്കകൊണ്ടു്
തരമല്ലിതെന്നു നിവിറച്ചുമാറി
മററുള്ളവരോടു ചൊല്ലിനാനെന്റെ
ഉററബന്ധുവായിട്ടുള്ളവരെല്ലാം
മററിന്നിനി ആരും നിനച്ചിടേണ്ട;
തെററന്നുടൻ ചെന്നു കൊല്ലുക വേഗം
നാഗധ്വജനിത്ഥം ചൊന്നതു കേട്ടു
നാനാ രഥികളുമായൊരുമിച്ചു
ചുററും വളഞ്ഞു പോർചെയ്തിതെല്ലാരും.

അററമില്ലാതുള്ള ശരങ്ങൾതൂകി,
പേടി ഒഴിഞ്ഞു ഗന്ധർവ്വാസ്ത്രങ്ങൾ
പാരം തൂകിയഭിമന്യുവും നിന്നാൻ
തന്റെ മേനിതന്നിലൊന്നുമേശാതെ.
മററവരേ ബഹുശരങ്ങൾ തൂകി
നീക്കമൊഴിഞ്ഞഭിമന്യുവെക്കാണാം;
കാണികളുംകണ്ടു പ്രസാദിച്ചേററം;
പ്രാണഭയം പൂണ്ടു വൈരികളെല്ലാം;
പെരുംകാട്ടുണങ്ങിട്ടു പിടിച്ചാലഗ്നി
ചെന്നുടനേ ചുററിപ്പിടിച്ചപോലെ,
കാററും തീയും തമ്മിൽ ചേർന്നതുപോലെ,
പാർത്ഥാത്മജനെയ്തങ്ങടുക്കുംനേരം
അപ്പൊഴഭിമന്യു പറഞ്ഞു:—"നിന്നെ
ഇപ്പോൾ കാൺമതിന്നു സംഗതി വന്നു.
കാലപുരിക്കിന്നു നിന്റെ അച്ഛന്റെ
മുമ്പിലിട്ടു കൊന്നങ്ങയയ്ക്കുന്നുണ്ട്."
പാർത്ഥാത്മജനിത്ഥം പറഞ്ഞതെല്ലാം
കേട്ടു ലക്ഷണനും കോപമുൾക്കൊണ്ടു
വാട്ടമൊഴിഞ്ഞമ്പു തൊടുത്തെയ്തപ്പോൾ
ഏററമഭിമന്യു പറഞ്ഞപോലെ
നാഗധ്വജൻതന്റെ മുമ്പിലായപ്പോൾ
കാലപുരത്തിന്നങ്ങയച്ചാനപ്പോൾ.
ആർത്തനായിയങ്ങു ദുരിയോധനനും
വാർത്തയറിഞ്ഞഭിമന്യുവും പിന്നെ
കണ്ണിലകപ്പെട്ട വൈരിയെ എല്ലാം
കണ്ണടപ്പതിനു മുമ്പിലെ കൊന്നാൻ.
കർണ്ണൻ കൃപരു ഭോജരും മററുള്ള
വമ്പർ ബൃഹൽബലൻ ദ്രോണരു പുത്രൻ
ആറു മഹാരഥന്മാരുമൊന്നിച്ചു
മാറാതെ യെതിർത്തു പോർചെയ്തതു നേരം
കൊന്നാനഭിമന്യു ബൃഹൽബലനെ.

മന്നവരിൽ പിന്നെ ഐവരും തോററു;
പാർത്ഥനടുത്തു കർണ്ണനും കോപിച്ചു;
നേർത്തു പൊരുതപോരെങ്ങനേ ചൊൽവൂ
ഘോരശരമിരുപേരുമോരുപോൽ
ചോരതന്നിൽ മുങ്ങി മറഞ്ഞു ദേഹം.
കർണ്ണനുടേ പടനായകർ ചെന്നു
നിന്നു പൊരുതപ്പോളം കൊന്നഭിമന്യു;
അത്രതന്നെയല്ല വൻ പടകളെ
വെട്ടെന്നുടൻ കൊന്നാനർജ്ജുനപുത്രൻ.
കർണ്ണസുയോധന ദ്രോണശകുനാദി
കർണ്ണനീരു വാർത്തു തങ്ങളിൽ നോക്കി.
അപ്പോഴതികോപം പൂണ്ടഭിമന്യു
കെൽപോടടുത്തു തേർവീഥിയിൽ പുക്കു.
ദ്രോണരതു കണ്ടു പറഞ്ഞാരപ്പോൾ
കർണ്ണൻതന്നോടുമടുത്തു മെല്ലെ.
"നേരോടിവനേ കൊൽവതിന്നിക്കാലം
ആരും കരുതേണ്ട ബാലനെന്നാലും.
വില്ലു ചതിച്ചെയ്തു മുറിച്ചെന്നാകിൽ
കൊല്ലാമിവനേ ഇന്നില്ല സന്ദേഹം."
ഇത്ഥംകേട്ടു സൂര്യാത്മജനാം കർണ്ണൻ
പെട്ടെന്നൊളിയവെയ്തൊടിച്ചു ചാപം.
അശ്വങ്ങളേ ദ്രോണഗുരുവും കൊന്നു;
സാരഥിയെക്കൊന്നു കൃപരും പിന്നെ.
വാളും പരിശയും എടുത്താകാശ—
വീഥിതന്നിൽ നിന്നു പൊരുത പോരു്
ഘോരഘോരമവർ പൊരുതു നിൽക്കേ
വെട്ടു കൊണ്ടു പെട്ട പാടുകളെല്ലാം
വട്ടം നോക്കിയെന്തു ഗതിയെന്നോർത്തു
ദ്രോണഗുരുവും കർണ്ണനുമായിട്ടു
വാളും പരിചയുമെയ്തു ഖണ്ഡിച്ചു.
പിന്നെയൊരു ഗദകൊണ്ടവൻ വേഗം

കൊന്നാൻ ഗജതുരഗാദികളേയും.
തല്ലിയൊഴിച്ചിട്ട തകൎമ്മംനേരം
തല്ലിക്കൊന്ന ഗാന്ധാരനേയുമപ്പോൾ.
കെൽപോടുടൻ ദുശ്ശാസനതനയൻ
വീരനാകിയോരു ഭരതൻതാനും
മാരിപോലെ ബാണം തൂകിയതെല്ലാം
പാരം ഗദകൊണ്ടു തട്ടുത്താനപ്പോൾ.
നേരേ ഗദകൊണ്ടു പൊരുത പോരിൽ
പാരം പണിയിന്നു പറവാനോത്താൽ.
ചിത്രമിതിനോട്ടു തുല്യമില്ലൊന്നും
കീഴിൽ കഴിഞ്ഞില്ല മേലിലുമില്ല.
പാരം പാരമെയ്ത്തണ്ടുത്തീടുന്നു
നേൎത്തു തമ്മിലതി ഘോരമായപ്പോൾ.
പോരിലിരുപേരും മരിച്ചാരല്ലൊ
നാരായണാ, കൃഷ്ണാ, മുകുന്ദാ എന്നു
നാനാജനങ്ങളും പുകഴ്ത്തീടുന്നു.
പാൎത്ഥാത്മജൻതന്റെ മരണമോൎത്തു
ആൎത്തു ദേവനാരിമാർകളെല്ലാരും
ഹാഹാ! ശിവ! ശിവ! എന്നു ചിലരു്
ഓഹൊ! കഷ്ടം! കഷ്ടം! എന്നു ചിലരു്
ധീരനാകുമഭിമന്യുവുമപ്പോൾ
പോരിൽ മരിച്ചെന്നു കേട്ടു ധൎമ്മജൻ
പാരിലൊരുമരം വീണതുപോലേ
പാരമഴൽ പൂണ്ടു വീണു മോഹിച്ചു.
പിന്നേ ഉണൎന്നങ്ങോരോന്നു ചിന്തിച്ചു
ഉണ്ണീ ചതിച്ചോ നീ കുമാരാ എന്നെ
എൻറെ ചൊല്ലു കേട്ടു പോയ്മരിച്ചൊരു
നിന്നേഞാനുമെന്നു കണ്ടുകൂടുന്നു.
അൎജ്ജുനനും മധുവൈരിയും വന്നാൽ
ഇജ്ജനങ്ങളെന്തു പറഞ്ഞീടുന്നു
രാജ്യമിനി വേണ്ട യുദ്ധവും വേണ്ട.

ഭൂമിതന്നിലിനി വാഴ്കയും വേണ്ടാ;
പാണ്ഡവരെന്നുള്ള നാമവും പോയി;
കീൎത്തി പാൎത്തലത്തിൽ നാസ്തിയായി വന്നു ;
പാലാഴിയിൽ മുന്നേ ശയിച്ചിടുന്ന
നാരായണ മത്സ്യകൂൎമ്മമായോനെ
സൂകരമേ, നരസിംഹ, വാമന,
മൂൎത്തെ, പരാപരാ, പരശുരാമാ,
മുന്നം ദശരഥതനയനായി
രാവണനേ വധംചെയ്ത ശ്രീരാമ,
ചെമ്മേ ബലഭദ്രസഹജനായി
വെണ്ണകവൎന്നോരന, മുകുന്ദാ, കൃഷ്ണാ;
ദുഷ്ടജനങ്ങളേ വധിപ്പാനായി
വാളുംസ്ഥുതവോനെ കലിയുഗത്തിൽ
അന്നന്നോരോനാമം പകൎന്നവനേ.
ഉൾപ്പൂവിലെപ്പോഴുമിരിക്കും നാഥാ,
തണ്ടാർശരൻ മണ്ടിയൊളിച്ചീടുന്ന
മേനി കാണാതെന്റെ നെഞ്ചകം പാരം
പാരം അഴൽപൂണ്ടിങ്ങുരുകുന്നയ്യോ."
കുന്നിച്ചഗ്നി കത്തിജ്ജ്വലിക്കുംവണ്ണം
ധൎമ്മാത്മജനിത്ഥം വിലപിക്കുമ്പോൾ,
സത്യവതീസുതനാകിയ വ്യാസൻ
ഭീതി മനസ്സിൽനിന്നൊഴിപ്പതിനായ്
ഹൃദ്യതരമായ വാക്കാൎയ്യം പോൽ
പണ്ടു സഞ്ജയനാം മഹീപതിക്ക്
ഉണ്ടായൊരു പുത്രനെത്രയും മോദാൽ;
നാരദന്റെ വരപ്രസാദംകൊണ്ട്
ചാരുകുമാരനായുള്ളവൻ തന്നെ
ദുഷ്ടർ വനത്തിങ്കൽ വച്ചു കൊന്നല്ലോ;
അന്നുമഹീപതിക്കുള്ളൊരു ദുഃഖം
വന്നങ്ങൊഴിച്ചില്ലേ നാരദൻതാനും ?
ശോഷ്ഠല്ലെടൊ ബ്രഹ്മൻ വിധിച്ച മൃത്യു

ആർക്കും തടുക്കരുതല്ലോർത്തു കാണുമ്പോൾ.
എന്നോർത്തിനി ഖേദം കളക നീയും."
എന്നങ്ങരുൾചെയ്തു മറഞ്ഞു വ്യാസൻ.
നാരായണാ, രാമ, രാമ, വൈകുണ്ഠ,
രാമ, രാമ, രാമ, രാമ, പാഹിമാം.
നാരായണാ, കൃഷ്ണാ, രാമ, പാഹി, മാം.
ഇക്കഥകൾ പാടി സ്തുതിക്കുന്നോർക്കു
ദുഃഖമൊഴിച്ചരുൾ ചെയ്ക ബ്രഹ്മാവേ
ബ്രഹ്മാവൊഴികെ മററാരുമില്ലെന്നു
ഞങ്ങൾക്കറിവില്ലേ നിന്തിരുമേനി.
... ... ...
... ... ...

---

## കാളിപ്പാട്ട് — (ദാരികവധം.)

---

"ശ്രീകൈലാസമെന്ന പുരത്തകത്താം-
ശ്രീമാതേവനാം ദൈവതിരുവടിവ്
അതിരാമുടിമന്നൻ ദാരികനോ
താളിയുമൊടിച്ചവിടെ നിന്നെടുത്തു്
തിരുവാൻ വരങ്ങളും ചോതിച്ചതു്
തിരുവാൻ വരങ്ങളും കൊടുക്കാഞ്ഞിട്ടു്
ഒററ സൂചിയോ അവൻ നാട്ടിയതു്
ഒരു വിരളുമോയവൻ ഊന്നികൊണ്ടു്
ഒന്നു പന്തിരാണ്ടു കാലമവനു്
അരുംതപസ്സായവനും നിന്നുകൊണ്ടു.
തപസ്സഴിപ്പാൻ വകയില്ലാഞ്ഞിട്ടു്
ഞാൻതന്നെയവിടെ പുഴന്നെള്ളിയതു്;
വാണാലും വരങ്ങളും കൊടുത്തുപോയി;
മണിമന്ത്രശക്തി ചൊല്ലികൊടുത്തുപോയി;
കൊല്ലുവാനോ വരം കൊടുത്ത അതു്

തോററവാനോ വരം കൊടുത്ത അതു്
ആകാശത്തോ അല്ലാ ഭൂമിക്കോ വച്ചു
മരിപ്പില്ലെന്നു വരം കൊടുത്ത അതു്
ആവരങ്ങളോക്കെ വാങ്ങിച്ചതു്
കൈലാസത്തുമോ എങ്ങും കണ്ടില്ലാതു്
താരികാപുരത്തവനും തിരിച്ച അതു്
കൈലാസത്തുമോ ഉള്ള ഗോപുരം കോട്ട
അവനും അവിടെ ചമയിച്ചാതു്
ഓമകുണ്ഡമോ ഒന്നു കൂട്ടിയതു്
അവൻെറയോ ദശയരുത്തിട്ടോമിച്ചതു്
അപ്പൊകുയുമോ വന്നു തട്ടിയതു്
ശ്രീമാതേവനേ ദൈവതിരുവടിവു്
ദുഃഖിച്ചുമോയവിടെ ഇരുന്ന അതോ
ത്രിജ്ജടക്കിരുന്ന തേവാതികളെല്ലാം
ത്രിജ്ജടയെവിട്ടു പോയ അതോ
കൈലാസമടച്ചവിടേ ഇരുന്ന അതോ
അന്നേരമോയവിടെ വന്ന അതോ
വിഷ്ണുഭഗവാനും വന്ന അതോ
നിന്തിരുവടിയൊണ്ടു ദുഃഖിച്ചാലു്
ഞങ്ങളേതു വഴി പോകണമെന്നു്
ഭദ്രകാളിയേയിന്നു തോററണങ്കിലോ
അതിരാദാരികനേ കൊല്ലാമല്ലൊ
അന്നേരമോ ദൈവതിരുവടിവിനു്
കുളിരെടുടു നല്ല പനിപനിച്ചു്
മൂന്നാം തൃക്കണ്ണു പൊട്ടിയതോ
വീരഭദ്രനും വന്നു പിറന്നാതോ
കാളികളേഴും പിന്നെ പിറന്നതോ
തേവാരപ്പൊലി എന്ന അമ്മുളുവട്ടക
വലംകരത്തിലുമോ വന്നു താന്ന അതൊ
ത്രിശൂലമോ വന്നു താന്ന അതൊ
വലംകരത്തിലും വന്നു താഴന്നാതോ

പള്ളിവാളും വന്നു താഴന്നാതോ
ഭദ്രകാളിയോ വന്നു പിറക്കാനെന്നുട്ട്.
കൈലാസം പാലുപോലെ തെളിയുന്നതോ
മൂന്നതല്ലോ മൂന്നു കുലയാന
പുഷ്പങ്ങളും എല്ലാം ചാർത്തിയതോ
രണ്ടുതല്ലൊരണ്ടു കുലയാന
ഇളിത്തടത്തിലുമോ വച്ചു തെരുത്തുംകൊണ്ടു
ഏഴതല്ലോ കുലയാനയും കൊണ്ടു്
ഭദ്രകാളി വന്നു പിറക്കുന്നല്ലോ
ഭദ്രകാളി വന്നു പിറന്നാതോ
ഓടി ഇരിക്കയും എഴീയിച്ചാതൊ
അപ്പൂന്റെ മുൻപിലോടി ചെന്ന അതോ
"എന്താണെന്റെ അപ്പൂാ തിരുവടിവേ
തോററിയതോററങ്ങൾ കേൾക്കട്ടെ"ന്നു്
നാണിച്ചുല്ലാ മുഖം കുമ്പിട്ടതോ
"തോററിയ തോററങ്ങൾ പറയാമെന്നു്
തിരുവരക്കാടചാർത്തിക്കൊണ്ടു വന്നാൽ
തോററിയ തോററങ്ങൾ പറഞ്ഞിടാമേ."
വെള്ളാനയോ തന്റെ തൊലിപരിച്ചു്
തിരുമെയ്യിലോ ആട ചാർത്തിക്കൊണ്ടു്
അപ്പൂന്റെ മുമ്പിലോടി വന്ന അതോ
വിഴന്നോടി നമസ്കാരം ചെയ്തുകൊണ്ടു്
നിന്നുടനേ അമ്മ കൈതൊഴുതു്:—
"കേൾക്കയല്ലോ, അപ്പൂാ തിരുവടിവു്
തോററിയ തോററങ്ങൾ കേൾക്കട്ടതോ
അതിരാമുടിമന്നൻ താരികനു്
താളിയുമൊടിച്ചവിടേ നിന്ന അതോ
തിരുവാൻ വരങ്ങളും ചോതിച്ചിതോ
തിരുവാൻ വരങ്ങളും കൊടുക്കാഞ്ഞിട്ടു്
ഒററസൂചിയവൻ നാട്ടിയതോ
ഒരുവിരലുമോ അവൻ ഊന്നിക്കൊണ്ടു്

ഒന്നു പന്തിരാണ്ടു കാലമവന്
തപസ്സൊഴിപ്പാൻ വശം ഇല്ലാഞ്ഞിട്ടു്
ഞാൻതന്നേ എഴുന്നള്ളിച്ചെന്നു അതോ
വാണാലും വരങ്ങളും കൊടുത്ത അതോ
മണിമന്ത്രശക്തി ചൊല്ലിക്കൊടുത്ത അതോ
കൊല്ലുവാനും വരം കൊടുത്ത അതോ
തോററുവാനും വരം കൊടുത്ത അതോ
ആകാശത്തുമോ അല്ല ഭൂമിയിൽ വച്ചോ
കൊല്ലുവാനും വരം കൊടുത്ത അതോ
ഈ വരങ്ങളുമൊ ഒക്കെ വാങ്ങിക്കൊണ്ടു്
കൈലാസത്തുമോ എത്തും കണ്ടതില്ല.
ദാരികപുരത്തവനൊ ചെന്നിരുന്നോണ്ടു്
കൈലാസത്തുമോ ഉള്ള ഗോപുരം കോട്ട
അവനുമോന്നവിടെ ചമയിച്ചല്ലൊ;
ഓമകുണ്ഡമോ ഒന്നു കൂട്ടിയതോ
അവൻ ദശയരത്തിട്ടു ഹോമിച്ചതോ.
ഇരിക്കുന്നുണ്ടു് അവൻപൊരിക്കുണ്ടു്;
എരിപൊരി തട്ടി എനിക്കിരിക്കരുതു്
തിരുച്ചിടക്കിരുന്ന തേവാതികളു്
തിരുച്ചിടവേർപിരിഞ്ഞു പോയ പോയി.
അതുകൊണ്ടല്ലൊ എന്റെ പൊൻമകളു്
നിന്നെഞാനുമോയിന്നു തോററിയതു്.
അതിരാദാരികന്റെ തലയറുത്തു
എന്റെ മുമ്പിൽ കാഴ്ചവെയ്ക്കുന്നാകില്
പൊന്മകൾക്കു വേണ്ടും തിരുവരങ്ങളു്
പൊന്മകൾക്കുമോ ഞാൻ തരുവതൊണ്ടു്."
"ഊതുമ്പോൾ പറക്കുന്ന ദാരികനെ
കൊല്ലാനൊ അച്ഛനെന്നൊ തോററിയതു്?
കേൾക്കയല്ലോ എന്റെ നല്ലച്ഛന്
പോരിനായിട്ടു ഞങ്ങൾ പോയ്വരട്ടോ?"
"കേൾക്കയല്ലോ എന്റെ പൊൻമകളേ,

പോരിനായിട്ടു നിങ്ങളും പോയ്‌വരിക"
ദാരികപുരത്തു ചെന്നു നിന്നുംകൊണ്ടു്
അട്ടഹാസവിളിയൊന്നു വിളിക്കുന്നൊണ്ടു്
ഉച്ചപന്തമോ എരിച്ചുവിടുന്നതൊണ്ടു്
ദാരികപുരമൊന്നു കുലുങ്ങുന്നൊണ്ടു്
ദാരികനമൊന്നു വിറയ്ക്കുന്നൊണ്ടു്.
"കൈലാസത്തു കള്ളനിരുന്നുംകൊണ്ടു്
കള്ളിയെ തോററിയിങ്ങു വിട്ടുവല്ലൊ;
പോരിനായ്‌ഞാനമിന്നു പോയില്ലെങ്കിൽ
മാനക്കേടാണതിനാൽ പോരുവാം പോകാം
പക്കച്ചൊല്ലുമോ നമുക്കുണ്ടാമല്ലൊ
പകൽവരയ്ക്കും നമുക്കിങ്ങുണ്ടാമല്ലൊ"
ഇങ്ങനെയുരച്ചുംകൊണ്ടുടനേ ചാടി
തിടീനെന്നങ്ങെണിച്ചിട്ടൊന്നലറിക്കൊണ്ടു്
അന്നേരമോ മൂടി ദാരികനു്
പൂന്തോട്ടത്തിലോ കരകേറിയതോ
ദാരികൻെറ നല്ലതോരു പെരുമ്പടമാരേ
ഒന്നുപോലേ വിളിച്ചവനോ കൂട്ടിയതോ.
തേരുനടത്തി അവൻെറ പടനടത്തി
പടകുന്നത്തോ ചെന്നു നിന്നുംകൊണ്ടു്:—
ആരെടി കള്ളി എൻെറ വനാന്തകത്തു്
വന്നു പോരിനു നിന്നു വിളിക്കുന്നതു?
ഞാനിന്നെടാ കള്ളാ ദാരികനേ,
നിൻെറ കൂടെകൂടുപ്പട പോരിന്നായി.
ദാരികൻെറ നല്ലതൊരു പെരുമ്പടമാരും
മാതാവുമായി പ്പോരിന്നിറങ്ങിയല്ലൊ
ദാരികൻെറ നല്ലതോരു പെരുമ്പടമാരു്
ശരംകൊണ്ടു മാതാവിനു സഹിക്കരുതു്
ദാരികൻെറ നല്ലതോരു പെരുമ്പടമാരു്
ഓരായിരമങ്ങു കൊല്ലുമ്പോഴു്
ഓരായിരമവൻ തോററുമതു്

ദാരികന്റെ നല്ലതൊരു പെരുമ്പടമാരു്
ഈരായിരമമ്മ കൊല്ലുമ്പോഴ്
നാലായിരമോ അവൻ തോററുമല്ലൊ
ദാരികന്റെ നല്ലതൊരു പെരുമ്പടമാരു്
നാലായിരമോ അമ്മ കൊല്ലുമ്പോഴ്
ആറായിരമോ അവൻ തോററുമല്ലൊ
ദാരികന്റെ നല്ലതോരു പെരുമ്പടമാരു്
ആറായിരമോ അമ്മ കൊല്ലുമ്പോഴ്
പന്തീരായിരമവൻ തോററുമല്ലൊ
പന്തീരായിരം നല്ല പെരുമ്പടമാരു്
മാതാവിനെച്ചെന്നു വളയുന്നാതേ.
അപ്പോഴല്ലോ മാതാവിൻ മനസ്സിടിഞ്ഞു്
അഗ്നിക്കോട്ടയോ ഒന്നു വളയുന്നല്ലൊ
കൈലാസത്തിന്നുവന്ന കള്ളിയോടിനി
കൈലാസത്തുമോടാടി പൊയ്ക്കൊള്ളേടി
കേളെടാ കള്ളദ്ദാരികനെ
ഇന്നു ഞാനിങ്ങോടി പോന്നേനെടാ
ഇന്നിഞാനൊരുദിവസം വരുവേനെടാ
കേട്ടോടി കുഞ്ഞുങ്ങളെ കാളികളെ
നിങ്ങളുമേ ഇവിടെ നിപ്പിനിന്നു്
ശ്രീകൈലാസത്തുമോ ഞാൻ പോയ്വരട്ടെ
കൈലാസത്തുമോ അമ്മ ചെന്നു നിന്നു
അച്ഛനെ തിരുപ്പള്ളിയുണർത്തിയതോ
ദാരികപുരത്തുഞാൻ ചെന്നാതൊ
അതിരാമുടിമന്നൻ ദാരികന്നു്
അതിശയവരമെന്തു കൊടുത്തതെന്നും
ചോദിച്ചുകൊണ്ടുഞാനും വന്നീടുമേ
വെറികൊണ്ടെടുത്തമ്മ ഓടുന്നാളു്
തണൽകണ്ടെടത്തമ്മ എഴുന്നെള്ളത്തു്
വിഷ്ണുവുംനോക്കിപ്പോകുന്നാളു്
മാതാവെഴുന്നെള്ളിപ്പോകുന്നാളു്

വിഷ്ണുവുംചെന്നു നിന്നു ചൊദക്കന്നാതൊ
എന്താണൊന്താണു വിഷ്ണുവതൊ
നീവന്നിന്നെന്നെ ചെരുപ്പാനല്ലൊ
കേൾക്കയെല്ലൊ അമ്മ മാതാവെ
പ്രാകൃതവേഷമൊന്നു മാറെറണങ്കില്
പ്രാകൃതവേഷമമ്മാ മാററിയെങ്കിൽ
അച്ഛനിരിക്കുന്ന കൈലാസത്തു്
ഞാൻതന്നെ കൊണ്ടുചെന്നു കാണിക്കാമേ
ഇക്കോലത്തോടു പോകുമെങ്കിൽ
ശ്രീകൈലാസത്തുള്ള തിരുവടിവു
ശ്രുപം കണ്ടിട്ടങ്ങു പട്ടുപോകും
നീപോക വേഷത്തെ മാററിയേക്കാം
കേൾക്കയെല്ലൊയെൻെറ വിഷ്ണുവതൊ
പ്രാകൃതവേഷമൊന്നു മാററിയേക്കാം
... ... ...
ശ്രീകൈലാസത്തുമോ അങ്ങു കൊണ്ടുചെന്നു
അച്ഛനിരിക്കുന്ന പള്ള്യറയിൽ
പള്ള്യറയിലോ അങ്ങു കാണിച്ചല്ലൊ
ഉറക്കമോ എൻെറ നല്ലച്ഛനു്
ഉറക്കമുണന്നിങ്ങു വരികയതൊ
ഉറക്കമെനിക്കില്ല പൊന്മകളെ
ഉറക്കമുണന്നങ്ങു വന്നാതോ
അതിരാമുടിമന്നൻ ദാരികനു്
അതിശയവരമെത്ര കൊടുത്തുപോയെ
അതിരാമുടിമന്നൻ ദാരികനു്
എന്തിതെല്ലാം വരം കൊടുത്തിതെന്നു്
കേൾക്കയെല്ലൊയെൻെറ നല്ലച്ഛനു
ഉള്ളതെല്ലാമിന്നു പറയണമേ
കേൾക്കയെല്ലൊ എൻെറ പൊന്മകളെ
പരമാത്ഥമൊഞാനും പറയാമല്ലൊ
മണിമന്ത്രവാസം ചൊല്ലിക്കൊടുത്തുപോയെ

വാണാലും വരങ്ങളും കൊടുത്തുപോയെ
കൊല്ലുവാനും വരം കൊടുത്തുപോയെ
തോററുവാനും വരം കൊടുത്തുപോയെ
ആകായത്തുമൊപിന്നെ പൂമിയിൽവച്ചു്
മരിക്കില്ലെന്നു വരം കൊടുത്തുപോയെ
ഈവരങ്ങളെയൊക്കെ കൊടുത്തുംവച്ചു്
കൊല്ലുവാനൊ എന്നെ തോററിയത്തു്
അസുരൻെറകയ്യാലെൻെറ മരണത്തിന്
അച്ഛനമ്മോ എന്നെ തോററിയത്തു്
ഈവരങ്ങളെയൊക്കെ കൊടുത്തുംവച്ചു്
എന്നെ തോററിയങ്ങു വിട്ടൂട്ടൊ
നന്നുനന്നിതെൻെറ നല്ലച്ഛനു്
അച്ഛൻെറ ആയതോരു നല്ലറിവു്
അച്ഛനാണിന്നു ദാരികപുരത്തു്
പോരിനായിട്ടഞാനോ പോകയില്ല
അന്നേരത്തവിടെ വന്നാതൊ
ശ്രീകൈലാസത്തേയ്യും വിഷ്ണുവതൊ
കേൾക്കയല്ലൊഅമ്മാ മാതാവേ
അതിനൊരുകൌശലം ഞാൻപറയാം
ദാരികപുരത്തുചെന്നാതൊ
പോർചെയ്തവിടെ നില്ക്കുമ്പോഴ്
അന്നുകൊടുത്തോരു മണിമന്ത്രങ്ങൾ
കളിമാററംപറഞ്ഞുഞാൻ കൊണ്ടുവന്നു്
പോർചെയ്തവിടെ നിൽക്കുമ്പോഴ്
തൃച്ചെവിയിലൊ ഞാനൂട്ടിത്തരാം
കേൾക്കയല്ലൊ അമ്മാ തിരുവടിവു്
ഇന്നിഞാനൊരിക്കൽ പോയ്വരട്ടെ
പോയല്ലൊഎൻെറ പൊന്മകളെ
ദാരികപുരത്തുനീ പോയ്വരിക
കേൾക്കയല്ലൊഅമ്മാ മണിമാതാവേ
ദാരികപുരത്തു പോകാമല്ലൊ

ദാരികപുരത്തു ചെന്നുനിന്നുംകൊണ്ട്
അറകുലവിളിയൊന്നു വിളിച്ചാതൊ
അട്ടഹാസമൊന്നു കേട്ടപ്പോഴ്
ദാരികപുരമൊന്നു നടുങ്ങിയതു്
ദാരികനമൊന്നു വിറച്ചാതു്
അന്നേരമോഅങ്ങ് വനമുറയാള്
കോമക്കയെല്ലൊ എന്റെ ദാരികന്
പടയ്ക്കായിട്ടുമേം ഇന്നു പോകരുതു്
പോരിനായിട്ടുഇന്നു പോയില്ലെങ്കിൽ
മാനക്കേടുമൊഇന്നു ഒണ്ടാതൊ
പക്കച്ചൊല്ലുമോ നമുക്കണ്ടാതൊ
പകലർവരവും നമുക്കണ്ടാതൊ
പകലോ് നള്ളവരെയുണ്ടാതൊ
പോരിനായിട്ടുതാൻ പോകുന്നെങ്കിൽ
മംഗല്യത്തിൽതൊട്ടു സത്യംചെയ്യേ
പോരിനായിട്ടിന്നു പോകാവേ
മംഗല്യത്തിൽതൊട്ടു സത്യംചെയ്തു
മംഗല്യമൊപൊട്ടിത്തെറിച്ചുപോയി
കോമക്കയെല്ലൊമുടി ദാരികന്
മംഗല്യമററ തെറിച്ചതിനാല്
പോരിനായിട്ടുതാൻ പോകരുതു്
പോരിന്നുതാനിന്നു പോകുന്നെങ്കിൽ
മണിമന്ത്രശക്തിചൊല്ലിത്തന്നല്ലാതെ
പോരിന്നുതാനിന്നു പോകരുതു്
വനമുറയാമന്ത്രം പടിച്ചപ്പഴ്
ദാരികനമന്ത്രം മറന്നുംപോയി
പോരിൽതാൻതോററ പോയെങ്കില്
ദൂതനൊഅയക്കെണ മവിടെനിന്ന്
മണിമന്ത്രശക്തിചൊല്ലി കൊടുത്തയയ്ക്കും
ദാരികൻെറനല്ലതോഴു പെരുമ്പടമാരെ
ഒന്നുപോലെവിളിച്ചങ്ങു കൂട്ടിയതൊ

തേർനടത്തിയവൻെറ പടനടത്തി
പടക്കന്നത്തുമോചെന്നു നിന്നുംകൊണ്ടു
പോരിൽതോറേറാടിപ്പോയ കള്ളിയോടീ
ഇന്നുംനീപോരിനായി വിളിക്കുന്നാത്തു്
പോരിൽതോററകള്ളി വന്നാതോ
ഇന്നുംഞാൻപോരിനായി വന്നെടാകള്ളാ
പോരുചെയ്യവിടെയങ്ങു നില്ക്കുമ്പഴ്
വിഷ്ണുവുംപോന്നവന്നു വനമുറയാളെ
പടിക്കതെകിനൊതട്ടി വിളിക്കുന്നാത്തു്
കേൾക്കയെല്ലൊഎൻെറ വനമുറയാളെ
ദാരികൻതന്നതോരു മണിമന്ത്രങ്ങള്
എൻെറചെവിയിൽ ചൊല്ലിത്തരണമിന്നു്
അല്ലെങ്കിൽദാരികനും പട്ടുപോകും
നേരെന്നവളുന്നു നിരൂപിച്ചിട്ടു
മണിമന്ത്രശക്തി ചൊല്ലിക്കൊടുത്തയച്ചു
പടിക്കവെളിയിൽ ഇറങ്ങിയപ്പഴ്
വിഷ്ണുവും വിളിച്ചു കേൾക്കയെല്ലൊ
എൻെറ വനമുറയാളെ ഭൂതനല്ലാ
ഭൂതനല്ലാ ഇതു വിഷ്ണുവാണെ
അന്നുകൊടുത്തോരു മണിമന്ത്രങ്ങള്
ഒളിമാററം പറഞ്ഞുഞാൻ കൊണ്ടുപോണേ
അലയ്ക്കുന്നുണ്ടവളപ്പോൾ വിളിക്കുന്നൊണ്ടു്
അണിയുത്തപോരു ചെല്ലി കരയുന്നൊണ്ടു്
മണിമന്ത്രശക്തി വിഷ്ണു കൊണ്ടുപോയി
മാതാവിൻെറ തൃച്ചെവിക്കങ്ങൂട്ടിയതു്
ശ്രീകൈലാസത്തു പോയങ്ങവിടെ വിഷ്ണു
മണിമന്ത്രശക്തികൊണ്ടങ്ങൂട്ടിയപ്പഴ്
മേലുമോരാകാശം നോക്കിയതു്
കീഴുമോ പൂമിയെ നോക്കിയതു്
ഇടംകണ്ണുമോ ഒന്നു ചുവപ്പിച്ചല്ലൊ
വലംകണ്ണുമോ ഒന്നു ചുവപ്പിച്ചല്ലൊ

ഇടമലവലമല തുള്ളിയത്
ആകാശത്തുമൊ അങ്ങു നോക്കിയപ്പഴ്
പള്ളിവാളും വന്നു താഴുന്നല്ലൊ
ഒന്നതല്ലൊ മാതാവ്
വാളിളക്കം കണ്ടപ്പോഴും
ഓരായിരം ദാരികപ്പടയുടെ തലയററ
പൊട്ടിച്ചിതറിയത്
രണ്ടതല്ലൊ വാളിളക്കം
ഭദ്രകാളിയിളകിയപ്പോഴും
രണ്ടായിരം ദാരികപ്പടയുടെ തലയററ
പൊട്ടിച്ചിതറിയത്
മൂന്നാതല്ലൊ വാളിളക്കം
മാതാവുചെയ്യുമപ്പോഴും
മൂവായിരം ദാരിക പടയുടെ തലയററ
പൊട്ടിച്ചിതറിയത്

... ... ...

പന്ത്രണ്ടല്ലൊ മാതാവ്
വാളിളക്കം കണ്ടപ്പോഴും
പന്തീരായിരം ദാരികപ്പടയുടെ തലയററ
പൊട്ടിച്ചിതറിയത്

... ... ...

കൊല്ലരുതെ അമ്മേ കൊല്ലരുതെ
അരൻ തിരുമകളെ കൊല്ലരുതേ
ആടുവെട്ടി നേർച്ചയും തരുവേനമ്മേ
എന്നെയെംവെട്ടി നിങ്ങൾ കൊല്ലരുതേ
കോഴിവെട്ടി നേർച്ചയും തരുവതൊണ്ടു
അങ്കലം പൂജയുമിന്നു തരുവതൊണ്ടു
വട്ടിവിത്തുനേർച്ച തരുവതൊണ്ടു
നടവരവുനേർച്ച തരുവതൊണ്ടു
ഐവരുകളിനേർച്ച തരുവതൊണ്ടു
തോററമ്പാട്ടുനേർച്ച തരുവതൊണ്ടു

ക്രൂത്തുനേച്ച് വേണ്ടോളം തരുവതൊണ്ട്
കമ്പവെടിനേച്ച് തരുവതൊണ്ട
കൈവെടി തീവെട്ടിനേച്ച് തരുവതൊണ്ട
പൊന്നാരത്തൂക്കംനേച്ച് തരുവതൊണ്ട്
പൊൻചൂരലോട്ടംനേച്ച് തരുവതൊണ്ട്
നേച്ചയും വഴിപാടും പററിയെടം
അന്നേരമൊ കള്ളദ്ദാരികന്
കാലുതെററിവീണവനോടുന്നതൊ
തെക്കുവശത്തുള്ള ഗോപുരത്തില്
ദാരികനംകേറി ഇരുന്നാതൊ
മാർതാവും തൻെറ നല്ല കാളികളും
തട്ടിത്തകർത്തമ്മാ തീകെടുത്തു്
വെന്തുടനേപൊട്ടിച്ചിതറുമ്പോഴ്
വടക്കുവശത്തുള്ള ഗോപുരത്തില്
ഒളികവന്നവനിരുന്നാതൊ
തട്ടിത്തകർത്തമ്മാ തീകെടുത്തു്
വെന്തുടനേപൊട്ടിച്ചിതറിയതോ
അവിടെനിന്നോ അവനോടിയതു്
കിഴക്കില്ലത്തു മുത്തുമാളികയോ
തട്ടിത്തകർത്തമ്മാ തീകെടുത്തു്
അവിടെനിന്നുടനവനോടിയതോ
പാലാഴിയിലോ ചെന്നു ചാടിയതോ
പാലാഴിയോഒക്കെ കലക്കിയുംകൊണ്ടു്
പാഴ കരയ്ക്കുമോചെന്നു കേറിയതോ
അവിടെനിന്നു അവനോടിയതോ
അരയാലിലവൻചെന്നു കേറിയതോ
കേഠംക്കയല്ലോമുടി ദാരികനെ
കൈലാസത്തുമോഞാൻ പിറന്നിട്ടുമേ
അരുമരം കേറിഞാൻ പടിച്ചില്ലതോ
നിങ്ങളോട്ടൊന്നിറങ്ങിവരുമോടായെൻ
പള്ളിവാളങ്ങോട്ടൊന്നയയ്ക്കുട്ടോടം

അന്നേരത്തുമോ കള്ളട്ടാരികന്ന്
മൂന്നാംചവിട്ടവൻ ചവിട്ടിക്കൊണ്ടു്
വാങ്ങിവലിഞ്ഞവനിറങ്ങിയതു്
മാതാവോ പിന്നെ അങ്ങു ചെന്നടനേ
തൃപ്പാദമൊകൊണ്ടങ്ങെടുത്തെറിഞ്ഞു്
താഴെവരുന്നൊരു വരവുകണ്ടു
തൃശ്ശൂലമെടുത്തമ്മ നീട്ടിയതൊ
കാൽവലിച്ചോ അവൻ തൊഴിക്കുന്നതോ
കൈവലിച്ചോ അവൻ അലയ്ക്കുന്നതോ
വാണാലും വരങ്ങളും ഇൗക്കുന്നതോ
ആടുവെട്ടിക്കുരുതിയും ഞാൻതരുവേൻ
കോഴിവെട്ടിക്കുരുതിയും ഞാൻതരുവേൻ
പൊന്നാരത്തുക്കംനേച്ച്തരുവേനമ്മോ
പൊൻചൂരലോട്ടം നേർച്ച തരുവേനമ്മോ
വട്ടിവിത്തുനേർച്ചതരുവേനമ്മോ
നടവരവു നേർച്ച തരുവേനമ്മോ
അങ്കലംപൂജ നേർച്ച തരുവേനമ്മോ
ഐവർകളിനേർച്ച തരുവേനമ്മോ
തോററംപാട്ടുനേർച്ച തരുവേനമ്മോ
ചിലമ്പുപാട്ടുനേർച്ച തരുവേനമ്മോ
കമ്പവെടിനേർച്ച തരുവേനമ്മോ
കുററിവെടിനേർച്ച തരുവേനമ്മോ
കുഴൽവെടിനേർച്ചയും തരുവേനമ്മോ
കൈവെടിനേർച്ചയും തരുവേനമ്മോ
തീവെട്ടിനേർച്ചയും തരുവേനമ്മോ
നേർച്ചയും വഴിപാടും പററിയെടം
മേൽഭംഗത്തുമൊ അമ്മ എടുത്തെറിഞ്ഞു്
കീഴോട്ടു വരണതോരു വരവുകണ്ടു
പള്ളിവാംവലംകൈയിലെടുക്കുന്നതൊ
തൃപ്പാദവുംഒന്നു ഒറപ്പിച്ചിട്ടു
പള്ളിവാംവലംകൈയിലെടുക്കുന്നതൊ

ദാരികൻ തലയപ്പോൾ കണ്ടിച്ചമ്മ
മഞ്ഞളാട്ടുന്നനല്ല ചെറുക്കറിയ്
തലയെയെടുത്തമ്മാ പൊതിഞ്ഞു കെട്ടി
ഒരുഭാഗത്തുടൻ അമ്മ ചരതിച്ചതൊ
നാല്പത്തുമുളമുള്ള ദാരികനെ
ഒരുമുളമാവോളം വെട്ടിയതോ
എല്ലുമെലുമ്പും മായിട്ടെടുക്കുന്നതൊ
കട്ടിലും മെത്തയും ചമയിച്ചമ്മ
നാഡിയും നരമ്പും മായത്തെടുക്കുന്നതൊ
കത്തിരിക്കൊത്തിതിരി ചമയിച്ചമ്മ
ഒരുമുളമുള്ളൊരു ദാരികനെ
കണ്ടംതുണ്ടം വെട്ടിയതോ
കായംകായമരിഞ്ഞതോ
കാളികൾക്കും തന്റെ കൂളികൾക്കും
ഇറച്ചിയും പകുത്തമ്മ കൊടുക്കുന്നതൊ
ഉതിരവും പകുത്തമ്മ കൊടുക്കുന്നതൊ
ഉണ്ടതൊണ്ടോ കുഞ്ഞേ കാളികളെ
തിന്നതൊണ്ടോ കുഞ്ഞേ കാളികളെ
കൈലാസത്തുഞങ്ങൾ വന്നതിനാലെ
ഞങ്ങളെ പൈതാകം തീന്നതില്ല
മാതാവിന്റെയണിവില്ലോവെട്ടി
പൊട്ടിപുറപ്പെട്ടങ്ങുതിരമപ്പോൾ
കാളികളെല്ലാം ഹേഹേകൂട്ടി
കൂളികളെല്ലാം ഹോഹോകൂട്ടി
കാളികൾനിന്നു കുടിക്കുന്നു
കൂളികൾനിന്നു കുടിക്കുന്നു
കൈലാസത്തു വന്നതിനാലെ
ഞങ്ങളെ പൈതാകം തീന്നതൊണ്ട്
ഇന്നിയുംകേൾപ്പിനെന്റെ കാളികളെ
മേതാളിയെച്ചെന്നു കൊണ്ടരുവിൻ
ദാരികൻ ശിരസ്സിനെ കൊണ്ടുപോവാൻ
മേതാളിയെച്ചെന്നു കൊണ്ടുവന്നു

ദാരികൻ തലകൊണ്ടമ്മ മുട്ടകിയപ്പോം
മേതാളിതന്റെ വായ്നാററംകൊണ്ടു
അമ്മയ്ക്കൊട്ടുമങ്ങോട്ടടുക്കരുതു്
മാതാവെഴുന്നെള്ളിച്ചെല്ലുന്നതൊ
മതയാന കൊമ്പനാനപ്പുഴകുന്നതൊ
മേതാളിക്കകൊണ്ടുകൊട്ടുക്കുന്നതൊ
ഠംരാററിന്റെഠയോനല്ല പാഴ്കരയ്ക്കു
പല്ലുടയ്ക്കുകുത്തി കുലുക്കുഴിഞ്ഞു്
കുളിച്ചുംകൊണ്ടോടിയിങ്ങുവന്നതോ
ദാരികൻകഴുത്തിനെ എടുത്തുംകൊണ്ടു്
മേതാളംകഴുത്തിലോ ഏറുന്നതൊ
കേട്ടാലുമോ അമ്മ മാതാവേ
ഏതുവഴിക്കിന്നി പോകണമോ
ശ്രീകൈലാസംനോക്കി പോകവേണം
ദാരികൻ വാണിരുന്ന പെരുങ്കാടുമോ
നമുക്കിന്നാവഴിതന്നെ പോകവേണം
വനത്തിലെത്തിയപ്പോൾ വനമുറയാൾ
വനമാതാവിനെയും ചെറുക്കുന്നതൊ
എന്തെന്തെടീ വനമുറയാളേനീ
ഇന്നുവന്നുനമ്മെ ചെറുക്കുന്നതു്
കേൾക്കയെല്ലൊ എന്റെ മാതാവേനി
ദാരികനെവെട്ടിക്കൊന്നതുപോലെ
അടിയനേയും വെട്ടിക്കൊല്ലേണമേ
കേട്ടാലുമോ എന്റെ വനമുറയാളെ
ഇത്രനാളും നീയൊ വനമുറയാള്
ഇന്നുതൊട്ടു ഇന്നി എന്നേയ്ക്കുമേ
കാട്ടകംവാഴുന്ന വനമൂർത്തിയാൾ
ചെറുകരവാഴുന്ന മാനുഷരു്
നേർച്ചയുംവഴിപാടും തരുവാരതൊ
നേർച്ചയുംവഴിപാടും പററിക്കൊണ്ടു്
അവൾക്കുകുലതൈവമായിരുന്നുകൊൾക

കേൾക്കയല്ലോ എന്റെ വനമുറയാളെ
നിനക്കൊരുതിരുവരം തരുന്നൊണ്ടല്ലൊ
അന്നേരത്തുമോ അമ്മമാതാവല്ലൊ
ശ്രീകൈലാസത്തേയ്ക്കു പോവാനായി
അപ്പോഴല്ലൊ കള്ളദ്ദാരികന്റെ
ശിരസ്സിൽനിന്നൊരുതുള്ളിയുതിരംവീണു
പൂമിയിലുരുണ്ടുടനെ മുട്ടയായി
പൊട്ടിത്തെറിച്ചു പൂവൻകോഴികള്
കൊത്തിവിരിച്ചുടനേ കോഴികള്
ആയുസ്സുംനിങ്ങൾക്ക കുറവുതന്നെ
അഴകായിട്ടുനിങ്ങളിരുന്നുകൊള്ളിൻ
ഇന്നുംകേള്ളമെന്റെ കോഴികളെ
നിങ്ങൾക്കൊരുതിരുവരം തരുന്നുണ്ടല്ലോ
ചെറുകരവാഴുന്ന മാനുഷക്ക്
ദീനവും ദെണ്ണവും വന്നാലൊണ്ടു്
നിങ്ങളെക്കൊണ്ടുചെന്നു കുരുതിവച്ചാൽ
ഞാനുമോ വന്നുണരു പററിക്കൊള്ളും
അവിടെനിന്നമ്മാം തിരിച്ചുടനെ
ശ്രീകൈലാസത്തുചെന്നു കേറിയതോ
ദാരികൻ ശിരസ്സിനെ എടുത്തുവെക്കം
പൊന്നുംതുടലിട്ടു പൂട്ടിയതോ
അരയാലിൻകൊമ്പിലോ തൂക്കിയതോ
കേട്ടോകേട്ടോഅച്ഛാ തിരുവടിവേ
ദാരികൻ ശിരസ്സിനെ കണ്ടതുണ്ടോ
കണ്ടതുണ്ടെയെന്റെ പൊന്മകളെ
ദാരികൻ ശിരസ്സിനെ കണ്ടതുണ്ടേ
കേൾക്കയെല്ലാം അച്ഛാ തിരുവടിവേ
ചൊല്ലിയവരങ്ങളും തരികയെന്നു്
കേൾക്കകേൾക്കമോളേ തിരുവടിവേ
എന്തെല്ലാം വരംഞാനും ചൊല്ലിയതു്
നന്നനന്നിതച്ഛാ തിരുവടിവേ

ദാരികനെയങ്ങു പേടിച്ചതൊ
കൈലാസമടച്ചവിടെ ഇരുന്നതൊ
ദാരികൻശിരസ്സിനെ കണ്ടപ്പോഴ്
ചൊല്ലിയവരങ്ങളെ മറന്നോഅച്ചാ
കേൾക്കകേൾക്ക എൻെറ നല്ലച്ചന്
അച്ചൻെറ ആയതൊരു നല്ലറിവ്
കേൾക്കല്ലോയെൻെറ പൊന്മകളെ
ചൊല്ലിയ വരങ്ങളും മറന്നതില്ല
തേവൻെറ ആയതൊരു പൊന്മകൾക്ക
മണിയാടപുരമൊന്നു കൊടുക്കുന്നതൊ
തേവൻെറ ആയതൊരു പൊന്മകൾക്ക
പൂതാടിപ്പുരമൊന്നു കൊടുക്കുന്നതൊ
തേവൻെറ ആയതൊരു പൊന്മകൾക്ക
വസൂരിമാലയുമൊന്നു കൊടുക്കുന്നതൊ
പരീക്ഷയോ തനിക്കിപ്പോളറിവാനമ്മ
അച്ചൻെറ തിരുമേനിക്കോ വിതക്കുന്നതൊ
കുളിരോടുമോ നല്ല പനിപനിച്ച്
ആനപ്പുണ്ണോടുനല്ല മസൂവൂരിയും
അച്ചൻെറ തിരുമേനിയിൽ മുളക്കുന്നതോ
നന്നന്നിതെൻെറ പൊന്മകളെ
നിൻെറതൊരായതൊരു നല്ലറിവ്
അന്നേരമോഅമ്മ മാതാവൊണ്ടു്
കണ്ടാകുന്നനെയവിടെ വരുത്തിയത്
തിരുനെററിമുതലവൻ നക്കിയത്
തൃപ്പാദത്തുമോകൊണ്ടു നിറുത്തിയത്
കേൾക്കയെല്ലൊഎൻെറ പൊന്മകളെ
തിരുനെററിലൊരുമുത്തു നിൾക്കട്ടോതോ
കേളുംകേളുമേയച്ചാ തിരുവടിവേ
ഈവിത്തുമേ എനിക്ക വേണ്ടയല്ലൊ
ഈവിത്തുമേഞാനൊ വിതച്ചാലല്ലൊ
എൻെറമാനുഷരു മുടിഞ്ഞുപോകും

അന്നേരമോ അങ്ങു വിളിക്കുന്നതൊ
കണ്ടാകർണ്ണനെയവിടെ വിളിക്കുന്നതൊ
കണ്ടാകർണ്ണനവിത്തു കൊടുത്തുവല്ലൊ
കസ്തൂരിയും നല്ല പാലൂരിവിത്തും
എളവിത്തുമോ ഇന്നു തരണമെന്നു
വസൂരിമാലയൊന്നു കൊടുത്തുവല്ലൊ
കേൾക്കയെല്ലൊ എന്റെ നല്ലച്ചന്
എനിക്കിരുപ്പാൻ തിരുനെലം തരണം
പോർമുള്ളും പെരമ്പോടു തേവനപ്പോൾ
പൂമളം എന്ന വനത്തകത്തെ
പൊൻമകൾക്കു ദാനം കൊടുത്തുവല്ലൊ
അവിടെ കോവിലുകൾ തീർത്തുകൊൾക
ചെറുകരവാഴുന്ന മാനുഷരു്
നേർച്ചയും വഴിപാടും നിനക്കു തരും
നേർച്ചയും വഴിപാടും പററിക്കൊണ്ടു്
അവരുടെ പരദൈവമായിരുന്നുകൊൾക.

... ... ... ...
... ... ... ...

---

# തോററമ്പാട്ടു്.

---

തെക്കൻദിക്കിലേ ഭദ്രകാളിക്ഷേത്രങ്ങളിൽ പാടിവരുന്ന തോററൻപാട്ടു്, പഴയകാലത്തെ വീരപുരുഷാരാധനാസക്തിയേ കാണിക്കുന്ന ഒരു പ്രമാണമാണു്. അക്കാലത്തെ ചില തൊഴിലാളികളുടെ കളങ്ങളും കൌശലങ്ങളും ചതിയിലുള്ള ചാതുര്യങ്ങളും ദേശവാഴികൾ അവർക്കനുകൂലമായി ചെയ്തുപോന്ന കടുങ്കൈകളും എന്നുവേണ്ട ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന പല നടപടികളും ഈ പാട്ടിൽ സരസമായി വർണ്ണിച്ചിരിക്കുന്നു. തമിഴ്ഭാഷയിലേ ചിലപ്പതികാരം എന്ന പ്രസിദ്ധഗ്രന്ഥത്തിലെ കഥയാണു് തോററമ്പാട്ടിൽ വിവരിക്കുന്നതു്. ഈ കഥതന്നെയാണു് തമിഴ്നാടകക്കാർ "അങ്കുമിങ്കും അമ്മൈത്തി

രുക്കും കൊട്ടക്കൈയിൽ ബീഡി, ചുരുട്ടു മുതലായവൈകളോടുകൂടാത്ത കനവാങ്കളൈ വരവഴൈത്തു “ആടിത്തകൎന്ന കോവിലൻ ചരിത്രം. തമിഴൎക്കു് ഈ കഥ പണമുണ്ടാക്കാനുള്ള വിദ്യ; മലയാളികൾക്കു പണം കളയാനുള്ള വിദ്യ. മലയാളിയുടെ കയ്യിലായപ്പോൾ ഇതു ഭദ്രകാളീവിലാസമായിത്തിരിഞ്ഞു; പച്ചപ്പന്തലിൽ പഴക്കുലയും കെട്ടി കൊട്ടിപ്പാടാനുള്ള ഒരു ദൈവികകഥയുമായി. കഥ ഈവിധമാണു്.

ചോളരാജ്യത്തിൽ ചേൎന്ന കാവേരിപ്പൂമ്പട്ടണത്തിൽ രണ്ടു വൈശ്യപ്രഭുക്കന്മാർ ഉണ്ടായിരുന്നു. അവരിൽ ഒരാളിനു കോവിലൻ എന്നൊരു പുത്രനും മറ്റെയാളിനു് കണ്ണകി എന്നൊരു പുത്രിയും ഉണ്ടായി. യൌവനാരംഭത്തോടുകൂടി ഈ വധൂവരന്മാർ തമ്മിൽ കുലാചാരപ്രകാരം വിവാഹബന്ധത്തിൽ ഉൾപ്പെട്ടു; കുറേക്കാലം സുഖമായി കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെ ഒരുദിവസം കോവിലൻ ഒരു നടനാഘോഷം കാണാനിടയായി. ആ ആഘോഷനായികയായ മാതവി എന്ന നൎത്തകിയിൽ അയാൾക്കു പ്രേമം ജനിച്ചു. അതിന്റെ ഫലമായി പതിവ്രതയായ തന്റെ പത്നിയേ വിട്ടു് അയാൾ നൎത്തകിയുമായി ചേൎന്നു് ദിവസം കഴിച്ചു് ദ്രവ്യം മുഴുവൻ നശിപ്പിച്ചു. ഒരുദിവസം കടലാട്ടം എന്ന ഉത്സവം പ്രമാണിച്ചു് കടൽക്കരെയിൽ കൂടിയ ജനസംഘത്തിൽ ചേൎന്നു് അവർ രണ്ടാളും വിനോദിച്ചുകൊണ്ടിരിക്കെ മാതവിയുടെ ഒരു പാട്ടിൽ നിന്നു് അവൾ ഒരു അന്യ പുരുഷനേ സ്മരിക്കുന്നതായി കോവിലനു് സംശയം ജനിച്ചു. ആ സംശയം അയാളുടെ കുലപത്നിയേ സ്മരിപ്പിച്ചു. അനന്തരം അയാൾ അവിടം വിട്ടു് കണ്ണകിയുടെ അടുത്തു ചെന്നു ചേൎന്നു. കുലസ്ത്രീയായ അവൾ ഭൎത്താവിനെ സാദരം സമാധാനപ്പെടുത്തിയ ശേഷം ദ്രവ്യനാശത്താലുണ്ടായ ആശാഭംഗവും മാനനഷ്ടത്താലനുഭവിച്ച മനസ്താപവും കൊണ്ടു് ഇരുവരും നാടുവിട്ടു മധുരയിലേയ്ക്കു പോയി; വൈ

കാനദീതീരത്തിൽ മാതരി എന്ന ഒരു ഗോപിയുടെ ഗൃഹത്തിൽ എത്തി താമസിച്ചു. കണ്ണകിയുടെ ആഭരണങ്ങളിൽ രണ്ടു ചിലമ്പുകൾ മാത്രം ശേഷിച്ചിരുന്നു. അതിൽ ഒന്നു വിററു കിട്ടുന്ന ധനംകൊണ്ടു വ്യാപാരം തുടങ്ങി ക്രമേണ പൂർവ്വനിലയേ പ്രാപിക്കാമെന്നായിരുന്നു അവരുടെ വിചാരം. അതനുസരിച്ച് അടുത്ത ദിവസം കോവിലൻ ചിലമ്പു വില്ക്കാൻ മധുരാപട്ടണത്തിലേയ്ക്കു തിരിച്ചു. വഴിയിൽവച്ച് അയാൾ ഒരു തട്ടാനെ കാണാനിടയായി. കണ്ടമാത്രം തട്ടാനെന്നറിഞ്ഞയുടനെ ചിലമ്പിനു വിലനിശ്ചയിക്കാൻ കോവിലൻ ആവശ്യപ്പെട്ടു. വിലമതിക്കാൻ പാടില്ലാത്ത ആ ചിലമ്പുകണ്ടു തട്ടാൻ വളരെ വിസ്മയിച്ചു.

മധുരയിലെ രാജ്ഞിയുടെ ഒരു ചിലമ്പ് അററകുററംതീക്കാൻ കൊണ്ടുവന്നതു മിനുക്കി ചുണ്ണാമ്പു തേച്ചു ഉണങ്ങാൻ വച്ചിരുന്നപ്പോൾ ഒരു കഴുകൻ കൊത്തിയെടുത്തുകൊണ്ടു പറന്നുകളഞ്ഞ വിവരം രാജാവിനെ ഗ്രഹിപ്പിക്കാൻ ഭയംനിമിത്തം അവൻ ശക്തനാകാതെ, ആരോ മോഷ്ടിച്ചു കൊണ്ടുപോയി എന്നും അന്വേഷിച്ചു കണ്ടുപിടിച്ചു കൊടുക്കാമെന്നും അറിയിച്ചിരുന്നു. അപഹൃതമായ ആഭരണത്തിനു പകരം ഒരം ചിലമ്പ് രാജ്ഞിക്കു കൊടുക്കാമെന്ന് ആ കശ്മലനായ തട്ടാൻ ഉദ്ദേശിച്ചു. അതനുസരിച്ച് അവൻ ഹൃദ്യവചനങ്ങളാൽ കോവിലനെ വശഗനാക്കീട്ട് ആ ചെലമ്പു രാജയോഗ്യമായ ഒരു് ആഭരണമാകയാൽ കൊട്ടാരത്തിൽ വിവരമറിയിച്ചുവരാമെന്നും അതുവരെ തന്റെ ഗൃഹത്തിൽ നിർബാധമായി ഇരിക്കണമെന്നും വ്യാപാരിയോടു പറഞ്ഞശേഷം രാജസന്നിധിയിലേക്കു പോയി; മുഷ്ടമായ ഭൂഷണം മോഷ്ടാവിനോടൊന്നിച്ചു കണ്ടുപിടിച്ചിരിക്കുന്നു എന്നറിയിച്ചു. രാജാവ് രാജ്ഞിയുമായി സൈ്വരമില്ലാതെയിരുന്ന ഒരവസരമായിരുന്നു അതു്.

അതിനാൽ രാജാവു് കാൎയ്യകാരണാലോചന കൂടാതെ രാജദൂതന്മാരെ നിയോഗിച്ചയച്ചു കോവിലനേ വധിപ്പിച്ചു. ഠരം വധഭൂമി മധുരയ്ക്കടുത്ത തൂപ്പുരം കവ്ഗ്രം എന്ന സ്ഥലത്തു് ഇന്നും ഒരു അശ്മസ്തംഭത്താൽ അങ്കിതമായിരിക്കുന്നു.

കണ്ണകി വിവരമറിഞ്ഞു ദുസ്സഹമായ വ്യസനത്തോടുകൂടി തിരിച്ചു രാജധാനിയിലെത്തി രാജാവിനോടു ഭൎത്തൃവധത്തിന്റെ കാരണം ചോദിക്കയും തന്റെ ചെലമ്പിനകത്തു വജ്രങ്ങൾ നിറച്ചിരിക്കുന്നതു് അവൾ കാണിക്കയും ചെയ്തു. രാജ്ഞിയുടെ ചിലമ്പിനുള്ളിൽ മുത്തുകളായിരുന്നതിനാൽ പരിശോധനയ്ക്കായിട്ടാൻ കൊണ്ടുവന്ന ചിലമ്പു രാജസമക്ഷം കൊണ്ടുവരപ്പെട്ടു. കണ്ണകി അതു ചെലമ്പെടുത്തു് ഒരടിയാലെ പൊട്ടിച്ചപ്പോൾ അതിനുള്ളിൽ നിന്നു വജ്രം നാലുപാടും ചിതറി. രാജാവു് ഇതുകണ്ടുവ്യസനത്താൽ സ്തബ്ധനായി ഉടൻ ഐഹികവാസം വിട്ടു. കണ്ടു നിന്നിരുന്ന രാജ്ഞിയും ഭൎത്താവിനേ അനുഗമിച്ചു. അനന്തരം കണ്ണകി തീക്കനൽ ചിതറുന്ന കണ്ണുകളും വിറയ്ക്കുന്ന ചുണ്ടുകളും തുടിക്കുന്ന കവിൾത്തടങ്ങളുമായി ഭൂമി ഇളക്കിക്കൊണ്ടു ഓടി ഒരു വലിയ ജനസംഘത്തെ മുന്നിട്ടു തട്ടാന്റെ വീട്ടിലെത്തി; കോപവും വ്യസനവും കൊണ്ടു ബോധം വിട്ടു് ഇടത്തെ സ്തനം ചുററിപ്പറിച്ചെറിഞ്ഞു. ഇതുകണ്ടു ജനങ്ങൾ അവന്റെ വീട്ടിൽ തീവച്ചു നശിപ്പിക്കയും അവനേ വധിക്കയും ചെയ്തു. അനന്തരം ആ സാദ്ധ്വി വൈകയാററിന്റെ ഉല്പത്തിസ്ഥാനത്തിനഭിമുഖമായി നടന്നു ചേരരാജ്യത്തിൽ പ്രവേശിച്ചു പശ്ചിമഘട്ടങ്ങളുടെ ചരിവിൽ ഒരു വേങ്ങമരത്തിന്റെ ചുവട്ടിൽ എത്തി അവിടെ വച്ചു ദേഹിയെ ദേഹത്തിൽ നിന്നു വേൎപ്പെടുത്തി.

പാട്ടിലൊരുഭാഗം:—

... ... ... ...

അര അര ശിവ ശിവ ശിവശങ്കര

ശിവ നാരായണ ശിവശങ്കരരേ
അരേ നമശ്ശിവായമേ ശിവശങ്കരരേ,

... ... ... ...

തെക്കും കൊല്ലം മനയകത്തു
തെക്കും കൊല്ലത്തെ മാതാവു
വടക്കും കൊല്ലത്തൊന്നു കേറ്റൂട്ടേ

... ... ... ...

ആയിരത്തെട്ടു വന്നം വളർമാലാ

... ... ... ...

പത്തു മുളമുള്ള തട്ടാനേയമ്മ
ഒൻപതു മുളമാക വെട്ടിയതോ
ഒൻപതു മുളമുള്ള തട്ടാനേയമ്മ
എട്ടു മുളമായി വെട്ടിയതോ
എട്ടു മുളമുള്ള തട്ടാനേയമ്മ
ഏഴ മുളമായി വെട്ടിയതോ
ഏഴമുളമുള്ള തട്ടാനെയമ്മ
ആറുമുളമായി വെട്ടിയതോ
ആറുമുളമുള്ള തട്ടാനെയമ്മ
അഞ്ചുമുളമായി വെട്ടിയതോ
അഞ്ചുമുളമുള്ള തട്ടാനെയമ്മ
നാലുമുളമായി വെട്ടിയതോ
നാലുമുളമുള്ള തട്ടാനെയമ്മ
മൂന്നുമുളമായി വെട്ടിയതോ
മൂന്നുമുളമുള്ള തട്ടാനെയമ്മ
രണ്ടുമുളമായി വെട്ടിയതോ
രണ്ടുമുളമുള്ള തട്ടാനെയമ്മ
ഒരുമുളമായി വെട്ടിയതോ.

... ... ...

ഒരുമുളമുള്ളൊരു തട്ടാനെയമ്മ
ഒരുച്ചാണാകുവോളം വെട്ടിയതോ
ഒരുച്ചാണുള്ളൊരു തട്ടാനെയമ്മ

കണ്ടം തുണ്ടം വെട്ടിയതോ—പിന്നെ
കായം കായമരിഞ്ഞതതോ—പിന്നെ
കാളിക്കം ക്രളിക്കം കൊട്ടത്തേതോ

... ... ...

അളമരത്തവളിങ്ങു വരുന്നെങ്കിൽ
അവളുടെ ചിലമ്പുംകൊണ്ടവാം പോരട്ടേ

... ... ... ...

അന്നേരത്തുമോ മൊഴി പറയുന്നേതോ
നാട്ടവാഴമോ തൈവമാതാവു്
തിപ്പരപ്പരുവാഴം തിരുനടയ്ക്കോ—പിന്നെ
ചെല്ലുന്നല്ലോ അമ്മ മാതാവു്.

... ... ... ...

ഒന്നല്ലോ ഒന്നു മാല കെട്ട്യോ—പിന്നെ
ഓരായിരം മാല കെട്ടുന്നേതാ;
ചേരാമ്പാണ്ടിലെ തട്ടാരുമേ—പിന്നെ
പൊന്നെട്ടത്തങ്ങു ഒളിച്ചേതാ;

... ... ... ...

ഇടത്തേത്തുടയൊന്നു വിറയ്ക്കുന്നേതാ;
ഇടത്തേത്ത്കണ്ണു ചുവക്കുന്നേതാ;

... ... ... ...

പോവാൻപോയ ജനങ്ങളെയൊക്കെ
ചക്രംവച്ചു തട്ടത്തേതാ

... ... ... ...

കൊല്ലല്ലമ്മേ കൊല്ലല്ലേ;
അരൻതിരുമകളേ കൊല്ലല്ലേ;
എന്നെയും പൊന്നെയും ഇടത്തുക്കിട്ടോരു
പൊന്നാരത്തുക്കവും ഞാൻതരുവേൻ.

... ... ... ...

# രാമകഥപ്പാട്ട്.

---

അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഇപ്പോൾ മലയാളത്തിലെങ്ങും സ്ഥലംപിടിച്ചു കഴിഞ്ഞിട്ടുണ്ടല്ലോ. തുഞ്ചത്തു ഗുരുനാഥന്റെ ആവിർഭാവത്തിനു മുമ്പെ രാമായണംകഥ പല പല രൂപങ്ങളിലായി പലെടങ്ങളിലും പ്രചരിച്ചിരുന്നുവെന്നുള്ളതിലേയ്ക്കു ഭാഷയിലെ പുരാതനസ്വത്തുകളായ പഴയ പാട്ടുകൾ ലക്ഷ്യങ്ങളായി നില്ക്കുന്നു.

തിരുവനന്തപുരത്തിനു സമീപം തിരുവല്ലത്തു് ഔവാട്ടുതുറ എന്ന സ്ഥലത്തു മാടം കാത്തുംകൊണ്ടു കിടന്ന അയ്യിപ്പിള്ള ഒരു രാത്രികൊണ്ടു മഹാകവിയായിത്തീൎന്നതും അതിനു കാരണമായി ഭക്ഷിച്ച പഴത്തിന്റെ തൊലി അയാളുടെ അനുജൻ അന്വേഷിച്ചു കണ്ടുപിടിച്ചു തിന്നുകയാൽ അയാളും വിദ്വാനായി തീൎന്നതും മററും തെക്കൻതിരുവിതാംകോട്ടു പ്രചരിച്ചിരിക്കുന്ന ഐതിഹ്യപരമ്പരകളിൽ ഉൾപ്പെടുന്നു. മലയാളത്തിൽ മഹാകവിയാകുന്നതിന് അയ്യിപ്പിള്ളയേയും അൻ്ജനേയും സഹായിച്ച എളുപ്പവിദ്യ ഈ കാലത്തു് അപ്രത്യക്ഷമായിപ്പോയതോ പ്രാചീന വിദ്വാന്മാരേ സംബന്ധിച്ച വിവരമെല്ലാം അറബിക്കഥകളിലെ അൽഭുതസംഭവങ്ങളോടു കൂട്ടി ഘടിപ്പിച്ചിരിക്കുന്നതോ ഇവിടെ പ്രതിപാദ്യവിഷയമല്ലാത്തതിനാൽ, അവ വിട്ടിട്ട് ആശാനായിത്തീൎന്ന അയ്യിപ്പിള്ളയുടെ രാമകഥയെക്കുറിച്ചു രണ്ടു വാക്കു പറഞ്ഞുകൊള്ളുന്നു. രാമകഥപ്പാട്ട് എന്ന് ഇവിടങ്ങളിൽ പറഞ്ഞുപോരുന്ന ഈ രാമചരിതം അയോദ്ധ്യാധിപനായിരുന്ന ശ്രീരാമന്റെ ചരിത്രം വാല്മീകി വൎണ്ണിച്ചതു് ഒരു മലയാളകവിയുടെ മനോമുകുരത്തിൽ പ്രതിഫലിപ്പിച്ചതായിട്ടാണു വിചാരിക്കേണ്ടതു്. എ

നാൽ പല ഘട്ടങ്ങളിലും രാമചരിതം വാല്മീകിരാമായണത്തെ ദൂരെ നിറുത്തുന്നു.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഉത്സവം പ്രമാണിച്ചുള്ള പടിത്തരക്കാരിൽ രാമകഥപ്പാട്ടുകാരും ഉൾപ്പെട്ടിട്ടുണ്ട്. ഇതു പാടുന്നതിനു ചന്ദ്രവളയം എന്നു പേരുള്ള ഒരു ഗീതോപകരണം ഉപയോഗിച്ചു പോരുന്നു. ചന്ദ്രവളയം കൊട്ടി വിരുത്തങ്ങളൊപ്പിച്ചു രാഗംകലർത്തി താളമേളങ്ങളോടു കൂടി കാളസ്വരത്തിൽ നടത്തിപ്പോരുന്ന പ്രയോഗം ആശാനാൽ കല്പിതമാണോ അല്ലയോ എന്നു രൂപമില്ല. ഏതായാലും ആവക ഭാഗവതന്മാരുടെ പ്രയോഗഗോഷ്ഠികളൊന്നും രാമചരിതത്തിന്റെ സാഹിത്യബന്ധരസികത്തത്തെ ബാധിക്കുകയില്ലല്ലോ. കവിതാബന്ധം, ആപാദചൂഡം സരസരമ്യവും സഹൃദയാകർഷകവും ആയിരിക്കുന്നു.

ശത്രുപക്ഷത്തെ അവലംബിച്ച വിഭീഷണനോടു രാവണപുത്രനായ ഇന്ദ്രജിത്തു പറയുന്ന ഭാഗം വിശിഷ്യ മനോഹരമായിട്ടുണ്ട്. ഇതുപോലെ ലക്ഷ്മണോപദേശം, ശബരി, കബന്ധൻ മുതലായവരുടെ സ്തുതികൾ, ലങ്കാദഹനം, സീതാദേവി രാവണനോടു ചെയ്യുന്ന ഉപദേശം, ദണ്ഡകാരണ്യവർണ്ണനം, പഞ്ചവടീവാസകഥ, സീതാവിയോഗവൃത്താന്തം, ഭരതകോപം മുതലായവ പ്രത്യേകം പ്രസ്താവിക്കേണ്ടവയാണ്. പഴയകാലത്തു നടപ്പുണ്ടായിരുന്ന പ്രാകൃതപ്രയോഗങ്ങളും തമിഴ് പദങ്ങളുംകൊണ്ടു ഏറക്കുറെ പൂർണ്ണമായിരിക്കുന്ന ഈ രാമകഥപ്പാട്ടു ഇപ്പോഴത്തെ മലയാളികൾക്കു രുചിച്ചില്ലെങ്കിലും ഇതു ഭാഷാസാഹിത്യത്തിൽ ഗണ്യസ്ഥാനത്തെ അർഹിക്കുന്ന ഒരു ഗ്രന്ഥമാണ്.

## ഇന്ദ്രജിത്തും വിഭീഷണനും.

### വിരുത്തം.

നീയവർ വശമായ്കൂടി നിനക്കിറപടക്കോളെല്ലാം
ആയവർതമക്കുംചൊല്ലി അണ്ണനെ ചതിക്കലാമൊ
തൂയവാ അയിമാനംകെട്ട തിൻപ്പയാ ചെറിയതാത
കാതലായിനത്തെ ച്ചത്തക്കരുതെടാ തശവില്ലാമൽ.

### പാട്ട്.

തശവുമില്ലെടാ ഉനക്ക നല്ല അണ്ണനൈക്കൊല്ലിക്ക
നാശമായ്പുറന്ത പഞ്ചപാപിയേ...............
തശവുനന്ന് അന്നമൂട്ടി ചെറിയനാളിലേ വളത്ത
തമയനക്കതവി നിയുമില്ലെടാ..................
പുല്ലിലും തായിലും വയ്യാമലൈ പുശത്തിൽ വയ്ത്തു
പുനിതമായ്വളത്ത അണ്ണനല്ലവോ
ശല്യമായി തങ്കയുടെ മൂക്കരിന്തതുക്കമൊരു
ശങ്കയുമുണ്ടോ ഉനതു നെഞ്ചിനിൽ
ഇല്ലയിന്തപാപിയാലെ ഒരുവഴിക്കും ചെൻറകൂട
ഉണ്ടചോറരിശിയും മറന്തായോ
ചൊല്ലാമോ അരക്കരുടെ മായയും തൊഴിലുകളും
തോലി വരുത്തിക്കൊള്ളാതെ മന്നവാ
മന്നവാ അനത്ഥമൊക്കെയും ഒഴിച്ചുലങ്കയിൽ
വാഴ്വതിനുനക്ക വിതി ഇല്ലെടാ
ഇല്ലെടാ പുറന്തപോതിറന്തിടും വല്ലോരുംനാളും
എപ്പൊഴുതും വാഴ്ചമെൻറണ്ണാതെ
അന്നയെപ്പോലെ വളത്ത അണ്ണനൈ കൊല്ലിപ്പതുക്ക
ആണ്മകൂടാതെ പിറന്ത ഉന്നെയും
ഉന്നയും ഇരുത്തുമന്ത മാനുഷർ നിനക്കുംപോതു
ഉററജാതികൾക്ക കാലനാകവേ
കാലനായ നിന്നെയും കൊല്ലുമേ ഒട്ടക്കത്തിൽ

കാവലൻ കണക്ക മിഞ്ചിനിക്കകിൽ
ഇല്ലയിന്തരാമലക്ഷ്മണന്മാരെന്ന രണ്ടുപേർകളോടു
കൂടിനിനക്കില്ല സേവസേവകൾ

... ... ... ...

പൊല്ലാതു കാൺമന്നവാ ഉനക്കുറുതി ചൊല്ലുക്കേളും
കോതയർമണി ത്തരുവാം ദേവിയെ
നല്ലെനാം ശ്രീരാമൻമുൻപിൽ വയ"ത്തു നമസ്കാരം ചെയ്യിൽ
നാൻവിലകി ഉങ്കളുയിർപേണുവേൻ.
അല്ലാതെ ഒരുതൊഴിലും നല്ലതില്ല ചൊല്ലുവാൻ
അരക്കർ ശേഷമുള്ളവർക്കും വാഴലാം
വാഴലാമെൻറണ്ണനോടുകൂടി ഞാൻ പുറന്നതും
വളന്തതും തിടമ്പിന്നയും ചെപ്പിനാൻ
ആഴിയാന തണ്ണി നീററിൽ പുറക്കും ശംകു താമരാ
അതിനടുത്തു മത്സ്യവും പുറക്കുമേ
അന്നയൊൻറു രണ്ടിനും ഭേദമില്ല താമര
ആലയത്തിൽ മൂർത്തികൾക്കും ചൂടലാം
പിന്ന യന്ത മത്സ്യവും ഉടയതൈൻറാൽ ചേരുമൊ
പേയെല്ലാം പറയാമലടങ്കെടാ.

## വിരുത്തം.

അടങ്കടാവെൻറുവിഭീഷണനലറി രാവണിയോടു മുട്ടകിനിൻറും
അററമില്ലാതോളമുള്ള അസുരപ്പടൈകളെ അശേഷവും കോല്ലിത്ത പഞ്ച-
(പാതകന്മാർ
നീയുംനിൻതാതനുമായി നിന്നെയിൻറു ലക്ഷ്മണൻവതിക്കുമിനി നാലുനാളി-
(നകം
നിൻതാതനെ രകുനാതനും വതിച്ചത്തൽ തീർത്തവനിപരിപാലനം ചെ-
(യ്യുമേ
ഇടിവെട്ടിടുംവണ്ണം ചിലയുംകുനിത്തു ശരവുംതൊടുത്തു നിൻറാനരക്കൻ
അരക്കനെതികോപമുടനടലിടയിൽമുട്ടകി വിഭീഷണനെ വതചെയ്യനിനവേ
കുരക്കപ്പടയ്യുരുതി ചൊല്ലിയെൻ താതനെക്കൊണ്ടു പുവിയാനതുയരാൽ
കുതുകമുടനരികൾക്കു കോടിപലതു ചൊല്ലിടുവതഴകൊണ്ടു വാളിതെട്ടാൻ

വാളിതൊടുന്ന സുരകുരിശിൻതനയൻ വീരരാവണിവേകുണ്ടുകളമേൽ
വൈരമിലകിയ ചെറിയ താതനം മാററു വഞ്ചന നഞ്ചമെയ്യാ
ത്തുളിപ്പെട്ടിടയവരിയ കനകൊണ്ടു വീശിയ ആശിനാലും തുണിത്താൻ
തുങ്കവൻകുടകവരിതഴകൾ മുട്ടിപ്പെട്ടിതുരകങ്കളും നെരിയവേ
നെടിയവിരതം പൊട്ടത്തിട്ടുനൻ തശമുടിക്കരിശിൽ തനയൻ മുതൽവനെ.
നില്ലുനില്ലെൻറയ്യോ പടയിനിൽ ചരവരിഷം നിരുപർ തിരുമാല്യം മകിഴ
കനകത്തേരേറിയെ തരിയിട്ടും കൈക്കണ്ടു പകലിർവുപോലാനതെ
ഇരവുപകലാനതെ നിരുതർവളത്തുക്കവികൾ ഏതെൻറു തെരിത്തിടാമൽ
പരവപോലിയെ വലിയകണകലോലിയൊ വേണ്ടു പതറുവതെ കവിവീര—
(ർകൾ
പകിരണ്ടുവും കണ്ടു വിണ്ണിലുള്ളോർ തോഴനിരുവർ തിരുമാല്യം മകിഴ
ഒരുപതമെയ്യുനൽ അംകതൻനെഞ്ചിലുമുടനെ മാരുതിനെഞ്ചിലും
നെഞ്ചുതനിലഞ്ചമ്പു വിമതനെയും കുമുതനെയും നെടിയനളനെയും വീ—
(ക്കിനാൻ
അഞ്ചു രണ്ടും പത്തും അമ്പതും നൂറുമുടൻ ആയിര മരികളെ വെല്ലും
അവസരം കണ്ടന്ത ലക്ഷ്മണർ മെയ്യിലും ആറാമൽ വാളിയെയ്യാൻ
എയ്യുനൽകണൈയവിടെ ലക്ഷ്മണൻ അസുരന്മേൽ ഇടിമിന്നലൊളിനിക—
(രതായ്
കൈയെതിരെവകുളിവരും അസുരരെ ഇടകളറതകതിപെടവേകഞ്ചുകം.
കഞ്ചുകം മഞ്ചരികൾ കവചമൊടു കടകങ്കൾ കണ്ടപട്ടു തുണിവട്ടനെ
കരുതിയൊരുകണൈകൊണ്ടു ചാമരം മുറിപട കണ്ടവർകൾ കൊണ്ടാടിനാർ
മിഞ്ചുകണകുടകവരിയിരതമൊടു തുരകിതന്നെരുനാലും തുണിത്താൻ
വിറൽമന്നർലക്ഷ്മണർ സാരതിയെയുംകൊൻറു വിരവൊടു പടയിലാർത്താൻ
ആർത്തപടകണ്ടു വിണ്ണവരികളും തൊഴനിരുവർ തിരുമാല്യം മകിഴ
നെടുമാല്യമായറിയ പിർമാവുമായ്യൊരുതപോർ നികരുശരിചൊല്ലലാം
ഇല്ലശരിചൊല്ലലാ ലക്ഷ്മണൻരാവണിയുമായ് പൊരുന്തപോർ പോരെ—
(ണ്ടാൻ.
എങ്കണ്ണും വിണ്ണുള്ളോർ യക്ഷതാപസർമററും ഇവർമുടിയിൽ മലർചൊരി—
(വരാ

## വിരുത്തം.

മലർനിര ചൊരിന്തപോതു വാനിലുള്ളോർകളെല്ലാം
അലൈയെനപറഞ്ഞുകൂടി അനവരും വാഴ്ത്തിനാരെ
ഉലൈയവെ ശരങ്കൾകൊണ്ടു ഉരൈത്തു രാവണിയും നിക്ക
ചിലതനൈ പ്പിടിത്തിറക്കി ച്ചിനൈത്തു രാവണിയുംപൊരുതാൻ.

പൊരുതാനെലക്ഷ്മണനും പൊരുതാനെ രാവണിയും പൊരുതാർ വിണ്ണോർമിക്കപ്പൊരുതാർ.

പൊരുമവരക്കരിപൊരുമവർ മതകരിപുരവിടും കണപരപ്പൊരുമിച്ചെരുമിക്കരുതിപ്പല കണപൊങ്കിത്താവിത്തോകിത്തങ്കുവതുരുകുവാനൊരു കണവുലകിടകതിരവനൊളിവുകൾ കളമതിൽഉലതതുപൊടിപെട. ഒത്തുറകപിവരർ ചിത്തും കടിയവർ യുത്തംചെയ്താർകളമേ. (പൊരുതാനെ.)

കളമതിൽരാവണി കണ്ടവിടനിരുതൻ രവികുലനൃപമണി രഘുവരതുണവൻ ഇറകിച്ചിലയിൽപ്പിടിപെട്ടെഴപത്തിരായിരമസ്ത്രം ശതകോടി ബ്രഹ്മാസ്ത്രം അസുരപ്പടവുടൽതല കളമതിൽവീഴവേ. പൂരിത്തുതിരം പാരിത്തൊടപൊങ്കിന തേരൊടു താവിത്താവി നിട്ടമനൊടാത്താൻ. (പൊരു.)

തിട്ടമനിടയ്ക്കുവുട്ടക്കപെരുമ്പരതുന്ദുഭിതാളം പേരിമുഴങ്കതിറവിയലിനകിട്ടപിടി തകിലുരുള ഇന്ദമിമത്തള ഭേരണക്കഴലുകൾഅഴകൊടുകൊട്ടവരെ തേരതിലെ ധ്വകണത്വകണപറത്തൊനിയഴവതുപൊരസുരപ്പടകുലിശം പുതൽവിടവെ. (പൊരു.)

വിടവെതിമികരുടത്തിൽ ചെമ്പരിശണിൽ ശോവരിശത്തിടനിറമുള്ള സുരപ്പടയൊരു കോടിത്തിറമൊടു ബഹുകണ മഴകണ കബന്ധമുണ്ടാടിപ്പാടുമിതിത്തും ചുട്ടകുമിത്തും കൂടിയലൈത്തും പൊരുകിറഝമളികൾ കൊണ്ടതൽനിറപ്പെരുമാൾതൻ തുണവൻ ചരടു വലക്കൈയിടക്കൈ മുറുക്കിത്തനവൈ യടുത്തു പളൈത്തു തളത്തു താഴ്ത്തുക്കണെമുകത്തശരത്തെ ഗരുഡശരത്തെ വരുണശരത്തെ കെട്ടുക്കോവേണ്ടും മന്നാ തോട്ടക്കോലുംകൊണ്ടു നന്മകൾതിന്മകളിവതി വരുമ്പൊളശന നിനക്കും ഏതൊതാതാകവിതാ യെൻറും നണ്ടായേണ്ടും ചൊല്ലിനരച്ചുകുരച്ചുമരിക്കയുമില്ലിനി നലമൊടു പടപൊരുകുവതെരടം അംബരവാസികൾ നമ്പിക്കൊള്ളാമതനേ സുതനേ യിതിനാവതിന്നാ (അലപൊരുതരതി.)

# ശിവാലയപ്പാട്ട്.

ശിവാലയപ്പാട്ടുകൾ വിളവങ്കോട്, കൽക്കുളം, ഇരണിയൽ ഈ മൂന്നു താലൂക്കിലും നടപ്പുള്ളവയാണ്. കുംഭമാസത്തിൽ ശിവരാത്രിയുടെ മുൻദിവസം വൈകുന്നേരം വിളവങ്കോട്ടുതാലൂക്കിലെ തിരുമലക്ഷേത്രത്തിൽ ഒരുകൂട്ടം ഭക്തന്മാർ വന്നുചേരുന്നു. ഇവരുടെ വേഷം ഒട്ടുമുക്കാലും ഒരേവിധത്തിൽ തന്നെ ആയിരിക്കും. തോർത്തുമുണ്ട് അരയിൽ ചുററി തലയിൽ പട്ടുകെട്ടി സർവാംഗം ഭസ്മം ധരിച്ച് കഴുത്തിൽ രുദ്രാക്ഷമാലയും കയ്യിൽ വിശറിയുമായി ഗോവിന്ദാ ഗോവിന്ദാ! എന്നു വിളിച്ചുംകൊണ്ടാണിവരുടെ പുറപ്പാട്. ഇവർ ദീപാരാധന കഴിഞ്ഞ് കിഴക്കോട്ടിറങ്ങി ഓട്ടം തുടങ്ങും. ഈ ഓട്ടത്തിനിടയിൽ യാതൊരിടത്തും നില്ക്കുക പതിവില്ല. തിരുമല, തിക്കുറിച്ചി, തൃപ്പരപ്പ്, തിരുനന്തിക്കര, തൃപ്പന്നിയോട്, തിരുവിതാംകോട്, പന്നിബ്ഭാഗം മുതലായി വിളവങ്കോട്ടു, കല്ക്കുളം, ഇരണിയൽ ഈ മൂന്നു താലൂക്കുകളിലുമുള്ള പന്ത്രണ്ടു ശിവാലയങ്ങളിലും ഒരു രാത്രികൊണ്ട് കുളിച്ചുതൊഴുത് ഒടുവിൽ തിരുനട്ടാലം, എന്ന സ്ഥലത്ത് എത്തണമെന്നാണു നിയമം. ഇവർ പാടുന്ന ചില പാട്ടുകളാണു ശിവാലയപ്പാട്ടുകൾ.

ഒരസുരന്റെ ഉപദ്രവത്തിൽ നിന്നു രക്ഷയ്ക്കായി ശിവൻ വിഷ്ണുവിനെ വിളിച്ചുകൊണ്ടോടിയ എന്നുള്ള കഥ അഭിനയിക്കുകയാണ് ഇവർ ചെയ്യുന്നതെന്നത്രേ പറഞ്ഞുപോരുന്നത്.

ചോലമണംവീശും തിരുമലയിൽവാഴുമീശനും
ചൊല്പെരുകും തിക്കുറിച്ചിയിൽ മേവിനശംഭുവും
ശോകംതീർക്കും തൃപ്പരപ്പിൽ നാഥനും

കാലനെ വധിത്ത തിരുനന്ദികേശനും വിശേഷാൽ
കാത്തടിയനു കവിത ക്ഷമതകീടണ മിന്നുവെക്കം
കാളകണ്ഠൻ തിമ്പിലാംകുടി അരൻ
ചാലവേ പന്നിപ്പാകം ചന്ദ്രശേഖരൻ തുണയ്ക്കു
സത്വരം പത്മനാഭപുരത്തിലമന്നിടും
സാരസാക്ഷനായ നീലകണ്ഠനും
മേലാങ്കോടതിലമരും കാലവൈരി ശങ്കരനും
മേവിയെ തിരുവിടയ്ക്കോടതിൽ മൃത്യുശാസനൻ
മേലും തിരുവിതാങ്കോടതിൽ വാണിടും
ഫാലനയനൻ പശുപതി അനുഗ്രഹിക്കവേണം
പരിചൊടു തൃപ്പന്നിയോടതിൽ മരുവും ഭൂതേശനും
പാരതിൽ നട്ടാലയത്തിൽ രുദ്രനും
ബാലനാമെനിക്കു തുണചെയ്യണം വഴിയോടിന്നു
പരിചിനൊടടിയിണകളെ അനിശം ഞാൻ കൈതൊഴാം
പാശബന്ധമൊക്കെയുമൊഴിക്കണം.

മേലെഴുതിയപാട്ടിന് അത്ര പുരാതനത്വം കല്പിക്കാവുന്നതല്ല.

വേറൊന്ന്—

അനന്തയിൽതുയിരും അരൻ തന്നെതുതിപ്പവൾക്ക
അയന രമുകന ച്യുതനമല വാണിയു മൻപിനൊ ടെനിക്കു തകവേണമേ
മനം തെളിന്തു തിരുമലതന്നി ലനുദിനവും മലമകളൊടു മരുവി
ഗംഗധരിച്ചുടൻ, വാഴകിൻറമഴൻ മഴകിതേൻറിയേ
മാമ്മഴകിതേൻറിയേ മകിഴ്ന്തു തി[illegible]റിച്ചി തന്നിൽ
മലമകളൊടു ശൂലകപാല കടുന്തുടി വന്തുതിത്തമർന്തു വാഴും മാപ്നേ
ദീനമകററിടും തൃപ്പരപ്പിൽ പിറച്ചൂടിന തിരുനടമാടിന നീറണി
കരവും ചേത്തുടൻ തിരുനന്തിക്കരെ മഹാദേവനേ—
വാനവർ പുകഴും തിപ്പിലാംകുടിയിൽ
വാഴരന മകിഴ്മയോടടിയനൊരു പിഴവരാമൽ കാത്തരുൾ

മകിഴ്ന്തുപന്നിപ്പാകം വാഴും നാതനേ.
നാതചേലാകവേ കളയെൻ പതിവളരും

നലമുടനമൃതതുകടയവേ നഞ്ചുവാരിയുണ്ടരനല്ലതിരുനിലകണ്ഠ സ്വാമിയേ—

കേതമററിട്ടും മേചാകോട്ടു കാലകാലനും കെട്ടിയ മെയ്യിലടക്കിയ വെട്ടും മീണ്ടരൻ കീത്തിയെ തിരുവിടയ്ക്കോട്ടമലനും തീതരുത്താൽ ഓളുമൊക്കെ ലോകമൊക്കയും—

പുകഴാൽ വാഴമെന്നതിതിരുപുരമെരിചെയ്തമരുവോരറ മിൻറാൻ തിരുവിതാംകോട്ടുംപരശുപാണിയേ—

പരശുപാണിയാകവേ തൃപ്പന്നിയോടതിൽ ഈയനും പകലവ നൊളിവതു മലമകംതന്നെ......
പാർപുകഴ്ന്നീടും നല്ലാരിപാപ്പനേ

തറപുകഴ്ന്നിടും തിരുനട്ടാലമതിൽ വാഴകിൻറ ജടയതിമദകൊന്നണിന്താൻ, ശംകരാ ഗംഗാധരനേ, പരമിശനേ വിരാവിൽനികാം പന്തിരണ്ടു പേരു താണമാലയനും മെൽപ്പടനപ്പുവിശിപ്പമതാകവേ......മേവിയെന്നെ ആണ്ടുകൊൾകവേണമേ—

അനന്തയിൽ വാഴമച്യുതനും ആതികേശവനു മാതിനാതനും പൂണ്ട മാത്താണ്ഡശരത്തിൽപുക്ക അപ്പൻകൃഷ്ണനും പുലിയൊടുപാല്യം കന്നിനാൽ കൊടുവന്ത നരിപുരിവകം അണക്കരെവാഴുംഅയ്യനും അയ്യശേരാകവേ വയന്തമണ്ഡലംതന്നിലേഅമന്ത

വഞ്ചിമാത്താണ്ഡവമ്മനും ചെയ്യുംപുകൾ കീത്തികൊണ്ട ശിവന്മാർകൾ വിഷ്ണുമാർകളും തെളിവൊടു ലക്ഷ്മിഭൈരവികാളിഭഗവതി ചിറന്ത അയ്യികേശിമാർകളും—

വൈയകത്തിൽ വാരണമുകനും മലമകളും വാനവരും വാനവക്കറിയവരും തുമ്പമാദിയോരുകൾ തുമ്പർ നാരതർ യക്ഷകിന്നരപിതൃക്കളും—

നാരായണരാതിത്യചന്തിരരും കീത്തിതന്നിട്ടെൻകവിപുലവരും കുരുക്കന്മാരും സകലപേരും നാടിയെ എൻഗുരുവരൻ കുഞ്ചിരവിയും പണമൊത്ത മയിൽകത്തു ക്രുവക്കാട്ടു കരതന്നിൻ വരന്തയെ ശരിയാകവേ അണ്ടു ശിങ്കപതിയിൽഅച്യുതൻ നിലമൊഴിന്ത കാവിയം അരന്ദിത്തവച്ചമാല്യം വിരിയം

മോദമോടിസഭയിൽ ഇരിക്കും ജനങ്ങൾ പാദം മുടിയിലെ ശിരസ്സിലിരുത്തി
ക്കൊണ്ടേനൻ പാട്ടറിയാപിഴകൾ ഒൻറു പാടിടുകിൽ നിങ്ങളതെ പലകതയായി
നളമനമതിലുന്നി നിനെഞ്ഞുടൻ പക്ഷമോട്ട് കേട്ടരുൾകവേണമേ —

ഭാരതപ്പോര കഴിഞ്ഞുകൂടി. ധർമ്മപുത്രർ അശ്വമേധം എന്ന യാഗത്തിന വട്ടം കൂട്ടി. അദ്ദേഹത്തിൻെറ ആജ്ഞയെ അനുസരിച്ചു യോദ്ധാക്കൾ തിറവാങ്ങാൻ പല രാജ്യങ്ങളിലേയ്ക്കും യാത്രയായി. അർജ്ജുനൻ നാകന്മാരുടെ വാസഭൂമിയിൽ ചെന്നുചേർന്നു. നാകന്മാരാകട്ടെ ന്യായമായി അദ്ദേഹത്തെ ആദരിച്ചു. അഹങ്കാരലഹരിയാൽ ബോധരഹിതനായ അർജ്ജുനൻ അവരെ ഭത്സിക്കാനും ഭയപ്പെടുത്താനും തുടങ്ങി. അപ്പോൾ നാകന്മാർ പറയുന്നതാവിതു്: "ഞങ്ങൾ നീതിനിഷ്ഠയോടുകൂടി വർത്തിക്കുന്നവരാണ്. ന്യായം വിട്ട് അക്രമം പ്രവർത്തിക്കുന്നവരല്ല. മത്സ്യംതീററി, മാംസഭക്ഷണം, പരസ്ത്രീവാഞ്ഛ ഇത്യാദി ദുർഗ്ഗുണങ്ങൾ ഞങ്ങൾക്കില്ല" അർജ്ജുനൻെറ ഉരുട്ടുകൾ നാകന്മാരോട്ട് പററാത്തതിനാൽ അദ്ദേഹം പിന്തിരിഞ്ഞു പോരിന ചേട്ടനോട്ട് അനുവാദം ചോദിച്ചപ്പോൾ ധർമ്മിഷ്ഠന്മാരും ശൂരന്മാരും ആയ നാകന്മാരുടെ നേക്ക് അമ്പയയ്ക്കുന്നതിൽഭേദം സ്വവംശരക്ഷകനായ ശ്രീകൃഷ്ണൻെറ മാറിലൊ തൻെറ കണ്ണിലൊ എയ്യുക എന്നായിരുന്നു ആ ധർമ്മരാജൻെറ ഉത്തരം. നാകന്മാർ അർജ്ജുനനോട്ട് ഇങ്ങനെ പറയുന്നു.

| | |
|---|---|
| എങ്കൾകുഴാം നല്ലവർകുഴാമേ<br>ചൊല്ലുവോം മെയ്ചൊൽതഴല്ല് | ഞങ്ങളുടെ സമൂഹം ധർമ്മിഷ്ഠസമൂഹമാകുന്നു. പറയാം. സത്യപറഞ്ഞാണ് പരിചയം. |
| എങ്കൾകുഴാം നല്ലവർകുഴാമേ<br>കള്ളരുന്തിടുവതുമില്ലോം<br>എങ്കൾകുഴാം നല്ലവർകുഴാമേ | മദ്യപാനംചെയ്യുന്നില്ല. |

| | |
|---|---|
| കൊണ്ടപ്പുറണവകൈ യൊരുവകയു<br>മുൺപതില്ലോം<br>എങ്കൾകുഴാം നല്ല റവർകുഴാമേ<br>ഉഴൻവകൈ യുൾക്കോളുവില്ലോം<br>എങ്കൾകുഴാം നല്ല റവർ കുഴാമേ | മത്സ്യാദികൾ ഒന്നും ഭ<br>ക്ഷിക്കുന്നില്ല.<br><br>മാംസങ്ങളൊന്നും തി<br>ന്നുന്നില്ല. |
| പിറമനവിയരൈ ത്തവഴുവിരുപ്പുറ<br>നോക്കുവതില്ലോം<br>എങ്കൾകുഴാം നല്ല റവർ കുഴാമേ<br>ഇഴവനില്ലെനമൊഴിന്താൽ പിറകിങ്ങു<br>യിർ വാഴ്വതില്ലോം | പരസ്ത്രീകളെ തെററായി<br>ട്ടുള്ള സ്നേഹം ജനിക്കുമാറു<br>നോക്കുന്നില്ല. ഇല്ലെന്നുപ<br>റഞ്ഞുപോയാൽ പിന്നെ<br>ജീവനെ ധരിക്കുന്നില്ല. |

"ഇല്ല" എന്ന് ഒരു വാക്കു പറയാൻ ഇടയായിപ്പോയാൽ പിന്നെ അവർ ജീവിച്ചിരിക്കുന്നതല്ലത്രേ.

വേറൊരു പാട്ടിൽ നാകന്മാരുടെ ഉരു (സ്വരൂപ)വും കരുവി (പഞ്ചേന്ദ്രിയങ്ങളും)യും ഉള്ള (അന്തഃകരണ)വും ഉയിരും (പ്രാണനും) കടവുൾ (ദൈവവും) കൽവി (വിദ്യ)യും ഉലക (ലോക)വും എന്നുവേണ്ട അവരുടെ എവൈ (സർവ്വം) യും ധർമ്മമയമായിരുന്നുവെന്നു കാണിക്കുന്നു.

അറന്താനെ യുരുവാന നാകത്താരെ
അറന്താനെ കരുവിയാന നാകത്താരെ
അറന്താനെ യുള്ളമാന നാകത്താരെ
അറന്താനെ ഉയിരാന നാകത്താരെ
അറന്താനെ കടവുളാന നാകത്താരെ
അറന്താനെ കൽവിയാന നാകത്താരെ
അറന്താനെ യുലകമാന നാകത്താരെ
അറന്താനെ എവൈയുമാന നാകത്താരെ
ഉൾത്തിടമേയുരുവാന നാകത്താരെ
കൈത്തിടമേ കരുവാന നാകത്താരെ

വൈത്തിടമേ വിലവിരുക്കും നാകത്താരെ
മെയ്ത്തിടമേ മേനിയാന നാകത്താരെ
പൊയ്ത്തിടരെ പൊടിയാക്കും നാകത്താരെ
കത്തിവാൾ കൈയിലേന്തും നാകത്താരെ
എത്തിശൈയും പുകൾകൊണ്ട നാകത്താരെ
ചിത്തിമുത്തി കൈക്കൊണ്ട നാകത്താരെ
വില്ലാളി വീരരാന നാകത്താരെ
വിരുത്തുകെട്ടി പടൈവെല്ലും നാകത്താരെ
പുല്ലിനവെല്ലാം തുറക്കും നാകത്താരെ
പുനിതരടി വണങ്കിവീഴും നാകത്താരെ.

## വേറൊരുപാട്ട്.

പാളത്താരുമ്പ പടൈവാളും
മീതിലുടുപ്പും മെതിയടിയും
മീശക്കൊമ്പും വിരികുഴലും
വീരച്ചൊല്ലും വിളൈയാട്ടും
നീറണിനെററിത്തടവഴകും
നേരിശൈയോങ്കും നെറിനിലൈയും
നാകക്കിരിയരത്തുടിലിതെ
നാടിക്കടിയർ വണംകുവതെ.

---

## കോളെരിപ്പാട്ട്.

---

കോളരിയേ, കോളരിയേ കോലമിറന്തൊരു കോളരിയേ
കണ്ടാരുമ്പോൾവെളിക്കോളരിയേ കാണാതോക്കിരുമ്പോൾകോളരിയേ
ഒൻപത്തുവായ്ക്കുണ്ടിൻമുകട്ടുള്ളത്തുററുവിളംകിയ കോളരിയെ
ആറുംതാണ്ടിച്ചെന്നാലക്കരെ യരൺമനൈ മേവിയ കോളരിയെ

## വേറൊരുപാട്ട്.

പിളരിമുഴക്കി പ്പുള്ളിയെഴപ്പി പ്പേരിമ്പംകടൽപൊങ്കിവര
കളരിതളൎത്തു തുയിലയിട്ടുക്കാർമേനിപ്പൊരിച്ചിന്തിയെഴ
പുല്ലെനവെല്ലാം തുറക്കം നാകത്താരേ

## കോനാർപാട്ട്.

കോനാരെ കൈകൊട്ടി പ്പാടുവീരെ
കൊണ്ടാനടിച്ചു കൂത്താടുവീരെ
മാനമോനക്കോടൈ പോടുവീരെ
മാലററമാവിൻപം കൂട്ടുവീരെ
തീയും പുനലും വളി വിണ്ണും
മണ്ണുംകലൎന്നു മടമ്പിക്കെട്ടി
വീട്ടിലിരിക്കം നപ്പേൎനാരെ
പാടുവീർ പാടുവീർ പാവലരേ.

## വേറൊരു പാട്ട്.

വേണാട്ടുപ്പൊങ്കിലിയാർ വെടിവച്ചുക്കാട്ട
കാണാമൽനിൻറവരെ കൺപൊട്ടരെന്നാർ
മാണാക്കർതാമരപൈമകിഴ്ന്തുവററിപാരാട്ട
കോണാമൽകാണാരെ കോളിലികളെന്നാർ.

## ചെറുമച്ചിപ്പാട്ട്.

തിങ്കളംചേരിതി തിരിന്തൊട്ടങ്കം പെറുമച്ചി
തേന്തുറിവന്തു തെളിന്തിരുക്കം ചെറുമച്ചി
മാനമററ തുയക്കമാളാപ്പെറുമച്ചി
മണ്ണുവിണ്ണുമററിന്നെത്തു മടംകം പെറുമച്ചി
(മാനാരിക്കോട്ടയിൽ കാമ്പിത്താൻശിവാങ്ങളം)
ചുട്ടാവേവെട്ട വെളിതനിയാ യോങ്കി
മട്ടാവെ യടഞ്ഞ നിലനിലതാനാകം
അന്നിലതാനഴിയാതൊരറിവായോരു
വിണ്ണിലൈയെന്നെമതാശാൻ വിളമ്പിനാരേ

അകമററു പുറമററ ഞാനൊക്കെയററു
മേലററു കീഴററു വെളിയുമററു
കണ്ണുററുകാണ്മലററു കാക്ഷിയററ
വിണ്ണിലൈയെന്നെന്മതാശാൻ വിളമ്പിനാരേ.

കോളേരിപ്പാട്ട്, കോനാർപാട്ട്, പെരുമ്പട്ടിപ്പാട്ട് മുതലായവ ഈവിധം വളരെ പഴക്കമുള്ളവയാണ്. അവ നായന്മാരുടെ പോർമിടുക്ക്, ഈശ്വരവിശ്വാസം, ദേഹദാർഢ്യം മുതലായവയെ കാണിക്കുന്നു.

നായന്മാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന കളികൾ തന്നെയും അവർ മുൻകാലങ്ങളിൽ കായികാഭ്യാസങ്ങളിൽ അതിസമർത്ഥന്മാരായിരുന്നുവെന്നു കാണിക്കുന്നു. താലികെട്ടുകല്യാണപ്പന്തലിൽ വച്ചു നടത്തിവന്നകളികൾ ഇപ്പോഴത്തെ സർക്കസ്സുകാർക്ക് പ്രത്യേകാഭ്യാസം കൂടാതെ സാധിക്കാവുന്നതല്ല. നായന്മാരുടെ ഈ കളികൾ അടുത്തകാലംവരെ സർവ്വസാധാരണമായി കളിച്ചുവന്നു. വലിയ വിളക്കിനു ചുററും പത്തിരുപതുപേർ വളഞ്ഞുനിന്നു കുത്തുകാലും കോത്തുകാലും വച്ചു തുശിയും വങ്കിയുമിട്ടിരുന്നു കാണിക്കുന്നോ വിദ്യകൾ കണ്ടല്ലയോ മാർത്താണ്ഡവർമ്മയിലെ ശങ്കുആശാൻ "ഭഗവാന്റെ മായാവിലാസങ്ങൾ" എന്നു പറഞ്ഞുപോയത്. കഥകളിക്കാർ ശൃംഗാരപ്പദം പതിഞ്ഞാടാൻ വട്ടക്കാലിൽ നില്ക്കുന്നതുതന്നെയായിരുന്നു കല്യാണക്കളിക്കാർ ഗണപതിയെ വന്ദിക്കുന്ന "ഭൂതനമുകവൻ" എന്ന പാട്ടിനായി സ്വീകരിച്ചിരുന്നത്.

പാട്ടുകളുടെ ആദിമദ്ധ്യാന്തങ്ങളിലെ "അടവുചവിട്ട്" ഇതിലും കടന്ന ഒരു വിദ്യതന്നെ. പേര് "അടവുചവിട്ട്" എന്നാണെങ്കിലും അടവുമാത്രം കൊണ്ട് ഇതു ചവിട്ടാൻ ഒക്കുകയില്ല. പ്രത്യേകം പഠിക്കതന്നെ വേണം. ഈ അഭ്യാസവിധത്തിന്റെ മാഹാത്മ്യത്തിനു ലക്ഷ്യങ്ങളായ പാട്ടുകൾ എത്രയോ ഉണ്ട്. കളിക്കുപയോഗപ്പെടുത്തുന്ന പാട്ടുകൾ തന്നെയും

ഈശ്വരസ്തുതികളോ പുരാണകഥാവിവരണങ്ങളോ ആയിട്ടാണ് കാണപ്പെടുന്നത്.

അങ്കി(അഗ്നി)യും തുമ്പയും ആടരവങ്ങളും
അമ്പിളിയും ചിട തന്നിലണിന്തോൻ
വൻകരി വേഷമായ് വൻപിടിയാം യുമ...ഇത്യാദി.

നാടേരിക്കളി ഇതിന്റെ ഒരുവകഭേദമാണ്.

കാലകാലാ ബാലചന്ദ്രാമൌലി ശൂലി—ശംഭോ
നീലലോഹിതാ സകല സാധുവന്ദ്യ
ഫാലലോചനാ പരമ പാവനാംഗ—വിലച
മാലജാലശേഖരനാ മഗ്നിനേത്ര
ശൂലപാണേ നീലകണ്ഠസ്വാമി പാഹി—മമ
പാതകമെല്ലാം മകററി ക്കാത്തിടേണം.

ഇതിനിരട്ടി—

പറഞ്ഞു പലതര മിങ്ങനെ വിജയൻ
നിറഞ്ഞ പരവശമൊടു മാധവിയും
നിരന്ന ദ്വാരകപുരിയതി ലിങ്ങനെ
കരഞ്ഞു ബലദേവനുടെ തിരുമുമ്പിൽ
അടിച്ചു മാറതിലങ്ങനെ പുരികുഴൽ
പിടിച്ചിഴച്ചു മനേകതരത്തിൽ
പിടിച്ചടിച്ചു മോഹിപ്പതുകണ്ടു.

വേറൊന്നു—

കണ്ടുകൊൾവതിനുണ്ടു സംഗതി നമ്മൾ തമ്മിലതെങ്കിലോ
വണ്ടണിക്കുഴലാളെ നമ്മളി ലിണ്ടൽ പോക്കി വസിച്ചിടാം

ഇനിയൊന്നു—

തെക്കേക്കൂററിലെ നായന്മാരും പാറച്ചാലത്തോഴന്മാരും
പന്നിനായാട്ടിൽ പാരം പതുങ്ങിക്കൊണ്ടേ—തിത്തൈ.

അടവുചവിട്ട് —

ആനമുകവൻ ഗണപതിവാഴ്ക
അൻപുററന കളിമുറയടവുകളൻപൊടു പലതരവും നല്കിയ
ആയനും വാഴ്ക തൈവം വാഴ്ക — ഇന്തതൈത്ത
ഊനമില്ലാതുള്ളൊരു നാട്ടം വിളങ്ങുക
ഉള്ളിൽനിനച്ചെപ്പൊഴുമെന്തുപോൽ വന്നിങ്ങനെ യുതവി യതരുളാൻ
ഉത്തമമായുള്ളൊരു ദേവൻവിളങ്ങുക
ദേവനു പൂമലരിട്ട് കൈവണങ്ങുമ്പോൾ
ദൈവംതുണനമുക്കെന്നേയ്ക്കുമേ — ഇന്തതൈത്ത
തിത്തത്ത–തിമൃതകത–തിമിത്തകത–ത്തക്കിടകൃതികതൈ.

അനന്തുലകിനെ പടത്തവൻചിരത്തിനെ
മറിച്ചുടനൊരു കരന്തന്നിലേന്ത
അരനുടെ മുടിമേൽ നിന്നരവങ്ങൾ
പുനഞ്ഞിഴഞ്ഞിടവേ — ഇന്തതൈത്ത
കനത്ത മത്തക മൂർത്തിമേൽ തരിത്തിട്ട
ങ്ങുരത്തവൻ പുലിത്തോലു മുടുത്തങ്ങനെ
കണകിരിസുത കണവനെ മന്നമൊട്
പുണരുകഹേ–ഹാ–മിന്തതൈത്ത.

ഈ വിധം കളികളിലും കവിതയെ അവലംബിച്ചു ദൈവവിശ്വാസത്തെ അന്തർവിപ്പിച്ചു കഴിഞ്ഞുപോന്ന വർഗ്ഗക്കാരാണ് നായന്മാർ. പ്രായം ചെന്നവരുടെ കളികളിങ്ങനെ. കുട്ടികളുടെ കളികളും പാട്ടുകളോടുകൂടിയാണ്. പാട്ടുചേർന്ന കളി പലവർഗ്ഗക്കാർക്കുമുണ്ടാകാം. എങ്കിലും പല കളികളും പാട്ടിലാക്കിയിട്ടുള്ള മററുവർഗ്ഗം ഉണ്ടോ എന്നറികു സംശയമാണ്.

നമ്മുടെ പള്ളിപ്പിള്ളേരുടെ പഴയ പാഠമെഴുത്തു പാട്ടിലാണ്. ആയാനെ വന്ദിക്കുന്നതു പാട്ടിൽ, ആയാനോടു യാത്രചോദിക്കുന്നതു പാട്ടിൽ, വീട്ടിൽ വന്നാൽ കളികളെല്ലാം പട്ടിൽ, സന്ധ്യയ്ക്കു രാമനാമം ജപിക്കുന്നതു പാട്ടിൽ. എന്നു

വേണ്ട എല്ലാംതന്നെ പാട്ടിലാണ്. എങ്ങനെയെങ്കിലും ഒരു മാത്രാനിയമം അനുസരിക്കുന്ന ഈ മാതിരി ഭാഗങ്ങളെ പാട്ടുകളുടെ കൂട്ടത്തിൽതന്നെ ഞാൻ ചേർക്കുന്നു.

## കണ്ണാരംപൊത്തുകളി.

കണ്ണാരംപ്പൊത്താരേ—കാട്ടിക്കറിഞ്ഞാരേ
ഞാൻ വിട്ടൊരു കള്ളനെ—ഓടിച്ചാടിക്കൊണ്ടുവാ.

## സിമന്തികളി.

പച്ചക്കൊതുമ്പിലെ പനങ്കൊതുമ്പിലെ
തട്ടിമുട്ടിപ്പറക്കുന്ന കൂട്ടത്തിൽപ്രാവിന്റെ
കൂടെപ്പറക്കുന്ന മാടപ്പിറാവിന്റെ
കൂടേതു, കൂടേതു. ... ...

നെല്ല് കതിരായി വിടരുംമുൻപേ ആ കതിർക്കുടത്തെ പച്ചക്കൊതുമ്പെന്നും വിരിഞ്ഞുവരുമ്പോൾ പനങ്കൊതുമ്പെന്നും പറയാറുണ്ട്. ഈ അവസരങ്ങളിൽ പ്രാവുകൾ കൂട്ടംകൂട്ടമായി പറന്നെത്തി കതിർ കുടമോ കുലയോ മുറിച്ചുകൊണ്ടു പോകുന്നതു കൃഷിക്കാർക്ക് നഷ്ടത്തിനിടയാക്കുമല്ലോ. അതിനാൽ പ്രാവിനെ അടിക്കാൻ കുട്ടികളെ ചുമതലപ്പെടുത്തുകയും അവർ പാടി പ്രാവിനെ ഓടിക്കയും ചെയ്യുന്ന പാട്ടാണിത്. ഇതുപോലെ എന്തെങ്കിലും ശ്വാസം വിടാതെ പറഞ്ഞുകൊണ്ടോടി എതിരാളിയെ അടിക്കയാണു് ഈ കളി.

## മുക്കുകളി.

കരിക്കട്ട—കാഞ്ഞാംപൂ—അളുക്കിപ്പഴം-പിളുക്കിത്തിന്നു്
കോണ്ടലോട്ടു-കോരിക്കൊട്ടു-ഇറങ്ങിയടി.

## കാരിക്കക്കിരി.

കാരിക്കക്കിരി മുക്കിരി ചുണ്ടെലി
വെട്ടിപ്പുഴപ്പാനെന്തെല്ലാം വേണം
തേനോ, പാലോ, പഴം.

## അറപ്പോത്തിറപ്പോത്തിക്കളി.

അറപ്പോത്തിറപ്പോത്തി തൊങ്ങലം മങ്ങലം
അറപ്പാൻപന്തലിൽ പന്തറണ്ടാന പടികടന്നുണ്ടു.
ചീപ്പുകണ്ടില്ല ചിററാടകണ്ടില്ല കോതിമുടിഞ്ഞ തലമുടി കണ്ടില്ല.
ആരെടുത്തു കോതയെടുത്തു കോതേടെകയ്യീന്നു തട്ടിപ്പറിച്ചു.
പണ്ടാരത്തോക്കും പടയുംവരുമ്മുൻപെ എന്റെ കുഞ്ഞിന്റെ കാലോ കയ്യോ ഒന്നുകള.

ചീപ്പും ചിററാടയും അപഹരിച്ച കുററത്തെക്കുറിച്ച് പണ്ടാരവകയിൽ നിന്ന് അന്വേഷണം നടത്തുമ്പോൾ കാലൊ കയ്യൊ ഇല്ലാത്തയാൾ കുററംചെയ്യുകയില്ലെന്നു അവരെ വിശ്വസിപ്പിക്കാൻ എടുത്ത ഉപദേശമാണിതു്. മോഷണം പഴയകാലങ്ങളിൽ പഞ്ചമഹാപാതകങ്ങളിലൊന്നായിരുന്നു. ആ പാതകങ്ങൾക്കു മരണശിക്ഷതന്നെ കൊടുത്തുപോന്നു. അതിനാൽ തോക്കിന്റെ വരവു വെറുതെ എന്നു പറഞ്ഞുകൂട. പക്ഷെ ഈ പാട്ടുണ്ടായ കാലത്തു് ആ കുററത്തിനു ശിക്ഷ അതായിരുന്നൊ എന്നു നിശ്ചയമില്ല.

## മാണിക്കക്കളി.

ആരെകയ്യിലാരെകയ്യിലൊ—മാണിക്കച്ചെമ്പഴുക്ക.
എന്റെവലങ്കയ്യിലൊ—മാണിക്കച്ചെമ്പഴുക്ക.
വട്ടപ്പഴുക്കേ—മാമ്പഴക്കെ.
വട്ടമിട്ടോടുന്നമാണിക്ക—ചെമ്പഴക്കെ.

## പാണ്ടികളി.

കേൾക്കുന്നവർക്കു കളിയായി തോന്നുമെങ്കിലും ശ്വാസോച്ഛ്വാസമാത്രകളെ നിയന്ത്രണം ചെയ്തു നിർമ്മിച്ചിട്ടുള്ള പല പാട്ടുകളും പാടിയോടിക്കളിക്കുക നായന്മാരുടെ ഇടയിൽ പണ്ടെ പതിവായിരുന്നു. ഇപ്പോൾ ആവക കളികളെല്ലാം എങ്ങനേയൊ ഇല്ലാതായി.

തുമ്പ—തുളസി—തൂക്കിപ്പോട്ടെ—മമ്മട്ടി
വെള്ളി-വെങ്കലം—വെളുത്തടിച്ച ചങ്ങലി
ചെന്തം-ചെവരം—മൊന്തൻ വാഴകൂടം വന്നു
വട്ടം—വട്ടാരം-വട്ടക്കളേള ശിങ്കാരം
കുട്ടത്തി-കോഴിമുട്ട- ഒടച്ചുപ്പാത്തെ ചിമുട്ട
അളക്ക-ച്ചീലെ—അടിച്ചാൽ-വെളുക്കം
കായേകാ-കരപ്പുംകാ—കഞ്ചികുടിക്കാറ നെല്ലിക്ക.
പൂവെപൂ-പുളിയംപൂ—പൊന്നാർകൊണ്ടയ്ക്കു താഴമ്പൂ
പാക്കമുററി-പ്പഴക്കമ്മുൻപെ-പാവട്ടവെട്ടി പടപൊരുതെ.
കല്ലെചട്ടാങ്കുഴി ഏതേതു? കായങ്കുളത്തിൻെറ തെക്കേതു്?"

ഒരുകുട്ടി മണൽ കൂട്ടി അതിൽ അരയംഗുലം നീളമുള്ള ഒരു ഈക്കിൽ മറി ഒളിക്കുന്നു. മറെറാരു കുട്ടി അതു കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. ശ്രമം വിഫലമായാൽ അവൻെറ അതാവിതു് തോററവൻെറ കണ്ണു പൊത്തിക്കൊണ്ടു് അവനെ എതിരാളി ദൂരെ ഒരിടത്തേയ്ക്കു നയിക്കുന്നു. ഇതിൽനിന്നു് എന്താണു് നാം അനുമിക്കേണ്ടതു്. നാട്ടു മുഴുവൻ കലാപാകുലമായിരുന്ന മുൻകാലത്തിൽ ജനങ്ങൾ പ്രായേണയോദ്ധാക്കന്മാരും അലഞ്ഞുതിരിഞ്ഞു കള്ളന്മാരെയും കൊള്ളക്കാരെയും തിരഞ്ഞു പിടിക്കാൻ വിരുതന്മാരും ആയിരുന്നു. അനന്തരകാലങ്ങളിൽ നാട്ടിനുപയോഗപ്പെടത്തക്കവിധം ജനങ്ങളുടെ വാസനാഗതിയെ തിരിച്ചുവിടുന്ന സമ്പ്രദായം ഇന്നും പരിഷ്കൃതരാജ്യങ്ങളിൽ നടപ്പുണ്ടല്ലോ. ഈ സമ്പ്രദായംതന്നെയായിരുന്നു അന്നു മലയാളക്കരയിൽ അനുഷ്ഠിച്ചുപോന്നതു്. ജനങ്ങൾ ദൈഹികമാനസികബലങ്ങളെ വർദ്ധിപ്പിക്കത്തക്ക പ്രയോഗങ്ങൾ പരിശീലിക്കയും ശൈശവംമുതൽ ആ മാർഗ്ഗങ്ങളിലേക്ക് അവരുടെ വാസനയെ തിരിച്ചുവിടുകയും പതിവായിരുന്നു. അവരുടെ സാമൂഹികാചാരം, ഭാഷാസാഹിത്യസമ്പത്തു, വിനോദമുറ, വസ്ത്രധാരണരീതി, ഭക്ഷണക്രമം, എന്നുവേണ്ട,

എല്ലാംതന്നെ ഒരേഒരു ലാക്കിനെത്തന്നെ അവലംബിച്ചിരുന്നു. കുട്ടികളുടെ നിരർത്ഥകങ്ങളായ ,വിനോദങ്ങളിൽപോലും ഈ ലാക്ക തെററിയിരുന്നില്ലെന്നു മുൻ പറഞ്ഞിട്ടുള്ളവയിൽ നിന്നു നിശ്ചയിക്കാമല്ലോ. ഈ കളിയും അതിന്ന് വേറൊരു ദാഹരണമാകുന്നതേയുള്ളൂ.

തോററവനെ അതാവിതു വകയ്ക്കുകൊള്ളാത്തവനെ കണ്ണു കെട്ടി നാട്ടിനു പുറത്താക്കുക. ഇതായിരിക്കണം ഇതിൽ അന്തർഹിതമായിരിക്കുന്ന കാര്യം. വേണാട്ടിന്റെ അതൃത്തി അന്ന് കായംകുളത്തിന്റെ തെക്കവരെ ഉണ്ടായിരുന്നിരിക്കണം. അതാവിതു കായംകുളത്തിന്റെ ദക്ഷിണസീമ ജയസിംഹനാട്ടിനു പടിഞ്ഞാറു കടല്പുറത്തിൽകൂടി വേണാടിന്റെ ഉത്തരപ്രാന്തത്തോളം എത്തിയിരുന്നിരിക്കാം. ആ അതൃത്തിയായ കായംകുളത്തിന്റെ തെക്ക ചെന്നു ചേരുമ്പോൾ ആ നാട്ടുകടത്തൽ ശിക്ഷ നിറവേറുന്നു. അവിടെ എത്തിയോ എന്നുള്ള അന്വേഷണമായിരിക്കണം "കായംകുളത്തിന്റെ തെക്കേത്തു്?" എന്ന ചോദ്യം സൂചിപ്പിക്കുന്നതു്. നിസ്സാരമായി മാത്രം ഗണിക്കേണ്ട "കല്ലുവെട്ടാംകുഴി" ആ അതിരിനു സമീപത്തുണ്ടായിരുന്നിരിക്കാം. സൂക്ഷ്മമായി ചിന്തിക്കുന്നപക്ഷം അതിലും കാര്യമുണ്ടെന്നു കാണാം. പുരാതന വേണാടു കടൽക്കരെ സംബന്ധിച്ച രാജ്യമായിരുന്നു. ഇതിന്റെ കിഴക്ക്, കാടും മേടും കുന്നും മലയും നിറഞ്ഞ സ്ഥലങ്ങളെല്ലാം ചില ഇടപ്രഭുക്കന്മാരായിരുന്നു ഭരിച്ചിരുന്നതു്. വേണാട്ടിനു കിഴക്കുണ്ടായിരുന്ന ഇളയടത്തുനാട് ജയസിംഹനാട്ടിനും സമാന്തരമായി അതിന്റെ ഉത്തരസീമയേയും അതിലംഘിച്ചിരുന്നു. അതിനാൽ കല്ലുവെട്ടാൻ സൌകര്യമുള്ള ഇടങ്ങൾ വേണാട്ടിൽ—വിശേഷിച്ചും പടിഞ്ഞാറുദിക്കിൽ വളരെ കുറവായിരുന്നു. തിരുവനന്തപുരത്തിന്റെ തെക്കേഅററംമുതൽ പ്രാചീനതിരുവിതാംകോടിന്റെ വടക്കെ അതൃത്തിയായ ഇടവാവരെ കടൽകര

യോടടുത്ത പ്രദേശങ്ങൾ പരിശോധിക്കുന്നതായാൽ വേളി, വക്കലെ ഈ രണ്ടു സ്ഥലങ്ങളിൽ മാത്രം ചെറിയ കുന്നുകൾ കാണാം. വേളിയിൽമല മുൻപു ഘോരവനാന്തരങ്ങളാലും വന്യമൃഗങ്ങളാലും, പരിസരങ്ങളിൽ നിമ്നമായ തടാകത്താലും ശൂന്യമായ മരുൽസ്ഥലങ്ങളാലും മനുഷ്യപാദങ്ങളാൽ അനാക്രാന്തമായിരുന്നു. വക്കലെക്കുന്ന്, അശേഷം ഉറപ്പില്ലാത്ത ചെളിക്കട്ടനിറഞ്ഞതുമാണല്ലോ. എന്നാൽ വേണാടിന്റെ അന്നത്തെ വടക്കെ അതൃത്തിയായ ഇടവാ എന്ന സ്ഥലത്തു് ഇന്നും അശ്മപൂർണ്ണങ്ങളായ വൻകുന്നുകൾ കാണാവുന്നതാണ്. ഈ കുന്നുകളിൽ ഒന്നായിരിക്കണം മേൽ സൂചിപ്പിച്ച കല്ലുവെട്ടാങ്കുഴിയാൽ അങ്കിതമായിരുന്നതു്.

പരിഷ്കാരം വന്നു തോളിൽ കയറി തലയിലേയ്ക്കു വട്ടം പിടിക്കുന്ന ഈ കാലത്തും നമ്മുടെ ഇടയിൽ അറിഞ്ഞും അറിയാതേയും ജീവിച്ചുപോരുന്ന തിരുവാതിരപ്പാട്ടിനു പഴയ കാലത്തു വളരെ പ്രാധാന്യമുണ്ടായിരുന്നു. പല കവികളും തിരുവാതിരപ്പാട്ടു് എഴുതിയിരുന്നു. പല കാര്യങ്ങളും ഈ പാട്ടിനു വിഷയങ്ങളായി തീർന്നിരുന്നു. ആണ്ടൊന്നുണ്ടെങ്കിൽ ധനുമാസവുമുണ്ട്. ധനുമാസം തിരുവാതിരകൂടാതെ വരുന്നുമില്ല. ഇങ്ങനെ ധനുമാസവും തിരുവാതിരയുംകൂടി യോജിക്കുമ്പോൾ കേരളീയസ്ത്രീകൾക്കു് അതൊരുദ്ധാതദിനമായി. അപ്പോൾ ഒരു സ്ത്രീ തോഴിയോടു്

തോഴീനമുക്കു ധനുമാസം വന്നിപ്പോൾ
ഘോഷിക്കവേണം തിരുവാതിര
ചാതുരിതേടുന്ന മാതർപലർകൂടി
പാരാതെ ചേർന്നു കളിച്ചിടേണം
രാത്രിയിലേഴര നാഴിക ചെല്ലുമ്പോൾ
തോഴിമാരെല്ലാരും കൂടിടേണം.

എന്നു പറയുന്നു. അപ്പോൾ മററവൾ—

രാത്രിയിലേഴര നാഴിക ചെൽവതും
പാൎത്താലെനിക്കറിഞ്ഞുകൂടാ—എന്നുത്തരം പറയുന്നു.
തൽക്ഷണം മറെറാരു തോഴി പറഞ്ഞിതു
നക്ഷത്രം കണ്ടാലറിഞ്ഞുകൂടെ?
എന്നതുകേട്ടവളപ്പൊഴേ ചോദിച്ചു
ഇന്നതു ചൊല്ലിത്തരണമെന്നു്

അതിനുത്തരമായി പറയുന്നതു് നക്ഷത്രം നോക്കി നേരം നിശ്ചയിക്കാൻ ഉപകരിക്കുന്ന ഒരു തിരുവാതിരപ്പാട്ടാണു്.

## നക്ഷത്രമാല—(തിരുവാതിരപ്പാട്ടു്.)

കന്നൽമിഴിയെ! തിരുവോണം മൂന്നുണ്ടു
പൊന്നിൻനിറമാം മുഴക്കോൽപോലെ
തെക്കുവടക്കായിരിക്കുമതുച്ചയ്ക്കു
മയ്ക്കണ്ണി മേടത്തിലൊന്നരയാം
ആറുമീനുണ്ടങ്ങവിട്ടമതു കണ്ടാൽ
തോന്നുമേ നല്ലൊരു ചക്രംപോലെ
രത്നപ്പൊടിപോലതുച്ചയാകുന്നേരം
നാഴികമേടത്തിൽ മൂന്നേമുക്കാൽ
പിന്നെച്ചതയം പലമീനൊരുമിച്ചു
വന്നൊരു കൂട്ടമതുച്ചയാമ്പോൾ
ഒന്നരചെല്ലമിടവത്തിലന്നേരം
സുന്ദരി നീയതറിഞ്ഞീടേണം
പൂരുരുട്ടാതിയുമുത്തിരുട്ടാതിയു-
മീരണ്ടു നക്ഷത്രമായിക്കാണാം
കട്ടിൽക്കാൽപോലെ പൂരുട്ടാതിയുച്ചയ്ക്കു
പെട്ടന്നിടവം കഴിയുംതോഴീ
വണ്ടണിവേണികേളുത്തിരുട്ടാതിക്കു
രണ്ടേമുക്കാലാം മിഥുനംതന്നിൽ

പിന്നെയിരുപത്തു മീനങ്ങിരവതി
ധന്യേ! വലിയ മിഴാവുപോലെ
ഉച്ചയാകുമ്പോൾ മിഥുനം കഴിവതും
നിശ്ചയിച്ചല്ലൊ പറഞ്ഞീടുന്നു
അശ്വതിയാറുമീനങ്ങളങ്ങളുകണ്ടാ-
ലശ്വമുഖംപോലെ തോന്നും ബാലേ
പുഷ്കരനേത്രേ യതുച്ചയാകുന്നേരം
കർക്കടേ രണ്ടേകാൽ നാഴികയാം
മൂന്നുമീനങ്ങൾ ഭരണിയതുകണ്ടാൽ
തോന്നുമടുപ്പുകൾ വച്ചപോലെ
ചഞ്ചലമെന്നിട്ടങ്ങുച്ചയാകുന്നേരം
അഞ്ചാകും കർക്കടം രാശിതന്നിൽ
കാർത്തികക്കൈവട്ടപോലെയതുച്ചയ്ക്കു
തീർത്തുചൊല്ലാമൊന്നു ചിങ്ങം തന്നിൽ
രോഹണീ പന്ത്രണ്ടിലൊന്നു നിറമേറും
മോഹനഗാത്രിയൊരൊററാൽപോലെ
മങ്ങാതെവന്നിട്ടു മദ്ധ്യാഹ്നമാകുമ്പോൾ
ചിങ്ങത്തിൽനാഴിക മൂന്നു ചെല്ലും
നാളീകേരത്തിന്റെ കണ്ണുപോലെയതും
നാളീകനേത്രേ മകൈരം കണ്ടാൽ
കന്നിയിൽചെന്നിട്ടും കാൽനാഴിക യതും
നിർണ്ണയിച്ചല്ലൊ പറഞ്ഞീടുന്നു
തീക്കനൽപോലെ തിരുവാതിര കണ്ടാൽ
ചേൽക്കണ്ണി! കന്നിയിലൊന്നരയാം
ഈരണ്ടടുത്തൊരു തോണിപോലെയതു
ദ്ദൂരത്തുകാണാം പുണർതം പിന്നെ
തെക്കുംവടക്കും നടുവിലുമായതി-
ലൊക്കും തുലാംതന്നിൽ കാൽനാഴിക
മംഗലരൂപിണി! പൂയംവന്നുച്ചയ്ക്കു
മങ്ങിയ കണ്ണാടിപോലെതോന്നും
രണ്ടരനാഴികചെല്ലും തുലാത്തിലെ-

നന്ദേരാരു വാചകം പണ്ടുപണ്ടേ
പെണ്മണിയായില്ല്യം നാലുണ്ടതു കണ്ടാ-
ലമ്മിചരിച്ചിട്ടങ്ങാട്ടുംപോലെ
ഉച്ചയാകുമ്പോൾ തുലാത്തിലഞ്ചെന്നാലും
നിശ്ചയിച്ചല്ലോ പറഞ്ഞീടുന്നു
നാലുണ്ടേടോ നകംപോലെ മകം കണ്ടാൽ
ബാലേ! കേളൊന്നു വൃശ്ചികത്തിൽ
പൂരവുമുത്രവുമീരണ്ടുടത്തൊരു
നേരെയൊരു കട്ടിൽക്കാലുപോലെ
വൃശ്ചികെ! നാലാകും പൂരമതുച്ചയ്ക്കു
മച്ചുണ്ണി! നീയതറിഞ്ഞിടേണം
ചാപമതിലര നാഴിക ചെല്ലുമ്പോൾ
ഉത്രവും വന്നടനച്ചയാകും
അന്യന്തരന്തുപോലത്തം വന്നുച്ചയ്ക്കു
ചാപത്തിൽനാഴിക മൂന്നേമുക്കാൽ
മുത്തുപോലുള്ളൊരു ചിത്തിരയുച്ചയ്ക്കു
ചെമ്മേ ധനവതിലഞ്ചേകാലാം
പൊൻനിറം ചോതിവന്നുച്ചയാകുന്നേരം
ഒന്നരചെല്ലും മകരം തന്നിൽ
വട്ടക്കിണർപോൽ വിശാഖം വന്നുച്ചയ്ക്കു
ഇഷ്ടമൊടഞ്ചാം മകരം തന്നിൽ
നക്ഷത്രംപിന്നെയനിഴം മുതൽക്കഞ്ചും
ദക്ഷിണദിക്കിൽ കടന്നു ഞായം
വട്ടവിൽ പോലെയനിഴം വന്നുച്ചയ്ക്കു
ഇണ്ടലകന്നു കുംഭം തന്നിൽ
ഈട്ടി പോലുള്ളോരു കേട്ടയതുച്ചയ്ക്കു
കുംഭത്തിൽ നാഴിക മൂന്നുചെല്ലും
കാളം പോലുള്ളോരു മൂലമതുച്ചയ്ക്കു
കുംഭത്തിൽനാഴിക മൂന്നേമുക്കാൽ
പൂരാടവും പുനരുത്രാടവും കണ്ടാ-
ലോരാൻ കിടക്കുന്ന കട്ടിൽപോലെ

പൂരാടമുച്ചയ്ക്കു മീനത്തിലൊന്നര
സിദ്ധിക്കമെന്നതു നൂനമല്ലോ
ഉത്രാടമുച്ചയ്ക്കു മീനത്തിൽ മൂന്നര
പാരാതെചെല്ലമറികതോഴി!

ഈവിധം ഏതു നക്ഷത്രങ്ങളേയും കുറിച്ചു വിവരിക്കുന്നു. ഇടയ്ക്കുണ്ടായ അഭിജിത്തെന്ന നക്ഷത്രത്തെപ്പററി യാതൊന്നും പറഞ്ഞു കാണുന്നില്ല. ഇവിടെ ആവശ്യവുമില്ലതന്നെ. ഈവിധമാണ് ഒരു പാട്ട് അവസാനിപ്പിക്കുന്നത്.

ഇങ്ങനെ നക്ഷത്രം സൂക്ഷിച്ചുകണ്ടുടൻ
നന്നായി നേരമറിഞ്ഞിടേണം.

പുരാണകഥകളിൽ പലതും തിരുവാതിരപ്പാട്ടുകളായി എഴുതപ്പെട്ടിട്ടുണ്ടല്ലോ. പരദേശത്തെ വരലക്ഷ്മീവ്രതം എന്നപോലെ ഭർത്തൃരക്ഷയെ ഉദ്ദേശിച്ചാണ് മലയാളസ്ത്രീകൾ തിരുവാതിരവ്രതം അനുഷ്ഠിക്കുന്നത്. ഈ വ്രതദിവസങ്ങളിൽ വെളുപ്പാൻ എഴുന്നേല്ക്കുമ്പോൾ ഉണർന്ന് ഗംഗയെ ഉണർത്തി കുളിക്കുന്നു. വെള്ളം തുടിക്കുന്നതിനുപോലും പാട്ടുണ്ട്. ഈ പാട്ടിനെ തുടിപ്പാട്ടു എന്നു പറയുന്നു.

ഒന്നാനാം തൃക്കടലിൽ
ഒന്നുണ്ടുപോൽ പൊന്നിൻചങ്കം
പൊന്നിൻചങ്കിൻ നാദംകേൾപ്പാൻ
ഉണരുണരേ ഗംഗാദേവി!

ഒരു തിരുവാതിരപ്പാട്ട്—

അല്ലിമുല്ലമല്ലികയും ചെമ്പകം ചേമന്തി
ഇമ്പമോടുപൂത്തു കുസുമങ്ങളുതിരുന്നു
പീലികളും കെട്ടിനല്ല മാലകളും ചാർത്തി
ലീലയിൽകുഴൽവിളിച്ചു മോഹനത്തിൽ പാടി
മോഹനരാഗങ്ങൾകേട്ടു ഗോപികമാരെല്ലാം
യാമിനീകളഞ്ഞിടാതെ— ഇത്യാദി.

വേറൊന്നു—

വിത്തരി വെള്ളത്തരി നനച്ചുരലിലിട്ടരി
ഇത്തരമെല്ലാം പോന്നുവന്നു മേലേക്കാവിലെ നമ്പൂരി
കറുകയിട്ടുവെള്ളംകോരും മേലേക്കാവിലെ നമ്പൂരി
മൂന്നാട്ടപ്പുംതട്ടിക്കൂട്ടി മൂക്കമുറിയൻ വാരിയരു്
വട്ടത്തിൽചിലയപ്പം വാക്കും മേലേക്കാവിലെ നമ്പൂരി
ചങ്കുംപോലെ കുത്തിയുട്ടക്കം മേലേക്കാവിലെ നമ്പൂരി.
പലകയിലേറിത്തൂശംവയ്ക്കും മേലേക്കാവിലെ നമ്പൂരി
കട്ടത്തൈരും കൂട്ടിയുരുട്ടും മേലേക്കാവിലെ നമ്പൂരി
കോവിന്നാപ്പ്ണമണ്ടുവിഴുങ്ങും മേലേക്കാവിലെ നമ്പൂരി
കോവിൻപക്കൽ വേദമുരയ്ക്കും മേലേക്കാവിലെ നമ്പൂരി
മാലപ്പോതിൽ മനക്കുറതീക്കും മേലേക്കാവിലെ നമ്പൂരി

ഇനിയൊന്നു—

വീരനാംനളന്റെ ഭാര്യ സുന്ദരീദമയന്തി
കാന്തനെക്കാണാഞ്ഞുഴന്നു കാട്ടിൽ നടക്കുമ്പോൾ
കാന്തികണ്ടടുത്തുവന്നു ഘോരമാം പെരുമ്പാമ്പ്
പാമ്പുവെന്നു ചുറ്റിയപ്പം ഭീതിയുംകലന്നു
ഭീതിയുംകലന്നവളന്നു നിലവിളിതുടങ്ങി
നിലവിളികേട്ടോടിച്ചെന്നു വില്ലെടുത്തു വേടൻ
ആടയില്ലെനിക്കുവേടാ ദൂരെനില്ലുവേടാ
പട്ടുപുടവകൾചേല ഞാൻതരുവേൻബാലേ
നീയിനിക്കു ഭാര്യയായിരുന്നുകൊൾകബാലേ.

വിവാഹിതകളായ സ്ത്രീകൾ ഭർത്തൃരക്ഷയ്ക്കു് ഈ വ്രതം അനുഷ്ഠിക്കുന്നതുപോലെ കന്യകകൾക്കും ചില വ്രതങ്ങൾ കല്പിക്കപ്പെട്ടിരുന്നു. അതിൽ ഒന്നാണു് പുനങ്കുളി.

ഒന്നാംകുന്നിന്മേലൊന്നരക്കുന്നിന്മേൽ
ഒന്നല്ലോ മങ്കമാർ പാലനട്ടു
പാലയ്ക്കിലവന്നു പൂവന്നുകാവന്നു

പാലേടെ പൽകറവാർകുഴലീ
ഒന്നാംക്രുമ്പും മൂളംക്രുമ്പും മൂള
തണ്ടുമുററിയിളം പാള വന്നു
പോയിൻ പോയിൻ പുഴകടന്നക്കരെ
പൂഞ്ചോലക്കാവിൽ പൂനംകുളിപ്പാൻ
ഓരിലമൂവിലക്കന്നിമാരേ നിങ്ങൾ
ആടിപ്പാടി പ്പൂനം കുളിപ്പിൻ— ഇത്യാദി.

ഈ പൂനംകുളി കഴിഞ്ഞാൽ നടക്കുന്നതു ക്രുമ്പടോത്സവമാണ്. ഇതിലധികം ഉത്സാഹകരമായ ഒരുത്സവം കന്യകമാൎക്കു പണ്ടില്ലായിരുന്നു. ഇതിന് ആയിരം കന്യകമാർ ഒരുമിച്ചു ചേരണമെന്നാണ് ഏൎപ്പാടു. അവർ വസ്ത്രാഭരണവിഭൂഷിതകളായി അരി, പൂവ്, ചെപ്പ്, കണ്ണാടി മുതലായ അഷ്ടമംഗല്യസാധനങ്ങൾ നിറച്ച താലം ഇടത്തുകയ്യിലും ചങ്ങലവിളക്കു വലത്തുകയ്യിലും വഹിച്ചു വാദ്യഘോഷങ്ങളോടുകൂടി ക്ഷേത്രങ്ങളിലേക്കു ഘോഷയാത്ര ചെയ്യുന്നതു ഈ ക്രുമ്പടോത്സവത്തിന്റെ പ്രധാന ചടങ്ങാണ്.

മാരിതമാഴ്വെരുമ്പാമ്പെടാ, സുകുമാരിമാൎക്കിന്നൊരു ക്രുമ്പെടൊ.

എന്നു നളചരിതത്തിലെ കാട്ടാളൻ പറയുന്നതു ഈ ക്രുമ്പടോത്സവത്തെക്കുറിച്ചായിരിക്കണം. ഈ ഉത്സവത്തിന് ആയിരം കന്യകകൾ ഉണ്ടായിരിക്കണമെന്നുണ്ടെങ്കിലും ദമയന്തി ഒരുത്തിതന്നെ ആയിരംപേൎക്കു തുല്യമാകയാൽ അവൾ ജീവിച്ചതുകൊണ്ടു് അന്നു നാട്ടിലുള്ള കന്യകമാൎക്കെല്ലാം ഉത്സവംതന്നെ ഈ ഭാഗം എന്നും സൂചിപ്പിക്കയല്ലയോ?

## രാമപുരപ്പാട്ട്.

അമ്പിളിത്തിരുമുടി തെളുതെളനെ ഹോ
ആരവൻകണ്ണും അഴകിനോടെ ഹോ
തുതിക്കൈപ്പങ്കം തുടുതുടനെ ഹോ

| | | |
|---|---|---|
| ഒററക്കൊമ്പും | മുത്തുമുശനെ | ഹോ |
| ഇടത്തുമടക്ക | പ്പുടവയുമേ | ഹോ |
| മുപ്പിരിനൂലും | നീണ്ടുടനേ | ഹോ |
| ഇടയിലൊരോമന | കയ്യുംവീശി | ഹോ |
| എങ്ങെട്ടയ്യാണിപ്പോ | ളെഴുന്നള്ളത്തേ | ഹോ |
| രാമപുരത്തേയ്യോ | പോറ്റുരട്ടെ | ഹോ |
| രാമപുരംവാഴും | തമ്പുരാനെ | ഹോ |

ഞാനിതാ തിരുപ്പദം കൈതൊഴുന്നേൻ.

## വഞ്ചിപ്പാട്ട്.

ആറും കായലും വേണ്ടുവോളമുള്ള ഈ നാട്ടിൽ വള്ളപ്പാട്ടുണ്ടാകാതെ തരമില്ലല്ലോ. ഇക്കാലത്തും ഈ പാട്ടിന്ന ശുക്രദശതന്നെ. മററുപാട്ടുകൾക്കു പററിയ ഉടവ് ഇതിന്നു തട്ടിയിട്ടില്ലാത്തതു് വഞ്ചിനാടിന്റെ "കരുത്തത്തിന്റെ കരുത്തു"കൊണ്ടാണെന്നോ കരുതാനുള്ളു. ആരംഭത്തിലോ അവസാനത്തിലോ വഞ്ചിപ്പാട്ടില്ലാത്ത യോഗങ്ങൾതന്നെ ഇവിടെ ദുർല്ലഭമാണ്. ഓടികളിലും ബോട്ടുകളിലും തണ്ടുപിടിച്ചു പോകുമ്പോൾ തണ്ടുവാണ്ടുന്ന താളം ഒപ്പിച്ചു പണ്ടുപണ്ടേ പാടിവരുന്ന ഒരു പാട്ടാണിതു്.

## വള്ളപ്പാട്ട്.

അൻപനക്കം—ഏലേലം

അൻപനെടി—ഏലലലാം

അൻപനക്കം-അൻപനെടി-ഏലേലം—ഏലലലാം

ആറുമുഖൻ—ഏലേലം

വേൽക്കുമാരൻ—ഏലലലാം

ആറുമുഖൻ-വേൽക്കുമാരൻ-ഏലേലം—ഏലലലാം

വൻപനക്ക—ഏലേലം

വൻപനെടി—ഏലലലാം

വൻപനക്ക-വൻപനെടി-ഏലേലം—ഏലലലാം

വള്ളിമണ-വാളനായ-ഏലേലം—ഏലലലാം

വള്ളിമണ—വാളനായ-വേൽക്കുമാരൻ—ഏലലലാം

ശംഭോരുക്ക—ഏലേലം
ഉപദേശിത്ത—ഏലലലലാം
ശംഭോരുക്ക-ഉപദേശിത്ത-ഏലേലം—ഏലലലലാം
ശംഭോരുക്ക-അരുംപൊരുളൈ-ഉപദേശിത്ത—ഏലലലലാം
ശക്തിധരൻ—ഏലേലം
വേൽക്കമാരൻ—ഏലലലലാം
ശക്തിധരൻ-വേൽക്കമാരൻ-ഏലേലം—ഏലലലലാം
ശക്തിധരനായിരിക്കം-വേൽക്കമാരൻ—ഏലലലലാം.

വേറൊരു വഞ്ചിപ്പാട്ടിൽ നാകന്മാർ പ്രഭാതത്തിൽ കളിച്ചു നനഞ്ഞവസ്ത്രവും ധരിച്ചു നെററിത്തടത്തിൽ നീറുമണിഞ്ഞു കൂട്ടംകൂട്ടമായി അമ്പലത്തിൽ തൊഴാൻ പോകുന്നതിനെ വിവരിക്കുന്നു.

അന്തിമന്തിരമോതും വേതിയോൻ
അതികാലേ കുളിച്ചുകൊണ്ടുക്കൾ
അണിന്തപൂവാരിയഭിഷേകം ചെയ്തി
ട്ടരളിപ്പൂമാല ചാർത്തവേ
തിന്തിമിൻ തിമിനെന്നു മത്തളം
തിമിലച്ചെണ്ടയും കൈമ്മണി
തിമൃതത്തത്തക വിമൃതകൊമ്പൊടു
വീരാളൻ കുഴലൂതവേ
കൊടി കുടതഴയെടുത്തു ശീവേലി
നടത്തവേ കോവിലകംപുക്ക
ഇരുകരങ്ങളും കുവിച്ചുനാകന്മാർ
തെരുതെരെത്തൊഴുതി മുഴക്കവേ
തെളുതെളെ നെററിത്തടത്തിൽ നീറിട്ടു
നറുമലർ വാരിച്ചൊരിയവേ—     ഇത്യാദി.

പ്രാചീനകാലത്തെ നാകന്മാരുടെ രൂപവർണ്ണനം ഫാലദേശത്തിലെ ഭസ്മലേപനത്തെ സൂചിപ്പിക്കാതെ കാണപ്പെട്ടു

ന്നതേയില്ല. ശൈവമതവുമായി ഇവൾക്കുണ്ടായിരുന്ന കെട്ടുപാടിനെ അല്ലയോ ഇതു വെളിപ്പെടുത്തുന്നതു്?

"നെടുമീശൈ, വിരിമാറു്, തിടമേനി, പടവാളു്
നീറണിനെററി, നേർന്തകോളരിമേത്തടം
പൊടിച്ചിതറവമത്തും നെടുന്തിടകൈ.

ഇത്യാദി നാകന്മാരെപ്പററി ഒരു പഴയവട്ടെഴുത്തുഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതും ഈ തരുണത്തിൽ ഓർക്കേണ്ടിവരുന്നു.

ഭാരതത്തിലെ ശകുന്തളാവാക്യം, വിദുരവാക്യം, ഗീതാരാമായണത്തിലെ ലക്ഷ്മണോപദേശം മുതലായ ഭാഗങ്ങളും പഴയ വഞ്ചിപ്പാട്ടുകളുടെ കൂട്ടത്തിൽ കാണപ്പെടുന്നു.

ലക്ഷ്മണോപദേശം. (വഞ്ചിപ്പാട്ടു്)

൧. ഇങ്ങനെവാഴുന്ന കാല-
മങ്ങൊരുനാൾ രാമദേവൻ
മംഗലാംഗിയാളോടും യോഗ-
നിദ്ര ചെയ്യുമ്പോൾ.

൨. കാൽക്ഷണവും കളയാതെ
രാമസ്മൃതി യോരിയോതി
കാല്ക്കൽനില്ക്കും ലക്ഷ്മണനി-
വണ്ണം ചിന്തിച്ചു.

൩. ദൃശ്യമായി ക്കാണാകുന്ന
രാജ്യദേഹാദി വസ്തുക്കൾ
സത്യമല്ലെന്നല്ലോ കല്പി-
ച്ചുഗ്രജൻ പുരാ

൪. ദൃശ്യമായി പ്രത്യക്ഷമായ്
കാണാകുന്ന നാമരൂപം

മിഥ്യയെന്നു വന്നീടുമോ
സത്യം യാതൊന്നൊ

൫. നിത്യത്വമില്ലെന്നാകിലും
സത്യം പോലെ തോന്നിക്കുമ-
സത്യമെന്തന്നാളും സത്യ-
മേതെന്നുള്ളതും

൬. സത്തുമസത്തും തിരിച്ചു
വസ്തുതയായറിവാനും
ഏത്തുകില്ലടനെ ജീവൻ
മുക്തനായിട്ടും

൭. ഉള്ളതെന്നാകിലുമെന്നു
ള്ളളിൽ കാണുന്നില പിന്നെ
ഉള്ളതു ചെക്കിലാകുമ്പോൾ
തിരിഞ്ഞിടുന്നു.

൮. ഉള്ളതറിയണമെന്നാ-
ലുള്ളം നന്നായിട്ടു പിന്നെ
ഉള്ളകാലം ഗുരുസേവ
ചെയ്തിരിക്കേണം.

൯. സത്വരജസ്തമസ്സിനാൽ
വർദ്ധിക്കും കർമ്മബന്ധത്താ-
ലുല്പത്തിനാശവത്തായി
ഭവിക്കും ലോകം.

൧൦. കർമ്മമെന്നാൽ പുണ്യപാപ-
മെന്നാസ്പദമതിനുടെ
മർമ്മമറിയാതെ ജന്മ-
നിവൃത്തി യില്ലേ.

൧൧. കർമ്മമുള്ളവർക്കു ജന്മ-
മെന്നും ശ്രുതിപറയുന്നു

കർമ്മമാരു ചെയ്യുന്നു വാ-
നെന്നറിഞ്ഞില്ലേ.

൧൨. ദേഹം ജഡമാക കൊണ്ടും
ദേഹിക്കു പൂർണ്ണത്വം കൊണ്ടും
ദേഹദേഹികൾക്കു കർമ്മ-
മില്ലെന്നു നൂനം.

൧൩. ഷൾഭാവഷഡൂർമ്മികളായ്
കാണും ചരാചരൌഘങ്ങൾ
ഷൾകോശമാത്രമായ്ക്കാണാം
സ്വപ്നാകാരമായ്

൧൪. കണ്ടകോലാഹലത്തോടു
കൊണ്ടുമേളിച്ചിരിക്കുമ്പോൾ
കണ്ടില്ലെന്നുവരുന്നതും
വിസ്മയമല്ലി.

൧൫. വന്നതെവിടെനിന്നു പോൽ
പോയതെവിടേയ്ക്കെന്നതും
ഒന്നുമറിയാൻ വയ്യാതാ-
യതും വിസ്മയം.

൧൬. മൂത്രാമേദ്ധ്യപാത്രമാകും
ഗാത്രം താനെന്നുള്ള ഭാവം
എത്രയും വിചാരിച്ചെന്നാ-
ലതിവിസ്മയം.

൧൭. ദൃഗ്ദൃശ്യചഞ്ചലത്താകു-
മിന്ദ്രിയം താനെന്നഭാവം
ദൃശ്യരൂപമാകകൊണ്ടി-
ട്ടെത്ര വിസ്മയം.

൧൮. നിത്യോൽപ്പത്തിനാശവത്താം
മനമേതാനെന്നഭാവം
സത്യംപോലെ തോന്നിക്കുന്ന
വിസ്മയമോർപ്പൂ

൧൯. വൃദ്ധിയും ക്ഷയവുമുള്ള
പ്രാണൻ താനെന്നുള്ള ഭാവം
വിസ്മയാദ്ഭിസ്മയമായി
ഓൎത്തുകാണുമ്പോൾ

൨൦. എന്തിതിൻ കാരണമറി-
യേണമെന്നങ്ങുണൎത്തിച്ചാൽ
സന്ദേഹംതീരുംപ്രകാരം
കല്പിച്ചു കേൾക്കാം.

൨൧. എന്നീവണ്ണം നി[illegible]പിച്ചു
നിന്നു സൂൎയ്യോദയകാലം
വന്നുമോദാലെഴുന്നേററു
മൂവ്വരുമായി

൨൨. ചെന്നു ഗൌതമനദിയിൽ
കുളിച്ചൎഘ്യവും കഴിച്ചു
പോന്നു പൎണ്ണശാലയകം
പുക്കനന്തരം.

൨൩. സന്ധ്യാഭോജ്യാദിയും ചെയ്താ-
നന്ദമോടങ്ങിരിക്കുമ്പോൾ
വന്ദിച്ചു ലക്ഷ്മണനേവ-
മുണൎത്തിച്ചപോൽ

൨൪. ബ്രഹ്മമെന്നും മായയെന്നും
മായരണ്ടു വിധമെന്നും
ബ്രഹ്മൈവാഹമെന്നും ലോകേ
ബഹുതരമായ്

൨൫. കേൾക്കുന്നു ശ്രുതിസ്മൃതികൾ
കാണുന്നു പലതരമായ്
ഏൾക്കുന്നില്ലാ മനസ്സിനേ-
കാ[illegible] മായൊന്നും

൨൬. സന്തോഷവാരാന്നിധേ!യി-
ന്നിന്തിരുവടിയല്ലാതേ

സന്താപം തീരാന്തരചെ-
യ്യാനില്ലാരുമേ

൧൭. ഏവംശ്രവിച്ചൊരു രാമ
ദേവനതിപ്രീതിപൂൎവ്വം
ഏവമരുൾചെയ്യുന്നു കേ-
ട്ടാലുമെങ്കിലോ

൧൮. ബഹുഗുഹ്യമാകുമുപ-
ദേശമിതു കേട്ടാൽ ഭേ-
വികല്പങ്ങൾ പഞ്ഞിപോലെ
പറക്കുമല്ലൊ.

൧൯. കെട്ടുപെട്ട താപത്രയം
ഏഷണാത്രയങ്ങളെല്ലാം
കെട്ടോടു വേരററുപോകും
ശ്രവിച്ചുകൊൾക.

൨൦. മുമ്പിനാൽ മായാസ്വരൂപ-
മാത്മാനാത്മഭേദവും നീ
ശങ്കതീരും പരിചിൽ കേ-
ട്ടീടുകയെങ്കിൽ.

൨൧. മായ രണ്ടുവിധമത്രേ
ആയതു വിദ്യാവിദ്യയും
ആയതിലവിദ്യാകാൎയ്യം
ചൊല്ലുവൻ കേൾക്ക.

൨൨. കാനൽജലം പോലേയേവം
കാണായ പ്രപഞ്ചമെല്ലാം
നൂനം സത്യംപോലെ തോന്നി-
ക്കുന്നതവിദ്യാ

൨൩. അന്യതജം രൂപ്മായി-
ട്ടന്യമായി കാണാകുന്നു
അന്യതോപാധിതാനെന്നു
തോന്നുമവിദ്യ

൩൪. ദേഹോഹമെന്നുള്ള ഭാവാൽ
പുണ്യപാപമിശ്രമാകും
ദേഹജ മാനസാവാചാ
ചെയ്യപ്പെട്ടുള്ള

൩൫. കർമ്മഫലമെന്നാൽ സുഖ
ദുഃഖമായ് ഭവിച്ചുജന്മ-
ബന്ധമത്തുമുണ്ടാകുന്ന
തവിദ്യയത്രെ

൩൬. എന്നുവേണ്ടാ നാസ്തികത്വ-
മായിത്തോന്നിക്കുമവിദ്യാ
എന്നതിലിതരഭാവം
വിദ്യാകാര്യം കേൾ.

൩൭. അസ്തിഭാതിപ്രിയമാക്കി
ചെയ്യും വിദ്യാസ്വരൂപിണി
നാസ്തിനഭാതിപോലെയെന്നാ-
ലതിയാസ്സതും

൩൮. ആത്മാനാത്മാവെന്നുമുള്ള
ഭേദവും ശ്രവിക്കയെങ്കിൽ
ആത്മാവല്ല ദൃശ്യരൂപാ
നാമഭേദങ്ങൾ

൩൯. ശബ്ദമേകമതിന്റെ പ-
ര്യായശബ്ദമത്തുപോലെ
ബുൽബുദം വാരിയിലെന്ന
പോലെയുംഭേദം

൪൦. ഘടാകാശം മഠാകാശം
മഹാകാശമെന്നപോലെ
ഘടനാശേ മഹാകാശ-
മെന്നിയെയൊണ്ടോ?

൪൧. സ്വയം ദേവദത്തനെന്ന
പോലെ മൂന്നായ് ശോഭിക്കുന്നു

ആയതില്ലാം ഭേദത്ത-
നേകനല്ലയോ

൪൨. അജ്ഞാനകലുഷമായാൽ
ജീവനെന്ന മിഥ്യാനാമം
വിജ്ഞാനമുണ്ടായാൽ പോയി-
ട്ടാത്മാവാകുന്നു.

൪൩. മായാമുകുരത്തിൽ പ്രതി
ബിംബം ജീവനെന്നായ്പുരും
ആയതിന്നു സാക്ഷിയാത്മാ-
വെന്നറിഞ്ഞാലും

൪൪. സത്വരജസ്താമസമായ്
വർത്തിക്കുന്ന മാനസത്തിൽ
സിദ്ധിക്കുന്നു പുണ്യപാപ-
മിശ്രമാം കർമ്മം.

൪൫. കർത്താവതിന്നുണ്ടു പതി-
നാറു പേരെന്നറിഞ്ഞാലും
കർത്തവ്യകർമ്മത്തിന്നധി-
കാരികളായി.

൪൬. ഇച്ഛാ ഭക്തി ശ്രദ്ധാ മൂന്നും
രാജസ സാത്വികമാകും
നിശ്ശേഷമഹംകാരാന്തം
താമസമാകും

൪൭. താമസം രാജസം രണ്ടു-
മാഗന്തുകമാകകൊണ്ടും
താമസംക്രൂടാതെപോകും
വേണമെന്നാകിൽ

൪൮. ആയതനുവർത്തിച്ചെന്നാൽ
ബന്ധമായിജ്ജനിമൃതി
ആയതുപേക്ഷിച്ചീടേണം
മുമുക്ഷുവെന്നാൽ

൪൯. സാധനസമ്പത്തിയെന്നാൽ
ആയതും പറഞ്ഞീടുവൻ
സാധനം കൂടാതെ കാൎയ്യം
സാധിക്കയില്ല.

൫൦. നിത്യാനിത്യവിവേകവു-
മിഹപരവൈരാഗ്യവും
ശമമാദികളാറതും
മുമുക്ഷുത്വവും

൫൧. ഇവനാലും സാധനം കൂ-
ടാതെയില്ലെയാത്മജ്ഞാനം
ഇവനാലും ശ്രവിച്ചെന്നാൽ
ശ്രവണം വേണം.

൫൨. നിത്യബ്രഹ്മം ജഗത്തെല്ലാം
അനിത്യമെന്നറിഞ്ഞാലും
നിത്യമല്ല പൂതവികാ-
രാദികളൊന്നും

൫൩. അണ്ഡജം സ്വേദജം ജരാ-
യുജവുമുദ്ബുദമായി
അണ്ഡകടാഹത്തിലുള്ള
ചരാചരങ്ങൾ

൫൪. ഒന്നിനും നിത്യത്വമില്ല
പോക്കുവരത്താകകൊണ്ടു
വന്നീടുമവ്വണ്ണമതിൻ
കാരണങ്ങൾക്കും

൫൫. ഏറിയ മൃഗമദാദി
തേരുമാറു തേച്ചെന്നാലും
നാറുകയല്ലാതുണ്ടോ
സ്ഥൂലദേഹങ്ങൾ

൫൬. സ്വൎഗ്ഗലോകവാസം സുഖ-
മല്ലിമാൎഗ്ഗമറിയുമ്പോൾ

സപ്തം പുണ്യതാരതമ്യം
പോലല്ലാതുണ്ടോ?

൯൭. ഒന്നിനൊന്നു ദുഃഖരൂപ
മന്യോന്യശാപാദികൊണ്ടും
വന്നുകൂടും ദുഃഖംഭുവി
ജാതകാലത്തും

൯൮. എന്നതിനാൽ കുത്സിതമാ-
മിഹപരവൈരാഗ്യവും
വന്നീടണമദ്ധ്യാസന
മെന്നതുപോലെ

൯൯. ശമം മനോനിഗ്രഹം ദ-
മം ബാഹ്യേന്ദ്രിയനിഗ്രഹം
ഉപരതി സർവ്വകർമ്മ
സന്യാസമാകും

൱൦. തിതിക്ഷയെന്തതുമെങ്കിൽ
ശീതോഷ്ണാദിത്യാഗം പിന്നെ
സമാധാനശ്രവണത്തിൽ
ദൃഢപ്പെടുത്തൽ

൱൧. ശ്രദ്ധയെന്തെന്നതും ചൊല്ലാം
ബദ്ധമോദാൽ ഗുരുസേവ
സിദ്ധമാം വേദാന്തശാസ്ത്ര-
മെന്നിവയെല്ലാം

൱൨. മോക്ഷം വേണമെന്നായുള്ള
തീവ്രബുദ്ധി മുമുക്ഷുത്വം
മോക്ഷത്തിന്നായുള്ളവഴി
സാധനംനാലും

൱൩. നാലുവേദസിദ്ധാന്തമാം
നാലുവാക്യം ശ്രവിച്ചെന്നാൽ
നാലും നന്നായ്മനനം ചെ-
യ്തിരുന്നീടേണം

൩൪. പഞ്ചീകരണം ചെയ്തഞ്ചു
ഭൂതത്തിനുണ്ടഞ്ചുതത്വം
അഞ്ചിലുമുണ്ടാകും ചരാ-
ചരപ്രപഞ്ചം.

൩൫. സ്ഥൂലസൂക്ഷ്മകാരണമായ്
ഭവിച്ച നിശ്ശേഷോപാധി
സ്ഥൂലം താനെന്നായിട്ടുമോ
മൂന്നുകാലത്തും.

൩൬. ദേഹം താനെന്നുള്ളൊരഭി-
മാനമുണ്ടാമതിന്നാഹ
മോഹമല്ലാതൊരു ബന്ധ-
മുണ്ടോ സൂക്ഷിച്ചാൽ

൩൭. നേതിനേതി ശ്രുതിവാക്യം
ഓതിയുണരാതെപര-
മാർത്ഥിയുണരുമോ ബ്രഹ്മ-
ജന്മമായാലും

൩൮. മൂന്നുഗേഹം തന്നിലേകൻ
മൂന്നുകാലം വസിച്ചെന്നാൽ
മൂന്നുഗേഹം താനെന്നാമോ
തന്റെയെന്നാമോ.

൩൯. അസ്ഥിമുതലാദിയിരുപ-
ത്തഞ്ചു തത്വമാർത്തെന്നാലും
അസ്ഥിരമല്ലയോ ജഡം
താനതാകുമോ

൪൦. നാശംദേഹമെന്നും ശ്രുതി
ബ്രഹ്മൈവാഹമെന്നുമേവം
ദേഹം താനെന്നായിട്ടുമോ
ഇതിവചനാൽ

൪൧. തന്നാലറിയപ്പെട്ടുള്ള
തത്വം താനായ്വന്നിട്ടുമോ

ഇന്നതിന്ന സാക്ഷിതാനെ-
ന്നറിഞ്ഞീടേണം.

൧൫. വ്യഷ്ടിക്കു സാക്ഷിയായെന്നാൽ
സമഷ്ടിക്കും സാക്ഷിയത്രെ
വ്യഷ്ടിയേകം സർവമൊന്നാ-
യതും സമഷ്ടി.

൧൬. തന്നെത്താനറിഞ്ഞെന്നാലും
പിന്നെയും ദുസ്സംഗംകൊണ്ടു
തന്നെമറന്നു താനായ്
വന്നീടുംതന്നം

൧൭. വിഘ്നം വിപരീതമെന്നും
സന്ദേഹമെന്നു മിവററാൽ
വിഘ്നമുണ്ടാകാതെ നന്നായ്
കരുതീടേണം.

൧൮. ബാധിച്ച പേയൊഴിച്ചെന്നാൽ
ബോധിച്ച മന്ത്രവാദിയാൽ
ബാധാരഹിതമാം യന്ത്രം
ധരിക്കുംപോലെ

൧൯. സ്ഥൂലദേഹം താനല്ലെന്നാൽ
സൂക്ഷ്മദേഹം താനെന്നാമോ?
സ്ഥൂലംപോലെയല്ലാ സൂക്ഷ്മം
കേട്ടുകൊണ്ടാലും.

൨൦. പഞ്ചപ്രാണന്മാരുമിഹ
പഞ്ചദശയമിന്ദ്രിയവും
ചഞ്ചലമാം മനംബുദ്ധി
സൂക്ഷ്മോപാധിയാം

൨൧. പഞ്ചതന്മാത്രയെന്നപോ-
രപഞ്ചീകൃതമെന്നുമാം
പഞ്ചഭൂതംപിന്നെ മൂന്നു
കോശവുമാകും.

൯൯. തത്വം പതിനേഴമുണ്ടോ
തന്നെയറിയുന്ന ബുദ്ധം
തത്വബോധസാക്ഷിതാനൊ-
ന്നറിഞ്ഞുകൊൾക

൱൦. കാരണമനാദിയെന്നു-
മവിദ്യ നിൎവ്വാച്യമെന്നും
കാരണോപാധിക്കു നാമ-
മിങ്ങനെ ചൊല്ലും.

൱൧. മായോപാധിയാകകൊണ്ടി-
ട്ടായതും താനല്ല പാൎത്താൽ
ആയതിന്റ സാക്ഷിതാനാ-
യറിവായ്നില്ക്കും

൱൨. ശുദ്ധതത്വപ്രധാനമായ്
മഹത്തായ മഹത്തത്വം
ശുദ്ധമഹാകാരണം താ-
നല്ലെന്നു നൂനം.

൱൩. നിൎവ്വികല്പസമാധിക്കു-
ള്ളൊരുപാധിയാകകൊണ്ടു
നിൎവ്വിശേഷാനന്ദമായി
ശേഷിച്ചീടുന്നു.

൱൪. സാക്ഷികാലത്രയത്തിലും
സ്ഥാണുപുമാൻ പോലെ സൎവ്വ-
സാക്ഷിയുമിന്നിതുപോലെ
വന്നീടും നൂനം

൱൫. ആരോപമുണ്ടെന്നുവന്നാ-
ലധിഷ്ഠാനമുണ്ടെന്നാകും
ആരോപത്തിന്നവകാശം
ചെറുമില്ലല്ലൊ

൱൬. പാഴെന്നറിഞ്ഞറിവുണ്ടോ
പാഴാകുന്നതുവൃത്തികൾ

ഭാവാഭാവം വിട്ടാൽ പരി-
പൂർണ്ണമല്ലയോ?

൮൭. തുര്യത്തിങ്കം ദോഷമുണ്ട-
ദ്വൈതാകാരണമാകയാൽ
തുര്യാതീതസ്വയംജ്യോതി-
യായിരിക്കേണമേകമായ്

൮൮. നിത്യാനന്ദസ്വരൂപനായ്
നിർവ്വികല്പാനന്ദനമായ്
സത്യാനന്ദപ്രകാശത്തി-
ലറിവുമായി

൮൯, നിത്യമായ് നിരാകാരമായ്
സത്യാനന്ദ രൂപമായി
സത്തായ് ചിത്തായാനന്ദമായ്
നിരുപമമായ്

൯൦. ഭേദാഭേദരഹിതമായ്
പരംപരം ജ്യോതിയായി
പ്രാണപ്രാണരഹിതമായ്
പരിപൂർണ്ണമായ്

൯൧. ബന്ധമോക്ഷരഹിതമായ്
ചിന്ത്യാചിന്ത്യരഹിതമായ്
സന്ധ്യാനിശിരഹിതമായ്
നിരാധാരമായ്

൯൨. നിർഗ്ഗുണനിർവ്വാച്യമായി
നിഷ്കൃപനിർല്ലേപമായി
സദ്ഗുണസാമ്രാജ്യമായി
സത്താമാത്രമായ്

൯൩. ഇങ്ങനെ നില്ക്കുന്നതാരാ-
വെന്നറിഞ്ഞ ടെട്ടോ നാമേ
അങ്ങനെതാനറിവായി
ശോഭിച്ചിടേണം

൯൪. ഏവമരുളം ചെയ്തു ദേവൻ
ദേവിയും സഹജന്മമായ്
ദേവകാര്യാർത്ഥമാസ്ഥത്ര
സുഖിച്ചുവാണു.

## വേറൊരു വള്ളപ്പാട്ട്.

കറുത്തപെണ്ണേ! നിന്നെ ക്കാണാഞ്ഞൊരു നാളൊണ്ട്
വരുത്തപ്പെട്ടു ഞാനൊരു വണ്ടായ്ചമഞ്ഞല്ലോ
വണ്ടായ്ചമഞ്ഞു ഞാനൊരു തുമ്പിയായ്പറന്നേനെടീ
തുമ്പിയായ്പറന്നു ഞാനൊരു പാല്ലിവാതുക്കലെത്തുന്നപ്പം
പൂമാലപ്പെത്തലെന്നെ പൂകൊണ്ടെറിഞ്ഞല്ലോ
അപ്പൂവും ചൂടിഞാനൊരാററരികെ പോകുമ്പോൾ
തന്നാനൊരുത്തൻ പതിനെട്ടു മോതിരം
ചെമ്പല്ലിരുമ്പല്ല പിത്തളയോടല്ല
പതിനെട്ടു മോതിരം പൊന്മോതിരം തന്നല്ലോ......ഇത്യാദി.

വള്ളപ്പാട്ടു നിറുത്തിട്ട് ഇനി തുള്ളപ്പാട്ടിനെക്കുറിച്ചു രണ്ടുവാക്കു പറയാം. നമ്പ്യാരുടെ തുള്ളലിനെപ്പററി പറയുകയല്ല. തുള്ളപ്പാട്ടുകൾ പലതരത്തിലുണ്ട്. ഒന്നിൽ ഒരു ഭാഗം ഇങ്ങനെയാണ്.

കാണാമെതിരോടങ്ങു ധരവുമതരമ്പല്ലും
കാണാമിഹ സന്ധ്യാവെള്ളപ്പാനേഴരയിലും
ഈരേലോടെ കരളെക്കടിഴപ്പാനെ
ഈട്ടുമാമല പോലങ്ങു നില്പോനെ
നാട്ടുതോറും നടന്നു മുടിപ്പോനെ
വന്നുതുളക്കെൻെറ കാലമറുതായനേ.

കാലമറുതായനെ സ്തുതിക്കുന്നതിങ്ങനെ. ഇതുപോലെ വെണ്ണീററുകട്ടേത്തി, പച്ചത്തോലാട്ടി, ആയിരവല്ലി, പുളപ്പൻ കൊല്ലി, കൊടുങ്കാളി, പിള്ളതിന്നാക്കാളി മുതലായ ചില ദേവതകളുടെ പേരുകൾ വിളിച്ച് തുള്ളാൻ അപേക്ഷിക്കുന്നു

പല പാട്ടുകളും പഴയക്രൂട്ടത്തിലുണ്ട്. തുമ്പിതുള്ളൽ പെൺകുട്ടികളുടെ ഒരു വിനോദമായിട്ടാണ് വച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച നല്ല ചില പാട്ടുകളുണ്ട്. ഒന്നു ചുവടെ കുറിക്കുന്നു.

ഒന്നാനാം കൊച്ചുതുമ്പി-എന്റെ ക്രൂടെപ്പോരുവാംയെം
നിന്റെ ക്രൂടെപ്പോന്നാലെനി-ക്കെന്തെല്ലാം തരുവേനൊണ്ടു
കുളിപ്പാൻ കുളം തരുവൻ-കുമ്പിടുവാൻ കോവിലുണ്ട്
കളിപ്പാൻ കളം തരുവൻ-കളികാണ്മാൻ പിള്ളേരൊണ്ട്
അരിവയ്പാൻ പൊന്നുരുളി-കോരിവിളമ്പാൻ പൊന്നിൻതവി
ഇട്ടിരിക്കാൻ പൊൻതടുക്ക്-ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുകാൻ വെള്ളിക്കിണ്ടി-കൈതോർത്താൻ പുള്ളിപ്പട്ട്.

ചില പഴമൊഴികളും പഴയ പാട്ടുകളുടെ ക്രൂട്ടത്തിലില്ലെന്നില്ല.

മഴമന്താരം പെൺകുളെ കൊല്ലിക്കും
മതികെട്ട പെണ്ണുങ്ങളുടികൊണ്ടുചാകും.

ആകാശം സൂര്യപ്രകാശം ക്രൂടാതെ മേഘാവൃതമായി കിടക്കുന്നതിനെയാണ് മഴമന്താരം എന്നു പറയുന്നത്. നാഴികമണിയുള്ള ഇക്കാലത്ത് ഈ മന്താരത്തെ പെണ്ണുങ്ങൾ പേടിക്കണമെന്നില്ലല്ലൊ.

---

ഗുണപാഠങ്ങളായ അസംഖ്യം പാട്ടുകളും മുൻകാലത്തു നടപ്പുണ്ടായിരുന്നു. പലവകച്ചൊൽമാലയെന്നാണ് ഈ തരത്തിലുള്ളവയുടെ പേര്.

# പലവകച്ചൊൽമാല.

പപ്പും ചിറകും വച്ചുകഴിഞ്ഞാൽ—പറവകൾ വാനിൽ പായുന്നു
കണ്ടുംകേട്ടും കരളിലുറച്ചാൽ—കല്ലിലെഴുത്തായ് തീരുന്നു
എട്ടും പൊട്ടുമതില്ലാത്തുള്ളോൻ—എളിമയൊടെന്നും ചേരുന്നു
കോപംപൂണ്ട കലങ്ങിയമന്നൻ—കൊടുനരകത്തിൽ പോകുന്നു
ഉയിർവതൈചെയ്തു നടപ്പോൻനിത്തിയ—മെരിനരകത്തിൽ പൊരിയുന്നു
കാലമറിഞ്ഞു നടക്കാത്തുള്ളോൻ—കോലംകെട്ടു നടക്കുന്നു
പെറ്റിയമ്മാരൊടു കൂട്ടുപിടിച്ചാൽ—നെറിയുംകെട്ടു മയങ്ങുന്നു—ഇത്യാദി.

തീവിനയാൽ മേലോനും കീഴോനാമല്ലൊ
നൽവിനയാൽ കീഴോനും മേലോനാമല്ലൊ
വഞ്ചനനിന്മേലെ ഞാനോർത്തെന്നാകിൽ
പടിത്ത കല യനത്തുമുള്ളും മറന്നുപോകട്ടും
മൂത്തോരെയറിന്തകളെ കണ്ടപൊഴുതേതാ-
നെഴിയാതെ വണങ്കാതെയിരുന്ത നിത്തങ്ങൾ-
ചെന്നടയും തീനരകിലടയട്ടും മൈന്താ. —ഇത്യാദി.

ഇതെഴുതിയ പ്രാചീനകവി വാല്മീകിരാമായണം വായിച്ചറിഞ്ഞിട്ടുണ്ടെന്നു വഞ്ചന ഇത്യാദി ഭാഗം വെളിപ്പെടുത്തുന്നു. കേരളവർമ്മ രാമായണത്തിലെ,

മനുപ്രവീരനെ വനത്തിലാക്കുവാൻ
മനസ്സുവച്ചുള്ള മനുഷ്യനെങ്കിലോ
പഠിച്ചശാസ്ത്രങ്ങൾ സകലവിദ്യയും
മനസ്സിങ്കൽനിന്നു മറന്നുപോകട്ടെ......എന്ന ഭാഗം കാൺക.

അത്തൻ തിരുവടി മറവാതയെടാ
ആദികാലയിൽ തുയിരാതയെടാ
ഇരുന്തതില്ലയെൻറുരയാതയെടാ.
ഈയംപൊരുളൈ വിലക്കാതെയെടാ

ഉററവക്കൎമ്മൈയുരയാതയെടാ
ഉററപൊരുളുകൾക്കില്ലൈ വയ്യാതയെടാ
ഏവക്കും വഞ്ചനൈ ചെയ്യാതെയെടാ.

ഈ സന്മാൎഗ്ഗവാക്യങ്ങൾ പഴയകാലത്ത് എഴുത്തുപള്ളികളിൽ പഠിപ്പിച്ചുവന്നിരുന്നു. പാൎവ്വതിയും ലക്ഷ്മിയും തമ്മിൽ ശിവന്റെയും വിഷ്ണുവിന്റെയും കുറവുകളെക്കുറിച്ച് ആക്ഷേപിച്ചു ലഹളയുണ്ടാക്കുന്നതും മററും ഇപ്പഴത്തെ കവികൾക്കു മംഗളപദ്യങ്ങൾക്കു വകയായി തീൎന്നിട്ടുണ്ടല്ലൊ. വെണ്മണിനമ്പൂരിപ്പാട്ടിലെ ഒരു പദ്യം കാണ്‍ക.

കാടല്ലേ നിന്റെ ഭൎത്താവിന്റെ ഭവനം? അതെ
നിന്റെയോ നിന്മണാളൻ
ചുടില്ലേ പന്നഗത്തെ? ശരി, തവകണവൻ
പാമ്പിലല്ലേ കിടക്കു?
മാടല്ലേ വാഹനം നിൻദയിതനു? അവനെയും
നിൻപ്രിയൻ മേയ്ക്കുകില്ലേ?
ക്രുടില്ലെന്തൎക്കമെന്നങ്ങമരമെയ മടക്കും മൊഴി-
യ്ക്കായ് തൊഴുന്നേൻ.

ഈ വിധം പ്രാചീനകവികൾക്കും ഉണ്ടായിരുന്നു. പക്ഷെ അവർ പാൎവ്വതിയെയും ലക്ഷ്മിയെയും തമ്മിൽ ശണ്ഠപിടിപ്പിച്ചുവെന്നല്ലാതെ ആ തമ്മിൽ ശണ്ഠയെ കൊഴുപ്പിക്കാൻ പോയില്ല. ഹാലാസ്യമാഹാത്മ്യത്തിലെ പിട്ടിനു മണ്ണു ചുമന്ന ശിവകഥയാണ് ആദ്യം സ്മരിപ്പിക്കുന്നതു".

"മണ്ണെടുത്തടിപെട്ടു വാങ്ങിച്ചിപ്പിട്ടിനെ
വാങ്ങിവാങ്ങിത്തിന്നില്ല്യോടീ നിന്റെ ശിവനാർ?
കുന്നെടുത്തു പാൽ തയിർ വെണ്ണേം കട്ടു
കുന്തി കുന്തിത്തിന്നില്ല്യോടീ നിന്റെ കണവൻ?
പാൎത്ഥന്റെ കൈകൊണ്ടു വില്ലടിപെട്ട്
പയ്യപ്പയ്യെമിഴിച്ചാരെടീ നിന്റെ ശിവനാർ

പോത്തിടച്ചിയാല്വരലിൽ കെട്ടുപെട്ടുപിന്നെ
പൊരമ്പാലടിപ്പെട്ടെടി നിന്റെ പെരുമാറ്റം.”

അയ്യനാരശൻ എന്നു പറയുന്നതു് കണക്കുസംബന്ധിച്ച ഒരു കളിയാണു്. ഇതിനു രണ്ടുപേർ വേണം. ഒരു കളം വരച്ച് ഓരോ ഖണ്ഡത്തിലും ഓരോ കല്ലുവീതം വച്ചിട്ടു് അതിനെ തിരിക്കയും എടുക്കുകയുമാണു് ഇതിന്റെ ചടങ്ങു്. ഒരാൾ കളത്തെ നോക്കിയും മറ്റെയാൾ തിരിഞ്ഞും ഇരിക്കണം. തിരിഞ്ഞിരിക്കുന്നയാൾ പാടിക്കൊണ്ടു് ഓരോ കല്ലെടുത്തുകളയാൻ മറ്റെയാളോടു പറയും. ശേഷം മറ്റെയാൾ കല്ലെടുക്കും. എടുത്തു തീരുമ്പോൾ തിരിഞ്ഞിരുന്നയാൾ പറകയുംചെയ്യും. പാട്ടു് ഇതാണു്.

അയ്യനാരശനെപ്പള്ളിക്കൊള്ളുംമക്കളെ
ഐവരിരുപ്പിടത്തൊന്നെടു്
തേനാന്തെരുവിലൊന്നെടു്
തെരുവത്തുമ്പിലൊന്നെടു്
മുക്കണ്ണൻ മുരുകണ്ണൻ മുത്തിപ്പൊറാമക്കളെ
മൂവരിരുപ്പിടത്തൊന്നെടു്, എടത്തൊന്നെടു്, വലത്തൊന്നെടു്
“കാട്ടിൽക്കുരുത്തമരമെന്നമരമെല്ലാം
കള്ളർകൊണ്ടോട്ടമരമെന്നമരമെല്ലാം
ഇരുമ്പിത്തുളത്തമരമെന്നമരമെല്ലാം
ഇരുവർകൊണ്ടോട്ടമ്മരമെന്നമരമെല്ലാം”

ഇതുപോലെ വേറെ ചില കളിപ്പാട്ടുകളും ഇടയ്ക്കിടെയുണ്ടു്. എന്നാലും കേരളത്തിൽ തിരുവത്രതി കഴിയുന്ന തിരുവോണം ആഹ്ലാദമയമായ അവസരമാകയാൽ അതു സംബന്ധിച്ച പാട്ടുകൾ കേരളീയഭാഷയിൽ ഇല്ലാതെ വരാൻ ഇടയില്ലല്ലോ. ഊഞ്ഞാൽപാട്ടു്. ഓണത്തെ ആദരിക്കുന്ന ഒന്നാകയാൽ അതു് ഓണപ്പാട്ടിന്റെ ശേഖരത്തിൽ ചേർക്കാമോ എന്നു സംശയമുണ്ടാകാം. ചേർത്താലും ശരി, ഇല്ലെങ്കിലും ശരി, ഓണപ്പാട്ടെന്നു് പൊതുവായി പേരുവ

ഹിക്കുന്ന ചില പാട്ടുകൾ പലസ്ഥലങ്ങളിലും പ്രചരിച്ചു കാണപ്പെടുന്നുണ്ടു്. അവയിൽ ചിലതു് ഊഞ്ഞാൽപാട്ടുകളായി ഉപയോഗിച്ചുപോരുന്നുവെന്നും പറയേണ്ടിയിരിക്കുന്നു. കണിയാന്മാരുടെ ഇടയിലും ഒരുവക ഓണപ്പാട്ടു നടപ്പുണ്ടു്.

## ഓണപ്പാട്ടു്.

ഊഞ്ഞാലേ മക്കാണി
ഉരിയനെല്ലേ പാച്ചോറെ
ഉണ്ണുണ്ണെ ഇരിക്കമ്പം
ഓണംവന്നു മുട്ടട്ടേ.

... ... ... ...

ഈയക്കിക്കിമുററത്തു മുല്ലനട്ടു
മുല്ലക്കൊഴുന്തടിച്ചു വാഴനട്ടു
വാഴകുലച്ചു വടക്കചാഞ്ഞു
വടക്കുള്ള നായന്മാരങ്കംവെട്ടി
അങ്കത്തിൻപിറേറത്തെഗാരാനവന്നു
ആനേരെ പുറത്തൊരു ചെപ്പിരുന്നു
ചെപ്പിന്നകത്തൊരു മുത്തിരുന്നു
മുത്തുതൊഴിക്കിണ മൂക്കവരെ
മൂന്നാഴിമുത്തു കടംതരുവിൻ

... ... ... ...

കാട്ടിക്കരുന്തെങ്ങിലോലവെട്ടി
വാട്ടിമുടഞ്ഞൊരു. കൂടുതെററി
ആററിൻമണൽവാരി കൂട്ടിലിട്ടു
കൂട്ടിക്കുറക്കോഴി മുട്ടയിട്ടു
മുട്ടയിട്ടെട്ടിനു മുട്ട കുഞ്ഞായു്
എന്റെട കോഴി നീ കൂവിടാത്തു
കോട്ടയിൽച്ചാത്താവിൻ കുററംകൊണ്ടു
കോട്ടയിൽച്ചാത്താവിനെന്തുവേണം
ആനയുംവേണം കുതിരവേണം

ആനയ്ക്കൊട്ടപ്പുഇ ചേലവേണം
ആനേരെ ചേലയോ കട്ടതാര്
ഞാനല്ല ഞാനല്ല കള്ളനാണേ
കള്ളൻെറ കൈവെട്ടി പന്തലിട്ടു്
പന്തപ്പുറത്തഞ്ചു തുമ്പനട്ടു
തുമ്പകൊണ്ടായിരം തോണികുത്തി
തോണിത്തലയ്ക്കൽ പടയിരുന്നു
ഉമ്മത്തിൻകാകൊണ്ടു ശംഖുമൂതി

... ... ... ...

കിണ്ണികൊണ്ടു മണ്ണളന്നു അറവിടവിടെ കുന്നുതോന്നി
കുന്നിടിച്ചു കുളംകോരി കുളവരമ്പേ തെങ്ങുവച്ചു
തെങ്ങിന്നു കനിതൊഴിഞ്ഞു മലയററം കനി തൊഴിഞ്ഞു
മലയിലുള്ള മരങ്ങൾവെട്ടി മതയാന വലിച്ചിഴച്ചു
അവിടെനിന്നു ഇഴച്ചമരം കരമനയാററിൽ പാലമിട്ടു
അപ്പാലം ഇട്ടുപിന്നെ ശിഷ്ടമുള്ള കുററികൊണ്ടു്
കൊച്ചമ്പലം പണിതീർത്തു അമ്പലത്തിൻ പിൻപുറകേ
അമ്പഴവും നട്ടുപിന്നെ........................................

കേൾക്കുമ്പോൾ നിസ്സാരങ്ങളായി തോന്നുന്ന പല പാട്ടുകളേയും സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ അവയിൽനിന്നു പല കാര്യങ്ങളും ഗ്രഹിക്കാവുന്നതായിരിക്കുമെന്നു മേൽ കാണിക്കപ്പെട്ട ഭാഗങ്ങളിൽനിന്നു് നാം അറിഞ്ഞുവല്ലോ. ഒരു പാട്ടിൽ ഒരു ഭാഗത്തു "മുത്തുതൊഴിക്കിണ മുക്കുവരെ മുന്നാഴിമുത്തു കടംതരുവിൻ" എന്നു പറഞ്ഞുകാണുന്നു. ഇതിൽനിന്നു് എന്താണ് നാം അനുമിക്കേണ്ടതു്. രാജാധികാരത്തിൻകീഴിലായോ അല്ലാതേയോ ഒരു കാലത്തു നടത്തപ്പെട്ടുവന്ന മുത്തുമുങ്ങിയെടുക്കുന്ന തൊഴിൽ മലയാളികൾ അറിഞ്ഞിരുന്നുവെന്നും, എന്നു മാത്രമല്ല അതു കടം വാങ്ങിക്കാവുന്നവിധം അവരുടെ രാജ്യാതൃത്തിക്കകത്തുതന്നെ നടത്തപ്പെട്ടിരുന്നുവെന്നും നിശ്ചയിക്കരുതോ? ഇപ്പോൾ മലയാളരാജ്യസീ

മയിൽ ചേൎന്ന ഒരിടത്തും മുത്തു മുങ്ങിയെടുക്കുന്ന വ്യവസായം നടന്നുവരുന്നില്ലെന്നുള്ളതു ശരിതന്നെ. അതുകൊണ്ടു്, മുൻപും അതു് ഇവിടെ ഉണ്ടായിരുന്നില്ലെന്നു് ഊഹിച്ചുകൂടാ. മുത്തുച്ചിപ്പികളുടെ ആദിമകാരണങ്ങളായി അറിയപ്പെട്ടിരിക്കുന്ന ജീവികൾക്കു് വൎദ്ധിക്കത്തക്ക സമുദ്രത്തിന്റെ നിമ്നോന്നത ഭാഗങ്ങൾ പ്രകൃതിയുടെ വികൃതിനിമിത്തം ഭേദപ്പെട്ടിരിക്കാം. അറബിക്കടലിന്റെ പൂൎവ്വതീരമായ ഒരു സമുദ്രാംശത്തിൽ ഒരു കാലത്തു് പ്രകൃതി അതിന്റെ ശക്തിയെ കഠിനമായി പ്രയോഗിച്ചിരുന്നുവെന്നുള്ളതിലേക്കു വേണ്ടുവോളം ലക്ഷ്യമുണ്ടു്. തോവാളത്താലൂക്കിൽ ചേൎന്ന കടുക്കര മലയിടുക്കു് ഇപ്പോൾ കടലിൽനിന്നു് എത്രയോ അകലെയാണു് കിടക്കുന്നതു്. പണ്ടു്, കടുക്കറ കടൽക്കരെയായിരുന്നു. കന്യാകുമാരിക്കു തെക്കു് ഭൂമി നീണ്ടുകിടന്നിരുന്നുവെന്നും പറളയാറും കുമരിക്കോട്ടു മലയും ആ ഭൂമ്യംശത്തെ അലങ്കരിച്ചിരുന്നുവെന്നും, ചിലപ്പതികാരം എന്ന തമിഴ്ഗ്രന്ഥംകൊണ്ടു നമുക്കു കാണാം. ഒരു ചിലപ്പതികാരവും പെരിപ്ലസു് എന്ന ഗ്രന്ഥവും, വേമ്പനാട്ടുകായലിന്റെ പൂൎവ്വതീരത്തായിരുന്നു പണ്ടു കപ്പലുകൾ അടുത്തിരുന്നതെന്നു സൂചിപ്പിക്കുന്നു. ഒരു കായലിനെ, സമുദ്രം മാറിപ്പോയതിന്റെ ഒരു അവശിഷ്ടമായിട്ടാണു് കരുതേണ്ടതു്. കരപ്പുറംദേശം, പുറദേശത്തു കരവച്ചുതന്നെയായിരിക്കണം. ഭൂസ്ഥിതിതന്നെ ആ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. കരപ്പുറത്തിന്റെ തെക്കും വടക്കുമുള്ള ആലപ്പുഴ, കൊച്ചി എന്നീ രണ്ടു തുറമുഖങ്ങളും ഇതിനെ സഹായിക്കുന്നു. തിരുവനന്തപുരത്തു് ശംഖുംമുഖവും, വെള്ളമൊഴിഞ്ഞ ഭൂവിതാനത്തിനു് ലക്ഷ്യമാകുന്നു. അത്യഗാധങ്ങളായ സമുദ്രാന്തൎഭാഗങ്ങളിൽ മാത്രം ജീവിക്കുന്ന ഒരുതരം കടൽപ്രാണികളുടെ ശൂന്യാവശിഷ്ടങ്ങൾ വക്കലെത്തുരപ്പിനടുത്തും തകൎന്നുപോയ കോട്ടയുടെ ഏതാനും അംശങ്ങൾ പുറക്കാട്ടു കടലിലും കാണപ്പെട്ടിട്ടുള്ളതിനെ അടിസ്ഥാ

നമാക്കി റോഡ്രസായ്ക്ക് ൧൮൭൭—൮ ലെ തിരുവിതാംകോട്ടു രാജ്യഭരണറിപ്പോർട്ടിൽ കാണിച്ചിട്ടുള്ള വിവരവും മററുംകൂടി ഇവിടെ ചിന്തിക്കേണ്ടതാകുന്നു. ഈവിധം പ്രകൃതിയുടെ നിഗ്രഹാനുഗ്രഹശക്തി ഠരം പ്രദേശങ്ങളെ ബലമായി ബാധിക്കയോ തകർത്തുവിടുകയോ ചെയ്തിട്ടുണ്ട്. അതുനിമിത്തം ഭൂസമുദ്രങ്ങളുടെ നിമ്നോന്നതഭാഗങ്ങൾ മാറി മറിയുകയും ചില ജീവികൾക്ക് ജീവസന്ധാരണം ചെയ്വാൻ യോഗ്യങ്ങളും അയോഗ്യങ്ങളുമായ ഇടങ്ങൾ ഉണ്ടാവുകയോ നശിക്കയോ മററനേകവിധമോ ഇവിടെ നടക്കുകയും ചെയ്തിരിക്കണം. അങ്ങനെ മുത്തുകുളി എന്ന തൊഴിൽ മലയാളികളുടെ രാജ്യത്തുനിന്ന് ഒഴിഞ്ഞുപോയിരിക്കാം. ഈ അഭിപ്രായം ഇങ്ങനെ. ഇനി വേറൊന്നുകൂടി ചിന്തിക്കാം—പണ്ട്, ചേര ചോള പാണ്ഡ്യരാജ്യങ്ങളുടെ അതൃത്തികൾ രാജാക്കന്മാരുടെ ബലദൌർബല്യങ്ങളനുസരിച്ച് ഭേദപ്പെട്ടുകൊണ്ടിരുന്നു. ആ കൂട്ടത്തിൽ കേരളം ചേർന്ന ചേരനാട്ടു ചിലപ്പോൾ പോഷിക്കയും മററു ചിലപ്പോൾ ശോഷിക്കയും ചെയ്തിരുന്നുവെന്നുള്ളതിലേക്ക് പ്രാചീനചരിത്രങ്ങൾ സാക്ഷ്യങ്ങളാണ്. കൊല്ലം ൩൮൪–ൽ നാടുനീങ്ങിയ ചേരഉദയമാർത്താണ്ഡവർമ്മരാജാവ്, തിരുനൽവേലി, മധുര, ഈ രാജ്യങ്ങളുടെ ഏതാനും ഭാഗങ്ങളടക്കി, വള്ളിയൂർ, ചേരമാദേവി എന്നീ പട്ടണങ്ങളെ രാജസ്ഥാനങ്ങളാക്കി വാണിരുന്നതും, ജയസിംഹദേവൻ കേരളരാജാധിരാജനായി ഭരിച്ചിരുന്നതും മററും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതായി വരുന്നു. ഈ സ്ഥിതിക്ക് കിഴക്കെ കടലിലെ ശുക്തികാസംഭരണാവകാശം ഒരുകാലത്ത് കേരളരാജാവിനധീനമായിരുന്നിരിക്കാനിടയുണ്ട്. തിരുനൽവേലിജില്ലയുടെ തെക്കേ അററത്ത് മാന്നാർ ഉൾക്കടലിൽ ഇക്കാലത്തും ഈ വ്യവസായം നടന്നുപോരുന്നു.

---

# വടക്കൻപാട്ട്.

---

## തച്ചോളിച്ചന്തു.

കൊടർമാലയോടങ്ങു മല്ലടിപ്പാൻ
ഈത്രിലോകത്തിങ്കലാരുമില്ല
മതിരാശിപ്പട്ടാളം അവൎക്കുണ്ടേ
അമ്പുചുട്ടെയ്യുന്ന അമ്പാടികൾ
ഓട്ടചുട്ടെയ്യുന്ന അമ്പാടികൾ
ഈവക പടകളവൎക്കുണ്ടേ
അസ്ത്രപ്രയോഗത്തിന്ന വിരുതനാണേ
വെറുതെയും പോയി മരിക്കവേണ്ടാ
ഞാൻകൂടിത്തന്നെയും പോരുന്നില്ല.

... ... ... ...

## ആരോമൽച്ചേകവർ.

അമ്മാവൻ കാക്കലും കുമ്പിടുന്നേൻ
നെറുകയിൽ തൊട്ടു വരം കൊടുത്തു
മാറിലണച്ചുതഴുകുന്നുണ്ടേ
വന്നിതോ വന്നിതോ പൊന്മകനെ
എന്നെയും നീയു മറന്നുപോയോ
എനിക്കുമേതന്റെ വയസ്സുകാലം
ആൺമക്കൾതന്നെ എനിക്കില്ലല്ലോ
മകനുമതായതും നീയുതന്നെ
മരുമകനായതും നീയുതന്നെ
ഞാനുമേവീണു മരിച്ചുപോയാൽ
ഇക്കണ്ട ധനമൊക്കെ നിനക്കാണുണ്ണി

... ... ... ...

## തച്ചോളി കുഞ്ഞിച്ചന്തു.

അങ്ങനെയിരിക്കുന്ന കാലത്തിങ്കൽ
ഓമല്ലൂക്കാവിൽ കുളിപ്പതിന്നായ്
പതിനാറു ചങ്ങാതിമാരുമായി
കുളിപ്പാനും യാത്രയായവളുമന്നു
ആയതു കണ്ടുടൻ പെറ്റോരമ്മ
എവിടേയ്ക്കാണെടോ! നീ യാത്രയിപ്പോൾ
കുളിപ്പാനായിട്ടുള്ള യാത്രയാണൊ
എവിടെ കുളിപ്പാനും പോണു നീയും
ഓമല്ലൂക്കാവിൽ കുളിപ്പാൻപോണു
കുളിച്ചു തൊഴുതു വരട്ടെ ഞാനും
അതുതാനെ കേട്ടപ്പോൾ പെറ്റോരമ്മ
അവിടെക്കുളിപ്പാനും പോകവേണ്ട
നമ്മുടെകുളത്തിൽ കുളിച്ചുകൊൾക
കൊട്ടയ്ക്കു കോരിക്കുളിച്ചോ പെണ്ണേ
... ... ...

### കുപ്പുള്ളിക്കോമൻ—

പച്ചോലപ്പട്ടും പുളിയും തിന്നു
പട്ടും ഞൊറിഞ്ഞുടുക്കുന്നുണ്ട്
മുന്നൂറു പണത്തിന്റെ പട്ടല്ലാണൊ
അതിനുമേ ചേർന്നൊരു മേൽമുണ്ടല്ലൊ
മേൽമുണ്ടു നന്നായിച്ചുറ്റുന്നുണ്ട്
കോട്ടംപടിവച്ച പൊന്നരഞ്ഞാൺ
മീതെ അഴകായി പൂട്ടുന്നുണ്ട്
പീലിത്തിരുമുടി കെട്ടിവച്ച്
ചന്ദ്രവളവുള്ള തിരുനെറ്റിമേൽ
ചന്തമോടെഴുതിയ തൊട്ടുകുറിയും
മാറ്വിനഴകിയ താലിമാലാ
മുത്തുമാലയൊന്നെടുത്തു ചാർത്തി

പാലൂർമഠത്തിൽ കുഞ്ഞികന്നി—

ചന്ദനക്കല്ലിൻെറയരികെചെന്നു
ചന്ദനം ഉരസി കുറിവരച്ചു
ഏലക്കുറി ഏഴും തൊടുന്നതൊണ്ട്
പൊന്നുകൊണ്ടരച്ചു തിലകം തൊട്ടു്
അഞ്ജനം കൊണ്ടങ്ങു കണ്ണെഴുതി
കുങ്കുമം കൊണ്ടങ്ങു പൊട്ടുകുത്തി
കസ്തൂരി കളഭങ്ങളും പൂശുന്നുണ്ട്
മാറാപ്പുകെട്ടു മഴിച്ചുകന്നി
നീലക്കുവണി ഞെറിഞ്ഞുടുത്തു
...   ...   ...   ...

ഈവിധം പോരാട്ടങ്ങളും പ്രേമകാര്യങ്ങളും എന്നുവേണ്ട എല്ലാംതന്നെ വിവരിക്കുന്ന വടക്കൻപാട്ടുകളിൽ ഭൂരിഭാഗം സത്യങ്ങളല്ലാത്താണെ കാണുന്നതു്.

അഴിപ്പുകഥ.

കാട്ടിൽക്കരുത്ത മരമെന്ന മരമയ്യോ!
കള്ളർകൊണ്ടോട്ടുമ്മരമെന്നമരമയ്യോ!
ഇരുമ്പിത്തുളത്തമരമെന്നമരമയ്യോ!
ഇരുവർകൊണ്ടോട്ടുമ്മരമെന്നമരമയ്യോ!
ഇല്ലത്തമ്മ കുളിച്ചുവരുമ്പം
തക്കിടിമുണ്ടൻ വാതുക്കൽ
അക്കരെനിക്കും ചാച്ചിത്തെങ്ങേൽ
ആക്കലെപൂക്കലെ പന്തീരായിരം.

ഈവിധം അഴിപ്പുകഥകളും പഴയപാട്ടുകളുടെക്കൂട്ടത്തിലുണ്ടു്.

വില്ലടിച്ചാൻപാട്ടു്.

വില്ലടിച്ചാൻപാട്ടിനെ പരിഷ്കാരം വേണ്ടതിലധികം ബാധിച്ചുകളഞ്ഞു. വാൎദ്ധക്യംകൊണ്ടു പല്ലു കൊഴിഞ്ഞാൽ കൃത്രിമപ്പല്ലുകൾവച്ചു മിനുക്കുന്നതുപോലെ സദാരാമയിലെ കള്ളൻെറയും നൈഷധത്തിലെ കലിയുടേയും പാട്ടുകളും ചില ഇരട്ടികളും ഇടതിരികളും വില്ലടിപാട്ടിൽ കൂട്ടിപ്പിടിപ്പിച്ചതിനാൽ

ഇതിന്റെ പഴയ ഭാഷ ഏറെക്കുറെ മാറിപ്പോയിരിക്കുന്നു. പഴയപാട്ടിൽ ഏതാനും ഭാഗം ഇവിടെ കാണിക്കാം.

താനാകിയ പൊന്നിൻ കൈലാസത്തിൽ
തക്കശിവൻ മാല്യം വീത്തിരുന്താർ
ഇരുന്താരസുരർകൾ പാതാളത്തിൽ
ഇരുഷി മുകിൽവണ്ണൻ ചൊൽകരുത്താൽ
വരുമ്പി ഇരുന്താരെ അസുരർകുലം
മകിഴംപടിക്കൊരു രാക്ഷസിതാൻ
ഇടുമ്പിയുദയിർകൊണ്ടു പൊരെരുത്താൾ
വീരൻപകിട്ടവാ വല്ലാക്കനാതാൻ
ഉരങ്കളുടൻ പിറന്തവൻ വളര
ഉറപ്പകിയാള വേണമെൻറാൻ
വാക്കിനുടൻ പുകിയാൾവളുക്ക
വന്തുപുറന്താനെ വല്ലാക്കൻ
തുലയപ്പൂരികരിതനമിളന്തു
തുക്കം(ദുഃഖം)പെരുതാന വല്ലാക്കൻ
കല്ലപ്പടമലെ വല്ലാക്കൻ
കടിയ തപംചെയ്തു ഉറവപോനാൻ
ഉന്തം കരങ്കൾ മുകിപ്പളുക്കു്
ഉമയാൾതിരുപ്പാതം ഉള്ളിൽ വൈത്താൻ

ഈ പാട്ടു് ഭാഷാരംഗത്തിൽ നിന്നു മറഞ്ഞുപോകുന്നതിനു് ഇനി ഒട്ടും കാലതാമസം വേണ്ടിവരികയില്ലെന്നുള്ളതിനാൽ ഇതു മുഴുവനാക്കി പ്രസിദ്ധീകരിക്കാൻ ഭാഷാഭിമാനികൾ സന്നദ്ധരാകാനുള്ള അവസരം സന്നിഹിതമായിരിക്കുന്നു. വെറും ഭാഷാഭിമാനംകൊണ്ടുമാത്രം ഇതു സാധിക്കാവുന്നതുമല്ലല്ലൊ.

## കൃഷിപ്പാട്ടു്.

നായന്മാർ ഏറിയക്രൂരം കച്ചകെട്ടി കളരിയിൽ പയറ്റി അങ്കംവെട്ടി കഴിഞ്ഞ അന്നും, മുട്ടുംകെട്ടി മുനിവൃത്തിയിൽ മുഴുകിയ ഇന്നും, ആഹാരത്തിനു കൃഷിയാണാശ്രയം. ചിപ്പി

യും കപ്പിയും കല്ലും കരടും വിഴുങ്ങിക്കളയാവുന്ന ഒരു പുതിയ
കാലം വരുന്നതുവരെ കൃഷിയെ ഒഴിച്ചു വയ്ക്കാവുന്നതുമല്ല. പാ
ലിൽനിന്നു വെണ്ണയെന്നതുപോലെയോ, പാൽക്കടലിൽനിന്ന്
അമൃതു എന്നതുപോലെയോ, ഭക്ഷ്യവസ്തുക്കളെ കടലുപോലെ
സംഭരിച്ചശേഷം അതിന്മേൽ ഒരു മന്ദരപർവ്വതപ്രയോഗം
നടത്തി സാരാംശം എടുത്തു ഗുളികകളാക്കി നമ്മെക്കൊണ്ടു
സേവിപ്പിക്കാൻ പുതിയ കരകൌശലപടുവായ ഒരു് എഞ്ചി
നീയർ ഒരു എളുപ്പവഴി സർവ്വേ ചെയ്തു റെട്ടിത്തുറക്കമ്മേൽ നെ
നമ്മുടെ ഏരും കരിയും അയിത്തമെന്നു വച്ചു് ഉച്ചാട
നക്രിയയിൽ ഉൾപ്പെടുത്തിയാൽ നാമെല്ലാം കൂട്ടത്തോടെ ക
ല്പസേവിച്ചു കാട്ടിൽ പോകേണ്ടിവരും; അതിനു കാടുകളും ന
മ്മുടെ നാട്ടിൽ വേണ്ടുവോളം ഇല്ല. പരിശ്രമശീലന്മാരായ പ
ടിഞ്ഞാറന്മാർ പതിപ്പിച്ചുപോയി. ഇതെല്ലാം നോക്കുമ്പോൾ
കൃഷികാര്യാഭിവൃദ്ധിക്കായി നാം എന്തും ചെയ്യേണ്ടവരാണെ
ന്നു വരുന്നു. നമ്മുടെ കാലത്തു് കൃഷിവിഷയത്തിലും പടി
ഞ്ഞാറൻ പരിഷ്കാരം കടന്നുകൂടിയിട്ടുണ്ടു്. എങ്കിലും നമ്മുടെ
കാരണവന്മാർ അതു് അറിഞ്ഞിരുന്നേയില്ല. അതുകൊണ്ടു്
അവൎക്കു കുറവു വല്ലതും ഉണ്ടായതായി കാണുന്നുമില്ല. മുൻ
കാലങ്ങളിൽ നന്മതിന്മകളനുസരിച്ചു കൃഷി ഭൂമികളെ തരം
തിരിക്ക, ഓരോ സ്ഥലത്തിനും പററുന്ന വിളവുകളെ നിൎണ്ണ
യിക്ക, സഫലമായ വിധം കൃഷിചെയ്ക, കാലികളെ രക്ഷിക്ക,
വളം ശേഖരിക്ക, മുതലായി കൃഷിവിഷയകങ്ങളായ എല്ലാ കാ
ൎയ്യങ്ങളിലും പ്രത്യേകജ്ഞാനം നമ്മുടെ കാരണവന്മാൎക്കുണ്ടാ
യിരുന്നു. ഇതു് എത്രത്തോളം ശരിയാണെന്നു കാണിക്കാൻ പല
പഴയ പാട്ടുകളും ഇന്നും നടപ്പുണ്ടു്.

"ഭൂമിഭേദങ്ങളെക്കൊണ്ടു വിത്തുകളും-
ക്കോമനപ്പേരതായി ബഹുവിധം
മലയാളത്തിൽത്തന്നെ വിളയുന്ന

മലവിത്തുകളുണ്ടു പലവിധം
...  ...  ...  ...
വെള്ളച്ചെന്നെല്ലെന്നുള്ളോരു വിത്തിനെ
തള്ളലേറി വിരിപ്പു വിളയുന്നു
സമ്പതാളനാമെന്നുള്ള വിത്തിനെ
സമ്പന്നന്മാരുഴുതു വിതച്ചാലും
തുളുനാട്ടിലീവിത്തുകളൊക്കെയും
മുളപ്പിച്ചിട്ടുമാം വിതച്ചീടുവാൻ
കോലനാടതിലാം കന്നിവിത്തുക-
ളാലംബേന ധരിച്ചാലുമേവരും
ചെന്നെല്ലെന്നൊരു വിത്തുവിതപ്പിന്നു
നന്നു പാരം വിളവിന്നും നിർണ്ണയം
കരിഞ്ചെന്നെല്ലും കത്തിവിത്തെന്നതു-
മുരുണ്ടാകുന്നു രണ്ടിവ കേവലം
കോഴിവാലനാം വിത്തുവിതച്ചാലു-
മാഴിയാം പാടമുള്ളതിലേവരും
വെള്ളക്കോഴിവാലൻ വിതച്ചാലൊരു
കള്ളക്കാടതിനില്ല വിശേഷിച്ചു്
പൊന്നാരിയനും പിന്നെക്കഴമയും
മന്നവർക്കുചിതമിതു ഭക്ഷണം
മുണ്ടകനമതിക്കിരാലിയതു
മുണ്ടെല്ലാടവും പാറുന്ന വിത്തല്ലൊ
പുന്നാടനെന്നുള്ളോരു വിത്തിനെ-
ക്കൊയ്യുന്നോരിതു നന്നായ് വിതച്ചാലും
ഒത്തടിയനാമെന്നൊരു വിത്തതു
പാർത്തു കണ്ടാലുമുണ്ടതിനത്ഭുതം
വാലിയെന്നുള്ള വിത്തുവിതയ്ക്കേണ്ടും
കാലത്തു വിളവേററവും തീർത്താലും
പൂത്താടെന്നൊരു വിത്തുപറമ്പിലേ-
യ്ക്കൊത്തവണ്ണം വിതയ്ക്ക കൃഷീവലർ
മോടനും ചെറുമോടനിറകനും

കാട്ടുകാഴ്ച്ചയ്ക്കു നല്ലതിവ മൂന്നും
പാമ്പൻകഴമ യെന്നൊരുവിത്തു
പറമ്പിൽ പിടിച്ചീടുമതേറാവും
ചൊല്ലെഴുന്ന മലയുടുമ്പൻ ചാര-
ക്കല്ലുമെല്ലടത്തും പാറം മലയിലും
കോലനാട്ടിലീ വിത്തുകളേററവും
പാലിച്ചീടുമതിനില്ല സംശയം
കോടനെല്ല വിതയ്ക്കു ചുനത്തുമ്മേൽ
ആടലൊട്ടുമതിനില്ലൊരിക്കലും
ഇടനാട്ടിൽ വിതയ്ക്കുന്ന വിത്തുകൾ
അടവെ പറയുന്നു തെളിയുന്നാം
കരിപ്പാലിയുമാരിയനും പിന്നെ
വിരിപ്പല്ലൊ കഴമയും കാളിയും
വട്ടനും മുണ്ട പള്ളിനവാരും
പാഴനോക്കി വിതയ്ക്കേണമേവരും
കോഴിവാലനാം വിത്തുവിതച്ചാലും
ആഴിയായൊരു വയലിൽ വഴിപോലെ
പുഞ്ചവിത്തു ജലമറാത്തൂഴിയിൽ
അഞ്ചാതെ മൂന്നുവട്ടം വിതച്ചിടാം
കുട്ടനാടൻ വിതച്ചാലൊരേടത്തും
എട്ടുമാസത്തിനുള്ളിൽ കതിർവരാം
കോടനേരി പറിച്ചുനട്ടീടുകിൽ
ആടൽക്കൂടാതെ കൊയ്യാമറിഞ്ഞാലും
ചെപ്പിലക്കാടും കൂവളക്കാടനും
മൂപ്പുകൊണ്ടല്ലൊ ഭേദം പറയുന്നു
മുണ്ടകൻപാല വെമ്പാലയെന്നവ
മുണ്ടകത്തിൽ പ്രധാനങ്ങളായവ
കമ്പളൂവനം ചെന്താർമണിയനും
മുമ്പെയുള്ളൊരു വിത്തിവമുണ്ടകേ
വെള്ളത്തായനാം വിത്തങ്ങതിവേലം
പൊള്ളയററ കരിങ്കാളിവിത്തും

നടപ്പുള്ളോരരിക്കരുവവിത്തു്
പൊട്ടുക്കെന്നു പറി ച്ചുനടേണമേ.

... ... .. ...

ആനക്കൊമ്പനെന്നുള്ളോരു വിത്തിനു്
സ്ഥാനമല്ലൊ പറവൂരുനാടതിൽ ,
വിതപ്പല്ലൊ തുളുനാടൻ വിത്തത-
ങ്ങുരത്തീട്ടും കരപ്പുറത്തേററവും
ചേററാരിയൻ മണലാരിയൻ തഥാ
പററുമേററം കരുത്ത കൊരുവയും
കൊരുവവിത്തിടനാട്ടതിൽതന്നെ
വെരുപ്പില്ലാതെ കണ്ടു വിളയുന്നു-

... ... ... ...

കുട്ടനാട്ടു വിതയ്ക്കുന്ന വിത്തുകൾ
ഒട്ടൊട്ടിനു പറയുന്നു കേട്ടാലും

... ... ... ...

വേണനാടതിലേററം വിളഭൂമി
വാണുകൊണ്ടാലും പാണ്ടിയാം വിത്തിനാൽ
പുഷ്ടിയുള്ള കാടക്കഴത്തനാം
ഇട്ടുവിത്തല്ലു വേണനാട്ടുഴിയിൽ

... ... ... ...

മലയാളമാം നിങ്ങടെ ദേശത്തേ
ചാലവെ വിളയ്ക്കു നവ ധാന്യങ്ങൾ

... ... ... ...

കേട്ടുകൊള്ളുവിനെള്ളു മുതലായ
കാട്ടുവിത്തുകളെത്രയും വിസ്മയം
കരയെള്ളെന്നുണ്ടൊരുവക പിന്നെയും

... ... ... ...

തിനയുമുഴുന്നും പയറും പിന്നെ
കനിവോടെ കരിമ്പയറെന്നതും
ചെമ്പയറും ചെറുപയറെന്നതും
അപ്പുറം കാളിയെന്ന പയറതും

തണ്ടനും പതിനെട്ടുമണിയനും
മുണ്ടകപ്പയറും പെരിന്തണ്ടനും
പേരുകേട്ടാലും തത്തപ്പയറെന്ന
താരോമൽകുങ്കുമപ്പയറെന്നതും
... ... ... ...
വെള്ളച്ചോളം ഉമിയുണ്ടതിനേറെ
തള്ളലുള്ള കരിഞ്ചോളം ചെഞ്ചോളം
... ... ... ...
ജീരകം കരിഞ്ജീരകം പിന്നെയും
പാരിലേറെയുള്ളോരു വെൺജീരകം
വെള്ളവെങ്കായമീരവെങ്കായവും
തള്ളലുള്ളവർ കൊള്ളമുളവായും
ചാമയും ചെറുചാമയുമെന്നിവ
കാമിച്ചീടുമയമോദകം തഥാ
അവരയ്ക്കാം പുളിയവരയ്ക്കായും
ചുവന്നുള്ളോരവരയ്ക്ക വിസ്മയം
ആട്ടുകൊമ്പനവരയ്ക്ക പിന്നെയും
വാട്ടമില്ലാതെ വെള്ളവരയ്ക്കയും
പൂച്ചിയേറുന്ന മുസ്ലനവരയ്ക്കാം
വട്ടിയേറുന്ന മുണ്ടനവരയ്ക്കാം
വെള്ളവരയ്ക്ക മുള്ളനവരയ്ക്ക
വള്ളിമേലുള്ള ചിററവരയ്ക്കയും
... ... ... ...
പരുത്തിക്കൊട്ട മൂന്നുവിധത്തൊട്ടു
ചുരുക്കിപ്പറയുന്നുണ്ടു നാമിഹ
ചൊല്ലേറുന്നൊരു കല്ലൻപരുത്തിയും
തുള്ളിച്ചാട്ടന്നൊരുപ്പൻപരുത്തിയും
കേടേറുന്ന മലമ്പരുത്തിക്കൊട്ട
... ... ... ...

ഈവിധം കടല, ചേന, ചേമ്പു, കിഴങ്ങു്, വാഴ, വെ

ററിലക്കൊടി, മുളകുകൊടി, നാരകം, മാവ്, വഴുതിന, കത്തിരി, കരിമ്പ് മുതലായി മലയാളത്തിലെ എല്ലാ കൃഷികളും, അവ ചെയ്യേണ്ട വിധങ്ങളും, അവയ്ക്കു പററുന്ന മണ്ണും, വളവും, വിളവെടുക്കേണ്ട സമയങ്ങളും, മററും അതിസരസമായി വർണ്ണിക്കുന്നു.

ദാരിദ്ര്യങ്ങൾ കഴിയേണമെങ്കിലോ
നേരത്തെ കൃഷിചെയ്യേണമേവനും
വരുംകാലത്തേയ്ക്കുള്ളൊരു കോപ്പുക-
ളൊരുമ്പെട്ടു കരുതേണം മുമ്പിലെ
എകത്തിപ്പൂട്ടുക്കേണം തൊഴുത്തുക-
ളുകത്തീട്ടങ്ങടുത്തിട്ടിരിക്കണം
പുല്ലുവെട്ടികൾ വേണമിടയിടെ
വെള്ളപ്പാത്തികളോടും ബഹുവിധം
തൊഴുത്തോളമിടയിട്ടിട്ടപ്പുറേ
കുഴിച്ചു പടുക്കേണം വളക്കുഴി
കാള മൂരി കരികന്നിവയെല്ലാം
മേളം കൂടാതെ കെട്ടേണം വെവ്വേറെ
താടക്കാലിട്ടിട്ടെല്ലാം തൊഴുത്തുക-
ളാടിപ്പോകാതിരിക്കണം കെട്ടുമ്പോൾ
രാത്രിനേരം പിരിയാതെ തീനിട്ടു
നേത്രങ്ങൾകൊണ്ടു താന്തന്നെ നോക്കണം
കന്നുരക്ഷിക്കപ്പോകുന്നവരെല്ലാം
എങ്ങനെ കൃഷിചെയ്തു കഴിയുന്നു
കന്നിനെക്കഴുകിച്ചു കുളിക്കണ
മെന്നുമേ കൃഷികർമ്മികളേവരും
തലയകാലം തന്നെ കരുതേണ-
മലിവോടെ കരിയും നുകങ്ങളും
നൊള്ളിയും പള്ളക്കാലും മരങ്ങളും
തുള്ളലില്ലാത്ത പാത്തിച്ചപിടിയും
കൊഴുവും കൊട്ടുവാൾ മഴകയ്ക്കോട്ടും

വഴിഞ്ഞൊററമിരിക്കണമെപ്പൊഴും
കഴിക്കത്തിയരുവാളും കോടാലി
മഴത്തായാദി കൊട്ടയും വട്ടിയും
പണിയാളർ മികവായിട്ടില്ലാഞ്ഞാൽ
പിണയും കടമേവനും നിൎണ്ണയം
നടിച്ചു കൃഷി ചെയ്യുന്ന കാലത്തു്
പണക്കാരനും വീഴും കടത്തിന്മേൽ
വിളയുന്നവ സൂക്ഷിപ്പതിന്നായി
കളംവേണമെററിടത്തു വേറിട്ടു
പണിയിച്ചവന്തന്നെ കൊടുക്കേണം
പണിയാളുക്കു വല്ലിവഴിപോലെ
വഴിവെട്ടിയടച്ചു വിളയിച്ചാൽ
ഉഴവന്മാർ നശിക്കുന്നിതേവരും.

... ... ... ...

ഇനി കൃഷിക്കാർ എങ്ങനെയുള്ളവരായിരിക്കണമെന്നു്.

നിദ്രയേറിയിരിക്കുന്നവരാരും
ഭദ്രമല്ല കൃഷികരേകൎമ്മണി
ചിത്തത്തിങ്കലുണൎവില്ലാതീടുന്ന
മത്തന്മാരാരും വേണ്ട കൃഷിയിങ്കൽ

വിഷയാസക്തന്മാർ, കള്ളന്മാർ, മദ്യപന്മാർ, മടിയന്മാർ, കണക്കുപിണക്കികൾ മുതലായവർ നല്ല കൃഷിക്കാരല്ല.

വേലികെട്ടീട്ടുവേണം കൃഷീവലർ
കാലമേ വിതപ്പാനും നടുവാനും
വളം പാടത്തിടാഞ്ഞാലൊരിക്കലും
തെളിവില്ലാ വിതച്ചാലും നട്ടാലും

ഇനി ചില കുററങ്ങൾക്കു ശിക്ഷകൾ കല്പിക്കുന്നു.

വരമ്പു കുറച്ചീടുന്നരന്മാരെ
പെരമ്പോണ്ടടിക്കേണം നരുങ്ങവെ

വരമ്പുകളിൽ വളരുന്ന പുല്ലുകൾ പറിക്കണമെന്നുപദേശിക്കുന്നു. കാരണം ഇതാണ്:—

പച്ചപ്പുല്ലു വളം വലിച്ചീടുന്നു
നിശ്ചയം വെടിപ്പിന്നെന്നുവയ്ക്കേണ്ട.

എത്ര ചാലുഴണമെന്ന്.

പത്തുചാലിൽ കുറഞ്ഞിട്ടൊരുനാളും
വിത്തു കണ്ടത്തിലാക്കായ്കൊരുത്തരും
മുമ്പിലുള്ള കഴായാ കിളച്ചിട്ടി-
ങ്ങമ്പൊടങ്ങു വരമ്പു പൊതിയണം.

ഇന്നയിന്ന വിത്തുകൾ ഇന്നയിന്ന സമയങ്ങളിൽ വിതയ്ക്കണമെന്നുപറയുന്നു. ഈ വിധം വേണ്ട പല കാര്യങ്ങളും വിശദമായി വിവരിക്കുന്നുണ്ട്. തെങ്ങുകൃഷിയെപ്പറ്റിപ്രസ്താവിക്കുന്നത് വിശിഷ്യ ഇവിടെ വാച്യമാണ്. വിസ്തരഭയത്താൽ നിവൃത്തിയില്ലെന്നു വ്യസനിക്കുന്നു. കാലികളെ തിരിഞ്ഞെടുക്കുന്നതു സംബന്ധിച്ചും പല വിവരങ്ങളുണ്ട്.

പിമ്പു പെരുത്തൊരു കന്നിനെ വേണം
കൊമ്പും തലയും നോക്കിക്കൊള്ളുക
മട്ടയതാകിയ മൂരിയെ വേണം
പട്ടിയിൽ നോക്കിക്കൊള്ളുക നൂനം
മടവാലുള്ളൊരു കന്നിനെ യാരും
മടികൂടാതെ കൊള്ളരുതോർത്താൽ
തണ്ടെല്ലങ്ങു വളഞ്ഞൊരു മൂരിയെ
വേണ്ടാപോൽ കൃഷികർമ്മണിപാരം
മുതുകനിവന്നു സമത്തിൽപൊങ്ങി
പുതുമപെരുക്കിൽ കൊള്ളാമോർത്താൽ
കൊമ്പിൻ കനമങ്ങേറിയ കന്നിനു
വമ്പുണ്ടെങ്കിലുമുണ്ടാം കുററം
നീണ്ടകുളമ്പുകളുള്ളൊരു കന്നിനെ
വേണ്ട കൃഷിക്കായ് കൃഷികന്മാർക്ക്. —ഇത്യാദി.

ഫർവ്വ

കൃഷിയുടേയും മററും ഉത്ഭവത്തെപ്പററി കുറവരുടെ ഒരു പാട്ട്.

മേല്പലോകത്തിന്റ ന്റല്പ താരുന്നേ
ന്റല്പ വയ്യേറങ്ങിയ തമ്പിരാമ്മാരെ
ഈരടിപ്പൂമിയളന്നോണ്ട ചെന്നപ്പം
ഓരടിപ്പൂമി കുറഞ്ഞതിനാലെ
വെട്ടമടിയും പുകയു മുണ്ടായെ
അന്നല്ല പൂമിയും പുല്പവും തോന്നി
അന്നല്ല കാങ്കാ കടല്പമേ തോന്നി
അന്നല്ല ആള്ള മടിമയും തോന്നി
അന്നല്ലഞ്ഞേരുമെരുത്തിലും തോന്നി
അന്നല്ല വിത്തു വിതവട്ടി തോന്നി
അന്തുരു പൊന്തുരു വിത്തുമെ തോന്നി
കാഞ്ഞലക്കീഴ നടുക്കണ്ടം തുണ്ടും
നിച്ചേല്പം പൂട്ടി നെടുഞ്ചാല്പരുവേ
അന്തുരു വിത്തുമെ വാരിവിതച്ചെ
വിത്തു വിതച്ച വിതവെള്ളം വിട്ടെ
മൂന്നിന്റ വന്നു കിളിവെള്ളം തുറന്നേ
ഏഴിന്റ വന്നു കിളിവെള്ളമടച്ചേ
അന്തുരു പൊന്തുരു വിത്തും പയലായ്
അന്തുരു വിത്തിനെ തന്നെച്ചതിപ്പാൻ
വെട്ടുവളർകൊമ്പിപ്പുഴവും ചമഞ്ഞെ
വേട്ടുവളർകൊമ്പിപുഴവേ ചതിപ്പാൻ
കാട്ടിക്കരുമ്പുലി അവനും ചമഞ്ഞേ
കാട്ടിക്കരുമ്പുലി അവനെ ചതിപ്പാൻ
വീട്ടിക്കരപ്പച്ചൻ തോക്കും ചമഞ്ഞെ
വീട്ടിക്കരപ്പച്ചനവനെച്ചതിപ്പാൻ
മാനത്തു മാരി മഴയും ചമഞ്ഞേ
മാനത്തു മാരി മഴയെച്ചതിപ്പാൻ
മാനത്തു മീനമേലാവും തെളിഞ്ഞേ

### പറയരുടെ കൃഷിപ്പാട്ടിൽ ഒരു ഭാഗം.

കാരിക്കാള, ഒരംരണ്ടാപൂട്ടി,
കമുകടിവയലുഴച്ചിലെ
കള്ളപ്പുള്ളൻെറതിക്കണം കുററിയിൽ
കാളപാഞ്ചിതാംപള്ളയിലെ—

### വേടരുടെ പാട്ടു.

പൊട്ടനാളിവച്ചുളന്നു, വെട്ടവെളിയുംവിളന്നുതെ.

### പുള്ളോൻപാട്ടു.

പുള്ളുവന്മാർ സർപ്പങ്ങളെ ആരാധിച്ചും നാടുതോറും അലഞ്ഞു തിരിഞ്ഞു സർപ്പപ്പാട്ടുകൾ പാടിയും കാലയാപനംചെയ്തുപോരുന്നവരാണെങ്കിലും മററു ചില പാട്ടുകളും കൂടി അവരുടെ ഇടയിൽ പ്രചരിച്ചിരിക്കുന്നു. അക്കൂട്ടത്തിൽ കൃഷിപ്പാട്ടെന്ന് അവർ നാമകരണം ചെയ്തിരിക്കുന്ന ചില പാട്ടുകൾ അതേ പേരിന് അർഹങ്ങളായി ആർക്കും തോന്നാനിടയില്ല. ഇപ്പൊഴത്തെ ചില ഭാഷാപല്യകാരന്മാർ വെൺനിലാവും ഇന്ദുബിംബവും, മന്ദമാരുതവും മാലതീലതയും, അരയന്നവും അരവിന്ദപ്പൊയ്കയും കഷണം ചേർത്തു വസന്തസാമ്പാറുണ്ടാക്കി നാടകസദ്യ മോടിപിടിപ്പിച്ച് കൃതാൎത്ഥരാകുന്നതുപോലെ, നെല്ലും തെങ്ങും, ചേറും ചാരവും ചില സ്വരഭേദങ്ങൾ കൊണ്ടു നീട്ടിപ്പിടിപ്പിച്ച് കൃഷിപ്പാട്ടുകളാക്കി ഒരം പുള്ളുവന്മാർ ഉദരപൂരണത്തിനായി ഉപയോഗിച്ചുപോരുന്നുണ്ട്.

പുള്ളുവന്മാരുടെ ഇടയിൽ നടപ്പുള്ള "നെല്ലും തെങ്ങും നെല്ലും പൊന്നും" എന്നീ പാട്ടുകൾ—

ആരിയനാട്ടിലെ ഉണ്ടായി ചെന്നെല്ലു
അന്നംചെറുകിളി കൊണ്ടുവന്നവിത്തു്
കൺ്ഞെതിരക്കൊമ്പത്തു കൊണ്ടുവന്നുവച്ചു
ദേവലോകത്തുനിന്നുണ്ടായി ചെന്നെല്ലു
ഉണ്ടായ മാനിടക്കൊക്കെയും ഞങ്ങൾ
കാക്കവാനുണ്ടായി ചെന്നെല്ലു പൂമിയിൽ

നെല്ലെന്നു തെങ്ങെന്നു രണ്ടല്ലപേരു്
നെല്ലുകൊണ്ടെന്തോ ഫലംവരുത്തീടുന്നു
തെങ്ങുകൊണ്ടെന്തോ ഫലം വരുത്തീടുന്നു
നെല്ലേത്തടിയെന്നും തെങ്ങേത്തടിയെന്നും
തങ്ങളിലിരുപേരും പേശിത്തുടങ്ങി
നെല്ലോലയെന്നുമേ തെങ്ങോലയെന്നുമേ
നെല്ലേക്കൊത്തുമ്പെന്നും തെങ്ങേക്കൊത്തുമ്പെന്നും
നെല്ലേക്കതിരെന്നും തേങ്ങാക്കുലയെന്നും
നെല്ലിൻതടിയെല്ലാം വെള്ളത്തിൽ ചീയുമ്പഴ്
തെങ്ങിൻതടികീറി പുരക്കുത്തുക്കവൻ
അതിനാലെതന്നെയങ്ങോലയും കെട്ടുവൻ
നനയാതിരിക്കണോ ചെന്തെങ്ങുതോന്നു്
കേക്കണം നമ്മുടെ പേരും ജനനവും
ആദിയേ കേക്കണം വിത്തിന്റെ പേരും
എങ്കിലോ കേട്ടുവോ മാണിക്കച്ചെന്തെങ്ങു
ആനെല്ലു ചെന്നെല്ലു കരുനെല്ലു ഞങ്ങൾ
കച്ചിനുവേറാ തുനിപ്പാവു, വല്ലുളം,
മുട്ടേലവക്കന്ന മുണ്ടകൻവിത്തും
നല്ലോരതിക്രാഴി, ചമ്പാവു, ചൊക്കാളി,
വാലിക്കരപ്പനും, പോരക്കിടാവിത്തും,
കുണ്ടാലഴകുള്ള കറുത്ത ചുട്ട്യാസ്സനും,
കാരാരിയൻവിത്തു, പേരാരിയൻവിത്തു,
മലയാരിയൻ നല്ല യാനക്കോടൻവിത്തു
ദൈവമേയിത്തരം വിത്തല്ല ഞങ്ങൾ
ഇതുപോലെ കേക്കണം തെങ്ങിന്റെ പേരുകൾ
നാരായണൻ കണ്ണിലുണ്ടായി ചെന്തെങ്ങു
മതുവുള്ളമുകളിലേ തൈയാഞ്ഞുകൊള്ളുന്നു
അകലെ കുഴികുത്തി തൈയാഞ്ഞുംവച്ചു
രാപകലില്ലാതെ കോരിവളർത്തി
തെങ്ങെങ്ങുമാനച്ചുവട്ടും കുലയുമായ്
അക്കല പൊട്ടിപ്പിളന്നിട്ടു നാലുണ്ടായ്

ഉച്ചവിളക്കിനമന്തിവിളക്കിനും
ലക്ഷ്മിവസിപ്പാൻ വിളക്കിനും ചെന്തെങ്ങ
ബാലതരുണിക്ക കാതോലചെന്തെങ്ങ
ചോറിട്ടുമില്ലെങ്കിൽ ചൊല്ലെട്ടുമില്ലല്ലൊ
ഇതുപോലെ കേക്കണം പൊന്നിൻെറ പേരുമേ
പരമപുരത്തിന്ന പോന്നുള്ള പൊന്നുഞാൻ
പരിചിനൊട്ട ദേവലോകത്തുനിന്നുണ്ടായി
ആദിക്കമുമ്പായിട്ടുള്ളോരു നെല്ലുമേ
അഴകിനും ഭംഗിക്കും ഞാനല്ലേ പൊന്നുമേ
സംധിക്കമോ നിനക്കെന്നോട്ട ചേരുവാൻ
ധരണിക്കവിത്തായി വന്നുപിറന്നു
ഭേദിച്ചിന്നെന്നോട്ട പറയാതെ പൊന്നുമേ
ഉമ്മാൻപഴയരി പ്പൊന്നു കൊണ്ടാകുമോ
ഉണ്ണാതെ പൊന്നിട്ടിരുന്നാലിണങ്ങുമോ
പൊന്നിട്ടിരുന്നാകിൽ മേനി വരുത്തുമേ
മേനി വരുത്താനും ചെന്തെങ്ങ ഞാൻ വേണം
ഭക്തിയായുള്ളോരു ദേവൻെറ പൂജയ്ക്ക
പാലരിപ്പൂജയ്ക്ക പൊന്നുകൊണ്ടാവുമോ
പാലരിപ്പൂജയ്ക്ക ചെന്നെല്ലരിയാം
മുൻപേ വിളക്കല്ലേ പിന്നല്ലേ പൂജയും
ഉച്ചയ്ക്കുലന്നു വരുന്ന ജനങ്ങൾക്ക
കഞ്ഞിക്ക മുൻപേ കരിക്കിന്നു ചെന്തെങ്ങ
കഞ്ഞികുടിക്കാതെ പ്രാണൻ കിടക്കമോ
ആറമാസംചെന്ന ബാലക്കുഞ്ഞുങ്ങൾക്കും
അന്നം കൊടുക്കാനും ചെന്നെല്ലരിയാം
ഉച്ചിയിലുറയെണ്ണ ചിറകൂട്ട ചെന്തെങ്ങ
ആന്തെങ്ങ, പെന്തെങ്ങ, ഇളന്തെങ്ങ, ചെന്തെങ്ങ,
നല്ല കരിന്തെങ്ങ, കപ്പത്തെങ്ങിങ്ങനെ,
നെല്ലുമേ തെങ്ങുമേ തങ്ങളിൽ പേശിയാം
വിത്തു പത്തായത്തിൽ കിടന്നാൽ കിളിക്കുമേ
തട്ടേൽ കിടന്നാൽ കിളിക്കമേ ചെന്തെങ്ങ

നെല്ലുമേ തെങ്ങുമേ തങ്ങളിൽ പേശിയാം
നമ്മക്കിരുവക്കും ചേററിലിറങ്ങണം
താമരച്ചാലിൽ നട്ടുത്തുണ്ടം കണ്ടത്തിൽ
മൂട്ടുന്നോർ ചേററിലുഴ പെരുങ്ങീടണേ
അന്നം പെറുകിളി കൊണ്ടന്ന വിത്തില്
ഒരുപിടി വിത്തങ്ങു വാരിവിതച്ചു
ഒരുകുല തേങ്ങയും ചേററിലിറക്കിയെ
സത്യവും ചെയ്തങ്ങു ചേററിൽ കിടക്കുമ്പോൾ
ഗംഗ പെയ്തങ്ങനെ വെള്ളം പെരുകിയെ
വിത്തും മുളയുമേ പൊട്ടിക്കിളിച്ചു
തേങ്ങേടെ കുന്നുമേ കെട്ടുതാന്നപ്പോഴെ
വെള്ളത്തിൽവന്നു സമംകെട്ടു ചെന്തെങ്ങും
എന്നോടു തോററല്ല തൊണ്ടലും കെട്ടിയെ
ലക്ഷ്മിയായുള്ള ചെന്നെല്ലുതങ്ങൾ
ദാനംകൊടുക്കണം ധർമ്മങ്ങൾചെയ്യണം
വേളാഴ്മചെയ്തങ്ങിരിക്കണം ചെന്നെല്ല്

പുള്ളുവന്മാരുടെ സർപ്പപ്പാട്ടുകളിൽ ഒന്നും രണ്ടും മൂന്നും അഞ്ചുംഏഴും അതിലധികവും തലകൾ ഉള്ള സർപ്പങ്ങളുടെ പേരുകളും അവയുടെലക്ഷണങ്ങളും അവയെ തൃപ്തിപ്പെടുത്തേണ്ടവിധങ്ങളും മററും വിവരിച്ചു കാണുന്നു. സർപ്പോൽപത്തിയെക്കുറിച്ച് ഇവരുടെ പാട്ടിൽനിന്ന് ഗ്രഹിക്കാവുന്ന വിവരം ശ്രീമഹാഭാരതം ആസ്തികപർവ്വത്തിൽ പ്രസ്താവിച്ചിരിക്കുന്നതിൽനിന്ന് ഏറെ വ്യത്യാസപ്പെട്ടതല്ല. സർപ്പപ്പാട്ടിൽ ഒരുഭാഗം—

അയ്യോ എങ്ങെങ്ങു പോരുന്നോർ കാളിസർപ്പമേ
മുട്ടയും പൊരിഞ്ഞിട്ടു പോകുന്നതാണത്രെ
അയ്യോ കാളിയമ്മ ഒരുകല്ലുളയില്ലല്ലോ
ഇകി തൊള്ളായിരം മുട്ടയുമിട്ടു
നാങ്കി നൂറായിരം കുഞ്ഞു വിരിയുന്ന
അഞ്ചലിക്കണ്ടമുട്ടയൊക്കെ വിരിച്ചുകണ്ടാല്

ചെറാകൊടി ചെറമനുഷ്യൎക്ക പൊരുതിഅല്ലല്ലാ
അയ്യ കൂട്ടത്തിൽ തലയാന മൂന്ന മുട്ടയും
കൊക്കലെ കൊത്തിക്കൊണ്ടു പറന്ന സൎപ്പമെ
... ... ... ...

ദേവന്മാരെയും ദേവിമാരെയും സ്തുതിക്കുന്ന ചില പാ...
പാട്ടുകൾ.

അമ്പാടിതന്നിലൊരുണ്ണിയുണ്ടങ്ങനെ
ഉണ്ണിക്കൊരുണ്ണിക്കുഴലുമുണ്ടങ്ങനെ
ഉണ്ണിക്കുപേരുണ്ണിക്കൃഷ്ണനെന്നങ്ങനെ
ഉണ്ണിവയററത്തു ചേറുമുണ്ടങ്ങനെ
ഉണ്ണിക്കൈരണ്ടിലും വെണ്ണയുണ്ടങ്ങനെ
ഉണ്ണിക്കാൽകൊണ്ടൊരു നൃത്തമുണ്ടങ്ങനെ
ഉണ്ണിത്തളകളും ചിലമ്പുമുണ്ടങ്ങനെ
ഉണ്ണിക്കാൽ രണ്ടും തുടുതുടയങ്ങനെ
ഉണ്ണിയരയിലെക്കിങ്ങിണിയങ്ങനെ
ചങ്ങാതിയായിട്ടൊരേട്ടനുണ്ടങ്ങനെ
ചങ്ങാതിമാരായ പിള്ളേരുണ്ടങ്ങനെ
ശങ്കരൻകൂടെപ്പുകഴ്ത്തുന്നതങ്ങനെ
വൃന്ദാവനത്തിലൊരാഘോഷമങ്ങനെ
ദുഷ്ടരെക്കൊല്ലുന്ന കൂത്തുകളങ്ങനെ
രാസക്കളിക്കുള്ള കോപ്പുകളങ്ങനെ
പീലിത്തിരുമുടി കെട്ടിക്കൊണ്ടങ്ങനെ
പിച്ചകമാലകൾ ചാൎത്തിക്കൊണ്ടങ്ങനെ
പേൎത്തുമോടക്കുഴൽ മിന്നുമാറങ്ങനെ
ഓമനയായ തിരുനെററിയങ്ങനെ
തൂമയിൽനല്ല കുറികളുമങ്ങനെ
ചിത്തം മയക്കും പുരികങ്ങളങ്ങനെ
അഞ്ജനക്കണ്ണുമാനാസ്യമങ്ങനെ
ചെന്തൊണ്ടിവായ്മലർ ദന്തങ്ങളങ്ങനെ
കൊഞ്ചൽതുളുമ്പും കവിളിണയങ്ങനെ
കുണ്ഡലം മെല്ലെ യിളകുമാറങ്ങനെ

രത്നക്കഴലും വിളിച്ചുകൊണ്ടങ്ങനെ
കണ്ഠെവിലസുന്ന കൌസ്തുഭമങ്ങനെ
വിസ്ത്രുമാം തിരുമാറിടമങ്ങനെ
ഓടക്കുഴൽവിളി പൊങ്ങുമാറങ്ങനെ
പേടമാൻകണ്ണിമാരോടുമാറങ്ങനെ
കോടക്കാർവണ്ണന്റെ യിടുകളങ്ങനെ
കൂടിക്കളിച്ചപ്പോൾ മൂഢതയങ്ങനെ
പീഡിച്ചു പിന്നെത്തിരയുമാറങ്ങനെ
പേടിച്ചു പിന്നെ മയങ്ങുമാറങ്ങനെ
ഗോപികമാരുടെ ഗീതങ്ങളങ്ങനെ
ഗോപാലകൃഷ്ണന്റെ കാരുണ്യമങ്ങനെ
ആനന്ദകൃഷ്ണനെക്കാണുമാറങ്ങനെ
മോഹനമൂൎത്തിയെക്കാണുമാറങ്ങനെ
കണ്ടുകണ്ടുള്ളം തെളിയുമാറങ്ങനെ
കൊണ്ടൽനേർവ്വണ്ണന്റെ ലീലകളങ്ങനെ
വട്ടക്കളിക്കു തുനിയുമാറങ്ങനെ
വട്ടത്തിൽനിന്നു ശ്രുതിപിടിച്ചങ്ങനെ
സൂത്രവും ചോടും പിഴയാതയങ്ങനെ
നേത്രങ്ങൾകൊണ്ടുള്ളഭിനയമങ്ങനെ
കണ്ണിനു കൌതുകം തോന്നുമാറങ്ങനെ
കണ്ണന്റെപൂമെയ്യിടയിടയങ്ങനെ
തിത്തിത്തിയെന്നുള്ള നൃത്തങ്ങളങ്ങനെ
തൃക്കാൽച്ചിലമ്പൊലിയൊച്ച പൂണ്ടങ്ങനെ
മഞ്ഞപ്പൂവാട ഞൊറിവിറച്ചങ്ങനെ
കിൽകിലെയെന്നരഞ്ഞാണങ്ങളങ്ങനെ
മുത്തണിമാലകളോടുമാറങ്ങനെ
തൃക്കൈകൾ രണ്ടു മഭിനയിച്ചങ്ങനെ
ഓമൽത്തിരുമെയ്യുലയുമാറങ്ങനെ
കുണ്ഡലമാടും കവിൾത്തടമങ്ങനെ
തൂമധുവോലുന്ന വായ്നാളമങ്ങനെ
തൂവിയപ്പേറെററും നാസികയങ്ങനെ

മാണിക്കക്കുന്നുമഴററിക്കൊണ്ടങ്ങനെ
മുത്തുക്കലകളുതിരുമാറങ്ങനെ
പീലിത്തിരുമുടി കെട്ടഴിഞ്ഞങ്ങനെ
പിച്ചകത്തുമലർ തൂകുമാറങ്ങനെ
ദേവികൾതൂകുന്ന പൂമഴയങ്ങനെ
ദേവികൾതാക്കും പെരുമ്പറയങ്ങനെ
കിങ്ങിണിയൊച്ചയും താളത്തിലങ്ങനെ
ചങ്ങാതിമാരുടെ പാട്ടുകളങ്ങനെ
ആശകളൊക്കെ വിളങ്ങുമാറങ്ങനെ
ആകാശമാർഗ്ഗേ വിമാനങ്ങളങ്ങനെ
ചന്ദ്രനരുച്ചയായ് നില്പുമാറങ്ങനെ
ഇന്ദ്രനതന്നെ മറക്കുമാറങ്ങനെ
ലോകങ്ങളൊക്കെ മയങ്ങുമാറങ്ങനെ
ലോകൈകനാഥൻെറ ഗീതങ്ങളങ്ങനെ
ആനന്ദനൃത്തം ജയിക്കുമാറങ്ങനെ
വാമപുരേശൻ വാഴ്കയെന്നങ്ങനെ
സത്സ്വരൂപംമമ തോന്നുമാറങ്ങനെ
തൽപാദയുഗ്മേ നമസ്കരിച്ചീടിനാൻ—ഇത്യാദി

## വേറൊന്ന്.

വെള്ളിമാമല കാത്തുവാണരുളും—വള്ളോൻെറ്കയ്യിൽ
വെള്ളിമാൻമഴുശൂലവും തുടിയും
വള്ളിപോലെ നിറച്ച പാമ്പുകളും—ചാമ്പലുംചൂടി-
ട്ടെല്ലുകൊണ്ടു ചമച്ച മാലകളും
വെള്ളമൊരു ചുമടാക്കി വാണരുളും—ജ്യോതിമല്യാമ്മന
വെള്ളകരിമുകനായ ബാലൻഞാൻ
കള്ളമടയവചപ്പമെൾപ്പൊരിയും—നാളികേരംഗുള
മുള്ളമാം കനിയും പിലാച്ചുളയും
വള്ളനിറവതിനായ്തരുന്നേനൊ—പാരാതെവന്നെ-
ൻറുള്ളിലുള്ളഴൽ തീർക്കരിമുകവാ
തള്ളയാലുലകം നിറഞ്ഞവളെ—സവ്സാരങ്ങൾ
ക്കുള്ളഗുണമറിവുള്ള ഭാരതിയെ
നൃത്തഗീതവിദ്യാനാദകാരിണിയെ—നാവിൽവന്നൻപൊടു

ന്നത്തമാട്ടുക ലോകനായികയെ
വട്ടമൊത്ത മുടിക്കുമീതണിയും—നാഗങ്ങളാനല്ല
പട്ടുടുത്തുടഞ്ഞാണവപാമ്പുകളും
കാതിലാനയുമുണ്ടു കേസരിയും—കൈകളിൽചേരു-
ന്നായുധം തിരുമാറിലാഭരണം
ദാനവക്കറിയിട്ടതിൻനടുവേ—ചാന്തുമമ്മേരു
ക്കൊമ്പോലിളകുന്ന പോർമുലയും
നീലപർവ്വതമിളകിവരിണതുപോൽ—വേതാളമേറി
ക്കാളിദാരികനോടു നേരിടുവാൻ
വന്നുവന്നു നിറഞ്ഞു ഭൂതഗണം—കൂട്ടമിട്ടാർത്തവർ
കോട്ടവുക്കവിളിച്ചു ദാരികനെ
കേട്ടുദാരികനും പെരുമ്പടയും—വേഗമോടു വന്നെതി-
രിട്ടുതമ്മിലടുത്തുപൊരുതളവിൽ
തട്ടുകൊണ്ടുനിലത്തുവീണവനെ—പാദങ്ങൾകൊണ്ടുടൽ
പൊട്ടുമാറുചവിട്ടിശങ്കരിയും
ഒട്ടുമേമടിയാതെ കണ്ഠവും—പള്ളിവാളാൽ തല
വെട്ടിപിണമതു തട്ടി മേദിനിയിൽ
പുഷ്ടമായൊഴുകുന്ന ചോരകളും...കോരിയാർത്തുംകൊ-
ണ്ടോട്ടുനിന്നു വിളിച്ചുകൂളികളെ ഇത്യാദി

വള്ളുവന്മാർക്ക് വേദാന്തമയമായ പല പാട്ടുകളുണ്ട്.

മൂലക്കിഴങ്ങിനു മൂന്നല്ലോ വള്ളി
മൂലത്തിലൊക്കെപ്പടർന്നുള്ളവള്ളി
ജ്ഞാനക്കിഴങ്ങിനു നാലല്ലെ വള്ളി
ജ്ഞാനത്തിലൊക്കെപ്പടർന്നുള്ളവള്ളി
മുപ്പത്തുമൂന്നു മരം നട്ട കാലം
മൂന്നുമരമതിൽ താനേ മുളച്ചു
ആമരം പൂത്തൊരു പൂവുണ്ടു കൈയിൽ
പൂവോടു ഞാറോടു ചൂടാമ്പൊനിന്നോൻ
അക്കരെനിന്നു വിളിപ്പോനിവള്ളോൻ
അക്കരെപ്പോവാൻ തുണയില്ലെനിക്ക്

മക്കളുണ്ടെവരെക്കൂടെ നടത്താൻ
വന്നെന്നെയാരും കടത്തുവോനില്ലെ
പുക്കം പുറപ്പെട്ടും നിക്കുന്നോരാറം
പുത്തുവെള്ളംവന്നു പുഴയും നിറഞ്ഞു
ത്തുക്കം പെരുതായി ഉറക്കില്ലെനിക്കു
ത്തുക്കംകെട്ടുതെന്നെക്കൊണ്ടുപൊറിന്തേൻ
ആറും കടന്നിട്ടങ്ങപ്പുറം ചെന്നാൽ
ആനന്ദവള്ളേളാൻ പുരയ്ക്കലുംചെല്ലാം
ഞാറുണ്ടുനില്ക്കുന്നു ഞാറെപ്പറിപ്പാൻ
ഞാനിപ്പുലവരെ കാണുന്നതില്ലെ
ക്രൂരുള്ളവരൊണ്ടങ്ങമ്പത്തൊരുവർ
കല്പപ്പുലവരുണ്ടെവരതിലും
പാറകൊണ്ടെന്നെ എറിയലുംകൊള്ളെ
പണ്ടെൻപുരയ്ക്കൽഞാൻ പോകുന്നനിന്തേൻ
ഇത്തിരെനാളൊരു കുടിൽ കുത്തിതന്നു
ഈവള്ളേളാൻ കൊണ്ടെന്റെ വല്ലിപുകറംവാൻ
പത്തുവയസ്സിൽഞാൻ കല്പന്തുർപൂണ്ടേൻ
പരിശുള്ള താണ്ട ചുമിട്ടു നടന്നു
പത്തുവിരൽക്കുഞാൻ മോതിരം പൂണ്ടേൻ
പാടത്തുചേരിയിൽ കന്നും തെളിച്ചേൻ
മുക്തിയുംവന്നു വഴികാട്ടുവാനായ്
മൂലപ്പുരയ്ക്കൽ ഞാൻ പോകുന്നനിന്തേൻ—ഇത്യാദി.

## വാരണപ്പാട്ടിന്റെ ഒരു ഭാഗം.

കായമെന്നും കരളകത്തുണ്ടേകനാഡി
കണക്കട്ടെപ്പനക്കണക്കിൽ തിറവുമുള്ളു
ആഴമുണ്ടങ്ങവ്വഴിക്കു കീഴമേലും
അകമെഴന്നവായുവിന്നും മൂലമുണ്ടു്
മൂലമാകുന്നാധാരം തന്നിലല്ലൊ
മുകറംമുടിവും വായുബീജം പിറന്നുണ്ടായി
മേലേടം നിലകളേഴും കടന്നുചെന്നാൽ

മേവിനിന്നു വിലസീടും പരിച്ച കാണാം
വേലയുണ്ടങ്ങന്നിലയിൽ ചെന്നുകൊൾവാൻ
വേദാന്തം കണ്ടവക്കെ പൊരുൾ കാണാവൂ
മൂലനാഥൻ വസിപ്പതൊരു സ്ഥാനമുണ്ടു
മുച്ചതുരം തൻനടുവേ ഉപദേശങ്ങൾ
പച്ചനിറം പവിഴനിറം പാൽനിറത്താൽ
ചരമിതൊന്നായ് നിന്നതല്ലൊ പരമയോഗം
അച്ചരുക്കം കണ്ടു സേവിച്ചുറച്ചുകൊൾകിൽ.
അതിനുമേലേ ആനന്ദം പെരികെയുണ്ടു്
നിശ്ചയമായ് മൂലനാഡി മുതൽ കണ്ഠത്തിൽ
നിറഞ്ഞുനില്ക്കും പരമജ്ഞാന കത്തുവിളക്ക
പരമജ്ഞാന കത്തുവിളക്കിലെഴുന്നദീപം
പരമാത്മാ തന്നിലെങ്ങും നിറഞ്ഞുനില്ക്കും
എരിഞ്ഞു കത്തീട്ടെഴുകുന്ന മൂലദീപം
എഴുന്നുകണ്ടീടെൻ മനവും തന്നകമെ
സുഖംകൊടുത്തു പരമിഴില്ല ദീപത്തിന്റെ
നാളംപോലെ പരീക്ഷിച്ചുകാണവേണം
... ... ... ... ഇത്യാദി.

വള്ളോന്മാരുടെ ഒരു കുമ്മി.

കുമ്മിയടിപ്പെണ്ണെ കുമ്മിയടിപ്പെണ്ണെ
കൂടെ കുനിന്നുനിന്താടും പെണ്ണെ
അപ്പെണ്ണെ ഇപ്പെണ്ണെ തുളിപ്പെണ്ണെ
അലങ്കാരകുമ്മിയിട്ടിട്ടാടുക്കോടി
കൂട്ടണ്ടോരമ്പതു കോലകലം
കൂട്ടുകൾ നീളമുണ്ടോൻപതു ചാൺ
ആരണ്ടങ്ങോധാരം കൂടെനില്പാൻ
അഞ്ചുമരം പണിചെയ്തകൂട്ടിൽ— ഇത്യാദി.

കാൎയ്യത്തിൽ പ്രവേശിച്ചു ക്ഷീണിക്കുമ്പോൾ വിശ്രമത്തിനു വിനോദമാവശ്യം. ചുമട്ടുകാരനു ചുമട്ടുതാങ്ങി എന്ന

പോലെ കാൎയ്യക്കാരനു വിനോദം ഉപകരിക്കുന്നു. ഠരം സ്ഥിതിക്കു കാൎയ്യമില്ലാത്തതാണു് വിനോദം എന്നൂഹിക്കേണ്ടിവരും. വാസ്തവം അങ്ങനെയല്ല. കളിയില്ലാതെ കാൎയ്യമേ ഇല്ല. ആകാശം ഒന്നുമില്ലാത്തതാണു്. സൂക്ഷ്മം നോക്കുന്നതായാൽ ഒന്നുമില്ലാത്ത ആകാശമില്ലെങ്കിൽ എല്ലാം ഉള്ള ഭൂമിയും മററു ഗ്രഹങ്ങളും എന്നു വേണ്ട ഒന്നുംതന്നെയില്ല. ആകാശമില്ലെങ്കിൽ വൃക്ഷങ്ങളും മററും എവിടെ വളരും ? കെട്ടിടങ്ങൾ എങ്ങോട്ടുയരും ? മനുഷ്യർ മുതലായ ജീവികളും കല്ലു തുടങ്ങിയ ജഡവസ്തുക്കളും എവിടെ കിടക്കും ? ഭൂമിയിലെ ചെറുമണലിന്റെ ഒരു തരിക്കുതന്നെയും ആകാശം കൂടാതെ കഴിയുന്നില്ല. മാംസചക്ഷുസ്സുകളിലെന്നല്ല വളരെ ശക്തിയുള്ള സൂക്ഷ്മദർശിനികളിൽകൂടിതന്നെയും ഗോചരമാകാത്ത മൈക്രോബുത്തിനും അതിനു വേണ്ടതായ ആകാശം കൂടാതെ കഴിയില്ലല്ലൊ. ഇതിനാലാണു് ഇല്ലാത്തതിൽനിന്നു വേണം ഉള്ളതിനെ നാം അറിയാൻ എന്നു ഞാൻ പറയുന്നതു്. കളിയും കാൎയ്യത്തിൽ ചേരുമെന്നു് ഇതുകൊണ്ടു സിദ്ധിക്കുന്നു.

ഇനി വെറും കളിയെങ്കിലും പ്രത്യക്ഷമായി ചില കാൎയ്യങ്ങളുള്ളതും പരോക്ഷമായി മുഴുവൻ കാൎയ്യമായതും ആയ ഏതാനും പാട്ടുകൾക്കുകൂടി ഠരം ഗ്രന്ഥത്തിൽ ഞാൻ ഇടംകൊടുക്കുന്നു.

മൂട്ടകടിച്ചല്ലൊ വലിയാനത്തലവൻ ചത്തു
മൂടിക്കിടന്നോരു മുളകുകയ്യൻ പറന്നേപോയി
കാട്ടിൽകിടന്നു രണ്ടെലികൂടിക്കടലുഴുതു
കാലത്തിളവിത്തു വിതച്ചപ്പോളടയ്ക്കാകാച്ചു
കായംകുളത്തല്ലോ കടുവായും പുലിയും പെററു
പത്തും പതിനഞ്ചുംപണം പെററ ചെറുനാരങ്ങ
കൊമ്പൊന്നനങ്ങാതെ പറിച്ചെന്റെ മടിയിലിട്ടു്
കൊണ്ടെക്കൊടുത്തുഞാൻ കുളത്തൂരിൽ ചെറുചക്കിക്കു്
അല്ല, ചെറുപെണ്ണിനു്

## പുലപ്പാട്ട്.

### ഒരു സംഭാഷണം.

തെക്കംപാത്തടിയാട്ടി തളരിവെള്ളാട്ടി
നാളെയെനിക്കൊരു പാകൊണ്ടുത്തായോ
പായുംകൊണ്ടടിയനേതിലേ വരുവോം
അതിലേവായിതിലേവായതിരിൻപറമ്പേവാ
പായിതായിരിക്കുന്നോ യെമ്പിട്ടിയാരേ
പായ്ക്കുവിലചൊല്ലു തളരിവെള്ളാട്ടി
തവിടുതന്നാൽ കൊള്ളാമോടീ തളരിവെള്ളാട്ടി
ഊത്തുമ്പംപറക്കുന്നതടിയേന വേണ്ട
മുണ്ടുതരട്ടോടീ തളരിവെള്ളാട്ടി
അകംപുറമില്ലാത്തതടിയേനു വേണ്ട
നെല്ലുതരട്ടോടി തളരിവെള്ളാട്ടി
ഇരുതലക്രുത്തതടിയേന വേണ്ട
അരിതന്നാൽ കൊള്ളാമോടീ തളരിവെള്ളാട്ടി
വയ്ക്കുമ്പോളുണ്ണുന്നതടിയനു വേണ്ട
ചാമതരട്ടോടി തളരിവെള്ളാട്ടി
കുത്തുമ്പോ ചാണ്ടുന്നതടിയനുവേണ്ട
പയറുതരട്ടോടി തളരിവെള്ളാട്ടി
വറുക്കുമ്പോൾ കൊറിക്കുന്നതടിയനുവേണ്ട
മുതിര തരട്ടോടി തളരിവെള്ളാട്ടി
വറുക്കുമ്പോളുരുളുന്നതടിയനുവേണ്ട
ഉണ്ണിയെത്തരട്ടോടീ തളരിവെള്ളാട്ടി
തോലിട്ടയുണ്ണിയെ അടിയനുവേണ്ട
കുതിരതരട്ടോടി തളരിവെള്ളാട്ടി
കേറുമ്പംകുതിക്കുന്നതടിയനു വേണ്ട
ചക്രംതരട്ടോടി തളരിവെള്ളാട്ടി
അച്ചുമരുമ്പുള്ളതടിയനു വേണ്ട
തവിട്ടുകൊണ്ടിടിനമ്മോ പായങ്ങെടുപ്പിൻ

## രാമായണം.

അണയടച്ചതും അനമാൻ വന്നതും ചീതയെച്ചിറമീണ്ടതും
അരക്കരെ കുലചെയ്തവാരിയൻ അൻറവാരിയൻ മുടിപ്പുരാം
... ... ... ... ... ... ... ...
ഇത്യാദി.

## ഒരു സംഭവം

എന്നേൻറളിയനെ വേനതംതൊരട്ടു
അവിടുന്നളിയനെ കെട്ടിയെട്ടത്തെ— ഇത്യാദി.

## പോരു കഴിഞ്ഞിട്ട്.

കെട്ടിയെട്ടപ്പിനെടം, കെഴട്ടമരയ്ക്കാരേ
കെറവോട്ടച്ചുണ്ടയിലെ, മീനിന്നിരയിട്ടവാൻ—ഇത്യാദി.

## ഒരു ചികിത്സ.

കട്ടത്തകഞ്ചാവെംട്ട വെള്ളുള്ളി ചന്ന്യായം ചുക്ക
കട്ടത്തചാരായത്തിലരച്ചങ്ങകത്തു സേവിച്ചാൽ
കട്ടത്തജാതികൾ ഗ്രന്മൻതീരും ലെകരിയുംകൊള്ളും
ഓടട ചാടട മണ്ടട മറിയട തക്കിട കർതികതൈ
തിമിതരികിട, തിമിർതിമിതരികിട തിമിതരികിട തിമൃതത്തൈ

## ചെറുമക്കളുടെ പാട്ടുകൾ.

### ഒരു വിലാപം (അമ്മയെക്കുറിച്ച്.)

ഓമനക്കുഞ്ഞിത്തായി! എൻെറ ഓമനക്കുഞ്ഞിത്തായി!
ഓമ്മിപത്തുമാതോം എടുത്ത
നാങ്ങളെപ്പെററുപോററിയ തായീ
ഓമ്മികഞ്ഞിവെള്ളം കുടിച്ചില്ലെല്ലൊമ്മെ

ഉമ്മിഓമനകുഞ്ഞിമ്മക്കളെ
എത്തറപോററിവളത്തിയെൻറാമ്മ്യെ!
ഞാങ്ങക്ക് എനിയങ്ങ് ആററൻെറഓമ്മ്യെ
ഓമ്മി തോട്ടിലും ആററിലും പോയല്ലെൻറാമ്മ്യെ
ഓമ്മി ചെമ്മീനും കണ്ണിയും പിടിച്ചല്ലെൻറാമ്മ്യെ
ഓമ്മി ചെമ്മീനും കണ്ണിയും വിററല്ലെൻറാമ്മ്യെ
എത്തറ എത്തറ ഉക്കിച്ചു പോററിയെൻറാമ്മ്യേ
ഉമ്മിഓമന മക്കളൊന്നിററ്
ഉമ്മിമക്കളെ കാതളു കുത്തിയല്ലൊമ്മി
എനിയെപ്പം കാണന്നെൻറാമ്മ്യെ
ഉമ്മിആരാൻെറകണ്ടത്തിൽ പോയല്ലെൻറാമ്മീ
ഓമ്മികല്ലുംനെല്ലും അടിച്ചു വാരിയല്ലൊമ്മ്യെ
ഉമ്മിരെ ഓമനമക്കളൊന്നിട്ട
ഞാങ്ങക്ക കുത്തിട്ടും വെച്ചിട്ടും തന്നെല്ലെൻറാമ്മീ
എനിയെപ്പം കാണന്നെൻറാമ്മ്യെ
ഉമ്മിഞാങ്ങളേയും ഒന്നാകെ കൂട്ടിക്കോഓമ്മ്യേ

## വേറൊരു വിലാപം (അച്ഛനെക്കുറിച്ചു.)

ഓമനക്കഞ്ഞിച്ചാക്കിലെ
തന്തകഞ്ഞികുടിച്ചില്ലാൻെറച്ചനെ
അച്ചൻചോറു ബെയിപ്പിനാച്ചനെ
എനിയെപ്പം കാണന്നെൻറാച്ചനെ
അച്ചൻ കെനത്തിങ്കരച്ചെലൊൻറാച്ചനെ
അച്ചൻകണ്ടിങ്കരമ്മലൊ എൻറാച്ചനെ
എനിയെപ്പം കാണന്നെൻറാച്ചനെ
ഇത്തറനാളും എൻറാച്ചനെ
അച്ചനൊന്നയുമിട്ടേച്ചോ പോന്ന്യെൻറാച്ചനെ
എൻെറ ഓമനാച്ചനെ
അച്ചൻതേച്ചിട്ടും കുളിച്ചിട്ടുമാച്ചനെ
എൻെറഅച്ചൻെറ ഓമനമക്കളും
എത്തീട്ടും മറിഞ്ഞിട്ടും നോക്കീട്ടാച്ചനെ

നിങ്ങളെ മക്കളെ കാത്തു കുത്തിനാച്ചനെ
നിങ്ങളെമക്കളെ കല്യാണം കയിച്ചിനാച്ചനെ
എന്റെ ഓമനാച്ചനെ..................

## വേറൊരു രാമായണം.

ചീരാമനും എച്ചണനും പിന്നെററണ്ടു കിണാഞ്ചുമ്മാരും
... ... ... ...
ചീതാപിറന്തമൂലം ലങ്കൈനാട്ടു മുടിഞ്ഞുപോയി
അന്നേരം നിച്ചുതൊണ്ടു തിരിരാമൻ പകുവാനും
ലച്ചണനനിയനും വേടർകുലം ചമഞ്ഞുനിന്നു
തിരിരാമൻ പകുവാനും ചീതയിരിക്കും മണിമവ്വടം
... ... ... ...
മാനങ്ങേറിക്കളിച്ചിണ ചീതകണ്ടു കൊയിമുയുത്തു
... ... ... ...
ഇമ്മാനിനെപ്പിടിച്ചെങ്കി കളികണ്ടങ്ങിരിക്കാല്ലൊ
... ... ... ...
പുള്ളിമാനൊട്ടല്ലചീതേ മരുമാനൊട്ടാണപെണ്ണേ
... ... ... ...
ചീതപ്പെണ്ണതുകേട്ടു പറഞ്ഞുവല്ലൊ
പരുത്താവു പറയിണോരു വരമം നാനിങ്ങറിഞ്ഞു
കൊട്ടയിട്ടു മൂടിവച്ചു നാടുവാഴും തമ്പിരാന്റെ
തിരുമുമ്പിക്കൊണ്ടുചെന്നു കാച്ചവയ്ക്കാനെ
... ... ... ...
ഇലങ്കയിലൊരുവനുണ്ടിര പത്തുകണ്ണൻ
അയ്യാക്കണ്ടൊരനീശൻ കാച്ചിലുകയുവിയ വെള്ളമ്പോലെ
... ... ... ... ഇത്യാദി.

## ഒരു സമാധാനം.

കോണാത്ത കണിയമ്പ്രാന്റെ
പോജത്തപ്പുത്തികേട്ടു
ഏനൊന്റുമറിഞ്ഞവളല്ലേ
നെല്ലുപുഴുങ്ങിയിരുന്തവളാണേ......ഇത്യാദി.

## ഒരു ഒരുക്കം.

തെക്കേൻറച്ചി വടക്കേച്ചെൻറ
തെക്കേപ്പെരയും പൂട്ടിയെടുത്തു
വലിയമതിലും മീതേചാടി
പുന്നക്കായും തൊട്ടുപെറട്ടി
പന്നാത്തലയും കോതിമുടിച്ചു.......ഇത്യാദി.

## ഒരു ചോദ്യം.

നമ്മുടാനീയാ—തമ്മാപുത്രാ
നീയൊണ്ടോ—തമ്മാണ്ടെയ്യു.......ഇത്യാദി.

## ചോദ്യത്തിന്ന ചോദ്യം.

മണക്കിണതെന്തേതു്? മണക്കിണ പുഴവല്ല്യോ?
പുഴവെങ്കിൽ ചൂട്ടല്ല്യോ? ചൂടിണ കുടയല്ല്യോ?
കുടയെങ്കിൽ കെട്ടൂല്ല്യോ? കെട്ടിണവീടല്ല്യോ?
വീടെങ്കിൽ മേയ്യൂല്ല്യോ? മേയിണ പയുവല്ല്യോ?
പയുവെങ്കിൽചുററൂല്ല്യോ? ചുററിണചെക്കല്ല്യോ?
ചെക്കെങ്കിലാട്ടൂല്ല്യോ? ആട്ടിണപാമ്പല്ല്യോ?
പാമ്പെങ്കിലെരയ്ക്കൂല്ല്യോ? എരക്കിണകടലല്ല്യോ?
കടലെങ്കിമിന്നൂല്ല്യോ? മിന്നിണവാളല്ല്യോ?
വാളെങ്കിൽവെട്ടൂല്ല്യോ? വെട്ടിണപോത്തല്ല്യോ?
പോത്തെങ്കിക്കെട്ടൂല്ല്യോ? കെട്ടിണപെണ്ണല്ല്യോ?......ഇത്യാദി.

കഴിഞ്ഞ കാര്യം—

പോയാണ്ടിലെക്കൊരു പോയത്തംപററിയെ
പാച്ചോറും വച്ചേച്ചു പയങ്കഞ്ഞി മോന്ത്യേ
ഞാനുമെൻറളിയേനും കോട്ടയിൽപോയേ
അവിടോച്ചെൻറളിയനെ പേമൂക്കൻതൊട്ടേ
അവിടത്തെവെഴ്ഴ്റി അവിടെയില്ലാഞ്ഞേ

## ഫന്ദ

അവിടന്നെൻറളിയനെ തെക്കോട്ടെടുത്തോ

. .   . .   . . .   . .

ഇന്നാലെ നാനൊരു തൊപ്പിനം കണ്ടേ

ഇന്നാലെ നാനൊരു തൊപ്പിനം കണ്ടേ

പാളാപയ്യത്തു തണ്ടങ്ങോടവീണെ

പാളാപയ്യത്തു തണ്ടങ്ങോടവീണെ ......ഇത്യാദി.

## കുറവൻെറ കോലടി.

താനാനാതാ നാനാതാനാ
താനാനാതാ നാനാതാനാ
നാറായ്യണാ തമ്പുരാനെ
കേട്ടുള്ളം പിന്നെത്രകട്ററം
തകടിയെന്നൊരു പച്ചിയൊണ്ടേ
നീയിങ്ങെന്നെച്ചതിച്ചോടാ
കയ്യത്തുനിയറ്റത്തോടാ
ളുക്കത്തെട്ടു ളുക്കം കൊണ്ടോ-
രാലിരേററൊരു മൂട്ടിവന്നു
ഇത്തേരിൻെറ പേരുചൊല്ല്
തങ്കേസ്മാനിപ്പൊന്നംമീതെ

(മട്ടുമാറി.)

പങ്കവാംകുളിക്കിലോ പൊഞ്ചിറക്കളത്തിലേ
എന്തെന്തു നിറമിട്ടെന്നതികൊള്ളും പകവാനെ
കാഞ്ഞാമ്പൂ നിറമിട്ടെ നതികൊള്ളും പകവാനെ
അപ്പൂവും പൂത്തെല്ലാം മൂട്ടിലണയുമ്പം
പിന്നെന്തു നിറമിട്ടു നതിക്കും പകവാനെ
മുല്ലപ്പൂനിറമിട്ടു നതിക്കും പകവാനെ
അപ്പൂവു പൂത്തെല്ലാം മൂട്ടിലണയുമ്പം
പിന്നെന്തു നിറമിട്ടു നതിക്കും പകവാനെ
തെററിപ്പൂനിറമിട്ടു നതിക്കും പകവാനെ

അപ്പൂവും പൂത്തെല്ലാം മൂട്ടിലണയുമ്പം
പിന്നെന്തു നിറമിട്ടു നതിക്കും പകവാനെ
ചുളതിപ്പൂ നിറമിട്ടു നതിക്കും പകവാനെ
അപ്പൂവും പൂത്തെല്ലാം മൂട്ടിലണയുമ്പം
പിന്നെന്തുനിറമിട്ടു നതിക്കും പകവാനെ
തമ്പിരാൻെറ വാളെടുത്തു തൊയിതുപിടിച്ചിട്ടു
തുമ്പപ്പൂ പറിച്ചിട്ടു നതികൊള്ളും പകവാനെ.

## വേലൻപാട്ട്.

കലികാലത്തു ഗുണം ചെയ്യുന്നവരെ മറക്കാമെന്നു സഹദേവൻ പറയുന്നുണ്ട്. ഇതിഹാസങ്ങളേയും പുരാണങ്ങളേയും തൊട്ടും തൊടാതേയും വിട്ടും വിടാതെയും പ്രതിഫലം വാങ്ങിക്കൊണ്ടെങ്കിലും കേരളീയരുടെ പിണിതീർക്കുന്ന വേലനെ നാം വിസ്മരിക്കാവുന്നതല്ല. പിണി തീർക്കാനായി അവൻ ഏതാണ്ട് ഈവിധമാണു പാടുന്നത്.

അരിയാണെ പിണിയരം വരിക—ഏ
അരനാണെ പിണിയരംവരിക......ഇങ്ങനെ തുടങ്ങീട്ട്
ഓരോരോ മണ്ഡലം ചൊല്ലി-ഏ
ഓരൂരോം പിണിയരംവരിക......എന്നു വിവരിക്കുന്നു.

... ... ... ...

പൂവണിഞ്ഞ തിരുമുടിമേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക
പൊൻനിറമാമണിനതൽമേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക
കണ്ണാടിക്കവിളിന്മേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക
കയൽനികത്തകണ്ണിന്മേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക
എള്ളിൻപൂമൂക്കിന്മേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക

മുത്തുവരിശപ്പല്ലിന്മേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക
ചെഞ്ചോരി വായ്മലർമേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക
നാരായണനാക്കിന്മേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക
... ... ... ... ഒടുവിൽ
ഉള്ളംകാൽ പുറവടിമേലും
തോലുഴിഞ്ഞു പിണിതീർന്നൊഴിക......

ഇങ്ങനെ വിരമിക്കുന്നു.

# മാവാരതം പാട്ട്.

കല്യാണവേശത്താൽ നായന്മാരുടെ ഇടയിൽ കടന്നുകൂടിയ കൂട്ടവും കറിയും, കുടിപ്പകയും കലച്ചതിയും, വഴക്കും വയ്യാവേലിയും എന്നുവേണ്ടാ എല്ലാംതന്നെ വ്യക്തമായി ഒരു കണ്ണാടിയിൽ എന്നപോലെ മാവാരതം പാട്ടിൽ പ്രതിഫലിച്ചു കാണുന്നു. ഇതോടുകൂടി നാട്ടുനടപ്പുകളും വേണ്ടപോലെ ഇതിൽ വിവരിച്ചിരിക്കുന്നു.

ശ്രീമഹാഭാരതം കിളിപ്പാട്ടിന്റെ ആദികർത്താവായ തുഞ്ചത്തു ഗുരുനാഥൻ തൊട്ടിലിൽ കിടന്നു കൈകാലു കുടഞ്ഞു കളിച്ച കാലത്തു മാവാരതംപാട്ടു തെക്കേ തിരുവിതാംകോട്ടെ ദിനരാത്രങ്ങളെ കോലാഹലമയങ്ങളാക്കിത്തീർത്തിരുന്നു. മലയാളത്തിൽ സവിസ്തരംകൊണ്ടു മുൻപു നില്ക്കുന്ന മാവാരതത്തിനു മഹാഭാരതവുമായി കാര്യമായ അടുപ്പമുണ്ടെന്നു സംശയിക്കാനേ അവകാശമില്ല. എങ്കിലും അല്പമൊക്കെ ഇല്ലെന്നുമില്ല. പാണ്ഡവന്മാരുടെ വംശപാരമ്പര്യക്രമത്തിൽ ശരിയായ ജ്ഞാനമുള്ള വ്യാസമഹർഷിതന്നെ ഭീമസേനനെ രണ്ടാമത്തവനാക്കി തിരുവടയാളം വച്ചിട്ടുണ്ടെങ്കിലും മാവാരതം "അഞ്ചിലിളയതാ"ക്കിയിരിക്കയാണ്.

മനുവിനാൽ ഹാജരാക്കപ്പെട്ട ശിക്ഷാനിയമബില്ല് പാസായി നടന്നുവന്ന കാലത്തു് അക്ഷരാഭ്യാസത്തിനുപോലും അവകാശമില്ലാതെ പിന്മാറിയിരുന്ന വർഗ്ഗക്കാർക്ക് ആര്യഭാഷയായ സംസ്കൃതം പഠിച്ച് ആ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന വ്യാസന്റെ ഭാരതം പാരായണംചെയ്തു പാണ്ഡവകൌരവന്മാരുടെ യഥാർത്ഥചരിത്രങ്ങൾ ഗ്രഹിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ പുരാണപുരുഷന്മാരെ സംബന്ധിച്ച കഥകൾ കേൾക്കയും പാടുകയും ചെയ്യുന്നോർക്ക് "സന്തതിവർദ്ധിച്ച വ

ന്നക്രൂട്ടം, സമ്പത്തു മേൽക്കുമേൽ വന്നുചേരും" എന്ന പ്രമാണവുമുണ്ടു്. ഇക്കാലത്തും നാടകമോ, ആട്ടക്കഥയോ, തുള്ളലോ, വഞ്ചിപ്പാട്ടോ, മററോ എഴുതി കവികളിത്തട്ടിൽ കയറാൻ തരംനോക്കുന്ന പലരും രസഭ്രഷ്ടങ്ങളായ കല്പിതകഥകൾ വിട്ടിട്ടു് സുഗ്രീവൻേറയോ ബകാസുരൻേറയോ ആയുക്കെട്ടുകളിൽ വല്ലതും ബാക്കിയുണ്ടോ എന്നു നോക്കിവരുന്ന കഥ ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ചുരുക്കം ചിലർക്കെങ്കിലും ഇതിനു വിപരീതമായി പ്രവൎത്തിക്കാനുണ്ടായ ധൈൎയ്യം മലയാളഭാഷയുടെ സുകൃതപ്രഭവമായിട്ടുതന്നെ കരുതേണ്ടിയിരിക്കുന്നു.

മാവാരതം മലയാളഭൂമിയുടെ തെക്കേയററത്തു് ഏകച്ഛത്രാധിപത്യത്തോടുകൂടി വാണിരുന്ന അവസരത്തിൽ ഏറെക്കാലമായി നിശ്ചേഷ്ടമായി കിടന്ന മലയാളഭാഷയ്ക്കു് ഒരു ചലനമുണ്ടായി. പഴം തിന്നു വിദ്വാനായ മാടം കാവല്ക്കാരൻ അയ്യിപ്പിള്ളയാശാൻേറയും തൊലിതിന്നു കേമനായ അനുജൻേറയും ഇളകിയാട്ടങ്ങൾകണ്ടു് മാവാരതം ലേശംകൂട്ടാക്കിയില്ല. എങ്കിലും അതു് കണ്ണശ്ശൻേറ തിരപ്പുറപ്പാടിൽ അല്പം അമ്പരന്നില്ലെന്നുമില്ല. പക്ഷെ കോലസ്സുനാട്ടിലേ രാജാവിൻേറ ഭാൎയ്യയുടെ താരാട്ടുനിമിത്തം ചതുരംഗത്തിൽ തോററു സ്ഥാനം പാടിയ ചെറുശ്ശേരിനമ്പൂരി പകരം തീൎത്തതു മാവാരതത്തോടാണു്. അദ്ദേഹം ധാരാളം "കഷണമിട്ടിട്ടുള്ള എരിശ്ശേരി"യും കൊണ്ടു് അരങ്ങിൽ ചാടിവീണു. ഭാഷയൊന്നു തിരിഞ്ഞു. പിറകേ കൊട്ടാരക്കര രാജാവും എത്തി. ഇദ്ദേഹത്തെ സാമൂതിരിപ്പാടു് ഒന്നു പററിച്ചതാണു് ഒരം പുറപ്പാടിനു കാരണം. എന്തിനു് ഉടനെ ചക്കിൽ നാലും ആറും ആട്ടിയിട്ടുള്ള തുഞ്ചനും, ചാക്യാരേ ശതകം ചൊല്ലിക്കാൻ പച്ചപ്പാളവച്ചു കെട്ടിത്തുള്ളിക്കളഞ്ഞ കുഞ്ചനും, കരികലക്കിയ കുളത്തിൽ കുളിച്ചു

വാരരും, നമ്പൂരിയും, തമ്പുരാനും, തമ്പിയും, തമ്പാനും, എല്ലാം തിക്കിത്തിരക്കിക്കയറി. ഭാഷയ്ക്കു് അനസ്യൂതമായുണ്ടായ ചലനം വൎദ്ധിച്ചു ഭ്രമണം ചെയ്യാൻ തുടങ്ങി. ഈ ഭാഷാചക്രത്തിൽ പണ്ടേ പറ്റിപ്പിടിച്ചിരുന്ന മാവാരതത്തിന്റെ ശക്തി ഭ്രമണവേഗം നിമിത്തം ക്ഷയിച്ചു പിടിവിടാനും ആരംഭിച്ചു. ഇതിനിടയ്ക്കു തംബുരു, മൃദംഗം, വീണ, മുതലായ ഗീതോപകരണങ്ങൾ കൂട്ടംകൂട്ടമായി ആരുവാമൊഴിയും ആൎയ്യങ്കാവും കടന്നെത്തി. ഇവയുടെ വാഹകന്മാരായ പരദേശഭാഗവതന്മാരും, പാടിയും പന്തുവരാടിയുംകൊണ്ടു കേരളത്തിൽ അങ്ങുമിങ്ങും സ്ഥലംപിടിച്ചു. മാവാരതത്തിന്റെ സ്തുതിപാഠകന്മാരായ ഉലക്കത്തൊള്ളക്കാർ കണ്ണുമിഴിച്ചു. തുഞ്ചൻ, "വൈശംപായനൻ ജനമേജയനോടു ഭംഗിയിലറിയിച്ച ഭാരതം കഥ" ചൊല്ലാമെന്നും "ഭാരതം ചൊല്ലുന്നോൎക്കും ഭക്തരായ് കേൾക്കുന്നോൎക്കും പാരാതെ ഗതിവരും" എന്നും തീൎച്ചപറഞ്ഞു് ആരംഭിച്ച ഭാരതം എഴുതിത്തീൎത്തതുമുതൽ അതു മലയാളത്തിലെങ്ങും പടൎന്നു പിടിക്കാൻ തുടങ്ങി. ൩ ബഹളങ്ങളൊക്കെ ആയപ്പോൾ മനുവിന്റെ പീനൽകോഡും പ്രൊസിഡ്യൂവർ കോഡും പത്തുകെ പിറകോട്ടു കാലുവച്ചു. അവസരാനുസൃതമായ ഭാഷാജ്ഞാനം പലരിലും കടന്നുകൂടി. മാവാരതത്തിലെ "ആലത്ത്യക്കേട്ടും" "കുഞ്ഞിഅനപ്പൂകളും" മററും അല്പം ആരോചകങ്ങളായും തീൎന്നു. തെക്കേ തിരുവിതാംകോട്ടു് ഒരു കാലത്തു സൎവ്വാവകാശങ്ങളോടുകൂടിത്തകൎത്ത മാവാരതത്തിന്റെ ഓജസ്സ് മേൽ പറയപ്പെട്ടപ്രകാരം മലയാളഭാഷാചക്രത്തിനുണ്ടായിട്ടുള്ള ഭ്രമണവും, ശ്രീമഹാഭാരതം കിളിപ്പാട്ടിന്റെ ആവിൎഭാവവും, ജനങ്ങൾക്കു സംഗീതത്തിൽ ക്രമേണയുണ്ടായ അഭിരുചിയും, മഹാഭാരതകഥയിലുള്ള വിശ്വാസവും, മാവാരതത്തെ ആമൂലാഗ്രം അവലംബിച്ചിരുന്ന പ്രാകൃതപദവാക്യസംയോഗവും, നിമിത്തം ക്ഷയിച്ചിരിക്കണം. അഹോ! സകല ചരാചരങ്ങൾക്കും

പ്രകൃത്യാ സിദ്ധങ്ങളായ ഉത്ഭവസ്ഥിതിനാശങ്ങൾ ശ്രുപഗ്രന്നര ഹിതങ്ങളായ സ്വരസമൂഹങ്ങളെപ്പോലും ഒഴിച്ചു വിട്ടിട്ടില്ല ല്ലൊ. പ്രകൃതിവിലാസം ആശ്ചൎയ്യം തന്നെ.

ഈ പാട്ട് തിരുവിതാംകോട്ടിന്റെ മറ്റുഭാഗങ്ങളിൽ നടപ്പുണ്ടായിരുന്നുവെന്ന് എനിക്കു തീൎത്തു പറയാൻ നിവൃത്തിയില്ല. ഇതു മലയാളഭൂമിയുടെ ഏതു ഭാഗത്താണു ജനിച്ചിട്ടുള്ളതെന്നും യുക്തികൾകൊണ്ട് അനുമാനിക്കാൻ തരം കാണുന്നില്ല. തെക്കെതിരുവിതാംകോട്ടു നടപ്പുണ്ടായിരുന്ന ഭാഷാരീതിയുടെ സ്മാരകങ്ങളായി ഇടയ്ക്കിടെ കെട്ടി ഉയൎത്തപ്പെട്ടിട്ടുള്ള ഗദ്യപദ്യ സ്തംഭങ്ങൾ വിശദമായി പരിശോധിക്കുന്ന ഒരു പണ്ഡിതൻ മാവാരതത്തിനു തെക്കൻഭാഷയിൽ സ്ഥാനം കല്പിക്കുമോ എന്നെനിക്കു സംശയംതന്നെ. അങ്ങനെ കല്പിക്കുന്നപക്ഷം അതിനിപ്പോൾ മലയാളത്തിൽ ഉണ്ടെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന ദീൎഘമായ സ്ഥിതിക്കു വകവെച്ചു കൊടുക്കാവുന്നതല്ല. ഒരു ഭാഷയ്ക്കു പല കാരണങ്ങളാൽ പലപ്പോഴും ഉണ്ടാകുന്ന പരിഷ്കാരഭേദങ്ങൾ ആ ഭാഷ പ്രചരിക്കുന്ന എല്ലാ സ്ഥലങ്ങളിലും ഒരേ സമയത്തുതന്നെ പ്രസരിക്കുമെന്നു വിചാരിക്കാവുന്നതല്ല. ഉദാഹരണമായി ഉത്തരകേരളത്തിലെ വടക്കൻപാട്ടിനുള്ള പുരാതനത്വവും, അതിന്റെ ഭാഷാരീതിയും, തെക്കെതിരുവിതാംകോട്ടെ മലയാളത്തിന്റെ ക്രമേണയുള്ള ഭേദങ്ങളും, ആ ഭേദങ്ങൾകൊണ്ട് അങ്കിതങ്ങളായ കാലങ്ങളും, നോക്കുക. മലയാളത്തിൽ അങ്ങുമിങ്ങുമുള്ള കവിപ്പട്ടാളത്തെ ചില മഹാന്മാർ ചേൎത്തു വൎത്തമാനപത്രനിലങ്ങളിലിട്ടു കവാത്തുചെയ്യിച്ചും ഭാഷാസംബന്ധമായി വശ്യമുള്ള പെരുമാറ്റങ്ങൾക്കനേകം കയ്യുകളുണ്ടാക്കിയും മറ്റും ഭാഷയെ പലവിധത്തിൽ ഇളക്കിമറിക്കുന്നതിനു മുമ്പെ തെക്കെ തിരുവിതാംകോട്ടും അതേ കാലത്ത് ഉത്തരകേരളത്തിലും ഉണ്ടായിട്ടുള്ള കവിതകൾ

എന്റെ ഒരം വാദത്തെ തെളിയിക്കാൻ 'എ' അക്കമായിട്ടുതന്നെ ഫയൽചെയ്യുന്നതിനു് എനിക്കു വേണ്ടുവോളം ധൈര്യമുണ്ടു്. "കുഞ്ചുതേവിയുടെ മക്കളായ പാണ്ഡവന്മാരു്" "എന്റെ പൊന്മക്കളെ വിനയാണെന്നും" അതിനാൽ "അവരുടെ വെന്നവാതം (വംശം) മുടിക്കണമെന്നും ഓൎത്തു്" "കാരുനാട്ടിലമ്മ കാന്തകാരി" പാണ്ഡവന്മാരെ വിരുന്തിനു ക്ഷണിച്ചതും; 'കുഞ്ചുമീമനു വെഴമൂട്ടിയതും' കുഞ്ചുമീമൻ 'നാഗപുരത്തു നാഗകന്നിയേ മാലയിട്ടതും' മററുമാണു് മാവാരതം പാട്ടിനു വിഷയീഭവിച്ച കഥയെന്നു് ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. "കുഞ്ചുതേവിയുടേയും കാന്താരിയുടേയും പൊന്മക്കളുടെ ഉത്ഭവരഹസ്യങ്ങൾ മാവാരതകൎത്താവു വെളിപ്പെടുത്തുന്നേയില്ല. ആ വിദ്വാൻ പാണ്ഡവന്മാരേ ഉദ്ദേശിച്ചോ, അതല്ല കൌരവന്മാരേ ഉദ്ദേശിച്ചോ, ഈ ദാക്ഷിണ്യം പ്രവൎത്തിച്ചതു് എന്നു വെളിവാകുന്നുമില്ല. കരുനാട്ടിലേയും കുരുനാട്ടിലേയും റാണിമാരുടെ പരസ്പരബന്ധത്തേപ്പററി തൃപ്തികരമായ ഒരു വിവരണം മാവാരതത്തിൽ കാണുന്നില്ല. പല കാരണങ്ങൾ കൊണ്ടും ഗ്രീസിലേ 'ഇലിയഡ്' എന്ന പ്രാചീനഗ്രന്ഥത്തോടുപമിക്കപ്പെടാവുന്ന ഭാരതത്തിൽ പാണ്ഡവകൌരവന്മാരുടെ പരസ്പരവൈരമാകുന്നു കഥാജീവനായി നില്ക്കുന്നതു്. മാവാരതത്തിൽ അടങ്ങിയ കഥയും ആ വൈരത്തേത്തന്നെയാണു് ആശ്രയിക്കുന്നതു്. അത്ര പ്രാധാന്യമുള്ള വൈരത്തിന്റെ കാരണം അതിൽ സൂചിപ്പിക്കുന്നുപോലുമില്ല. പാണ്ഡവന്മാർ ഏകചക്രയിൽനിന്നു പാഞ്ചാലപുരത്തേയ്ക്കു പുറപ്പെടുന്നതിനു മുൻപുള്ള കഥകളിൽ ചില ഭാഗങ്ങളേ ഇടയ്ക്കിടെ സ്പൎശിച്ചുകൊണ്ടാണു മാവാരതകഥയുടെ ഗതിയെന്നു പറയാം. കേവലം ഒരു ബാലനായ 'കുഞ്ചുമീമനേ'ക്കൊണ്ടു മാവാരതകൎത്താവു് എന്തെല്ലാം വലിയ കാൎയ്യങ്ങളാണു ചെയ്യിച്ചിരിക്കുന്നതെന്നു് ആൎക്കും അത്യത്ഭുതാവിഷ്ടമായ ആശയത്തോടല്ലാതെ ആലോചിക്കാവു

ന്നതല്ല. പാണ്ഡവന്മാരിൽമററു നാലുപേരെയും 'തിരുമണ്ടന്മാ'രാക്കാനോ അതല്ല, കുഞ്ചുഭീമനെ മിടുമിടുക്കനാക്കാനോ അദ്ദേഹത്തെ അഞ്ചിലിളയതാക്കിയതെന്നു ത്രപമില്ല. ഏകചക്രാവാസം കഴിഞ്ഞാലുള്ള കഥാവശേഷത്തിൽ പാഞ്ചാലീസ്വയംവരം, ഖാണ്ഡവദാഹം, മുതലായവ പ്രധാനസംഭവങ്ങളാണെങ്കിലും അവ 'കുഞ്ചുഭീമന്റെ' കീർത്തിയെസംബന്ധിച്ചവിളംബരങ്ങളല്ലാത്തതുകൊണ്ടായിരിക്കുമോ മാവാരതത്തിൽ സ്ഥാനംപിടിക്കാത്തതു്. മഹാഭാരതത്തിലെ കണ്ടാകണ്ടികാരായ ശകുനിയേയും കർണ്ണനേയും മാവാരതത്തിൽ കാണുന്നേയില്ല. അവർക്കു പകരം പാണ്ഡവരെ തരംനോക്കി താളം പിഴപ്പിച്ചു തള്ളിയിട്ടു് 'വെനവാതം' മുടിക്കാൻ ആ കാന്താരിഅമ്മതമ്പുരാനേയാണു് മാവാരതക്കാരൻ വേഷം കെട്ടി ആദ്യവസാനക്കാരിയാക്കി അരങ്ങത്തിറക്കിയിരിക്കുന്നതു്. അമ്മതമ്പുരാനാകട്ടെ ആട്ടത്തിൽ അശേഷം മോശക്കാരിയായി കാണപ്പെടുന്നുമില്ല. ആ തമ്പുരാന്റെ കൃത്രിമക്കെട്ടുകളിൽ പാണ്ഡവന്മാർ ഉൾപ്പെടാത്തതു് 'കുഞ്ചുഭീമന്റെ' സാമർത്ഥ്യം കൊണ്ടുതന്നെയാണു്. കാന്താരിയുടെ "പൊന്മക്കൾ കുടം പൊട്ടി വന്നവരാ"ണെന്നുള്ള വസ്തുത മാവാരതക്കാരൻ "ഒഫീസ് രഹസ്യം" ആയിട്ടു വച്ചിരിക്കുന്നതുനിമിത്തമായിരിക്കുമോ "കുടജന്മാരേയോ(കുടത്തിൽനിന്നു ജനിച്ചവരേയോ) കുടജാരിഷ്ടങ്ങളേയോ (കുടജന്മാരുടെ അരിഷ്ടങ്ങളേയോ) കുറിച്ചു മാവാരതത്തിൽ യാതൊന്നും പറഞ്ഞു കാണാത്തതു്?

കാണുകയോ കേൾക്കുകയോ ചെയ്യുന്നതിനെയെല്ലാം പരിഷ്കരിച്ചു് അലങ്കോലപ്പെടുത്താൻ പറന്നെത്തുന്ന നാഗരികരസികന്മാരായ വെട്ടുക്കിളികളുടെ ബാധ മാവാരതത്തിനുണ്ടായിട്ടില്ല. കോഴിക്കോടിനെ, കോഴിക്കൂടാക്കുന്നവരുടെ സംഖ്യയും അധികാരവും വർദ്ധിച്ചുവരുംമുൻപുതന്നെ മാവാരതംനിദ്രായിത

തപത്തോടുകൂടി ശയ്യാതലം പ്രാപിച്ചുപോയതുകൊണ്ടോ അവൾക്കു ദയതോന്നി മാറാരോഗത്തെ ഒഴിച്ചുവിട്ടിട്ടോ; എന്തുകൊണ്ടായാലും അവരുടെ കൈ അതിൽ എത്താതിരുന്നതിനാൽ അതിന്റെ ശരിയായ രൂപം അറിയാൻ നമുക്കു തരംകിട്ടി.

തെന്തിന്നാനിതന്നെതിനനാതന്നാ
തിന്നത്തിന്നെതാനെ തിനനാതന്നാ
കുരുനാട്ടുമോനല്ല കുരുനാട്ടു്
കുരുനാട്ടിലുംവാഴും പാണ്ണവരഞ്ചു്
കറുമുറുമവർ വളരുംകാലം
എന്റെ പൊന്മക്കളും വിനയാണെന്നു്
അവരുടെ വെനവാതം മുടിപ്പതിന്നു്
കേട്ടാലുമോ എന്റെ തുതുവാകേള്ളു്
നമ്മാളുടെ നല്ല പിള്ളമാരെ
വേകം ചടതിയിൽ കൊണ്ടുമേ വരണം
അതുമൊഴി കേട്ടതോരു തുതുവനാരും
ഓടിഉതറിയും വഴിനടന്നു
പിള്ളമാരിരിക്കും തലത്തുചെന്നു
ഏകികുന്നുരണ്ടു വിളിപകന്നു
പിള്ളമാരുമോടി വെളിയിൽവന്നു
കേട്ടാലുമോ എന്റെ പിള്ളമാരെ
അമ്മതമ്പുരാന്റെ കല്പനയൊണ്ടു്
വേകം ചടതിയിൽ ചെല്ലണമെന്നു്
അതുമൊഴി കേട്ടതോരു പിള്ളമാരെല്ലാം
കഞ്ഞി അനപ്പുകൾ കുടിച്ചൊരുങ്ങി
മുണ്ടും കവണികൾ പകർന്നുടത്തു
നാരായം പിശ്ശാത്തി കയ്യിലെടുത്തു
എണ്ണില്ലാതെ യോല തിരഞ്ഞെടുത്തു
വാനുമുറിച്ചങ്ങു വയംവരുത്തി
വെയിലുതാങ്ങി വെള്ളക്കുടയെടുത്തു

പിള്ളമാരെറങ്ങി വഴിനടന്നു
ഓടിഉതറിയും വഴിനടന്നു
കരുനാട്ടിലും ചെന്നങ്ങിറങ്ങുവാരം
അമ്മതമ്പുരാൻെറ തിരുമുമ്പില്
അടിതൊഴുതു മുടികുനിഞ്ഞു അകലെ വാങ്ങി
ആയാരവുംചെയ്തു നിലയുംനിന്നു
കേട്ടാലുമോ പൊന്നുംതമ്പുരാനെ
ഞങ്ങളെ വരുത്തിയ കാരിയമെന്തു്
കേട്ടാലുമോ എൻെറ പിള്ളമാരേ
കുരുനാട്ടിലും വാഴും പാണ്ണുവരഞ്ചു്
കററമുററമവരു വളരുംകാലം
എൻെറ പൊന്മക്കൾക്കും വിനയാണെന്നു്
അവരുടെ വെനവാതം മുടിപ്പതിന്നു്
കേട്ടാലുമോ എൻെറ പിള്ളമാരെ
കന്നിവിരുന്തിന വരുത്തവേണം
അവരുടെ വെനവാതം മുടിക്കവേണം
എനിക്കാലത്യക്കേട്ടു പെരുതാണെന്നു്
കന്നിത്തിരുവെഴുത്തൊന്നയക്കാവേണം
അതുമൊഴികേട്ടതോരു പിള്ളമാരല്ലോ
ഏണില്ലാതെയോല തിരഞ്ഞെടുത്തു
വാന്നുമുറിച്ചങ്ങു വയംവരുത്തി
ചുരിക്കമറയും മററ കുറയും തീർത്തു
പള്ളിവായകങ്ങളും പലതും വച്ചു
നീട്ടെഴുതിയങ്ങു കുറസും തീർത്തു
അമ്മതമ്പുരാൻെറ കയ്യോടുത്തല്ലൊ;
മാറിപ്പിടിച്ചങ്ങു തുല്ലിയം ചാർത്തി
മറുപടി പിള്ളമാരുടെ കയ്യോടുത്തല്ലൊ.
മടക്കിക്കെട്ടിയവർ മുത്തിരയിട്ടു്
മേച്ചിട്ടുമോ എഴുതിക്കെട്ടിയുംകൊണ്ടു്
തക്ക തൂതുവനെതാൻ വിളിച്ചു
പക്കത്തുമോ ചോറുകൊടുത്തു പിന്നെ;

വഴിയിൽച്ചെലവിനു പണംകൊടുത്തു;
... ... ... ...
കേട്ടാലുമോ എൻെറ തുളുവാ കേളു്
കന്നിത്തിരുവെഴുത്തു കൊണ്ടുമേ പോണം
കുരുനാട്ടിലോ നീയു് കൊണ്ടുചെന്നു്
കുഞ്ചുമിമൻെറകൈയ്യു കൊടുക്കവേണം
എനിക്കാലത്യക്കേട്ടു കടുതാണെന്നു്
നീയേചെന്നു പറയാവേണം
ഊണിലൊഴക്കയരി പച്ചണം വേണ്ട
കന്നിവിരുന്തിനു വരികവേണം—എന്നെ
കണ്ണിച്ചീവനത്തോടെ കാണണമെങ്കിൽ
ഏളുതിവതം വരുമോയെന്നു്
ഏളുവഴി നിങ്ങളു വരുമോയെന്നു്
കേട്ടുകൊണ്ടു നീയും വരികവേണം
കേട്ടാലുമോ എൻെറ തുളുവാകേളു്
അതുമൊഴി കേട്ടതോരു തുളുവനല്ലോ
നീട്ടുകയ്യിലഞ്ചു വാങ്ങിച്ചുംകൊണ്ടു
അടിതൊഴുതു മുടികുനിഞ്ഞു അകലെവാങ്ങി
ആയാരവുംചെയ്തു വഴിനടന്നു
ആനപ്പന്തി നല്ല കുതിരപ്പന്തി
ആകേലവും ചുററി വഴിനടന്നു
കേറി ഒന്നുരണ്ടു മലകടന്നു
ഇറങ്ങി ഒന്നുരണ്ടു ചുനകടന്നു
കുരുനാട്ടിലും ചെന്നങ്ങിറങ്ങുവാരം
കോട്ടവാതലിൻെറയരികേപ്പററി
കോട്ടകാത്തുനിക്കിണ കാവക്കാരാ
എനിക്കങ്ങകത്തോട്ടു പോകയുംവേണം
നിന്നെ അകത്തോട്ടു വിടണമെങ്കി
അകത്തെ ഉത്തരവും വെളിയിൽ വരണം
അകത്തെ ഉത്തരവും വെളിയിൽ വന്നാൽ
നിന്നെ അകത്തോട്ടു വിട്ടുടാമെന്നു്

അന്നേരമൊണ്ടു കോട്ടകാവക്കാരൻ
അവനമോടി വെക്കമകത്തുചെന്നു
കേട്ടാലുമോ പൊന്നുംതമ്പുരാനെ
മാറത്തുരുവത്തിലൊരുവനല്ലൊ
നമ്മട കോട്ടവാതലിന്റെയരികയൊണ്ടു്
അവനും അകത്തോട്ടു വരണമെന്നു്
കേട്ടാലുമോഎടാ കോട്ടകാവക്കാരാ
അവനെ അകത്തോട്ടു വിടുവിനെന്നു്
അതുമൊഴി കേട്ടതോരു കാവക്കാരൻ
അവനെ അകത്തോട്ടു വിട്ടുമേകൊണ്ടു
അവനും ഓടിയങ്ങു അകത്തുചെന്നു
കാററാട്ടുമോനല്ല കളിത്തിണ്ണയ്ക്കു്
ചൂതു കളിച്ചങ്ങു ഇരിക്കന്നൊണ്ടു്
അന്തനേരമൊണ്ടു തൂതുവനല്ലൊ
ചിങ്ങൻവാഴനല്ല തളിർകണ്ടിച്ചു
നീട്ടുകൊണ്ടുചെന്നു അടിയറവച്ചു
അടിതൊഴുതു മുടികുനിഞ്ഞു അകലെവാങ്ങി
വാങ്ങിപ്പിടിച്ചങ്ങു നിലയുംനിന്നു.

മേലെഴുതപ്പെട്ട ഭാഗംകൊണ്ടു് എന്തെല്ലാം കാര്യങ്ങൾ നാം ഗ്രഹിക്കുന്നു. ദൂരസ്ഥന്മാരായ രാജാക്കന്മാർ അന്യോന്യം സംഗതികളറിയിക്കുന്നതു ദൂതന്മാർമുഖേനയാകുന്നു. രാജാക്കന്മാരുടെ എഴുത്തിനു നീട്ടെന്നു പേരാണു്. ഓലയിലായിരുന്നു അന്നു നീട്ടെഴുതിയിരുന്നതു്. നീട്ടിൽ "പള്ളിവാചകങ്ങളും" ഉണ്ടായിരിക്കും. എഴുതുന്നതു പിള്ളമാരാകുന്നു. എഴുതിത്തീർന്നാൽ മടക്കിക്കെട്ടി മുദ്രവയ്ക്കണം. അതിനു മുൻപേ തുല്യം ചാർത്തണം. മേൽവിലാസം എഴുതണം. ദൂതനു പക്കത്തുനിന്നു ചോറുകിട്ടും. അന്യരാജ്യത്തേയ്ക്കുള്ള യാത്രയിൽ ആനപ്പന്തി, കുതിരപ്പന്തി, മല, ജലാശയം, എന്നിവ കടക്കേണ്ടിവരും. രാജനിവാസസ്ഥാനത്തിൽ കോട്ടയുണ്ടു്. കോ

ട്ടവാതൽ കാക്കുന്നതിനു് ആളുകളുണ്ടു്. അകത്തു കടക്കാൻ അനുവാദം വേണം. കോട്ടയ്ക്കുള്ളിലാകുന്നു രാജാവിന്റെ കൊട്ടാരം. രാജാക്കന്മാർ വിനോദത്തിനായി ചൂതുകളിക്കാറുണ്ടു്. "ദേവനം വിനോദനായ ദേവനിർമ്മിതം" എന്നാണല്ലൊ മലയാളത്തിലെ മിൽട്ടണായ ഉണ്ണായിവാരരു പറഞ്ഞിരിക്കുന്നതു്. രാജസന്നിധിയിൽ വല്ലതും അടിയറവയ്ക്കേണ്ടതിനു ചില നിബന്ധനകളുണ്ടു്. തൃക്കൈയിൽ കൊടുത്തുകൂട. നിലത്തു വയ്ക്കുയുമരുതു്. വാഴയിലയിൽ വയ്ക്കണം. വാഴയിലയുടെ തളിരായിരിക്കണം. ഇത്യാദി പലതും പറയാനുണ്ടു്. ഇവയെല്ലാം കരുനാട്ടിലേയോ കുരുനാട്ടിലേയോ ഏർപ്പാടുകളാണെന്നു സംശയമേ വേണ്ട. മാവാരതകർത്താവിന്റെ സ്വന്തരാജ്യത്തിലേയോ അതു വിട്ടാൽ അടുത്തു പരിചയമുള്ള രാജ്യങ്ങളിലേയോ കാര്യങ്ങളായിരിക്കും. നൂറോ ഇരുനൂറോ വർഷം മുൻപുള്ളവയുമായിരിക്കില്ല. മാവാരതം പാട്ടു് എഴുതിയ കാലത്തോ അതിനു മുൻപു മാവാരതകർത്താവിനു പരിചയമുള്ള കാലത്തോ ഉണ്ടായിരുന്നവയായിരിക്കാനേ ന്യായമുള്ളു.

തെന്തിന്നാനിതന്നെ തിനനം തന്നാ
തിന്നത്തിന്നെ താന്നെ തിനനംതന്നാ
... ... ... ... ..
... ... ... ... ...
കരുനാടുവാഴും കാന്തകാരി
പൊന്മക്കളെയഞ്ചും കാണണമെന്നു്
കണ്ണിന്നരുമണി കൊതിച്ചിരുന്നു
കരുനാടുവാഴും തുളുവനു്
ആളുവിട്ടവനെ വരുത്തിച്ചൊല്ലി
കേളുംകേളുമെന്റെ തുളുവാ കേളു്
കുരുനാടുവാഴും കുഞ്ചുപീമനു
നീട്ടുനിനവോല കൊടുത്തുപിന്നെ
കാരുനാട്ടിലെപ്പം വരുമെന്നതും

കേട്ടുകൊണ്ടിവിടെ വരികവേണം
തുതുവനോവെക്കം യാത്തിരകേട്ട
കുരുനാട്ടിലേയ്ക്കു യാത്തിരയായ്
കുരുനാട്ടിൽവന്നു കുഞ്ചുപീമൻെറ
കയ്യിൽ നിനവോല കൊടുത്തുവെക്കം
പീമനോലകയ്യിൽ മേടിച്ചുംകൊണ്ട്
മനതിലാക്കിയെല്ലാക്കാരിയങ്ങളും
പറഞ്ഞു തുതുവനെ യാത്തിരയാക്കി
കുഞ്ചുതേവിയോടു പറഞ്ഞു പീമൻ
"കേളും കേളമ്മാ മണിമാതാവേ
കാരുനാട്ടിൽ ഞങ്ങൾ പോയ്വരട്ടേ?"
"കേളും കേളുമെൻെറ പൊന്മക്കളേ
എൻെറ വെലികമ്മം ചെയ്തുപോക."
"കേളും കേളുമെൻെറ മണിമാതാവേ
പോകവേണ്ടയെന്നു പറയരുതേ;
നല്ല വാക്കുകളെ പറയവേണം."
കേളും കേളുമെൻെറ പൊന്മക്കളേ,
നിന്നേവയററിലേഴാം മാതത്തിൽ
നിന്നെക്കൊല്ലുവാനായൊരുങ്ങിയവർ
ചെയ്തവഞ്ചനകൾ കേളടാ മോനേ:—
മൂക്കൻനെയ്യിലല്ലൊ മുറുക്കടയും;
പാമ്പിൻ നെയ്യിലഞ്ചു പണിയാരങ്ങൾ;
അപ്പമെടുത്തുടൻ മെല്ലവേഞാനും
പിച്ചു പൂവങ്കൊഴിക്കെറിഞ്ഞു വെക്കം
കൊത്തിത്തിന്ന കോഴി ചത്തുപോയല്ലൊ;
കരുമ്പൂച്ചയ്ക്കു പിച്ചങ്ങെറിഞ്ഞുപിന്നെ
കരിമ്പൂച്ചയും വീണു വിനമുടിഞ്ഞു.
പൂമിതന്നിൽ മാന്തിയിട്ടുഞാൻ മോനേ
പൂമിയെടാമോനേ വെടിച്ചുകീറി.
ഞാനോ പണിയാരം തിന്നേയില്ല
ഇങ്ങനേയൊചെയ്തു മണിമാതാവേ

ൃവ്യം

കാണാൻ നിങ്ങളിപ്പോൾ പോകയുംവേണ്ട
കേളുംകേളമെൻെറ മണിമാതാവേ
അഞ്ചുപേരുഞങ്ങൾ പോയാലല്ലോ
ആറുപേരുഞങ്ങൾ വരുമേയമ്മേ
എന്നുചൊല്ലിയവർ യാത്തിരയായ്
അമ്മയ്ക്കൂതിരററ വെതനം തീപ്പാൻ
പിറേറത്തിവതത്തിലഞ്ചുപേരുമായ്
പണ്ടാരങ്ങളായി വന്നവർവീട്ടിൽ
പിച്ചതരണമമ്മേ തരമംതരണം
എൻെറ മക്കളെഞ്ചും കരുനാട്ടില്
കന്നിവിരുന്നുണ്ണാൻ പോയെടാപോയി
പാഞ്ചാലപുരത്തേയ്ക്കു ചെന്നാലല്ലോ
തേച്ചുകുളികിട്ടും പച്ചണം കിട്ടും
തലയൊന്നുക്കൊരുപണം തെച്ചിണാകിട്ടും
കേളും കേളമമ്മേമണിമാതാവേ
എന്നാൽ ഞങ്ങൾക്കിപ്പോൾ പച്ചണംവേണം
കുഞ്ചുതേവിയമ്മയുടനേതന്നെ
അഞ്ചുപേക്കുമവർ പച്ചണംനൾകി
അഞ്ചുപേരുമവരുണ്ണുന്നേരം
കുഞ്ചുപീമനുണ്ണുമുരുളകണ്ടു
അമ്മയ്ക്കുടൻതന്നെ മനതിലായി
കേളുംകേളമെൻെറ മകനെ പീമാ
ഈമാതിരി നിങ്ങൾ പോയാലല്ലോ
മുള്ളുകൊണ്ടുപോലും മുറികയില്ല
എന്നാൽ നിങ്ങൾ പോയിവരികയെന്നു
അമ്മ യാത്രചൊല്ലിയയച്ചവരെ
കാരുനാട്ടിലേയ്ക്കു യാത്തിരയായ്
കേളുംകേളമെൻെറ ചേട്ടന്മാരെ
കാരുനാട്ടിൽപോയി വരുവോളവും
മുൻപേ നടപ്പാനും മൂപ്പെനിക്ക്
മുൻപേ ഇരിപ്പാനും മൂപ്പെനിക്ക്

ഫവ്യഫ

മുൻപേ ഉണ്ണുവാനും മൂപ്പേനിക്ക്
എന്നുപറഞ്ഞവർ നടക്കുന്നേരം
കള്ളും കറപ്പും ചാരായവും കഞ്ചാ
വേണ്ടുവോളമുള്ളിൽ കൊടുത്തുംകൊണ്ട്
മത്തകരിയൊന്നു നിറുത്തീട്ടുണ്ട്
മത്തകരിതന്റെ നിലയുംകണ്ട്
ആനയെ വിലക്കേടാ ആനക്കാരാ
എഞ്ചൊല്ലുമോ ആന കേക്കുന്നില്ല
നിഞ്ചൊല്ലുമോ ആന കേൾക്കുകില്ലെങ്കിൽ
എഞ്ചൊല്ലുമോ ആന കേക്കുമല്ലോടാ
ഏററം കോപമോടേ പീമനപ്പം
കൈതയാൽ കോരിയവനെറിഞ്ഞുംവച്ചു
അഞ്ചുപേരുമാക നടന്നുവെക്കം
പൂട്ടുപുരകണ്ടു കിണറുകണ്ടു
വഴിയമ്പലംകണ്ടു വഴിക്കുളംകണ്ടു
ഉടനെതന്നെപീമൻ കൈതകൊണ്ടപ്പോൾ
അമ്പലത്തിൽമെല്ലെ തൊട്ടൊരുനേരം
അമ്പലവും താഴത്തുടനെ വീണു
അങ്ങോട്ടൊരുകാതം നടന്നപ്പോഴ്
നേരെയൊരു നതി കണ്ടുടൻ പീമൻ
ചിത്തിരമായിട്ടതിൽ പാലവുംകണ്ടു
പാലത്തിലെ വന്നപ്പണികൾകണ്ടു
പീമനമൊന്നു പുഞ്ചിരിക്കൊണ്ടു
കേളുംകേളുമെന്റെ ചേട്ടന്മാരെ
നിങ്ങൾ നാലുപേരുമിവിടെനില്ലു
പാലത്തിലോഞാനും കേറിനോക്കട്ടെ
പാലത്തിലോപീമൻ കേറിയനേരം
രണ്ടററത്തുമുള്ള ചുരുളുംതെററി
നടുപ്പാലത്തിലുള്ള പൊറിപ്പുംതെററി
പീമനമോആററിൽ മറിഞ്ഞുവീണു
അഞ്ചുപേരു ഞങ്ങൾ വന്നെടത്തല്ലോ

തള്ളക്കിളിവീണു ചിറകൊടിഞ്ഞു
ചൊന്ന നാമമങ്ങു കേട്ടടൻതന്നെ
വന്നപ്പാലവുംകൊണ്ടു കരയ്ക്കുകേറി
അവിടെനിന്നുടനെയെടുത്തെറിഞ്ഞു
കാരുനാട്ടുവാഴും കാന്തകാരിതൻ
തിരുമുററത്തുവീണു തകർന്നുപാലം
കേളുംകേളുമെൻെറ പൊന്മക്കളെ
പീമൻ വരുന്നോരു വരവുകണ്ടോ
പൊണ്ണൻ വരുന്നോരു വരവുകണ്ടോ
ചൊല്ലിനാക്കുവായിലിടുന്നമുൻപേ
പാണ്ടവരുംവന്നു കിരകം പുകിന്നു
അഞ്ചുപേർക്കുമെത്തു തടുക്കമിട്ടു
പീമൻചെന്നുടനെ തടുക്കിളക്കി
അമ്പുപോലെ നാരായങ്ങളെയൊണ്ടു്
അഞ്ചിലുമോരങ്ങു നിറുത്തിട്ടൊണ്ടു്
കേളുംകേളുമമ്മേ മണിമാതാവേ
ആരുചെയ്തതൊരു വഞ്ചനയാണു്
കേളുംകേളുമെൻെറ പൊന്മക്കളെ
പള്ളിപ്പിള്ളർചെയ്ത വഞ്ചനയാണു്
നാരായങ്ങളെല്ലാമെടുത്തെറിഞ്ഞു്
പീമനുടൻതന്നെയിരുന്നവിടെ
ചേട്ടന്മാരുമൊക്കെയിരുന്നവിടെ
താകംപോക്കുവാനായവർക്കു നേരം
കാപ്പിപലകാരം കൊടുത്തുടനെ
പീമനുടൻതന്നെയെടുത്തുംകൊണ്ടു
കരുമ്പൂച്ചയ്ക്കു പിച്ചങ്ങിടുന്നനേരം
പൂച്ചചത്തുടനെ തടത്തിൽവീണു
കരുനായ്ക്കുമോ പിച്ചങ്ങിടുന്ന നേരം
നായും ചത്തുടനത്തടത്തിൽവീണു
പൂവൻകോഴിക്കെയങ്ങിടുന്ന നേരം
കോഴിചത്തുടനെ വിനമുടിഞ്ഞു

ഫവ്വന

കാപ്പികുടിച്ചതും മതിയെയമ്മേ
കൈയ്യുമടക്കിയവർ കുലുക്കഴിഞ്ഞു
അന്നപോചനങ്ങളുണ്ണുവാനായ്
എണ്ണതേച്ചുവെക്കം കുളിച്ചുവാടാ
എന്നുചൊല്ലിയവളെണ്ണ കൊണ്ടു
പൊന്മകൾക്കമങ്ങു കൊടുത്തുടനെ
എണ്ണതൊട്ടുടനെ പൂമിതേവിക്കു
നാലുതുള്ളി തൊട്ടുതെറിച്ചനേരം
പൂമി ചറാപിറാ വെടിച്ചുകീറി
ആകായത്തു തൊട്ടുതെറിച്ചപ്പോഴ്
കെണ്ടനിടിവെട്ടി മുഴങ്ങിയല്ലൊ
എണ്ണതേച്ചതെല്ലാം മതിയെയമ്മേ
എന്നു പറഞ്ഞവർ കുളിപ്പാനായി
കുളക്കടവിലങ്ങു ചെന്നപ്പോഴ്
ഇരുമ്പുലക്കയുമായഞ്ചുപെണ്ണുങ്ങൾ
കുളക്കടവിലങ്ങു നില്പതുംകണ്ടു
കേളുംകേളുമെന്റെ തോഴിമാരേ
നിങ്ങളെന്തിവിടെ വന്നതുമിപ്പോൾ
കേളുംകേളുമെന്റെ രാജാക്കളെ
ആളിനെ പിടിക്കുന്ന മുതലയൊണ്ടു്
തല്ലിക്കൊല്ലുവാനായ്വന്നതും ഞങ്ങൾ
പോരുംപോരുമെന്റെ തോഴീമാരെ
കോരിവീത്തി ഞങ്ങൾ കുളിച്ചുകൊള്ളാം
കുളികഴിഞ്ഞുവെക്കം വീട്ടിൽവന്നു
കേളുംകേളുമെന്റെ പൊന്മക്കളെ
അന്നപോചനങ്ങളുണ്ണണമെന്നു്
മുൻപിൽതൊട്ടതോരു അന്നമെല്ലാം
കരുമ്പൂച്ചയ്ക്കു നള്ളിയിട്ടുവല്ലൊ
പിന്നെവാരിയോരു അന്നമെല്ലാം
പൂവൻകോഴിക്കു നള്ളിയിട്ടുവല്ലൊ
മൂന്നാമതുവാരിയ അന്നമെല്ലാം

കരുനാഴ്ക്കുമോം നള്ളിയിട്ടുവല്ലോ
കോട്ടക്കയ്യോല ചുററിയോടിക്കൊണ്ടു്
മൂന്നുംവീണതുനേരം വിനമുടിഞ്ഞു
അന്നപോചനങ്ങളം മതിയേയമ്മേ
കൈമടക്കിയവരെഴിച്ചുവെക്കം
കൈയും വായുമെല്ലാം കുലുക്കഴിഞ്ഞു
വെററിലപാക്കതിന്നു സുകിച്ചിരുന്നു
അന്നത്താഴമങ്ങു പലകാരങ്ങളം
പൊന്മക്കളേക്കമെല്ലെ കൊടുത്തുകൊണ്ടു
കേളുംകേളുമെന്റെ പൊന്മക്കളെ
പള്ളിയറ രണ്ടിന്നുണ്ടിടം മോനെ
ചേട്ടന്മാരുനാലുമൊന്നിൽ പോട്ടെ
കുഞ്ഞുപീമനൊന്നിൽ തനിയേ പോട്ടേ
പള്ളിയുറക്കമോയുറങ്ങാനായി
പള്ളിമെത്തതന്നിൽ കിടക്കന്നേരം
കുണ്ണന്നടെപാഴ്ച ചെന്നുവെക്കം
പീമൻ കിടക്കന്ന പള്ളിയറതൻ
വാതുക്കലോചെന്നു പറയുന്നല്ലോ
പൊണ്ണത്തടിയാ നീയുറങ്ങുറങ്ങു്
ആനത്തടിയാ നീയുറങ്ങുറങ്ങു്
നിന്നുടയനല്ല ചേട്ടമ്മാരെ
ഇപ്പോളംതന്നെ കൊലകൊന്നുപോമേ
ഈററപ്പുലിയഞ്ചു ചമയുന്നൊണ്ടു്
... ... ... ...
... ... ... ...
പൂമാലയോ വന്നതോഴിമാരല്ലോ
അഞ്ചുപേരവർകളം ചമയുന്നൊണ്ടു്
നിങ്ങളഞ്ചുപേരേയും കൊല്ലുവാനായ്
എന്നു പറഞ്ഞവളം പോയിവെക്കം
ചൊല്ലിയവാക്ക നേരെ കേക്കംമുമ്പേ
പൂമാലയോവന്നതോഴിയാളു്

പള്ളിയറ തട്ടിവിളിക്കുന്നൊണ്ടു്
കേളുംകേളുമെൻെറ രാജാക്കളെ
പള്ളിയറ തട്ടിത്തുറക്കണമേ
പാതിരായ്ക്കുവന്നു പള്ളിയറയിൽ
ആരുവിളിക്കുന്നതെന്നുകേട്ടു
കേളുംകേളുമെൻെറ രാജാക്കളെ
പൂമാലയോവന്നത്തോഴിയാണു്
ഞങ്ങളുടെ നാട്ടിൽ വഴക്കമാണു്
... ... ... ...
... ... ... ...
അന്നേരമോഅങ്ങു കുഞ്ചുപ്പീമൻ
പള്ളിയറ തട്ടിത്തുറന്നുവെക്കും
കൈപ്പന്തമോ ഒന്നങ്ങിരിപ്പതൊണ്ടു്
കൈവിളക്കുമോ ഒന്നങ്ങിരിപ്പതുണ്ടു്
പള്ളിമെത്തയതിൽ മുട്ടകാനായി
ഓടിയടുക്കുന്നു പൂമാലത്തോഴി
അന്നേരമോ കുഞ്ചുപ്പീമനും ചൊല്ലി
ചോതനകളുണ്ടു നോക്കുവാൻപെണ്ണേ
അന്നേരത്തുമോ ചെല്ലത്തോഴിയാളു്
ഓടിയടുക്കുന്നു പള്ളിയറയൽ
അച്ഛനാണെ തോഴീ മുട്ടകരുതെ
അമ്മയാണെ തോഴിമുട്ടകരുതെ
എൻെറ പള്ളിയറ മുട്ടകണമെങ്കിൽ
കെട്ടിയതലമുടി അഴിക്കവേണം
കെട്ടിയ തലമുടി അഴിച്ചാലല്ലൊ
മുല്ലപ്പൂക്കളെല്ലാം ചിതറിപ്പോകും
മുല്ലപ്പൂക്കളെല്ലാം ചിതറിപ്പോയാൽ
കട്ടിമാല കെട്ടിത്തരുവൻതോഴീ
കെട്ടിയതലമുടി പിടിച്ചഴിച്ചു
ആളുറക്കും നല്ലരുവക്കത്തി
ചുട്ടുപഴപ്പിച്ചു പാകംചെയ്തു

ഫവ്വന്ന

കത്തി കിലുകിലം വീണവല്ലൊ
പീമൻമോ ഓടിയെടുത്തുകത്തി
വേറങ്ങൊരുപാകെ ചരതംവച്ചു
ഓടിയടുക്കന്നു പള്ളിമെത്തയിൽ
അച്ചനാണെതോഴീ മുട്ടുകരുതെ
അമ്മയാണെതോഴീ മുട്ടുകരുതെ
... ... ... ...
പീമൻടൻതന്നെ പൂമാലയെ
കല്ലുതൂണതന്നിൽ കനിച്ചുകെട്ടി
പള്ളിയറ തട്ടിപ്പൂട്ടിയുംകൊണ്ടു്
ചേട്ടന്മാരെക്കലകൊന്നുപോയെന്നു
വേതനയോടങ്ങു ചെന്നൊരുനേരം
കേളുംകേളുമെന്റെ ചേട്ടന്മാരെ
പള്ളിയറതട്ടിത്തുറപ്പിൻവെക്കം
പാതിരാവിൽവന്നു നിന്നുംകൊണ്ടു്
പള്ളിയറതട്ടി വിളിച്ചതാരു
പള്ളിയറ തട്ടിത്തുറക്കതോഴീ
അതുകേട്ടടൻ ചെല്ലത്തോഴിമാരു്
പള്ളിയറ തട്ടിത്തുറന്നവരും
കൊങ്കതടവിയോ ഉറക്കന്നതു്?
കുരലുതടവിയോ ഉറക്കന്നതു്?
കൈകൾ തടവിയോ ഉറക്കന്നതു്?
മെയ്കൾ തടവിയോ ഉറക്കന്നതു്?
താലോലമോചൊല്ലി ഉറക്കന്നതു്?
കേളുംകേളുമെന്റെ തോഴിമാരെ
എന്തുകളിനിങ്ങൾക്കറിയാമെന്നു്
കേളുംകേളുമെന്റെ പീമരായാവേ
അമ്മാനയോരാട്ടം വയമുണ്ടല്ലൊ
അമ്മാനയുമാടിപ്പാടിയാലല്ലൊ
തമ്മാനവും തന്നങ്ങയക്കന്നൊണ്ടു്
അമ്മാനയോ ആടിക്കളിതുടങ്ങി

കൈകൊണ്ടാടിയവർ കണ്ണുകൊണ്ടാടി
അമ്മാനയോടാട്ടം മതിയേതോഴി
തമ്മാനവുമിപ്പം തന്നയയ്ക്കാമേ
പൂമാലപ്പിടിച്ചങ്ങകററീവച്ച്
പീമനരിശത്താൽ വിറച്ചുംകൊണ്ട്
തോഴിമാരെ നാലും കൊന്നുടനെ
വെട്ടിനുറുക്കിയങ്ങിടുന്നചോര
ചെമ്പുകിടാരത്തിൽ നിറഞ്ഞൊഴുകി
ഓവുവഴിതന്നിൽ ചെന്നുടൻതന്റെ
പണ്ടേയുള്ളതെന്നും തീരുവാനായി
ഓവുതന്നിൽ മുങ്ങിക്കുളിതുടങ്ങി
കാരുനാട്ടിലമ്മ കാന്തകാരി
പള്ളിയറതട്ടി വിളിച്ചുചൊല്ലി
കേളുംകേളും ചൊല്ലുതോഴിമാരെ
പള്ളിയറതട്ടിത്തുറപ്പിൻവെക്കം
മന്തമൊടിപെണ്ണേ മയക്കമോടീ?
മായമരുന്തിന്റെ പിടിത്തമോടീ?
പള്ളിയറതന്നെ തുറക്കാത്തതെന്തേ?
പാണ്ടവരെക്കൊന്ന തളച്ചയോടി!
മന്തംവേണ്ടപെണ്ണേ മയക്കംവേണ്ട
ഇട്ടആവരണം തിരിയെവേണ്ട
പുത്തനാവരണം തരുവൻതോഴി
കുരുനാടടക്കം തരുവൻതോഴി
കാരുനാട്ടുപാതി തരുവൻതോഴി
കുഞ്ചുതേവിതൻ പല്ലക്കതരുവൻ
വാക്കകേട്ടുപീമനരിയംകൊണ്ടു
പള്ളിയറവാതൽ തുറന്നുപീമൻ
കിണ്ണിപോലെകണ്ണുരുട്ടീപീമൻ
കേളുംകേളുമെന്റെ പൊന്നമക്കളെ
പെൺകുലയോപാപീ ചെയ്തുമിപ്പോഴും
എന്നൊക്കൂടെക്കൊച്ച കൊല്ലുടാവേക്കാ

കിണ്ണിപോലെപൊന്നിൻ കണ്ണമൂർട്ടി
ഇടിവെട്ടീടുംപോലെ ചുവടുംവച്ച്
മുമ്പോട്ടോടിവെക്കമെടുക്കന്നേരം
അപ്പംമൂത്തചേട്ടൻ പറഞ്ഞുവെക്കം
പെററമ്മയെയങ്ങു മുട്ടകിയാലും
പേരമ്മയെ ചെന്നു മുട്ടകരുതെ
ചേട്ടൻ പറഞ്ഞോരു മൊഴിയെ കേട്ടു
വെക്കംകുഞ്ചുപീമൻ പിറകുമാറി
കുരുനാട്ടിലേയ്ക്കു തിരിച്ചാരല്ലൊ
പൂമാലയുമവർ പിറകേകൂടി
കുരുനാട്ടിലെത്തി കുഞ്ചുതേവിയെ
വീണുവണങ്ങിനാരാദരപേരും

ഗർഭിണിയായിരുന്ന കുന്തിദേവിക്ക് ഏഴാംമാസത്തിൽ ഗാന്ധാരി പലഹാരം കൊണ്ടുവന്നു കൊടുക്കുന്നു. ഇതു് ഇന്നും മലയാളരാജ്യത്തിൽ പല ഭാഗങ്ങളിലും നടന്നുവരുന്ന ഒരു കാര്യമാണു്. വിഷം ചേർത്ത പലഹാരം ഗർഭസ്ഥനായ ബാലനെ കൊല്ലുവാനായിട്ടാകുന്നു കൊടുത്തതെന്നു കുന്തിദേവി കരുതുന്നു. ഇതു് ആ ദേവിയുടേയോ അതൊ പ്ര മാവാരതകർത്താവിൻേറയോ ശുദ്ധഗതിയായി ഗണിക്കേണ്ടതെന്നു വായനക്കാർ തീർച്ചയാക്കട്ടെ. ഉത്തരഇൻഡ്യയിലുള്ള പല സ്ഥലങ്ങളിലും ഗർഭിണികൾക്കു മുറുക്കും അടയുമാണു് "വ്യാക്കുണ്" ആയി കൊടുത്തുപോരുന്നതെന്നു മാവാരതം സാക്ഷിപ്പെടുത്തുന്നു. പലഹാരത്തിൻെറ ഗുണദോഷപരിശോധനത്തിനെങ്കിലും മാവാരതക്കാരൻ സാധാരണ ഗൃഹങ്ങളിൽ എന്നപോലെ കുന്തിദേവിയുടെ കൊട്ടാരത്തിലും കോഴി, പട്ടി, പൂച്ച എന്നിവയെ സൃഷ്ടിക്കുന്നു. പാണ്ഡവന്മാർ "അമ്മയ്ക്കുതിരററ വെതിനം തീർപ്പാൻ" പണ്ടാരങ്ങളായിട്ടാണു് പ്രത്യക്ഷീഭവിക്കുന്നതു്. യാചകവൃത്തിതന്നെ കാലക്ഷേപമാർഗ്ഗമായി പ്രയത്നലേശം കൂടാതെ നാട്ടിൽ ദാരിദ്ര്യം വർദ്ധിപ്പിക്കുന്ന ഈ വകക്കാർ ഇപ്പോഴ

ത്തെപ്പോലെ മൎമ്മപ്രം മലയാളനാട്ടിൽ ധാരാളം ഉണ്ടായിരുന്നിരിക്കണം. ഇൻഡ്യയിൽ ഓരോ തൊഴിലിനും ഓരോ ജാതിക്കാരെത്തന്നെ സ്രഷ്ടാവു കല്പിച്ചിരിക്കുന്നതുപോലെയാണല്ലൊ ജാതിയും തൊഴിലും തമ്മിൽ ചേൎന്നുകിടക്കുന്നതു". ആശാരിയുടെ ഉളി ആഢ്യൻ നമ്പൂരി തൊട്ടുകയാണെങ്കിൽ ആ പരിശുദ്ധപുരുഷനു് ആകല്പം നിലനില്ക്കുന്ന അശൌചം ഉണ്ടാകുന്നു. അതിനു പ്രതിവിധിയായി ഉത്തരധ്രുവനാം ഉത്താനപാദനാം ചേൎന്നു ശക്കരസമുദ്രം കുടിച്ചുവററിക്കണം. ഇതാണു' വിധി. എന്താ ചെയ്ക! നിന്ദ്യങ്ങളായ കൃത്യങ്ങൾക്കും ഓരോ ജാതിക്കാരെത്തന്നെ ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്നപോലെ! പണ്ടാരങ്ങൾ എന്നു പറഞ്ഞാൽ അവരുടെ വൃത്തി ഇരക്കുകയാണെന്നു വെളിവാകുന്നതുപോലെ മറവന്മാർ എന്ന പേരു കേൾക്കുമ്പോൾ അവൎക്കു മോഷണത്തൊഴിൽ ഈശ്വരൻ തന്നെ കല്പിച്ചിരിക്കുന്നതായി തോന്നിപ്പോകുന്നു. ഇതുപോലെതന്നെ ദേവദാസികളുടെ കാൎയ്യവും. പ്രകൃതത്തിൽ നിന്നു് അല്പം വ്യതിചലിച്ചു് ഇത്രയും പറയേണ്ടിവന്നുവെന്നേയുള്ളൂ.

പണ്ടാരങ്ങൾ പാണ്ഡവരാണെന്നറിഞ്ഞ ഉടനെ "ഈ മാതിരി നിങ്ങൾ പോയാലെല്ലാ, മുള്ളുകൊണ്ടുപോലും മുറികയില്ല" എന്നു് സ്വന്തപുത്രന്മാരുടെ വൈഭവത്തെ അഭിനന്ദിച്ചു കുന്തി പറയുന്നു. ഈ വൈഭവം എന്താണെന്നു വിശദമാകുന്നില്ല. ചന്ദ്രാനനയത്തിലെ രാജകുമാരന്മാരെ മാവാരതക്കാരൻ ആറും തോടും കാടും മലയും കടത്തി അവശരാക്കി കരുനാട്ടിൽ കൊണ്ടുചെന്നാക്കുന്നു. തിരുവനന്തപുരംമുതൽ കരുപ്പടനവരെ ജലമാൎഗ്ഗമായി സഞ്ചാരസൌകൎയ്യം ഉണ്ടായതു് മാവാരതം എഴുതിയതിൽ പിന്നീടാണെങ്കിലും സാധാരണ ജനങ്ങളേക്കാൾ എത്രയോ സുഖമായി യാത്രചെയ്വാൻ സൌകൎയ്യമുള്ള രാജകുമാരന്മാൎക്കു് ഇതിലും ഭേദമായവിധത്തിൽ കരുനാട്ടിൽഎ

ത്താമായിരുന്നു. കരുനാട്ടിൽ എത്തിയയുടനെ അവൎക്കു ഇരിക്കാൻ തട്ടുക്കാണു ലഭിക്കുന്നതു്. ചാരുകസേരയോ തൂക്കമഞ്ചമോ കൊടുക്കാഞ്ഞതിനാൽ ഭാരതക്കാരനെ കുററപ്പെടുത്തിയേ തീരുവെന്നില്ല. തട്ടുകളുടെ അടിയിൽ നാരായണങ്ങൾ നാട്ടിയിരുന്നുവത്രെ. അതു "പള്ളിപ്പിള്ളരുടെ" വേലയാണെന്നു ഗാന്ധാരി സമാധാനം പറയുന്നുണ്ടു്. അരമുളം നീളമുള്ള ഒരു ഇരുമ്പുകഷണംകൊണ്ടു് ഒരു നാഴികക്കിടയിൽ ഒരു പനയിലുള്ള ഓല മുഴുവൻ വരച്ചുതള്ളുന്ന വലിയ കാരണവന്മാർ ഇന്നും അങ്ങുമിങ്ങുമുണ്ടു്. ഇവർ അനന്തിരവരായിരുന്ന കാലത്തു് ഓലപ്രയോഗം എത്രമാത്രം പ്രചരിച്ചിരുന്നുവെന്നു് ഇപ്പോഴും അവർ കടലാസിനെ ശപിക്കുന്നതിൽ നിന്നു തന്നെ ഒരുവിധം അനുമാനിക്കാം. ആ സ്ഥിതിക്കു ഭാരതനിർമ്മിതികാലത്തെ കഥ പറയാനില്ലല്ലോ. പള്ളിപ്പിള്ളരും കരുനാട്ടിൽ ഒട്ടും കുറവില്ല. "തൊണ്ണൂറെറാൻപതല്ലോ ഇരിയോതനനു്" എന്നത്രേ ഭാരതം ഘോഷിക്കുന്നതു്. ഒന്നു കുറച്ചിട്ടെങ്കിലും തൊണ്ണൂറെറാൻപതിനെ കണക്കിൽ ചേൎത്തുവല്ലോ എന്നു സന്തോഷിക്കാം. ചില പ്രത്യേക ശാലകളിൽ നിന്നു തള്ളി അയയ്ക്കുന്ന കാപ്പിപുസ്തകങ്ങൾ എഴുതിക്കൊള്ളണമെന്നു് സൎക്കുലർ പുറപ്പെടുവിക്കാൻ ഉദ്യമിച്ചിരുന്നായ ഒരു വിദ്യാഭ്യാസാദ്ധ്യക്ഷൻ കരുനാട്ടിലില്ലായിരുന്നതുകൊണ്ടു ശിഷ്യന്മാരുടെ കൈയിൽ ഉരുക്കപ്പോലയ്ക്കു പകരം നാരായണങ്ങൾ കൊടുത്ത നാട്ടാശാന്മാരേയും കുററം പറയാനില്ല. തട്ടുക്കിൽ ഇരുന്നയുടനെ പാണ്ഡവന്മാൎക്കു കാപ്പിയും പലഹാരവും ലഭിക്കുന്നു. സോഡയും ലമനേഡും അന്നു കരുനാട്ടിലോ മലയാളത്തിലോ കടന്നുകൂടിയിട്ടില്ലെങ്കിലും കാപ്പി സ്ഥലം പിടിച്ചുകഴിഞ്ഞിരിക്കുന്നു. പാണ്ഡവന്മാൎക്കു കൊടുത്ത എണ്ണയിൽ നാലുതുള്ളി നിലത്തു പതിച്ചപ്പോൾ "ഭൂമി ചറപറാ വെടിച്ചുകീറുകയും ആകാശത്തു തെറിച്ചപ്പോൾ" "ചടപടാ" ഇടിവെ

ട്ടുകയും ഉണ്ടായിപ്പോൽ. നാല്പത്തുരണ്ടളി എണ്ണകൊണ്ടു ഭൂകമ്പവും ഇടിയും മിന്നലും മററും വരുത്താൻ തക്ക ശക്തിയുള്ള എന്തു സാധനമാണ് അതിൽ ചേർത്തിരുന്നതെന്നറിയാൻ ചിലക്കു ആഗ്രഹമുണ്ടാകാം. പക്ഷേ സൂത്രശാലിനിയായ ഗാന്ധാരി അതു മാവാരതക്കാരന് ഉപദേശിച്ചുകൊടുത്തിട്ടില്ലെന്നു വിചാരിച്ചു സമാധാനപ്പെടാനെ നമുക്കു തൽക്കാലം നിവൃത്തിയുള്ളൂ. ഗാന്ധാരിയുടെ ഗൂഢാലോചനയെക്കുറിച്ചു ഭീമനെ അറിയിക്കുന്നതു കണ്ണന്റെ ഭാര്യയാണെന്നു കാണുന്നു. കണ്ണനെ മാവാരതത്തിൽ കാണുന്നേയില്ലെങ്കിലും ആ വിദ്വാന്റെ ഭാര്യ അവിടെ കടന്നെത്തിയതു ആ ഗൂഢാലോചനയെ വെളിപ്പെടുത്താൻ വേറാരും ആ രാജധാനിയിൽ ഇല്ലാത്തതുകൊണ്ടായിരിക്കണം. ഭീമന്റെ ശയനസ്ഥലത്തു കടന്നുചെന്ന വാരവധൂടി അവളുടെ ആഗമനത്തിന് അടിസ്ഥാനമായി ചൂണ്ടിക്കാണിക്കുന്നത് ഒരു നാട്ടാചാരത്തെയാണ്. പാണ്ഡവരെ അറുത്തുകൊല്ലാൻ കത്തികളും അടിച്ചുകൊല്ലാൻ ഉലക്കകളും കൊണ്ടു പുറപ്പെട്ടത് സ്ത്രീകളായിരുന്നുവെന്നു കാണുന്നു. അബലകളെത്തന്നെ ഈ വേഷങ്ങളെല്ലാം കെട്ടിവിടാൻ മാവാരതക്കാരൻ ഓർത്തതു് തന്റെ വർഗ്ഗക്കാരായ പുരുഷന്മാരെ അപകടക്കാരും അധാർമ്മികന്മാരും ആക്കരുതെന്നുദ്ദേശിച്ചോ, പെൺമലയാളം എന്ന വിദേശീയരുടെ റിമാർക്കിനു പാത്രീഭവിച്ചിട്ടുള്ള മലയാളഭൂവിലാണ് മാവാരതം അവതരിച്ചതെന്നു പരോക്ഷമായി കാണിക്കാനോ അല്ലയോ?

വിരുത്തുണ്ണുക (വിരുന്നുണ്ണുക) എന്നതിനു തെക്കേ തിരുവിതാംകോട്ടിൽ മലയാളത്തിന്റെ മററു ഭാഗങ്ങളിലേക്കാൾ പ്രാധാന്യമുണ്ടെന്നാണ് അറിവ്. ചാർച്ചക്കാരും ചേർച്ചക്കാരും തമ്മിൽ കൂടക്കൂടെ കാണിച്ചുപോരാറുള്ള ലോഹ്യങ്ങളിൽ ഒന്ന് വിരുന്നുണ്ണുകയാണത്രേ. തേക്കേത്തിരുവിതാംകോട്ടു നിവാസികളിൽ ചില വർഗ്ഗക്കാരുടെ സാമൂഹികാചാരങ്ങളിൽ തന്നേയും

ഈ കൃത്യംഉൾപ്പെടുന്നു. ഒരു പ്രത്യേക ജാതിക്കാരുടെയിടയിൽ വിവാഹംകഴിഞ്ഞാൽ അടുത്ത ആടിമാസത്തിൽ "വിരുന്നുണ്ണുക"അത്യാവശ്യംതന്നെ. ഇതുമുഖ്യമായഒരുകാര്യമാണ്പാണ്ഡവകഥയുടെ പ്രാരംഭമായി മാവാരതകർത്താവ് ഘടിപ്പിച്ചിരിക്കുന്നത്. മാവാരതകഥകളിൽ ആദ്യത്തേതു "വിരുന്നുണ്ണേടം" തന്നെയെന്നുള്ളതിലേയ്ക്കു ചില ലക്ഷ്യങ്ങൾ ഇല്ലാതില്ല. അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടക്കുന്ന പാട്ടുകളെ കൂട്ടിച്ചേർത്തു് യഥാക്രമം ഘടിപ്പിക്കുന്നതിനു ചില ലക്ഷ്യങ്ങൾകൊണ്ടല്ലാതെ നിവൃത്തിയില്ലല്ലൊ. "വിരുന്നുണ്ണേടം" എന്ന ഭാഗത്തിന്റെ പ്രാരംഭം ഈ വിധമാകുന്നു.

കുരുനാട്ടിലമ്മ കാന്തകാരി,
കുരുനാട്ടിലമ്മ കുഞ്ചുതേവി
കുഞ്ചുതേവിപെററ മക്കളെച്ചൊല്ലാം
അഞ്ചുംമുടിവച്ച പാണ്ടവന്മാരു്
കാന്തകാരിപെററ മക്കളെച്ചൊല്ലാം
തൊണ്ണൂററൊൻപതല്ലോ ദുരിയോതനരു്.

ഇവയും മററു കഥകളുടെ പ്രാരംഭഘട്ടങ്ങളും നോക്കുന്നതായാൽ മാവാരതത്തിൽ "വിരുന്നുണ്ണേടം" എന്ന ഭാഗത്തിനു കല്പിക്കാനുള്ള സ്ഥാനം വിശദീഭവിക്കും.

മാവാരതകർത്താവു ഗണപതിയുടെ തുമ്പിക്കൈയേയോ സരസ്വതിയുടെ വീണക്കമ്പിയേയോ ഗുരുനാഥന്റെ കുപ്പായത്തേയോ വന്ദിക്കുന്നില്ല. വിഷ്ണുവിന്റെ പാപ്പാസോ, ശിവന്റെ നോട്ടുബുക്കോ, ബ്രഹ്മാവിന്റെ സോപ്പുപെട്ടിയോ, മാവാരതം നിർമ്മിക്കുന്ന സമയത്തു് അയാളുടെ മനസ്സിൽ കടന്നുകൂടുന്നതായി ലക്ഷ്യമില്ല. "വിജയനുടെ വലംകൈയിനെ" എങ്കിലും അയാൾക്കു് ഒന്നു തൊഴുതുകളയാമായിരുന്നു. അതും ആ വിദ്വാൻ ചെയ്യുന്നില്ല. പഴയ മാമൂലോ, പുതിയ പരിഷ്കാരമോ അനുസരിച്ച് സ്തുതിരൂപമായി യാതൊന്നുംതന്നെ

എഴുതുന്നില്ല. മാവാരത കഥകൾ നടന്ന കരുനാട്ടിലേയോ കുരുനാട്ടിലേയോ ഒരു വിവരവും ആദിയിൽ കാണിക്കുന്നില്ല. "കാന്താരി" (ഗാന്ധാരി)യുടേയും "കുഞ്ചുതേവി" (കുന്തിദേവി)യുടേയും പുത്രന്മാർ ജനിക്കുംമുൻപ് കരുനാട്ടിലേയും കുരുനാട്ടിലേയും അവസ്ഥ എന്തായിരുന്നുവെന്നറിയാനാഗ്രഹിക്കുന്നവരെ അത്യാഗ്രഹികളായിട്ടാണ് മാവാരതക്കാരൻ ഗണിക്കുന്നത്. മഹാഭാരതത്തിൽ ചന്ദ്രവംശത്തിലെ ചില പ്രധാനരാജാക്കന്മാരുടെ കഥകൾ പറഞ്ഞതിനുമേൽ പാണ്ഡവോല്പത്തി, വിദ്യാഭ്യാസം, വാരണാവതവാസം, ഭവനദഹനം, പാഞ്ചാലീസ്വയംവരം, സുഭദ്രാഹരണം, ഖാണ്ഡവദാഹം, ദിഗ്ജയം, രാജസൂയം, ദേവനം, വനപ്രസ്ഥാനം, അജ്ഞാതവാസം, കൃഷ്ണദൌത്യം, യുദ്ധം, ഇങ്ങനെ പാണ്ഡവരെ സംബന്ധിച്ച പ്രധാനസംഗതികൾ വിവരിക്കുന്നു. എന്നാൽ മാവാരതക്കാരൻ "കുഞ്ചുതേവി പെറാമക്കളെ" ആദ്യമായി "കാന്താരി അമ്മതമ്പുരാന്റെ" പാപ്പിടത്തിൽ കൂട്ടിക്കൊണ്ടുപോയി ഊണു കഴിപ്പിക്കാൻ വട്ടംകൂട്ടിയതുപോലെതന്നെയാകുന്നു അനന്തര സംഭവങ്ങളുടെ ഗൌരവലാഘവങ്ങളെ കാണുന്നതും, അവയെ തരംതിരിച്ച് ഓരോ സ്ഥാനങ്ങളിൽ ചേർത്തുവച്ചു മുറുക്കി മിനുസപ്പെടുത്തിയിരിക്കുന്നതും. "വിരുന്നുണ്ട" കഥയുടെ സംക്ഷേപം ഈവിധമാണ്.

കരുനാടെന്നും കുരുനാടെന്നും രണ്ടു രാജ്യങ്ങൾ. കരുനാട്ടിലെറാണി കാന്താരി. കരുനാട്ടിലെ റാണി കുഞ്ചുദേവി. കുഞ്ചുതേവിക്ക് അഞ്ചുമക്കൾ. അവർ പാണ്ഡവന്മാർ. കാന്താരിക്കു തൊണ്ണൂറ്റൊൻപതു പുത്രന്മാർ. അവർ "തുരിയോതനർ" കാന്താരിക്കു കുഞ്ചുതേവിയുടെ മക്കളെ കാണാൻ ആഗ്രഹം ജനിക്കുന്നു. ഈ വിവരം കരുനാട്ടിലറിയിക്കാൻ ഒരു ദൂതനെ അയയ്ക്കുന്നു. ദൂതൻ കരുനാട്ടിലെത്തി "കുഞ്ചുപീമന്റെ" പക്കൽ

നീട്ടുകൊടുക്കുന്നു. കുഞ്ഞുപീമൻ ദൂതനെ യാത്രയാക്കുന്നു. അനന്തരം കരുനാട്ടിൽ പോകാൻ അമ്മയോട് അനുമതി ചോദിക്കുന്നു. അമ്മ വിരോധം പറയുകയും ആ റാണി ഗർഭിണിയായിരുന്ന കാലത്തു് കാന്താരി കാണിച്ച കുട്ടങ്കകളെ വിവരിക്കയും ചെയ്യുന്നു. കുഞ്ഞുപീമൻ അമ്മയുടെ സമ്മതം ഒരുവിധം വാങ്ങീട്ട് ചേട്ടന്മാരേയുംകൊണ്ടു കരുനാട്ടിലേയ്ക്കു തിരിക്കുന്നു. പിറേറദിവസം ഈ കുമാരന്മാർ വേഷപ്രച്ഛന്നന്മാരായി മാതാവിൻെറ മുൻപാകെ വന്നു ആഹാരം അർത്ഥിക്കുന്നു. പുത്രന്മാരെ പിരിഞ്ഞു വ്യസനാക്രാന്തയായ ആ രാജ്ഞി ആദ്യം ആ അർത്ഥനയെ ആദരിക്കുന്നില്ല. അനന്തരം ആഹാരം കൊടുക്കുന്നു. "പീമൻ" ഉണ്ണുന്നതുകണ്ടു് വസ്തുതയറിഞ്ഞു്, ആനന്ദിച്ചു് അനുഗ്രഹിച്ചു് അനുജ്ഞ നൽകുന്നു. തിരിയെ വരുന്നതുവരെ ചില കാര്യങ്ങളിൽ തനിക്കു പ്രത്യേകാവകാശം വേണമെന്നു കുഞ്ഞുപീമൻ ചേട്ടന്മാരെ അറിയിച്ചിട്ടു യാത്രതുടരുന്നു. പാണ്ഡവരെ അപായപ്പെടുത്താൻ കാന്താരി വഴിയിൽ തയ്യാറാക്കിയിരുന്ന സൂത്രങ്ങളിൽ ഓരോന്നു കണ്ടുതുടങ്ങുന്നു. ആദ്യം ലഹരിസാധനങ്ങൾ കൊടുത്തു മയക്കിനിറുത്തിയിരുന്ന ഒരു മദയാനയെ കാണുന്നു. അതിനെ വഴിയിൽ നിന്നു മാററാൻ കുഞ്ഞുപീമൻ ആനക്കാരനോടാവശ്യപ്പെടുന്നു. അവൻ അനുസരിക്കുന്നില്ല. പീമനാകട്ടെ ഗദകൊണ്ടു് ആനയെ കോരിയെടുത്തു കളയുന്നു. ആന ചത്തുപോകയും പാണ്ഡവന്മാർ യാത്ര തുടരുകയും ചെയ്യുന്നു. കുറെ കഴിഞ്ഞപ്പോൾ വഴിയമ്പലം, വഴിക്കിണറു്, ഊട്ടുപുര എന്നിവ കാണുന്നു. പീമൻെറ ഗദാസ്പർശത്താൽ അമ്പലം തകരുന്നു. പിന്നീടു പീമൻ പാലത്തിൽ കയറുകയും അതു് ചുവടുപറിഞ്ഞു ആററിൽ വീഴുകയും ചെയ്യുന്നു. പീമൻ ആ പാലത്തെ കാന്താരിയുടെ കൊട്ടാരവാതുക്കലേയ്ക്കെറിയുകയും അതുചെന്നു വീണതു് പീമൻെറ ആഗമനലക്ഷ്യമായി കാന്താരി കരുതുകയും ചെയ്യുന്നു. അന

ന്തരം കയനാട്ടിലെ അതിഥികൾ അവിടെ എത്തുന്നു. അവ ൎക്കു് ഇരിക്കാൻ കൊടുത്ത തട്ടുകട്ടിലുകൾ അവയുടെ കീഴിൽ പററിച്ചിരുന്ന ചതിപ്രയോഗങ്ങളെ പീമൻ വെളിപ്പെടുത്തുന്നു. കാന്താരി ദുർബലമായ സമാധാനം പറയുന്നു. പിന്നീടു പാണ്ഡവൎക്കു കാപ്പിയും പലഹാരവും കൊടുക്കുകയും വിഷം ചേ ൎത്തിരുന്ന ആ സാധനങ്ങളെ പരിശോധിച്ചറിഞ്ഞു് പീമൻ ഉപേക്ഷിക്കയും ചെയ്യുന്നു. അനന്തരം അവരെ അഭ്യംഗസ്നാനത്തിനായി കാന്താരി ക്ഷണിക്കുന്നു. എണ്ണയും പരിശോധിച്ചു കളഞ്ഞിട്ടു് അവർ കുളിക്കാൻ പോകുന്നു. കുളക്കരയിൽ ചില സ്ത്രീകൾ ഉലക്കകളും കൊണ്ടു നില്ക്കുന്നതു കണ്ടു പീമൻ കാരണം ചോദിക്കുന്നു. കുളത്തിലുള്ള തവളകളെ അടിച്ചു കൊല്ലാനാണെന്നു അവർ മറുപടി പറയുന്നു. പാണ്ഡവന്മാർ മുങ്ങാതെ കുളിച്ചുപോരുന്നു. പിന്നീടു് അവർ ഭക്ഷണത്തിനിരിക്കുന്നു. ആഹാരസാധനങ്ങളിൽ വിഷം കലൎന്നിട്ടുണ്ടെന്നറിഞ്ഞു് ഉണ്ണാതെണീററു് പലഹാരങ്ങൾ തിന്നശേഷം വെററിലയും പാക്കും ചേൎത്തു് ഒന്നു മുറുക്കുന്നു. അനന്തരം പീമനെ ഒരു മുറിയിലും ചേട്ടന്മാരിൽ ഓരോരുത്തരേയും ഓരോ മുറികളിലുമായി നിദ്രയ്ക്കയയ്ക്കുന്നു. അവരെ കൊല്ലാൻ ചില ഒരുക്കങ്ങൾ നടന്നുവരുന്നതായി കണ്ണന്റെ ഭാര്യ പീമനോടു പറയുന്നു. അല്പം കഴിഞ്ഞതുടനെ പീമന്റെ പള്ളിയറയുടെ വാതുക്കൽ ഒരു സ്ത്രീ വന്നു വിളിക്കുന്നു. ആരു വിളിക്കുന്നുവെന്നു പീമൻ ചോദിച്ചതിനു സമാധാനമായി പൂമാലയെന്നു പേരുള്ള തോഴിയാണെന്നും കുഞ്ഞുങ്ങൾക്കു കൂട്ടിനായി വന്നിരിക്കയാണെന്നും പറയുന്നു. തദനന്തരം അവർ തമ്മിൽ ചിലവാഗ്വാദങ്ങളുണ്ടാകയും അവളുടെ തലമുടിയുടെ ഇടയിൽ ഒളിച്ചു വച്ചിരുന്ന "ആളറുക്കും നല്ലരുവക്കത്തികളും" മററും കണ്ടുപിടിക്കപ്പെടുകയും പീമൻ അവളെ കൽത്തൂണിൽ ബന്ധിച്ചശേഷം ചേട്ടന്മാരുടെ മുറികളിലേക്കു പോകയും ചെയ്യുന്നു. അവിടെ

അവരെ നിഗ്രഹിക്കാൻ ചില സ്ത്രീകൾ ഒരുങ്ങുന്നതുകണ്ടു് അവരുമായി ചില സംഭാഷണങ്ങളുണ്ടാകുന്നു. അമ്മാനയാട്ടം മുതലായ ചില നേരമ്പോക്കുകൾ അവിടെ നടക്കുകയും ഒടുവിൽ പീമൻ ആ സ്ത്രീകളെ വധിക്കയും ചെയ്യുന്നു. ഓവിൽ കൂടി വരുന്ന രക്തധാര കണ്ടിട്ടു് പാണ്ഡവന്മാർ കൊല്ലപ്പെട്ടുവെന്നു കാന്താരി കരുതി ആ ശോണിതപ്രവാഹിനിയിൽ മുഴുകി ആനന്ദിച്ചുപുളയുന്നു. നേരം പുലർന്നിട്ടും വാതിൽ തുറക്കാഞ്ഞതിനാൽ പാണ്ഡവരെകൊല്ലാൻ നിയോഗിതകളായ വാരവിലാസിനികളെ കാന്താരി വിളിക്കയും അവർക്കു കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സമ്മാനങ്ങളുടെ വിവരം പ്രസിദ്ധീകരിക്കയും ചെയ്യുന്നു. കുഞ്ഞുപീമൻ ഈ ഘോഷങ്ങൾ കേട്ടു വാതിൽ തുറക്കുന്നു. കാന്താരി ആശാഭംഗത്തോടും ഭയസംഭ്രമങ്ങളോടുംകൂടി കുഞ്ഞുപീമന്റെ ദുഷ്ടകൃത്യത്തെ നിന്ദിക്കുന്നു. കോപാന്ധനായ പീമൻ മുൻപോട്ടടുക്കുന്നു. മൂത്തജ്യേഷ്ഠൻ തടുക്കുന്നു. പീമൻ പിന്മാറി ചേട്ടന്മാരെയും പൂമാലയേയുംകൊണ്ടു കുരുനാട്ടിലെത്തി കുഞ്ഞുതേവിയെ വണങ്ങുന്നു.

നാഗകന്നിയെ മാലയിടുന്നതു.

നാഗപുരം വാഴും നാഗകന്നി
അവളും ചിറയാളായിരിക്കുന്നല്ലൊ
... ... ...
ഞാനുമൊരുകന്നി പുറന്നകൊണ്ടു്
നാഗപുരംനാടു മുടിഞ്ഞുപോയി
എന്റെതരത്തിലെ തോഴിമാരെല്ലാം
മാതംതോറുമാടിക്കളിച്ചോരുണ്ടു്
ഒന്നുംരണ്ടും ബാലരെപ്പെററടുപ്പോരുണ്ടു
എനിക്കൊ ഒരു മാല വിതിയുമില്ലാ
എനിക്കൊ ഒരുമാല മതിയുമില്ലാ
എന്റെതലയിലെയെഴുത്താണല്ലൊ
... ... ...

വെള്ളിയാഴ്ച വെള്ളിവെളുക്കമ്മുമ്പെ
മുല്ലത്തടമൊന്നങ്ങെടുത്തു കന്നി
ചെല്ലച്ചെറുനാഴിയഴകാൽ വച്ചു
ചെംകുരുമ്പയൊന്നു വച്ചുടൻ കന്നി
കണ്ണിവെററവച്ചങ്ങടയ്ക്കും വച്ചു
അല്ലീമുല്ലനട്ടു ചെമ്പകംനട്ടു
വാടാംതുളസിനട്ടു തെച്ചിയുംനട്ടു
അല്ലീമുല്ലതൊട്ടു സത്യവുംചെയ്തു
ആതിച്ചനെ നോക്കി സത്യവുംചെയ്തു
എനിക്കൊ ഒരുമാല വിതിവരുമ്പോ:
അല്ലീമുല്ലപൂത്തു ചിതറീടേണം
നാഗപുരത്തേയ്ക്കു പോയുടൻ കന്നി
ആറുനാളുനീരു കോരിയാൾകന്നി
ഏഴാംനാളിൽ നീരു കോരുവാനായി
ചെപ്പുകുടപ്പാനയെടുത്തുംകൊണ്ടു
ചെമ്പുകയപ്പാളയെടുത്തുംകൊണ്ടു
വെട്ടാവെളിക്കോടിയെറങ്ങിയപ്പം
അല്ലീമുല്ലപൂത്തു മണവും വീശി
മുല്ലത്തടത്തിലോ ചെന്നുടൻകന്നി
മുല്ലത്തൈപിടിച്ചു കരഞ്ഞുകന്നി
നേരുമില്ലയൊമുല്ലേ നെറിയുമില്ല്യോ?
നേരുമില്ലയൊമുല്ലേ നീതിയുമില്ല്യോ?
എൻെറതരത്തിലെ തോഴിമാരെല്ലാം
കയ്യാലകമ്മിലെ നടക്കുന്നല്ലൊ

...          ...          ...

നാഗപുരത്തോടീവന്നുടൻകന്നി
പൊന്നിൻമണിക്കൂട്ടു തുറന്നു വിട്ടു
ചെല്ലക്കിളിതന്നെപ്പറത്തീകന്നി
വാണാലുണ്ണിയെന്ന കിളിപറഞ്ഞു
വളത്തിയ കൈകൊണ്ടെന്നെ അടിച്ചേച്ചോ
നീലക്കരിവണ്ടും കരഞ്ഞീതപ്പോൾ

തേക്കുവയംനിക്കും തേമ്പുളിതന്നിൽ
പററിയിരുന്നവർ കരയുന്നല്ലൊ
കായും കനിയും തിന്നറിവുമില്ല
കൂട്ടത്തിലോഞ്ഞൊന്നും കൂടിയാലല്ലൊ
കൂട്ടുകിളി കൊത്തിക്കൊല്ലുകേയൊള്ളു
ഏതുവഴിയിനിപ്പോയിടാമയ്യോ
പൂമച്ചുററിഞ്ഞൊന്നും പറന്നാലല്ലൊ
മനുഷരു തല്ലിക്കൊല്ലുകേയുള്ളു
ആകായത്തു നോക്കിപ്പറന്നാലല്ലൊ
ആതിച്ചൻ കതിർതട്ടിയെരിഞ്ഞുപോമേ
അവിടെനിന്നു പക്ഷി പറന്നുടനെ
വാടാതെളുംകൊമ്പിലെളപ്പിരുന്നു
അവിടെനിന്നു തട്ടിപ്പറന്നുടനെ
വട്ടയരയാലിലെളപ്പിരുന്നു
അവിടെനിന്നു തട്ടിപ്പറന്നുടനെ
ഏഴാംകടലിൻെറയുമക്കടൽതന്നിൽ
ചെന്താമരതന്നിലെളപ്പിരുന്നു
ചെല്ലച്ചെറുകിളി നോക്കിയനേരം
പാററ ഞ്ചിയൊന്നു വരിണകണ്ടു
വഞ്ചിപിടിച്ചുടൻനിറുത്തവെക്കം
കേളും കേളുമെൻെറ ഉണ്ണനത്താനെ
വഞ്ചിക്കകത്തെന്തു പുതുമയൊണ്ടു

... ... ...

നീലക്കരിവണ്ടു കൊമരിവണ്ടു
വഞ്ചിത്തുന്നുള്ളിൽ വിടവുണ്ടാക്കി
വണ്ണാലപ്പുഞ്ഞിയെന്ന കിളിമകള്
വഞ്ചിക്കകത്തങ്ങു കടന്നുനോക്കി

... ... ...

പാരംപിണമൊന്നു കിടപ്പതൊണ്ട്
വെങ്കലം കൊണ്ടു തണ്ടും കെതയുമൊണ്ട്
തങ്കനിറം വാളുമുറയുമൊണ്ട്

തെങ്ങാമുറി രണ്ടങ്ങിരിപ്പതൊണ്ട്
വാടാവിളക്കൊന്നങ്ങെരിയുന്നൊണ്ട്
പൊന്നും നറുക്കൊന്നു തൂങ്ങിടുന്നൊണ്ട്

... ... ...

പൊന്നും നറുക്കോല കടിച്ചെടുത്തു
ചിറകുതന്നിൽവച്ചു തരുത്തുടനെ
ഏഴാംകടലിന്റെ ഉൾക്കടലിങ്കൽ
കുറിച്ചിൽമണ്ണെടുത്തുകൊണ്ടുടൻവന്നു
വഞ്ചിയടച്ചുടൻ കിളിപറന്നു
വട്ടത്തറയാലിലെളപ്പിരുന്നു
അവിടെനിന്നു തട്ടിപ്പറന്നുടനെ
വാഴത്തിലംകൊമ്പിലിളപ്പിരുന്നു
അവിടെനിന്നു തട്ടിപ്പറന്നുടനെ
തോപ്പുളിയിൽ വന്നങ്ങെളപ്പിരുന്നു
നാഗപുരംവാഴും നാഗകന്നി
മുററവെളിക്കോടിയിറങ്ങിയപ്പം
വാണാലുണ്ണിയെന്ന കിളിയെക്കണ്ടു
ഞാൻ വളർത്തിയൊരു കിളിയെപ്പോലെ

... ... ...

ചെല്ലുന്നേരം പക്ഷിപറന്നു വന്നു
കന്നിവലംകൈയിൽ പാറിയനേരം
പപ്പും ചിറകുമങ്ങിളക്കിയപ്പോൾ
പൊന്നുംഞെറുക്കോലാ തറയിൽവീണു
പൊന്നുംഞെറുക്കോലായെടുത്തുകന്നി
വർത്തമാനമെല്ലാമറിഞ്ഞുകന്നി
വാണാലുണ്ണിയെന്ന കിളിമകളെ
പൊന്നുംകൂട്ടതന്നിലടച്ചുവെക്കും
പാലും പഴങ്ങളും കൊടുത്തുകന്നി
പാലും പഴമൂട്ടിയത്തിംവെച്ചു
പൊന്നുംഞെറുക്കോലയെടുത്തുംകൊണ്ട്
അച്ഛന്റെയടുത്തങ്ങുചെന്നുടൻകന്നി

... ... ...

ഇപ്പോൾവന്നതൊരു പുത്തരു തന്നെ
എനിക്കായിട്ടുതന്നെ തരണമച്ഛാ
ഇപ്പോൾവന്നതൊരു പുത്തരു തന്നെ
എനിയ്ക്കായ്പ്പിടിച്ചിട്ടു തരണമച്ഛാ
...  ...  ...
കേളുംകേളുമെന്റെ നാഗകന്നി
എന്റെ ശേഷക്കാരു നാലുപേരൊണ്ട്
അവരിലൊരുത്തനെ മാലയുമിട്ടു
നാഗപുരത്തുനിയിരുന്നുകൊൾക
...  ...  ...
വേണ്ടാവേണ്ടവേണ്ടാ എന്നുടെയച്ഛാ
...  ...  ...
എല്ലാവരുംകൂടി കടലിൽപ്പോയി
ആളും ആനയുമായ്പ്പിടിച്ചെന്നിട്ടും
കല്ലുപോലെ വഞ്ചി കിടപ്പതൊണ്ട്
...  ...  ...
കേളുംകേളുമെന്റെ പൊന്മകളെ
വഞ്ചിപിടിക്കുവാനെനിക്കുമോളെ
പൊത്തുവരത്തില്ലാ നമുക്കുമോളെ
...  ...  ...
നാഗപുരംവാഴും നാഗകന്നി
എനിക്കായിട്ടുവന്ന ഉരുവാണെങ്കിൽ
പഞ്ഞിപറക്കുംപോൽ വരണമല്ലോ
...  ...  ...
കന്നിമന്തിരങ്ങൾ ചൊല്ലിയുംകൊണ്ട്
കന്നിപ്പുഴക്കായൊന്നൊഴുക്കിവിട്ടു
വെക്കംവഞ്ചിവന്നു കരയ്ക്കടുത്തു
വഞ്ചിതുറന്നങ്ങു നോക്കിയപ്പം
പാരാപിണമൊന്നു കിടപ്പതുണ്ട്
വെങ്കലംകൊണ്ടു തണ്ടും കെതയുമൊണ്ട്
തങ്കനിറം വാളുമുറയുമൊണ്ട്
തേങ്ങാമുറി രണ്ടങ്ങിപ്പുറിതൊണ്ട്

വാടാവിളക്കൊന്നങ്ങെരിയുന്നൊണ്ടു്
... ... ...
വെക്കം കാരിയങ്ങളറിഞ്ഞു കന്നി
... ... വിഷമിറക്കി
പെരുവിരലിൽകെട്ടി നിറുത്തിയല്ലോ
ആയിരംനാഴി തെനയരി .. ...
... ... ...
വെള്ളത്താകമൊക്കെ യടക്കിയല്ലോ
താകംതീരക്കഞ്ഞി തരുവാനായി
ഇല്ലംതെന്തിനായി തോററിയെന്നെ
... ... ...
എന്നെ മാലയിട്ടിങ്ങിരിക്കമ്പോഴ്
താകംതീരക്കഞ്ഞി തരുന്നുണ്ടല്ലോ
... ... ...
നാഗപുരത്തവർ വാണിരിക്കമ്പോളം
കന്നിക്കൊരു കുഞ്ഞു പിറന്നു പിന്നെ
... ... ...
കാലം കുറെയങ്ങു കഴിഞ്ഞുപിന്നെ
ആററിൻകരയ്ക്കുലങ്ങിരിക്കമ്പോഴ്
പല്ലുതേച്ചുകൊണ്ടങ്ങിരിക്കമ്പോഴ്
... ... ...
കേളും കേളമെൻെറ പൊൻകണവാ
ചന്ദനവുംനല്ല കുംകുമവുമായ്
വെന്തു മണമിതാ വരുന്നുണ്ടല്ലോ
അപ്പോളം കുഞ്ഞുപീമനും പിടച്ചെണിച്ചു
എൻെറ കൊട്ടാരങ്ങളാണതു കേട്ടോ
എൻെറ അമ്മയേയും ചേട്ടമ്മാരേയും
കണ്ണിച്ചീവനത്തോടെ കാണണമെങ്കിൽ
ഇപ്പംതന്നെഞാനും പോകണമല്ലോ
പോകാനായിപ്പീമൻ തുടങ്ങുമ്പോഴ്
പോകാൻപാടില്ലെന്നു തടുത്തുകന്നി
ന്നെ മറന്നു നീ പോകയാണെങ്കിൽ

ഞാനോ വെഴംകേററി മരിപ്പിച്ചീട്ടും
വെഴമെവിടെയെന്ന പീമനുംകേട്ടു
പെരുവിരലിലെന്ന കന്നിയും ചൊല്ലി
വെക്കംകെതകൊണ്ടൊന്നിടിച്ചു പീമൻ
പെരുവിരലിനെ തല്ലിക്കളഞ്ഞു പീമൻ
പോകാനായിപ്പീമൻ തുടങ്ങുമ്പോഴ്
മോനെവിട്ടു കന്നി തട്ടുത്തുവല്ലോ
കേളും കേളുമെൻെറയപ്പനാരെ
ഞാനുംകൂടിയിന്ന വരുന്നുണ്ടല്ലോ
അല്ലെങ്കിൽചുണപാതി തരികവേണം
അപ്പം കുഞ്ചുപീമൻ മകനായിട്ട്
മൂന്നരയാനതൻെറ വെലംകൊട്ടുത്തു
കുഞ്ചുപീമനങ്ങു യാത്തിരയായ്
അഞ്ചുതലയുള്ള നാഗവുമൊന്ന
കുഞ്ചുപീമൻതൻെറ വഴിമുടക്കാൻ
വന്ന വഴിതന്നിൽ കിടന്നു പാടെ
അങ്ങോട്ടെനിക്കൊന്ന പോകണമെന്ന്
അങ്ങോട്ടേയ്ക്കു പോകവേണമെങ്കിൽ
തലയററമായ്പീമാ പോയിക്കൊൾക
തലയററമായ്പീമൻ നടന്നെന്നിട്ടും
ഒട്ടുങ്ങാതെയായ് കണ്ടു മടങ്ങിപീമൻ

... ... ...

വാലററമായ് നോക്കി പോയിക്കൊൾക

... ... ...

കെതകൊണ്ടെട്ടുത്തെന്നെക്കളക പീമാ
കുഞ്ചുപീമൻ കോപം കൊണ്ടുവെക്കം
കെതകൊണ്ടെടുത്തിട്ടുമനങ്ങിയില്ല
നീയാരെന്ന ചോദിച്ചുടനെ പീമൻ
നീയാരെന്ന ചോദിച്ചുടനെനാകം
അഞ്ചുംമുടിവച്ച പാണ്ഡവന്മാരിൽ
അഞ്ചിലിളയവനാം കുഞ്ചുപീമൻ

... ... ...

നിൻെറയച്ഛനെന്നു കരുതിക്കൊൾക
അപ്പോൾ വരംചോദിച്ചുടനേ പീമൻ
ഏഴാനയൊ നല്ല വെലംകൊടുത്തു
കോരിയെടുത്തങ്ങാട്ടെറിഞ്ഞു പീമൻ
കുരുനാട്ടമോനോക്കി നടന്നുവെക്കം
ഈരാററിൻെറനല്ല പാഴ്കരയ്ക്കു്
നിൽക്കും പനചുററി പുഴതെടുത്തു
വെള്ളത്തിലോമുക്കിയെടുത്തുംകൊണ്ടു
തിക്കനോക്കിയങ്ങു നടക്കുമ്പോഴ്

... ... ...

കേളും കേളുമെൻെറ മണിമാതാവേ
പീമൻ ചൂവടോശ കേൾക്കണൊന്നുണ്ട്
അപ്പോൾപ്പറയുന്നു മണിമാതാവ്
കേട്ടാല്യമോ എൻെറ പൊന്മക്കളെ
അയ്യോ വിഴമുണ്ടുമരിച്ചും പീമൻ
ഇന്നിവരുമോ എൻെറ പൊന്മക്കളെ
വിഴമടച്ചുവച്ച ചിങ്കൊഴല്
വായിച്ചു മരിച്ചോരക്കുഞ്ഞു പീമൻ
ഇന്നിവരുമോ എൻെറ പൊന്മക്കളെ
മരിച്ചു വഞ്ചിയിൽവച്ചു കടലുതന്നിൽ
ഒഴുക്കിയൊരു തങ്കക്കുഞ്ഞു പീമൻ
ഇന്നിവരാനൊ പോന്നപൊന്മക്കളെ

... ... ...

തലമുടിയുംപിരിച്ചു കുന്തിതേവി
മക്കളെമൂടിയിട്ടങ്ങിരിക്കുന്നേരം
വന്നുവീഴുന്ന തീയിൻെറ പൊരികളെല്ലാം
പൂക്കളായ് തൊഴിയുന്നു പൂമലയിങ്കൽ
അപ്പോൾ തീയടിച്ചു കെടുത്തു പീമൻ
മാതാവിനെച്ചെന്നു തൊഴുന്നിന്നു
ചേട്ടന്മാരെക്കണ്ടു വണങ്ങിനിന്നു
ഓടാവനത്തിൻ കള്ളപ്പാക്കിയവരെ

നനകിഴങ്ങും നല്ല കിഴങ്ങും തിന്നു
അവിടെക്കഞ്ചുതേവിയും മക്കളും പാൎത്തു.

കാന്താരിഅമ്മതമ്പുരാൻ "ആലത്യക്കേട്ടു കടുത്താണെന്നും" മററും വിവരിച്ചിരുന്ന തിരുവെഴുത്തു വായിച്ചിട്ടു ആ അമ്മതമ്പുരാനെ "കണ്ണിച്ചീറനത്തോടെ" കാണാൻ പുറപ്പെട്ട കഞ്ചുപീമനും പെട്ടന്മാരും തിരിയെ കരുനാട്ടിലെത്തുന്നു. പൂമാലയും അവരുടെ പിറകേ കൂട്ടുന്നുണ്ടു്. അങ്ങനെ അനേകദിവസം കഴിയുന്നു. ഹതാശയായ കാന്താരിഅമ്മ തമ്പുരാൻ ഇതിനിടയിൽ എന്തെല്ലാം കാട്ടിക്കൂട്ടിയിരിക്കുമെന്നു രൂപമില്ല. കരുനാട്ടിലെ കാൎയ്യങ്ങളെക്കുറിച്ചും ഒരു വിവരവുമില്ല. "ഉൎവ്വശിതളിപ്പുതിനടിപ്പുതിനരംഭ" ഇത്യാദി നിയോഗങ്ങൾ കൊണ്ടു് വീട്ടുകാൎയ്യങ്ങൾ—അല്ല—കൊട്ടാരകാൎയ്യങ്ങൾ സുമാറാക്കിയ രാവണനെപ്പോലെ കഞ്ചുപീമൻ പൂമാലയെ വല്ലവില്ലറ ജോലികൾക്കായി ചുമതലപ്പെടുത്തിയോ അതല്ല "അഞ്ചുപേരുഞങ്ങൾ പോയാലല്ലൊ, ആറുപേരുഞങ്ങൾ വരുമേയമ്മേ" എന്ന ശപഥത്തെ നിറവേററിയതിന്റെ ശേഷം ആ വാരവിലാസിനിയെ തിരിയെ കരുനാട്ടിലേക്കയച്ചോ, അതുമല്ല കാന്താരിഅമ്മ തമ്പുരാന്റെ അടുക്കളയിലോ മറേറാ വാളൻറിയരായിരുന്ന പാചകവൃത്തി പരിചയിപ്പിച്ചയച്ച അവളെ കഞ്ചുതേവിയുടെ അടുക്കളയിലേയ്ക്കുതന്നെ പ്രമോഷൻചെയ്തു നിയമിച്ചോ എന്നുള്ള വിവരങ്ങളറിയാൻ ആഗ്രഹിക്കുന്നവർ പാഴൂർ കണിയാന്റെ പടിപ്പുരയിലേയ്ക്കുതന്നെ പോകേണ്ടിയിരിക്കുന്നു. "എനിക്കുകാന്തനില്ല രാമ!നീയിനിക്കുകാന്തനായ്ഭവിക്കവേണമംഗജാതുരയ്ക്കുസുന്ദരാനന" ഇത്യാദി ശ്രീരാമനോടു കടന്നുകേറി കഥപറഞ്ഞുതുടങ്ങിയ ശൂൎപ്പണഖയെപ്പോലെ വല്ല പൊടിക്കൈകളും കാണിക്കാൻ പൂമാല സന്നദ്ധയായോ എന്നും അറിയുന്നില്ല. ഏതൊക്കെയായാലും പാണ്ഡവരുടെ "വെനവാതം മുടിപ്പാൻ" കാന്താരിഅമ്മതമ്പുരാൻ ഏ

പ്പെട്ടത്തിയ പാർല്ലമെൻറ് ഉദാസീനമായി കഴിഞ്ഞുക്രൂടുന്നില്ല. പല കാൎയ്യങ്ങൾ അവിടെ കടന്നു വീഴുകയും അവ പല രൂപാന്തരങ്ങളോടുകൂടി വെളിയിലിറങ്ങി കരുനാട്ടിലെത്തി കഞ്ചുപീമന്റെ നേരെ കയറുകയും ചെയ്യുന്നു. അവകൊണ്ടുണ്ടാകാവുന്ന അപകടങ്ങളെ കഞ്ചുപീമന്റെ സാമൎത്ഥ്യം ഭഞ്ജനം ചെയ്യുന്നു. കഞ്ചുപീമനെ കുടുക്കാൻ കാന്താരി വെച്ച അനേക വലകൾ പൊട്ടുന്നു. ഇതുകൊണ്ടൊന്നും ആ അമ്മതമ്പുരാന് അടങ്ങാവമില്ല. പണ്ട് രാജന്യസ്ത്രീപുമാന്മാർ അവരുടെ അഹിതപക്ഷക്കാരെ ധ്വംസിക്കാൻ വല്ല യന്ത്രങ്ങളോ തന്ത്രങ്ങളോ സൃഷ്ടിക്കണേ പക്ഷം അവരുടെ രഹസ്യം അറിഞ്ഞിരുന്നാൽ തന്നേയും ആ പക്ഷക്കാർ അവയ്ക്കധീനരായി ജീവനെ നശിപ്പിക്കാൻ സന്നദ്ധരാവുക പതിവായിരുന്നപ്പോൾ. ഈ പതിവിനെ അനാദരിക്കുന്നത് അപമാനകരമായും കരുതിയിരുന്നുവത്രെ. ഈ ഏൎപ്പാട്ട കാന്താരി അമ്മതമ്പുരാൻ മറന്നുകളഞ്ഞില്ല. കരുനാട്ടിലെ കാൎയ്യക്കാരിയായ കാന്താരിയുടെ ശില്പകലാചാതുൎയ്യത്തിന്റെ ഫലമായി ഒരു ഓടക്കുഴൽ ഉണ്ടാക്കപ്പെടുന്നു. ഈ കുഴലിനുള്ളിൽ ഒരു സൎപ്പത്തിനെ അടച്ചു കറതീൎത്തു കരുനാട്ടിലേയ്ക്കയയ്ക്കുന്നു. ഒടക്കുഴൽ കണ്ട മാത്രയിൽ കഞ്ചുതേവിയും മക്കളും അതിന്റെ രഹസ്യം ഗ്രഹിക്കുന്നു. എന്നാൽതന്നേയെന്താ? കുഴൽ തിരിച്ചയയ്ക്കാമോ? ഇവർ ഉൽകൃഷ്ടരാജവംശത്തിലുള്ളവരല്ലെ? അതിനെ ഉപയോഗിക്കാതിരിക്കാമോ? മാനക്ഷയമല്ലേ? രാജധൎമ്മഭ്രംശത്തിൽ ഭേദം ജീവനാശം തന്നെയെന്നു കഞ്ചുതേവിയും കുഞ്ഞുങ്ങളും കരുതി. കഞ്ചുപീമന്റെ ജീവിതദശയുടെ അന്ത്യഘട്ടം ആസന്നമായതിനെയോൎത്തു കരുനാട്ടു മുഴുവൻ മുറവിളിയായി. കഞ്ചുതേവി മാറത്തടിച്ചും തൊഴിച്ചും കണ്ണീരൊഴിച്ചും വാവിട്ടലച്ചും നിലത്തുപതിച്ചും ഉരുണ്ടും ചേറണിഞ്ഞും മോഹാലസ്യപ്പെട്ടും ഒന്നു രണ്ടുനാൾ കഴിച്ചു. ഫലമെന്ത്? കഞ്ചുപീമൻ ഓടക്കുഴലൂതാൻ

തയാറായി. കാലധൎമ്മം പ്രാപിച്ചാലുള്ള ക്രിയകൾക്ക വേണ്ടതെല്ലാം ക്ഷണേനയൊരുക്കി. നാട്ടുമുഴുവൻ രോദനപ്രതിധ്വനികൊണ്ടു മുഴങ്ങുന്നതിനിടയിൽ ആ കൊച്ചുതമ്പുരാൻ ഓടക്കുഴലൂതി. ഹാ! കഷ്ടം! ആ മാത്രയിൽത്തന്നെ കുഴലിനുള്ളിൽ വിശന്നു തളൎന്നു കോപാവേശത്തോടെ ഇരതേടിയിരുന്ന ഘോരസൎപ്പം അദ്ദേഹത്തിന്റെ അധരപുടത്തിൽ കൊത്തി. കൊത്തേററു കുഞ്ഞുപ്പീമൻ മറിഞ്ഞുവീണ് നിമേഷരഹിതരായിരുന്ന മഹാജനങ്ങളുടെ മുൻപിൽവെച്ച് ഈ ലോകത്തോടു യാത്രപറഞ്ഞു. പിന്നീടുണ്ടായ കോലാഹലം വിവരിക്കേണ്ടതെങ്ങനെ? മൃതശരീരത്തെ കുളിപ്പിച്ചു ശുഭ്രവസ്ത്രങ്ങൾ, ചന്ദനാദിലേപനങ്ങൾ, സുഗന്ധസുമങ്ങൾ എന്നിവകൊണ്ടലങ്കരിച്ച് ഒരു ശവാധാരത്തിനകത്തു കിടത്തി കാല്ക്കലും തലയ്ക്കലും വിളക്കുകളും കത്തിച്ചുവെച്ച് ഈ ദുഃഖവൎത്തമാനത്തിന്റെ വിവരമടങ്ങിയ ഒരു കുറിപ്പും നിക്ഷേപിച്ച് ആ ശവാധാരത്തെ പൂട്ടി, താക്കോൽ ഒരററത്തു കെട്ടിത്തൂക്കിയതിന്റെ ശേഷം അതിനെ കടലിൽ ഒഴുക്കി. ആ ശവഭാജനം കാററിന്റെ ഗതിയനുസരിച്ചു മന്ദമായൊഴുകിപ്പോയി. ഈ ഘട്ടത്തിലാണ് മാവാരതത്തിലെ "നാഗകന്നിയെ മാലയിട്ടെടം" ആരംഭിക്കുന്നത്. കഥ ഈ വിധമാകുന്നു.

അപരിഗ്രഹീതയായ നാഗപുരത്തിലെ നാഗകന്യക സായന്യകൾ കാന്തന്മാരോടു ചേൎന്നു സുഖിക്കുന്നതിനെയോൎത്തു വ്യസനാവിഷ്ടയായി മുല്ല, ചെമ്പകം മുതലായവ നട്ട് താൻ ഭൎത്തൃമതിയാകുന്ന കാലത്തു മാത്രമേ അവ പൂക്കാവൂ എന്നു സത്യം ചെയ്ത് അവയെ നനയ്ക്കുന്നു. ഇങ്ങനെ ആറുദിവസം കഴിഞ്ഞ് ഏഴാംദിവസം നനയ്ക്കുന്നതിനാരംഭിച്ചപ്പോൾ സുമസുഗന്ധമേററ് ആ കന്യക ആശ്ചൎയ്യാകുലയായി. സത്യഭംഗം നിമിത്തം കോപാധീനയായ അവൾ വളൎത്തിയിരുന്ന

കിളിയേയും വണ്ടിനേയും തുറന്നുവിട്ടു. അവ രണ്ടും രക്ഷയില്ലാതെ പറന്നു തിരിയുമ്പോൾ ഒരു വഞ്ചി സമുദ്രത്തിൽക്കൂടി വരുന്നതുകണ്ടു് വണ്ടിന്റെ സഹായത്താൽ കിളി വഞ്ചിക്കകത്തു കടന്നു് അതിൽ നിക്ഷേപിച്ചിരുന്ന കുറിപ്പു് എടുത്തുംകൊണ്ടു നാഗപുരത്തു പറന്നെത്തി. അതു നാഗകന്യകയുടെ മുൻപിലിട്ടു. ആ കന്യക നോക്കി വിവരമറിഞ്ഞു് വഞ്ചി പിടിച്ചു് അതിനകത്തു വിഷാവേശം കൊണ്ടു മരിച്ചതുപോലെ കിടന്നിരുന്ന ഭീമന്റെ ദേഹത്തെ പുറമേ എടുത്തു് വിഷബാധയകററി. അനന്തരം ആ രാജന്യവരനോടു ചേൎന്നു് ആ ഭാഗ്യവതി കുറേനാൾ സുഖമായിരുന്നു. പിന്നീടു് അവൾക്കൊരു പുത്രനുണ്ടായി. അങ്ങനെയിരിക്കെ ഒരു പ്രഭാതത്തിൽ ചന്ദനമരത്തിൽ തീ കത്തിയാലുണ്ടാകുന്ന സൌരഭ്യമേററു് ഭീമൻ തന്റെ പൂൎവകഥയേയും നിലയനത്തേയും സ്മരിച്ചു. നാഗപുരത്തുനിന്നു പോകാൻ ഭാവിച്ച അദ്ദേഹത്തെ പ്രിയതമ തടുത്തു. അതു ഗണിക്കാതെ അദ്ദേഹം വീണ്ടും യാത്രയായി. അനന്തരം പുത്രൻ തടുത്തു. ആ ബാലനെ ഒരുവിധം സമാധാനപ്പെടുത്തി തിരിച്ചു. മാൎഗ്ഗമദ്ധ്യേ സംഭവിച്ച ചില വിഘ്നങ്ങളെ പരിഹരിച്ചിട്ടു് അമ്മയുടേയും സോദരന്മാരുടേയും സമീപത്തിൽ ചെന്നുചേരുകയും കാന്താരിയമ്മതമ്പുരാന്റെ കുരുത്തക്കേടുനിമിത്തം കുരുനാട്ടിലെ കൊട്ടാരത്തിൽ പിടിച്ച തീയടിച്ചുകെടുത്തി സുഖമായിരിക്കയും ചെയ്തു.

ഈ കഥ നാഗപുരത്തു നടന്നതായിട്ടാണു് കാണുന്നതു്. മദ്ധ്യസംസ്ഥാനങ്ങളിൽ ഉൾപ്പെട്ട നാഗപുരം മഹാഭാരതകഥാകാലത്തു് ഇൻഡോസിതിയന്മാരെന്ന നാഗന്മാരാൽ അധിവസിക്കപ്പെട്ടിരുന്നുവെന്നും ആ സമുദായത്തിലെ ഒരു കന്യക ഭീമന്റെ പ്രണയിനിയായി ഭവിച്ചുവെന്നും വിചാരിക്കുന്നവരും ചിലരുണ്ടായിരിക്കാം. ഊട്ടും പാട്ടും കൊണ്ടു സൎപ്പങ്ങളേയും

അവയുടെ പ്രതിരൂപങ്ങളേയും പൂജിച്ചുപോരുന്ന സാക്ഷാൽ നാഗപുരമായ മലയാളഭൂമിയിൽ ഈ കഥ നടന്നുവെന്നു കരുതുന്നവരേയും ഇടയ്ക്കിടെ കണ്ടേയ്ക്കാം. പക്ഷേ സപ്പങ്ങൾ പ്രജകളും സപ്പരാജൻ ഭരണകത്താവും ആയ ഒരു നാട്ടിൽ ഈ കഥ നടന്നതായിട്ടോ ഒരു പാമ്പിൻകുഞ്ഞിനെ ഭീമൻ ഭായ്യയാക്കിയതായിട്ടോ വ്യാഖ്യാനിക്കുന്നവരോടു സമാധാനം പറയേണ്ടതു് എന്താണു്? മദ്ധ്യഇൻഡ്യയിലെ അമരാവതി പട്ടണത്തിൽ മിസ്റ്റർ ശങ്കരൻനായരുടെ ആദ്ധ്യക്ഷത്തിൽകൂടിയ കാൺഗ്രസ്സിനെപ്പററി മേൽപ്പറയപ്പെട്ട വിദ്വാന്മാരുടെ പിൻഗാമികൾ ഒരുകാലത്തു വിവരിക്കയാണെങ്കിൽ കാൺഗ്രസ്സു് യോഗം ഇന്ദ്രനഗരിയായ സാക്ഷാൽ അമരാവതിയിൽ കൂടിയിട്ടുണ്ടെന്നും അന്നു ശങ്കരൻ എന്ന തിരുനാമമുള്ള ശ്രീപരമേശ്വരനാണു് ആദ്ധ്യക്ഷ്യം വഹിച്ചതെന്നും, നായർ എന്നതു-നായകർ-നായകൻ-അതായതു്-സാക്ഷാൽ ലോകനായകൻ തന്നെയാണെന്നും വ്യാഖ്യാനിക്കില്ലെന്നു് എങ്ങനെ തീത്തുപറയാം? എന്നാൽ മാവാരതത്തെപ്പററി പറയുമ്പോൾ ഈ ജ്വാലാമാലകൾ ഒന്നും ഒത്തിട്ടു കായ്യമേയില്ല. ഡങ്കൻ സായ്പിന്റെ ഇൻഡ്യാഭൂമിശാസ്ത്രമോ സിങ്ക്ളയർധാരയുടെ ഇൻഡ്യാചരിത്രമോ മാവാരതക്കാരൻ സ്വപ്നത്തിൽപോലും സ്മരിച്ചുകാണുകയില്ല. ദുര്യോധനൻ ഭീമനു വിഷം കൊടുക്കയും അനന്തരം അദ്ദേഹത്തെ കെട്ടി ഗംഗയിൽ ഇടുകയും ചെയ്തുവെന്നും അദ്ദേഹം ഒഴുകി നാഗപുരത്തു് എത്തിയെന്നും അവിടെവെച്ചു് ഉരഗദംശനത്താലുള്ള വിഷമേററു് മുൻവിഷം നശിച്ചുവെന്നും അജ്ജുനൻ തീത്ഥസ്നാനത്തിനായി പോയയവസരത്തിൽ അദ്ദേഹം ഉലൂപിയെന്നൊരു നാഗസ്ത്രീയെ പ്രിയതമയായിസ്വീകരിച്ചുവെന്നും ആ വധുവിൽ അദ്ദേഹത്തിനു് ഇരാവാൻ എന്നൊരു പുത്രനുണ്ടായി എന്നും കൽഹാരപുഷ്പഹരണത്തിനായി ഭീമൻ പോകുമ്പോൾ ഹനുമാൻ ഒരു മരഞ്ചാടിക്കിഴവനാ

യി വഴിയിൽ കിടന്നുവെന്നും അവർ തങ്ങളിൽ കുറെ വാഗ്വാദങ്ങളും മററും ഉണ്ടായശേഷം യഥാർത്ഥമറിഞ്ഞു് ഇരുവരും പിരിഞ്ഞുവെന്നും മററും ഭാരതം കഥയിൽ നിന്നു് മാവാരതക്കാരൻ കേട്ടിരിക്കാം. ഇതൊക്കെ അയാൾ കൂട്ടിച്ചേർത്തപ്പോൾ "അഞ്ചിലുമിളയവൻ" ആയ "കുഞ്ചുപീമൻ" "വെഴമേറ്" വഞ്ചിയിൽ നാഗപുരത്തേയ്ക്കു ഒഴുക്കപ്പെട്ടതായും അനന്തരം നാഗകന്യകയെ ആ വിദ്വാൻ മാലയിട്ടതായും കുറേനാൾ കഴിഞ്ഞു കുരുനാട്ടിലേയ്ക്കു യാത്രതിരിച്ച "കുഞ്ചുപീമനെ" വായുപാമ്പായി വന്നു തടുക്കുകയും "കൈതകൊണ്ടെടുത്തെന്നെ കളക പീമാ" എന്നു് അപേക്ഷിക്കയും ചെയ്തതായും പിന്നീട്ട് അവർ അന്യോന്യം അറിഞ്ഞു പിരിഞ്ഞതായും മററും വിവരിക്കുന്ന ഒരു കഥയുണ്ടായിയെന്നേയുള്ളു.

ഇനി പാട്ടിനെയൊന്നു പരിശോധിക്കാം. ആദ്യമായി നാഗപുരമാണു വായനക്കാർക്കു പരിചയപ്പെടുന്നതു്. എന്നാൽ നാഗപുരം എന്ന പേരല്ലാതെ അതിനെ സംബന്ധിച്ചു യാതൊന്നും വെളിപ്പെടുത്തുന്നതായി കാണുന്നില്ല. ബ്രിട്ടീഷ് മലബാറിലെ ഭാരതപ്പുഴയ്ക്കപ്പുറം രാജ്യമില്ലെന്നു വാശിപിടിച്ചു വാദിച്ച നമ്പൂരിയുടെ കൂട്ടുകാരനല്ല മാവാരതകർത്താവെന്നു തീർച്ച തന്നെ. പക്ഷേ തിരുവനന്തപുരത്തെ കോട്ടയുടേയോ സാമൂതിരിയുടെ കൊട്ടാരത്തിന്റേയോ തൃശ്ശിവപേരൂർ വടക്കുന്നാഥക്ഷേത്രത്തിന്റേയോ പകർപ്പുകളെഴുതി നാഗപുരത്തു സ്ഥാപിക്കാൻ ഒരുങ്ങാത്ത ആ വിദ്വാൻ അരസികനാണെന്നു ചിലർ പറഞ്ഞേയ്ക്കാം.

അവിടെ പ്രാകാരകുഡ്യങ്ങളും കേളീസൌധങ്ങളും നാടകശാലകളും സഞ്ചാരവീഥികളും ഉള്ളതായി മാവാരതക്കാരൻ രേഖപ്പെടുത്തിയിട്ടില്ലെന്നുള്ള ഏകകാരണത്തിന്മേൽ നാഗപുരത്തെ തരംതാഴ്ത്തുന്നതു് അന്യായമായിരിക്കും. മാവാരത

കർത്താവു് നാഗപുരത്തു പ്രവേശിച്ചു് അവിവാഹിതയായ രാജപുത്രിയെത്തന്നെ പിടിച്ചു വായനക്കാരുടെ മുൻപിൽ തള്ളുന്നു. താൻ താരുണ്യദശയെ പ്രാപിച്ചിട്ടും പരിഗ്രഹീതയായില്ലല്ലൊ എന്നു ചിന്തിച്ചു വിലപിച്ചുകൊണ്ടാണു് ആ രാജന്യവിലാസിനിയുടെ പുറപ്പാടു്. സവയസ്യകളിൽ അവൾ ഒരുപ്രകാരത്തിലുള്ള അസൂയയും ഇടയ്ക്കിടെ പ്രകടിപ്പിക്കുന്നുണ്ടു്. പ്രായാനുരൂപമായ ഭർത്തൃലാഭമുണ്ടാകാത്തതിനാൽ താൻ നിർഭാഗ്യവതിയാണെന്നും തന്റെ ജന്മം നാഗപുരത്തിനു ദശഹേതുവെന്നെന്നും അവൾ സ്വയമേവ തീർച്ചയാക്കിക്കൊണ്ടു് തലയിലെഴുത്തിനെ കുററംപറയുന്നു. സന്താപസന്ദർഭങ്ങളിൽ സമാധാനപ്പെടാൻ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള ഒരു തലയിലെഴുത്തുവിദ്യ എത്രയെത്ര ചെറുപ്പക്കാരെ ഇപ്പോഴും അലസന്മാരാക്കിപ്പോരുന്നുണ്ടു്! ഒരുവിധം പലരുടേയും അഭിവൃദ്ധിമാർഗ്ഗങ്ങളെ പ്രതിബന്ധിക്കുന്ന ഒരു സമ്പ്രദായം ഇത്ര ദീർഘകാലമായി ഇവിടെ നിലനില്ക്കത്തക്കവണ്ണം വേരൂന്നിപ്പിടിപ്പാൻ കാരണം ഭ്രമവിശേഷംതന്നെയാണു്. ഒരു തലയിലെഴുത്തു നാഗകന്യകയെ ഉൽക്കലയാക്കാഞ്ഞതു് നാഗപുരത്തു ബാല്യവിവാഹം നിർബ്ബന്ധിതമല്ലാതിരുന്നതിനാലായിരിക്കണമല്ലൊ. പുരാണകാലങ്ങളിൽതന്നെയും ഭാരതവർഷത്തിൽ ബാല്യവിവാഹം നടപ്പില്ലായിരുന്നുവെന്നു സീതാ, ദമയന്തി, ശകുന്തള, ദ്രൗപദി മുതലായ വിശിഷ്ടസ്ത്രീകളുടെ ചരിത്രങ്ങൾ തെളിയിക്കുന്നുണ്ടു്. എന്നാൽ അനന്തരകാലങ്ങളിൽ അനസ്യൂതമായുണ്ടായിക്കൊണ്ടിരുന്ന യുദ്ധങ്ങളും ജീവനാശങ്ങളും ഹേതുവാക്കൊണ്ടു് രാജ്യം അലങ്കോലപ്പെടുകയും സ്ത്രീകൾക്കു നിവൃത്തിയുള്ളേടത്തോളം രക്ഷാകർത്താക്കന്മാരെ കാലേക്കൂട്ടി സമ്പാദിച്ചുവയ്ക്കാനുള്ള ഒരു വിദ്യ അംഗീകൃതയാകയും ചെയ്തിരിക്കണമെന്നുള്ള പണ്ഡിതപക്ഷത്തിൽ ചില ന്യായങ്ങളില്ലെന്നില്ല. എന്നാൽ കേരളത്തിലെ പുരാതനനട

പടികളറിയാൻ മാവാരതത്തെ മാനദണ്ഡമായുപയോഗിക്കുന്ന
പക്ഷം ബാല്യവിവാഹത്തിന്റെ ഉത്ഭവത്തെ കുറിച്ചുള്ള സ
ന്ദിഗ്ദ്ധപക്ഷങ്ങളെ സ്മരിച്ചിട്ടുപോലും ആവശ്യമില്ല. എ
ന്തെന്നാൽ കേരളീയസമുദായങ്ങളിൽ ഭാര്യാഭർത്തൃബന്ധത്തി
ന്റെ പ്രധാനകർമ്മമായ വിവാഹം സ്ത്രീയുടെ ബാല്യദശയിൽ
തന്നെ നടത്തണമെന്ന് ഇന്നും നിർബന്ധമില്ലല്ലോ. ഇതി
നുമുമ്പ ഈ നിർബന്ധം ഇവിടെ ഉണ്ടായിരുന്നതായി വിശ്വ
സിക്കത്തക്ക ലക്ഷ്യങ്ങളുമില്ല. ഏതായാലും ഇതു നാഗപുര
ത്തിലും നടപ്പില്ലായിരുന്നുവെന്നുള്ളതിലേയ്ക്ക് മാവാരതകർത്താ
വ് ഒന്നാംതരം സാക്ഷിയായി നില്ക്കുന്നു. ഈ അനുഗ്രഹംനിമി
ത്തം രാജകന്യകയ്ക്കു പൂച്ചെടികൾ നട്ടു നനയ്ക്കുന്നതിനും ത
നിക്കു ഭർത്തൃസമാഗമമുണ്ടാകുന്നകാലത്ത് അവ പൂക്കട്ടെയെ
ന്നു സമാധാനംചെയ്തിട്ടു അതുവരെ കാത്തിരിക്കാനും അവസരം
ലഭിച്ചു. പുരാണകഥാനായികകളിൽ പലരും ഭർത്തൃമതികളാ
കുംമുൻപേ പൂച്ചെടികൾ നട്ടുവളർത്തിയിരുന്നതായി കാണുന്നു.
കണ്വൻ "മുല്ലപ്പൂപോലെ സുകുമാരശരീരയായ" ശകുന്തളയെ
ആശ്രമവൃക്ഷങ്ങളെ നനയ്ക്കുന്നതിനാണ് നിയോഗിച്ചിരുന്ന
ത്. ഈ നിയോഗംകൊണ്ടും നിസർഗ്ഗസുന്ദരമായ അവളുടെ
വപുസ്സിനെ തപസ്സിന് അനുരൂപമാക്കിയതുകൊണ്ടും മററു
മാണല്ലോ "ഇനി മാമുനി ചെന്നു പത്മദലത്തിനാൽ, ഘനമാം
സമിത്തിനെ വെട്ടാൻതുനിയും" എന്നു ദുഷ്ഷന്തൻ തീർച്ച
പ്പെടുത്തിയതു്. എന്നാൽ നാഗകന്യകയ്ക്കു മാവാരതക്കാരൻ
ഈ ജോലി കൊടുത്തതു് അവൾ വ്യായാമസക്തയാകയാലോ
അതല്ല, വിവാഹിതയാകുന്നതുവരെ ലഘുവും ആനന്ദകരവും
ആയ ഒരു ജോലിയിൽ ഏർപ്പെട്ടിരിക്കട്ടെ എന്നുവെച്ചോ അതു
മല്ല അലസത രാജസ്ത്രീകൾക്കുപോലും അനുചിതമാണെന്നു
കാണിച്ച് ലോകത്തെ ഒരു പാഠംപഠിപ്പിക്കാനോ എന്നു തീർത്തു
പറയാൻ നിവൃത്തിയില്ല. ഈ സന്തോഷപ്രദമായ ഉദ്യോഗത്തി

ന്റെ പ്രാരംഭക്രിയ നടന്നതു് ഒരു വെള്ളിയാഴ്ചദിവസം പ്രഭാതത്തിലാണെന്നു കാണുന്നു. ഇങ്ങനെയുള്ള അവസരങ്ങളെ സുമുഹൂർത്തങ്ങളായി ഗണിക്കപ്പെടുന്നുവെന്നാണല്ലൊ ഇതിൽനിന്നു് അനുമിക്കേണ്ടതു്. പ്രഭാതത്തെ വെള്ളിവെളുക്കുന്ന സമയമായി പറയപ്പെട്ടിരിക്കുന്നു. വെള്ളി, രാത്രിയുടെ ആദ്യയാമത്തിലോ അന്ത്യയാമത്തിലോ വ്യോമത്തിൽ തേജോമയനായി കാണപ്പെടുന്ന ശുക്രൻതന്നെയാണു്. സൂര്യോദയത്തോടു സമീപിക്കുമ്പോൾ സൂര്യതേജസ്സുകൊണ്ടു വാനത്തിലെ മററു തേജഃപുഞ്ജങ്ങൾ വിളറിപ്പോകുന്നതു സാധാരണമാകുന്നു. ഈ ലക്ഷ്യംകൊണ്ടത്രെ മാവാരതകത്താവു പ്രഭാതത്തെ സൂചിപ്പിക്കുന്നതു്. മംഗളകർമ്മങ്ങൾക്കു് ആരംഭിക്കുമ്പോൾ കേരളത്തിൽ പതിവുള്ള "വിളക്കും നിറനാഴിയും വയ്ക്കുക" എന്ന ഏർപ്പാടു തന്നെ നാഗപുരത്തിലും മാവാരതക്കാരൻ നടപ്പാക്കിയിരിക്കുന്നു. നാഴി, നാഗപുരത്തിലെ അളവുപാത്രമായിട്ടുതന്നെയായിരിക്കണം മാവാരതകത്താവു നിശ്ചയിച്ചിരിക്കുന്നതു്. ചെങ്കതമ്പ, അതാവിത്തു് ചെന്തെങ്ങിലെ കരിക്കു് ഈ ശുഭകർമ്മത്തിനു് ഉപയോഗപ്പെട്ടുവത്രെ. ഈ ചടങ്ങുകളെല്ലാം "എനിക്കോ ഒരു മാല വിതി വരുമ്പോൾ, അല്ലിമുല്ലപ്പൂതൂചിതറീടേണം" എന്നു സത്യംചെയ്യുമായിരുന്നു. വെറും അചേതനങ്ങളായ പദാർത്ഥങ്ങൾപോലും സത്യത്തെ അനുസരിക്കണമെന്നുള്ള ആഗ്രഹവും അനുസരിക്കുമെന്നുള്ള വിശ്വാസവും വിശേഷമായിരിക്കുന്നു. ശുചീന്ദ്രം ക്ഷേത്രസന്നിധിയിൽവെച്ചു്, തിളച്ച നെയ്യിൽ കൈ മുക്കുന്ന സമ്പ്രദായവും മററും ഈ വിശ്വാസത്തിന്റെ ഫലങ്ങളായിരിക്കുന്നാണെന്നു് ന്യായമുള്ളതു്. എന്നാൽ സത്യനിഷ്ഠയ്ക്കു് ആദിമകാലങ്ങളിലുണ്ടായിരുന്ന ബലം ക്രമേണ കുറഞ്ഞു് ഇപ്പോൾ വല്ലാത്ത ഒരു പതനത്തിലായിട്ടുണ്ടെന്നു് ഒരാൾ പറഞ്ഞാൽ അയാളെ പോരിനു വിളിക്കാൻ പലരുമുണ്ടായിരിക്കാം. ഇക്കാ

ഞ്ഞ് ഗവമ്മെൻറിൻെറ ശക്തിയേറിയ നിയമങ്ങളനുസരി ച്ച് എഴുതി രജിസ്ത്രാക്കപ്പെടുന്ന പ്രമാണങ്ങൾ, പണ്ട് ഒരു ക്ഷേത്രസന്നിധിയിൽവെച്ച് കുറിച്ചു വാങ്ങുകയായിരുന്ന പതി വ്. ഈശ്വരനെ സാക്ഷിയാക്കി ചെയ്യുന്ന സത്യത്തിനു അ ന്ന് അത്രത്തോളം ബലമുണ്ടായിരുന്നു. ഈവിധം കുറിക്കുന്ന തുതന്നെ വളരെ നാൾകൊണ്ടു മാറിവന്ന ഒരു ഏർപ്പാടായിരു ന്നു. അതിനുമുമ്പേ ഇത് ഈശ്വരനെ സാക്ഷിയാക്കീട്ട് വാങ്മൂലം നടത്തുക മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അതെല്ലാം പോയിട്ടു റജിസ്റ്റർ ചെയ്യുന്നതിനെപ്പോലും നിഷേ ധിക്കുന്ന കാലമായിരിക്കുന്നു. ഹാ! എത്ര ഭേദം. മനുഷ്യർ നാ ഗരികസോപാനങ്ങളിൽക്കൂടി മുന്നോട്ടു പോകുംതോറും അവ ൎക്ക സത്യനിഷ്ഠയിൽ പ്രതിപത്തി കുറഞ്ഞുകാണപ്പെടുന്നുവെ ന്നുള്ളതിലേയ്ക്കു് അനുകൂലമായി എത്ര ഉദാഹരണങ്ങൾ പറ യപ്പെടാമോ അതിലിരട്ടിയോ അതിലും കൂടുതലായോ ലക്ഷ്യ ങ്ങൾ അതിനു പ്രതികൂലമായുണ്ടായിരിക്കാം. പക്ഷേ തിരു വിതാംകോട്ടെ മഹാരണ്യനിവാസികളായ അപരിഷ്കൃതമനു ഷ്യർ അവരുടെ സമുദായക്ഷേമത്തിനായി കല്പിക്കപ്പെട്ടിട്ടുള്ള ഏർപ്പാടുകളെ സംബന്ധിച്ചു കാണിച്ചുപോരുന്ന സത്യം, അ നുസരണശീലം മുതലായ സദ്ഗുണങ്ങൾ പരിഷ്കൃതമായ ഏതു സമുദായത്തിനും അനുകരണീയങ്ങളായിരിക്കുന്നു.

നാഗപുരത്തിലെ നാഗകന്യകയാകട്ടെ തനിക്കു വരലാ ഭമുണ്ടാകുന്ന കാലത്ത് മുല്ല പൂക്കട്ടെ എന്നു സത്യം ചെയ്തിട്ട് ആറു ദിവസം അതിനു വെള്ളം കോരുകയും ഏഴാം ദിവസം പതിവുപോലെ "ചെപ്പുകുടപ്പാന എടുത്തുംകൊണ്ട്, ചെമ്പു കയർപ്പാള എടുത്തുംകൊണ്ട്, ആവട്ടവെളിക്കോടി എറങ്ങിയപ്പം" മുല്ല പൂത്തു മണം വിശുകയും ചെയ്യുന്നു. ഉത്തരക്ഷണത്തിൽ ആ രാജകുമാരി പൊട്ടിക്കരഞ്ഞുകൊണ്ടു് മുല്ലത്തടത്തിനരികേ

എത്തി അവിടെ മറിഞ്ഞുവീഴുന്നു. "നേരമില്ലയോമുല്ലേ സത്യവുമില്ലയോ, നേരമില്ലയോമുല്ലേ നീതിയുമില്ലയോ" എന്നു ചോദിക്കയാണു് ചെയ്യുന്നതു്. ഇത്രയുംകൊണ്ടു സമാധാനപ്പെട്ടോ? ഇല്ല. നേരേ കൊട്ടാരത്തിലേയ്ക്കു് ഓടി വളരെ വാത്സല്യത്തോടെ കൂടുകളിൽ അടച്ചു വളർത്തിയിരുന്ന കിളിയേയും വണ്ടിനേയും തുറന്നുവിട്ടു.

അങ്ങാടിയിൽ തോററതിനു് അമ്മയോടാണു് പകവീട്ടുക. അളവററ വ്യസനമുണ്ടാകുമ്പോൾ പ്രിയതരങ്ങളായ വസ്തുക്കളിൽ താല്ക്കാലികമായിട്ടെങ്കിലും വെറുപ്പു തോന്നുന്ന മനുഷ്യചാപല്യം ഇതരജീവികൾക്കു ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ അതിനു കാരണം അവയുടെ വിശേഷബുദ്ധിയില്ലായ്മതന്നെയാകുന്നു. രാജകുമാരിയുടെ മേൽ സൂചിപ്പിക്കപ്പെട്ട പ്രവൃത്തിയെ കനിവു മുട്ടെ ലഭിക്കാഞ്ഞതിനാൽ കളിക്കോപ്പുകളുടച്ചു കൊച്ചുശംകുവിന്റെ ദുസ്സാമർത്ഥ്യത്തോടുപമിക്കാൻ ഒരിക്കലും തരമില്ലാ. ദാമ്പത്യസൌഖ്യത്തെ സംബന്ധിച്ചുണ്ടായിരുന്ന പ്രതീക്ഷ പാടെ വെട്ടിമറിക്കപ്പെട്ട അവസരത്തിൽ ഇത്രയൊക്കെ പ്രവർത്തിച്ചുപോയ രാജകുമാരിയെ കുററപ്പെടുത്തുന്നതിനു പകരം ആ സാധ്വിയോടു കൂടി അനുശോചിക്കയാണല്ലോ വേണ്ടതു്. മഹാഭാരതകാരൻ ഇതൊന്നിനും തയാറില്ല. ആ വിദ്വാൻ രാജകുമാരിക്കു് ഒരു കിളിയെ മാത്രം സമ്പാദിച്ചു കൊടുത്തിരുന്നുവെന്നു വരികിൽ അതു തനിയെ കിടന്നു കഷ്ടപ്പെട്ടുമായിരുന്നു. അത്ര ശ്രദ്ധയില്ലാത്ത ഒരാളു താനെന്നു കാണിക്കാനായിട്ടോ അതല്ല കഥയുടെ അനന്തരഘട്ടത്തിൽ കിളിയെ സഹായിക്കാൻ വേറൊരു ജന്തു കൂടി ഉണ്ടായിരിക്കണമെന്നു കണ്ടിട്ടോ ഒരു വണ്ടിനെ കൂടി രാജകുമാരിയുടെ കൊട്ടാരത്തിൽ പ്രവേശനം നൽകിയിരിക്കുന്നതെന്നു രൂപമില്ല. ജീവികൾക്കു് ആഹാരം കൊടുത്തു സംരക്ഷിക്കുന്നതു സൽകൃത്യ

മാണെങ്കിലും സ്വാതന്ത്ര്യത്തോടെ പറന്നുതിരിയുന്ന ജന്തുവിനെ ബന്ധിച്ച് അതിൻെറ സൈരത ഇല്ലാതാക്കിയ അവസരത്തിൽ കേവലം വിനോദത്തിനെന്നല്ലാതെ അന്യായമായ യാതൊന്നിനേയും ആ കുമാരി ഉദ്ദേശിച്ചിരുന്നിരിക്കയില്ല. കിളിയെ ഗൃഹത്തിൽ വളൎത്തുക പതിവുണ്ട്. എന്നാൽ വണ്ടുകളെ അപ്രകാരം ചെയ്യാറില്ല. ലോലങ്ങളായ ഇരുമ്പുചക്രങ്ങളിൽ പററിപ്പിടിച്ചു കയറി അവയെ സദാ തിരിച്ചുകൊണ്ടിരിക്കുന്ന ശീമയെലികൾ രാജകന്യകയുടെ കൊട്ടാരത്തിന് എത്ര അലങ്കാരങ്ങളായിരിക്കുമായിരുന്നു! അവ രാജവധുവിന് എത്ര വിനോദകരങ്ങളാകുമായിരുന്നു! ഇതൊക്കെ ലേശം ചിന്തിക്കാതെ ഒരു വണ്ടിനെപ്പിടിച്ചുവളൎത്താൻ ആ കുമാരിക്കു തോന്നിയതു് എന്തുകൊണ്ടായിരിക്കാം? ശരി, ശീമയെലികളെ വളൎത്താനുള്ള ശീമപ്പരിഷ്കാരം നാഗപുരത്തു് ആ കാലത്തുണ്ടായിട്ടില്ലെന്നു വിചാരിച്ചു സമാധാനപ്പെടാം. ശീമത്തരങ്ങൾ പൌരസ്ത്യരാജ്യങ്ങളിൽ കടന്നുകൂടിയിട്ടു് ഒരു മുന്നൂറു വൎഷത്തിലധികമായിട്ടില്ലെന്നു ചരിത്രംതന്നെ കാണിക്കുന്നുണ്ടല്ലോ. വണ്ടും കിളിയും മനുഷ്യരോടു സംസാരിക്കുന്ന ഒരുകാലത്തു് ശീമയിലെ തരങ്ങൾ ഇവിടെ പ്രചരിച്ചിരിക്കാനിടയില്ല. ഒരു ശീമത്തരങ്ങൾ പല വേഷപ്പകൎച്ചകളോടുകൂടി "സ്വദേശി"വാശിയിലും "സ്വരാജ്"വഴക്കിലും കടന്നു പല കലാപങ്ങൾക്കും കാരണമായി തീൎന്നിരിക്കുന്ന കഥ ആരാണറിയാത്തതു്! അതങ്ങനെ. എന്നാൽ വല്ല വിധത്തിലും കൂട്ടുകരണ്ടുമറിച്ചു തെളിക്കചാടുന്ന വിദ്യ നാഗകന്യകയുടെ കിളിക്കും വണ്ടിനും ഇല്ലായിരുന്നു. പ്രത്യുത അവ "തെക്കുവശത്തുനില്ക്കും തേന്മുളിതന്നിൽ" പററിയിരുന്നു കരയുകയും അനന്തരം നിവൃത്തിയില്ലാഞ്ഞതിനാൽ പലേടങ്ങളിലും പറന്നു തിരിഞ്ഞു് ഒടുവിൽ ഏഴാംകടലിൻെറ ഉൾക്കടൽതന്നിൽ എത്തുകയുമാണു് ചെയ്യുന്നതു്. ഉൾനാട്ടുകളിലെ മുത്തശ്ശിമാരു

ടെ പഴങ്കഥകളിൽ പതിവായി പ്രത്യക്ഷപ്പെടുന്ന ഏഴാംകടലും അതിൽ ഒരുറംകടലും അതിനകത്ത് ഒരു ചെന്താമരയും മാവാരതത്തിലും കടന്നുകൂടുന്നുണ്ട്. മാവാരതക്കാരൻ ഉറംകടലെന്നു സങ്കല്പിക്കുന്നത് ഒരു കടലിന്റെ ഉള്ളിലുള്ള വേറേ ഒരു കടലെന്നല്ലാതെ ഇപ്പോഴത്തെ ഭൂമിശാസ്ത്രവിദ്യാർത്ഥികളുടെ "മൂന്നുവശം കരയാൽ ചുറ്റപ്പെട്ട വിസ്തൃതമായ സമുദ്രാംശ"മായിരിക്കയില്ല. മാവാരതക്കാരന്റെ ഉറംകടലിൽ ചെന്താമരയിലിരുന്ന കിളി ഒരു വഞ്ചിയൊഴുകി വരുന്നതു കണ്ടു പറന്നെത്തി അതിനെ പിടിച്ചു നിറുത്തിയിരിക്കുന്നു. ആ വഞ്ചിയോ "അഞ്ചുമുടിവച്ച പാണ്ഡവന്മാരിൽ, അഞ്ചിലിളയവനാം" പവ്‌താകാരനും ആയ "കുഞ്ചുപ്പീമനെ" വഹിച്ചുകൊണ്ടു വന്നതാണ്. മഹത്തായ ആ വഞ്ചിയുടെ ഗതിയെ തടഞ്ഞ പക്ഷി "പദ്ധതിമദ്ധ്യേപരമോദ്ധതബുദ്ധിയോടും ഒരു പത്രവാനായുള്ളോരു കഴുരാജനെപ്പോലെ ബദ്ധവൈരത്തോടതിക്രുദ്ധനായുഗ്രചഞ്ചു അബ്ധിയും പത്രാനിലക്ഷുബ്ധമായ് ചമയുകയും അദ്രികളിളകയും" ചെയ്യുംവിധത്തിൽ യുദ്ധം തുടങ്ങിയ ഗൃദ്ധ്രരാജനായ ജടായുവോ "കോടിദിവാകരസംവർത്തകാഗ്നികളാൽ തേടീടുന്ന ദീപ്തികലർന്ന ചണ്ഡതുണ്ഡാജ്വലവിഗ്രഹമോട്" ആഖണ്ഡലൻതൻ പുരംപുക്കു വജ്രവും ശക്തിയും ദണ്ഡവും ഖഡ്ഗവും ഗദാശൂലവും ബ്രഹ്മാസ്ത്രമാദിയാമസ്ത്രസമൂഹവും ചെമ്മേവൃഥാഫലമെന്നായ്" ചമയുമാറ് ദേവന്മാരോടു യുദ്ധം ചെയ്ത ഗരുഡനോ അല്ല. നാഗകന്യകയുടെ അന്തഃപുരത്തിന്റെ ഒരു കോണിൽ തൂക്കിയിരുന്ന ഒരു സ്വർണ്ണക്കൂട്ടിനകത്ത് അടച്ചു സൂക്ഷിച്ചിരുന്ന "ചെല്ലക്കിളി"യാണത്രെ. ഈ കിളിയെക്കൊണ്ടു മാവാരതക്കാരൻ കാണിച്ചിട്ടുള്ള ഇന്ദ്രജാലങ്ങൾ രസകരങ്ങളാകുന്നു. വഞ്ചിയിൽ ഉണ്ടാക്കപ്പെട്ട ഭാരം അടയ്ക്കാൻ ഏഴാംകടലിൽ മുങ്ങി അധോഭാഗത്തുനിന്നു മണ്ണെടുത്തുകൊണ്ടുവന്നതും ഈ കിളിത

ന്നെ. ഇക്കാലത്താണെങ്കിൽ മാവാരതക്കാരൻ തൂത്തുക്കുടിക്കു സമീപം സമുദ്രത്തിൽ മുങ്ങി മുത്തുച്ചിപ്പികൾ വാരുന്നതിനു കിളിയേയും ബാംബേ ഹൈക്കോടതിയിൽ ഹാജരായി രാജദ്രോഷക്കേസിൽ ബാലഗംഗാധരതിലകന്റെ ഭാഗം വ്യവഹരിക്കുന്നതിനു വണ്ടിനേയും ചുമതലപ്പെടുത്തുമായിരുന്നു. മാവാരതക്കാരന്റെ കൈയിൽ കിട്ടുന്ന ഏതു വസ്തുവിനെക്കൊണ്ടും എന്തും ചെയ്യിക്കാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമുള്ളതായി കാണപ്പെടുന്നില്ല.

നാഗകന്യക വഞ്ചിയുടെ വരവിനെപ്പററി സകല വിവരവും ഗ്രഹിച്ചശേഷം അച്ഛനോട് "ഇപ്പോൾവന്നതൊരുപുത്തുരുതന്നെ എനിക്കായ്പിടിച്ചുതരണമച്ഛാ" എന്നപേക്ഷിക്കുന്നു "പുത്തുരു" എന്നാൽ "പുതിയ ഉരു" എന്നർത്ഥമാക്കിക്കൊള്ളണം എന്നത്രെ മാവാരതക്കാരൻ നിശ്ചയിച്ചിരിക്കുന്നതു്. ആ ദേശത്തിൽ ഒരു ഉരു വന്നതു് ഒരു പ്രഥമമായിട്ടല്ലായിരുന്നുവെന്നു് ഈ ഭാഗം സൂചിപ്പിക്കുന്നു. തനിക്കുതന്നെ പിടിക്കാവുന്ന വഞ്ചിയുടെ ആഗമനത്തെപ്പററി അച്ഛനെ അറിയിച്ചതു് അന്യരാജ്യങ്ങളിൽനിന്നുവരുന്ന കപ്പൽ, ഉരു മുതലായവയ്ക്കു് രാജാജ്ഞകളിൽ ചിലതു് അനുസരിക്കേണ്ടതായുണ്ടായിരുന്നതുകൊണ്ടോ അച്ഛന്റെ അനുമതികൂടാതെ യാതൊന്നും പ്രവൃത്തിക്കാൻ രാജകന്യകയ്ക്കു നിവൃത്തിയില്ലാതിരുന്നതിനാലോ എന്തുകൊണ്ടെങ്കിലുമായിക്കൊള്ളട്ടെ. വഞ്ചിപിടിച്ചു കൊടുക്കണമെന്നു കന്യകയാവശ്യപ്പെട്ടപ്പോൾ "എന്റെ ശേഷക്കാരു നാലുപേരൊണ്ടു്, അവരിലൊരുത്തനെ മാലയുമിട്ട്, നാഗപുരത്തുനീയിരുന്നുകൊൾക, എന്നു രാജാവു കല്പിക്കുകയും "വേണ്ടാവേണ്ടാ വേണ്ടാഎന്നുടെയച്ഛാ" എന്നു കന്യക മറുപടിഅറിയിക്കുകയുംചെയ്യുന്നു. മക്കത്തായമനുസരിക്കുന്ന സമുദായങ്ങളിൽ, സ്ത്രീ അന്യകുടുംബത്തി

ലെ അംഗം മാത്രമാകുന്നു. നാഗപുരത്തിലെ കുമാരി വിവാഹിതയാകുമ്പോൾ അന്യരാജ്യത്തിലെ ഒരു രാജകുടുംബാംഗമാകാനാണല്ലോ ന്യായം. പക്ഷെ ശേഷക്കാരിലൊരാളെ മാലയുമിട്ടു നാഗപുരത്തുതന്നെ ഇരിക്കാൻ കല്പിക്കുന്നതുകൊണ്ട് നാഗപുരരാജാവ്, തിരുവിതാംകോട്ടയോ കൊച്ചിയിലെയോ കോഴിക്കോട്ടേയോ രാജവംശത്തിന്റെ അവകാശക്രമം തന്നെ സ്വീകരിച്ചുകൊള്ളണമെന്നു നാടകമാവാരതക്കാരനു നിർബന്ധമില്ലെ എന്നു വല്ലവരും സംശയിച്ചേയ്ക്കാം. ഹാ! എത്ര സൂക്ഷ്മമായ പകപ്പ്. പുത്രിയെ ശേഷക്കാരിലൊരുവന്റെ തലയിൽ കയററിവച്ചു "സൌഖ്യയൊഴിക്കണനോ സ്വരാജ്യസുഖനൊഭോഗങ്ങൾ തന്റെ പുത്രിക്കു മേലും അനുഭവിക്കണമൊറാക്കി കൃതകൃത്യനാകാനോ രാജാവുദ്ദേശിച്ചതെന്നു തീർച്ചയില്ല. ഏതായാലും കുമാരി അതു വിസമ്മതിക്കയാണല്ലോ ചെയ്യുന്നതു്. മകളുടെ അപേക്ഷപ്രകാരം രാജാവു കടൽക്കരയിൽ ചെന്നു് "ആളുമാനയുമാഴ്ത്തിടിച്ചെന്നിട്ടും കല്ലുപോലെ വഞ്ചി കിടപ്പുതെണ്ടു" എന്നു മാവാരതം പറയുന്നു. ഇത്ര പ്രയാസപ്പെട്ട കാര്യം സാധിക്കാനായി കന്യക ഒരു പഴുത്ത അടയ്ക്കായെ മന്ത്രം ജപിച്ചു വെള്ളത്തിൽ ഒഴുക്കിയതേ ഉള്ളു. പുരാതനകഥകളിൽ നായകന്മാരോ നായികമാരോ അപകടങ്ങളിൽ ഉൾപ്പെടുമ്പോൾ അവരെ രക്ഷപ്പെടുത്താൻ ദേവേന്ദ്രനോ ബ്രഹ്മാവോ ചാടിവീഴുന്നതു സാധാരണമാകുന്നു. എന്നാൽ ഇടക്കാലങ്ങളിലുള്ള പഴങ്കഥകളിൽ ദേവേന്ദ്രന്റെയും ബ്രഹ്മാവിന്റെയും സ്ഥാനങ്ങളെ മന്ത്രങ്ങൾ പിടിച്ചുകളഞ്ഞതായിട്ടാണു് കാണപ്പെടുന്നതു്. മലയാളത്തിൽ മന്ത്രവാദങ്ങൾക്കു പ്രവേശനം നൽകപ്പെട്ടതു് ഏതുകാലത്തായിരുന്നാലും വളരെ അകലെ കിടക്കുന്ന ആ കാലത്തിനിപ്പുറമാണു് മാവാരതം നിർമ്മിക്കപ്പെട്ടതെന്നു ഞാൻ അഭിപ്രായപ്പെടുമ്പോൾ ഗ്രന്ഥങ്ങളെ പരിശോധിച്ചു് അവ നിർമ്മിക്കപ്പെട്ട കാലങ്ങൾ

നിന്നു വിക്കാർ ഈ ഗ്രന്ഥകാരനുള്ള വൈഭവം വായനക്കാരെ പഠിപ്പിക്കമായിരിക്കാം. വിഷബാധയിൽ നിന്നു വിമുക്തനായ കുഞ്ചുഭീമനെക്കൊണ്ടു മാപാരനാകത്താവു നാഗകന്യകയെ മാല ഇടുവിക്കുന്നു. എങ്കിലും "നിറഞ്ഞുമേഘേന നമുക്കുചെന്നി, നികുഞ്ജഗേഹേ സസുഖം രമിക്കാം" എന്നോ, അതുമല്ല "കാലംകളഞ്ഞിടാതിസ്മരനെ ജയിക്കാം" എന്നോ മറ്റോ കുഞ്ചുഭീമനോടാവശ്യപ്പെടാൻ നാഗകന്യകയെ ഞെരുക്കുകയോ അതു കന്യകയെക്കൊണ്ടു "പട്ടുവിഷനാനിനാശയാ നൊമ്പരം, ദയിത! ദയിതാ കനിവില്ലാഞ്ഞു, തയിതനരാശാപൂർണ്ണമേ ഞെയ്, എന്നാൽ രാപ്പകൽ ഉരുതാപിപ്പിച്ചിടുന്നു" എന്നോ മറ്റോ കൂട്ടിച്ചേർത്തു തൊഴുതുഴറിയയോ ഗ്രന്ഥകാരൻ ചെയ്യുന്നില്ല. ഈ വിഷയത്തിൽ നല്ല നടത്തുള്ള സർട്ടിഫിക്കറ്റുകാരൻ ആയാൾ കൊതിച്ചു പ്രവർത്തിച്ചിട്ടുണ്ടു്.

"നാഗപുരത്തിൽ വാണിരിക്കുമ്പോൾ, കനികൊണ്ടുകുഞ്ഞു പിറന്നതല്ലോ" എന്ന ഘട്ടത്തിൽ പറയാതുള്ളകളത്രെ എത്ര ഭേദമായി. ഇങ്ങനെയല്ലാതെ കുഞ്ചുഭീമിയുടെ കാലികളെ കട്ടുകൊണ്ടുപോയ തുരുവർ 'കോവിലാനരണ്ടു മലകൾതോറും ആങ്ങിയിറങ്ങി രുന്നുകടന്നു കുരങ്ങാട്ടിൽ ചെന്നു കോട്ടകാവൽക്കാരോടു പേരും കൂട്ടിയതും "പിടിച്ചുവൻ വാഴുന്നതും ചതികാണിച്ചു കട്ടുകൊണ്ടുചെന്നതിനെ" വെച്ചതുംമറ്റും വിവരിച്ചു എഴുതാനിരുന്ന നാഗപുരത്തെ കാര്യവിവരപ്പട്ടിക തയാറാക്കാനായി എത്തിയിരുന്നവെന്നു വരികിൽ അതു കഥകളിയിലെ ശൃംഗാരപ്പദങ്ങളേയോ ഇളകിയാട്ടങ്ങളേയോ കവിഞ്ഞു എത്ര ഗാംഭീര്യമാകുമായിരുന്നു. ഈശ്വരാധീനംകൊണ്ടു ആ വക അധപതനം മാപാരനാകന്മാരാണിട്ടു മലയാളഭാഷയ്ക്കു വരുത്തിവെച്ചില്ല. "കനിക്കു ഒരു കുഞ്ഞു പിറന്നതു മുതൽ ആ കുഞ്ഞു് അച്ഛനെ തട്ടുന്നു നിറുത്താറാകുന്നതുവരെയുള്ള കഥ ര

ങ്ങവരികൊണ്ടു കഴിഞ്ഞുകൂടുന്നു. ഈ ഘട്ടത്തിൽ നമ്മുടെ മാവാരതക്കാരൻ സാക്ഷാൽ മഹാഭാരതത്തെ ഒന്നു സ്മരിക്കയായി. അതനുസരിച്ചു വാരണാവതത്തിൽ സംഭവിച്ച ലാക്ഷാലയദഹനം മാവാരതത്തിൽ ഒന്നു സൂചിപ്പിക്കാനെങ്കിലും ആ വിദ്വാൻ ഉദ്യമിക്കുന്നു. ഭീമസേനൻ വിഷമേററു കാലഗതിയെ പ്രാപിച്ചുപോയതായി കുന്തിയും കുഞ്ഞുങ്ങളും വിശ്വസിച്ചിരിക്കെ അവർ അദ്ദേഹത്തെക്കുറിച്ചു് അന്വേഷണം നടത്താതിരുന്നതു് ഗൗരവമായി കരുതാനില്ലല്ലോ. പക്ഷേ ഇതാ ഒരു രാജകുമാരൻ സജീവനായി, ഒരു രാജകുമാരിയുടെ വരനായി, ഒരു ബാലൻറെ അച്ഛനായി, വളരെനാൾ കഴിഞ്ഞിട്ടും ഈ വർത്തമാനമൊന്നും കുരുനാട്ടിലറിയുന്നില്ല. ഇത്രയകലെയുള്ള നാട്ടിൽ ചന്ദനാരം ഭവിച്ചുണ്ടായ സൌഭാഗ്യത്തിനു നാഗപുരത്തു ഒരു നദീതീരത്തിലിരുന്ന രാജകുമാരിയുടെ സാമ്രാജ്യപ്രവേശനം അനുവദിക്കുന്നു. ഈ വിവരം കുമാരി ഭർത്താവിനെ അറിയിച്ചയുടനെ അദ്ദേഹം "പിടച്ചെണീററു"വത്രേ. പ്രയോഗരസികത്വം നോക്കുക! വർണ്ണനാവൈഭവം എത്ര വിശേഷമായിരിക്കുന്നു! മാവാരതക്കാരൻ ആലങ്കാരികനല്ലെന്നെങ്ങനെ പറയാം! ദുഷ്ഷന്തന്റെ രഥം പായുന്നതുകണ്ടു് കണ്ഠനാളമഴകിൽ തിരിച്ചുനാദം പിറകിലേക്കുനോക്കിയും ശരഭയേനകണ്ണുനായ് പൃഷ്ഠം പൂർവകായഗതമാക്കിയും ചവച്ചുദർഭകൾ വിവൃതാന്മുഖാൽ പഥിപതിക്കവേ ധാവനംചെയ്യു മാനിനെയും കടിഞ്ഞാൺവിട്ടയുടനെ കഴുത്തേററവുംനീട്ടി ഉച്ചശൃംഗങ്ങൾ ചലിക്കാതെയും ചെവികൾ കൂർമ്പിച്ചനങ്ങാതെയും ആത്തമസമ്മദിതങ്ങളായ രജ്ജുപുഞ്ജങ്ങളെങ്കിലും അവയാൽ അലംഘ്യങ്ങളായി മൃഗസ്യൂദത്തെ തുച്ഛീകരിച്ചിട്ടു ഗമിച്ച രഥഹയങ്ങളേയും വർണ്ണിച്ചിരിക്കുന്ന സ്വഭാവോക്തിയുടെ സാക്ഷാൽ ഫോട്ടോഗ്രാഫറായ കാളിദാസനും മാവാരതക്കാരനും തമ്മിൽ "എന്തെന്തരം ഹന്തഹന്ത!" എന്നല്ലാതെന്തുപറയാം!

“എന്റെ അമ്മയേയും ചേട്ടന്മാരേയും കണ്ണിച്ചീവനരോടെ കാണ്മാനാമെങ്കിൽ ഇപ്പം തന്നെ ഞാനും പോകണമല്ലോ” എന്നു നിശ്ചയിച്ചുകൊണ്ടു് ഭവനം ദഹിച്ചതിന്മുൻപേ കത നാട്ടിലെത്താനായി യാത്രയ്ക്കൊരുങ്ങിയ കുഞ്ഞുഭീമനു് ആ രണ്ടു രാജ്യങ്ങളും തമ്മിലുള്ള അകലത്തെപ്പററി യാതൊന്നും ചിന്തിക്കാൻ ഇടകൊടുക്കാഞ്ഞതു് മാവാരതക്കാരനു് കഞ്ചുദേവിയേയും മക്കളേയും കുറിച്ചുള്ള അതിസ്നേഹം കൊണ്ടായിരുന്നാലും റയിൽവേയുടെ പ്രാരംഭപ്രവർത്തകനായ ജോർജ് സ്റ്റീവൻസന്റെ ജീവിതകാലത്തെ ഓർക്കുമ്പോൾ അറുപതുനാഴികക്കു കലമുള്ള ഒരു സ്ഥലത്തേയ്ക്കു് ഒരു് അത്യാവശ്യം പ്രമാണിച്ചു തനിക്കു പോകേണ്ടിയിരിക്കുന്നുവെന്നും അതിനാൽ തന്നെ കമ്പിയടിച്ചു് ഉടനെ ആ സ്ഥലത്താക്കണമെന്നും ശരിയായ കൂലികൊടുക്കാമെന്നും മററും കമ്പിത്തപാലാപ്പീസിൽ ഹാജരായി ബോധിപ്പിച്ച കുരങ്ങൂർ പണിക്കരെന്നു് ഒരു കൂട്ടുകാരനെ സൃഷ്ടിക്കയല്ലേ മാവാരതകർത്താവു ചെയ്തതെന്നു ഞാൻ സംശയിക്കുന്നു.

അമ്മയുടെ ജീവനെ രക്ഷിക്കാനായി പുറപ്പെട്ട പുത്രനെ നാഗരാജകുമാരി തടുക്കുന്നപോൽ. മനുഷ്യരുടെ സ്വാർത്ഥപ്രതിപത്തിക്കു് ഇതിലധികം ഭയങ്കരമായ ഉദാഹരണം ആവശ്യമുണ്ടോ ? ഒരു ഘട്ടത്തിൽ കചനും ദേവയാനിയും തമ്മിലുണ്ടായതുപോലെ ഒരു ചില്ലറ കലഹം ഭീമനും രാജകുമാരിയും തമ്മിൽ നടത്തുന്നു. ഒടുവിൽ നിവൃത്തിയില്ലെന്നു കണ്ടു് “മകനെവിട്ടു കന്നി തടുത്തുവല്ലോ” എന്നാണു് മാവാരതം പറയുന്നതു്. ഭീമസേനൻ തന്റെ പകുതിബലം പുത്രനു് കൊടുത്തുവത്രെ. ദൃശ്യങ്ങളായ സാധനങ്ങളെപ്പോലെ ബലം മുതലായ ഗുണങ്ങളും കൈമാററംചെയ്യപ്പെടാവുന്നതാണെന്നു് ഇതാ മാവാരതക്കാരൻ നമ്മെ പഠിപ്പിച്ചിരിക്കുന്നു. ഒരുമാതിരി ഗുണങ്ങൾ അങ്ങാടിച്ചരക്കുകളല്ലാത്ത ഈക്കാലത്തുതന്നെയും ധ

നവും ദൌഷ്ട്യവും ഒരിടത്തു ചേൎന്നിരുന്നാൽ അതുനിമിത്തം ഉണ്ടാകാവുന്ന ഉപദ്രവങ്ങൾ സഹനീയങ്ങളല്ല. ആ സ്ഥിതിക്കു് അക്കാലത്തെ കഥ എന്തായിരുന്നിരിക്കാം. രാജകുമാരിയുടെ സ്വേച്ഛാചാരങ്ങളും ഭീമന്റെ അനന്തരകൃത്യങ്ങളും നോക്കിയതിൽ അദ്ദേഹം നാഗപുരത്തെ നിശ്ശേഷം ഉപേക്ഷിച്ചുപോകയാണു് ചെയ്തതെന്നു നിശ്ചയിക്കാം. സകല സൽഗുണസമ്പന്നയായ ഒരു രാജകുമാരി; സോമവംശയശസ്ഥാപകനായ ഒരു രാജകുമാരൻ; രാജോചിതമായ വിശിഷ്ടവിവാഹം; ദമ്പതിമാരുടെ പ്രേമഭാജനമായി ഒരു പുത്രന്റെ ജനനം; ആ പുത്രന്റെ മേൽ അച്ഛനുണ്ടായിരിക്കേണ്ട ചുമതല; “പരസ്വമത്രെകന്യകാജനം” എന്നുള്ള പവിത്രമതം; ഇവയെല്ലാം ഒരേ കാലത്തിൽ ഓൎക്കുമ്പോൾ ഭീമസേനന്റെ ഈ നിരാകരണസ്വാതന്ത്ര്യത്തെപ്പററി എന്താണു് തോന്നുക? സൂക്ഷ്മമാലോചിക്കുന്നതായാൽ ഈ വിഷയത്തിൽ ഭീമസേനനേയും ഭാരതക്കാരനേയും കുററപ്പെടുത്താനില്ല. ഭീമസേനൻ അദ്ദേഹത്തിന്റെ സമ്മതത്തോടെ ഭാരതക്കാരന്റെ കവിതാബന്ധത്തിൽ ഉൾപ്പെട്ടിരിക്കയില്ലല്ലൊ. എന്നാൽ ഭാരതക്കാരനോ തന്റെ ചുററും കാണപ്പെട്ട കാൎയ്യങ്ങളെ കുറിച്ചു കൂട്ടി കുഞ്ചുഭീമന്റേയും കുഞ്ചുദേവിയുടേയും മററും തലയിൽ കയററിവച്ചുവെന്നേയുള്ളു. മേല്പറയപ്പെട്ട ദുസ്സ്വാതന്ത്ര്യത്തെ ഏതേതു സമുദായങ്ങളാണോ അദ്ധ്യാചാരികലാദേവതയാക്കി ആരാധിച്ചുവരുന്നു ആ സമുദായങ്ങൾ മറെറല്ലാം ഗുണങ്ങളോടുകൂടിയവയായിരുന്നാലും ഇതരസമുദായങ്ങൾക്കു് അപഹാസ്യങ്ങളാണെന്നു പറയുന്നതിൽ ഇവിടെ അശേഷം സങ്കോചമില്ല. അസന്മാൎഗ്ഗകാരണമായ ഈ ദുസ്സ്വാതന്ത്ര്യത്തെ നിശ്ശേഷം നശിപ്പിക്കേണ്ടതിനാകുന്നു സമുദായൈശ്വൎയ്യപ്രസക്തന്മാർ ശ്രദ്ധവെയ്ക്കേണ്ടതു്. ഈ ശ്രദ്ധയാൽ അങ്കിതമാകാനുള്ള കാലം ഏതായിരിക്കാം!”

ഭീമസേനനെയാകട്ടെ വായുമദ്ധ്യേമാർഗ്ഗം ഒരു നാഗമാസ്സുന്നു തടുക്കുന്നു. ഇവർ തമ്മിൽ ചില വാഗ്വാദങ്ങളും മററും നടത്തിയശേഷം അന്യോന്യം വിവരമറിയിക്കുന്നു. ഈ ഘട്ടത്തിൽ ഒരു കച്ചവടം നടക്കുന്നുണ്ട്. കച്ചവടമെന്നു പറയാൻ പാടില്ലല്ലൊ. ഒരു കൈമാററമെന്നായിരുന്നാൽ ശരി; പുത്രന് ഇഷ്ടദാനം ചെയ്യുതാണ്. വായു ഭീമസേനന് ഏഴരയാനയുടെ ബലം കൊടുത്തുവെന്നാണ് ഞാൻ ഇവിടെ പറയേണ്ടിയിരിക്കുന്നത്. പിന്നീട് കുഞ്ചുപീമൻ കരിമ്പനപ്പുഴുതെടുത്തുംകൊണ്ടായിരുന്നു യാത്ര. സ്വിഫ്റ്റ് എന്ന ആംഗലഗ്രന്ഥകാരൻെറ "ലില്ലിപ്പുട്ടിലേയും ബ്രോബ്ഡിങ്ങ്നാഗിലേയും" മനുഷ്യർ നമ്മെ അത്ഭുതപരതന്ത്രരാക്കിയിരുന്നാലും അവരുടേയും അവരുടെ രാജ്യത്തിലുണ്ടാകുന്ന തരുലതാദികളുടേയും പരിമാണവൈചിത്ര്യം നമ്മെ അശേഷം വിസ്മയിപ്പിക്കുന്നതല്ല. എന്നാൽ മാവാരതക്കാരൻ ഈ വിഷയത്തിൽ സ്വിഫ്റ്റിൻെറ സീമയേയും അതിലംഘിച്ചിരിക്കുന്നതായിട്ടാണ് കാണുന്നത്.

"കുഞ്ചുപീമൻ" കുരുനാട്ടിലെത്തി തീയടിച്ചുകെടുത്തതിൽ പിന്നീട് അവരെ "ഓടാവനത്തിനുള്ളിൽ" ആക്കിയത്രെ. മഹാഭാരതകഥയിൽ ഉൾപ്പെടുന്ന പാണ്ഡവന്മാരുടെ ബിലപ്രവേശനമാണല്ലൊ ഇത്. അവിടെനിന്ന് ഹിഡുംവനത്തിലേയ്ക്കായിരുന്നു അവരുടെ യാത്ര. വനത്തിൽ അവർ "നനകിഴങ്ങും നല്ലകിഴങ്ങും തിന്നു പാർത്തുപോൽ" "അജ്ഞാനനപരാധംപോക്കുവാൻ തീർത്ഥങ്ങളിൽ, മജ്ജനംചെയ്തു സഞ്ചരിച്ച കാലത്ത് ഉലൂപിയെന്നൊരു നാഗവനിതയിൽ അദ്ദേഹത്തിന് ഒരു പുത്രനുണ്ടായതായി മഹാഭാരതം പറയുന്നു. എന്നാൽ "കുഞ്ചുപീമൻെറ" വീര്യപരാക്രമങ്ങളെ മാത്രം വർണ്ണിക്കുന്ന മാവാരതം നാഗകന്യകയുമായുള്ള വേഴ്ച കുഞ്ചുപീമനുതന്നെ

കൊടുത്തു. പക്ഷേ കാലത്തിനും അല്പം വ്യത്യാസംവരുത്തി.അ ൎജ്ജുനന്റെ തീൎത്ഥാടനം പാഞ്ചാലീസ്വയംവരാനന്തരമായിരു ന്നു. എന്നാൽ കുഞ്ചുപ്പിള്ളൻ ഈകാൎയ്യം അതിനുമുൻപേ നട ത്തി. മാവാരതക്കാരൻ ഇതിൽ ഒരു മുൻകരുതൽ ചെയ്തിരി ക്കണം. വാരണാവതത്തിൽ വസിച്ച കാലത്തു പാണ്ഡവരെ സംബന്ധിച്ച് പ്രത്യേകം പറയപ്പെടത്തക്കതായ വിശേഷ ങ്ങളൊന്നും ഉണ്ടായിട്ടില്ലല്ലൊ എന്നു വിചാരിച്ച് ഒരവസരം കുഞ്ചുപ്പിള്ളന്ന് നാഗപുരവാസത്തിനായി വിട്ടുകൊടുത്തു. ലാ ക്ഷാഗൃഹദഹനത്തിൽ അമ്മയ്ക്കും സഹോദരന്മാൎക്കും ഉണ്ടാകാ മായിരുന്ന അപകടത്തിൽനിന്നു അവരെ രക്ഷിച്ച് മയനി ൎമ്മിതമായ ബിലത്തിൽ പ്രവേശിപ്പിക്കാൻ കുഞ്ചുപ്പിള്ളൻ വ ന്നെത്തുകയും ചെയ്തല്ലൊ. പക്ഷേ അരക്കില്ലം കൊള്ളിവയ്ക്കാ നായി ദുൎയ്യോധനൻ ഉന്തിത്തള്ളിയയച്ച പുരോചനന്റെ വ രവും, അയാളും "വണ്ണാൻവാഴകണക്കവെളന്നൊരു, പൊണ്ണത്ത ടിയൻ ഭീമനും" തമ്മിലുണ്ടായ നേരമ്പോക്കുകളും മററും സര സമായി വൎണ്ണിച്ചിരിക്കുന്ന കുഞ്ചൻനമ്പ്യാരെ ഈ വിഷയ ത്തിൽ സാക്ഷിയായി വിളിക്കയാണെങ്കിൽ മാവാരതക്കാരന്റെ രേഖാപ്രമാണത്തിനു് ദൌൎബല്യം സംഭവിച്ചുപോകയില്ലെ എന്നു ഞാൻ സംശയിക്കുന്നു. എന്നാൽ കാലഹരണനിയമ പ്രകാരം നമ്പ്യാരുടെ കാലത്തിനുമുൻപേ ഉറച്ചുപോയ തന്റെ പ്രമാണത്തെ ആക്ഷേപിക്കാൻ ആൎക്കും അൎഹതയില്ലെന്നു് മാവാരതക്കാരൻ വാദിക്കുമായിരിക്കാം. "ചട്ടങ്ങളെല്ലാം ബല വാന്മാൎക്കുടയ ഇതത്തുക്കാക ഉണ്ടാക്കവും അളിക്കവും ആഹലാ ദേ" എന്നുള്ള മാൎത്താണ്ഡവൎമ്മയിലെ സുന്ദരയ്യന്റെ അഭി പ്രായം ശരിയാണെന്നു വരുന്നപക്ഷം മാവാരതക്കാരന്റെ വാ ദത്തിനു് എത്രത്തോളം ബലമുണ്ടായിരിക്കുമെന്നു ഞാനറിയു ന്നില്ല.

കൽഹാരപുഷ്പഹരണത്തിനായി "പെണ്ണിന്റെ മൊഴി കേട്ടു ചാടിപ്പുറപ്പെട്ട" ഭീമസേനനെ ഹനുമാൻ പ്രച്ഛന്നരൂപനായി വന്നു തടുത്തുവെന്നു മഹാഭാരതം പറയുന്നു. നാഗപുരത്തുനിന്നു വരുന്ന കുഞ്ചുപീമനെ വായു വേഷം മാറിവന്നു തടുത്തതായി മാവാരതം പറയുന്നു. പക്ഷേ മഹാഭാരതത്തിലെ ഭീമസേനനെത്തടുത്തതു് "കാഞ്ഞിരക്കായ്ക്കളും തിന്നു മരങ്ങളിൽ പാഞ്ഞുനടക്കുന്ന" ഒരു മരഞ്ചാടിയും, മാവാരതത്തിലെ കുഞ്ചുപീമനെ തടുത്തതു അഞ്ചുതലയുള്ള ഒരു നാഗവും ആണു്. രണ്ടും വഴിമദ്ധ്യേവെച്ചുതന്നെ.

## നിഴൽക്കുത്തിനിടം.

കുഞ്ചുപീമൻ തീയടിച്ചുകെട്ടുന്നശേഷം അമ്മയേയും ചേട്ടന്മാരേയും ആശ്വസിപ്പിച്ചു് അവരേയും കൂട്ടിക്കൊണ്ടു വനത്തിലേയ്ക്കുപോകുന്നു. അവിടെ എത്തി പൂർവ്വപരിചിതയായ ഒരു കുറത്തിയെ അന്വേഷിച്ചു കണ്ടുപിടിക്കുന്നു. അവൾ "തമ്പിരാക്കന്മാർക്കു നല്ല കിഴങ്ങുകൾ" കൊടുക്കുന്നു. അവർ അതുകൊണ്ടുപജീവിക്കുന്നു. കുറത്തി മാടത്തിൽ എത്തിയയുടൻ അവളോടു നല്ല കിഴങ്ങുകളെവിടെയെന്നു കുറവൻ ചോദിക്കുന്നു. "നല്ല കിഴങ്ങുകളില്ലെടാ" എന്നവൾ ഉത്തരം പറയുന്നു. അവൻ അതു വിശ്വസിക്കാതെ കാട്ടിൽപോയി പാണ്ഡവന്മാർ അവിടെയുള്ള വിവരം കണ്ടറിയുകയും അതു ദുര്യോധനനെ അറിയിക്കുകയും ചെയ്യുന്നു. ദുര്യോധനൻ ആ വർത്തമാനം വിശ്വസിക്കാതെ കുറവനെ വെട്ടാനൊരുങ്ങുന്നു. ആ സമയാന്തരത്തിൽ നാരദൻ കടന്നുവന്നു് കുറവൻ ഉണർത്തിച്ചതു സത്യമാണെന്നു പറയുകയും അങ്ങനെ അവനെ രക്ഷിക്കയും ചെയ്യുന്നു. പാണ്ഡവന്മാർ മരിച്ചിട്ടില്ലെന്നറിഞ്ഞപ്പോൾ ഇനി നിഴൽക്കുത്തിയിടണം എന്നു കുറവനോടു ദുര്യോധനൻ ആജ്ഞാപിക്കുന്നു. അതിനുള്ള ഒരുക്കങ്ങൾ എന്തെല്ലാമാണെന്നു കുറ

വൻ പറയുന്നു. കിട്ടാത്ത സാധനങ്ങളാവശ്യപ്പെട്ട കുറവനെ വെട്ടാൻ ദുര്യോധനൻ ഭാവിക്കുന്നു. കുറവൻ വേറെ ചില സാധനങ്ങൾ കൊണ്ട് കാര്യം സാധിച്ചുകൊള്ളാമെന്നു സമ്മതിക്കയും അങ്ങനെ നിഴൽക്കുത്തുക്രിയനടത്തി പാണ്ഡവരെ മോഹിപ്പിച്ചശേഷം സമ്മാനങ്ങൾ വാങ്ങിക്കൊണ്ട് അവന്റെ വസതിയിലേയ്ക്കു പോകുകയും ചെയ്യുന്നു. കുറത്തി ചില ലക്ഷ്യങ്ങൾകണ്ട് വിവരം ചോദിച്ചതിൽ കുറവൻ വാസ്തവം പറയാഞ്ഞതുകൊണ്ട് അവൾ കാട്ടിലേയ്ക്കു യാത്രയാകുന്നു. മകൻ അവളെ തടുക്കുന്നു. മകനെ കീറി എറിഞ്ഞശേഷം അവൾ വനത്തിലെത്തി ശരിയായ പ്രതിക്രിയ ചെയ്തു പാണ്ഡവരെ രക്ഷിക്കുന്നു.

ഇതാണ് നിഴൽക്കുത്തുകഥ. നിഴൽകുത്താനുള്ള ഒരുക്കങ്ങളും ക്രിയകളും മററും വിസ്തരിച്ചു ചില പാട്ടുകളിൽ കാണപ്പെടുന്നുണ്ട്. താഴെ ചേർക്കുന്ന പാട്ട് ഒരു വെറും സംക്ഷേപം മാത്രമേയാകുന്നൊള്ളു.

... ... ...

വെക്കമുടനവർ വനം പുകിന്നു
നമ്മുടയ നല്ല കുറത്തിതന്നെ
തെരഞ്ഞുപിടിച്ചങ്ങു കൂട്ടിയപ്പോം
നല്ലകിഴങ്ങുകൾ കുറത്തിയപ്പോൾ
പാണ്ടവർക്കുകൊണ്ടു കൊടുത്തുടനെ
അക്കരത്തിവെക്കം തിരിച്ചുപോയി
മാടത്തിലോ ചെന്നു കേറിയനേരം
കുറവൻ കോപിച്ചിട്ടങ്ങുടനെ കേട്ടു
നല്ലകിഴങ്ങുകളെവിടെയെന്നു
ചോദിച്ചപ്പോളവൾ പറഞ്ഞുമെല്ലെ
നല്ല കിഴങ്ങുകളില്ലെ ക്രൂരാ
കള്ളമെന്നുരച്ചു കുറവനപ്പോൾ

ഓടിമണ്ടിയവൻ വനത്തിൽപുക്കു
പഞ്ചപാണ്ടവന്മാർ മരിച്ചില്ലെന്ന്
അറിഞ്ഞുകുറവനും നടന്നുവെക്കം
നൂറുപേരുള്ളതിൽ മൂപ്പനാകുന്ന
ദുരിയോതനനോടങ്ങറിവിക്കുന്നു
പഞ്ചപാണ്ടവന്മാർ മരിച്ചിട്ടില്ല
വനത്തിലുണ്ടവർകൾ സുഖിക്കുന്നുണ്ട്
കാകുറികൾ തിന്നു നടക്കുന്നുണ്ട്
കള്ളമെന്നുറച്ചു ദുരിയോതനനും
വെട്ടിനുറുക്കേണമിവനെയിപ്പോൾ

...    ....    ...    ...

അപ്പോൾ നാരതനും പറഞ്ഞു മന്നാ
പണ്ടുംകുറവന്മാർ പേമൊഴിചൊല്ലും
ഇപ്പോൾപ്പറഞ്ഞതൊന്നും കളിയല്ലല്ലോ
എന്നുപറഞ്ഞുടൻ നാരതനപ്പോൾ
ദുരിയോതനൻകേട്ടു പറയുന്നല്ലോ
കുറവാ നിഴൽക്കുത്തിയിടടാവെക്കം
അപ്പോളൊരുക്കങ്ങൾ പറഞ്ഞു കുറവൻ
പൊന്നും വിളക്കുമേ നിറനാഴിയും
ഇടിവെട്ടിടും ചന്ദ്രഹാസമാം വാളും
വേണമാനമുട്ട കുതിരമുട്ട
അമ്മിക്കല്ലുതന്റെ വടക്കേവേരും
ചുമടുതാങ്ങിതന്റെ വടക്കേവേരും
നിലാവിൻകുരുന്നു മൂന്നുപിടിയുംവേണം
കാട്ടുറുമ്പിൻകരൾ മൂന്നാഴിയുംവേണം
ഇരുളിൻപട്ടുവെള്ളം പൊടിച്ചതുമേ
മണൽകൊണ്ടു പത്തുമാറ കയറുംവേണം
ഈവിതത്തിലുള്ള ഒരുക്കങ്ങളു
കുറവൻ കുറിച്ചങ്ങു കൊടുത്തുടനെ
അപ്പോൾ ദുരിയോതനനുമരുൾചെയ്യുന്നു
ഒരുക്കങ്ങളൊക്കെ നീയോ ഒരുക്കിക്കൊൾക

പാടില്ലെന്നുചൊല്ലി കുറവനപ്പോൾ
വാളെടുത്തവക്കം വെട്ടുവാനായി
അപ്പോൾ കുറവനും പറയുന്നല്ലൊ
ഒരുക്കം തമ്പുരാനെ ഒരുക്കാമല്ലൊ
ആനമുട്ടയിപ്പോളില്ലെന്നാലും
നാളികേരംകൊണ്ടു കാരിയംകാണാം
കുതിരമുട്ടയിപ്പോളില്ലെന്നാലും
കോഴിമുട്ടകൊണ്ടു കാരിയംകാണാം
അമ്മിവേരുമിപ്പോളില്ലെന്നാലും
ചുമടുതാങ്ങിവേരുമില്ലെന്നാലും
മുതക്കൻകിഴങ്ങുകൊണ്ടു കാരിയംകാണാം
നിലാവിൻ കുരുന്നുമിപ്പോളില്ലെന്നാലും
പിലാവിൻകുഴകൊണ്ടു കാരിയംകാണാം
ഇരുളിൻപട്ടയിപ്പോളില്ലെന്നാലും
മുരുക്കിൻപട്ടകൊണ്ടു കാരിയംകാണാം
വെള്ളത്തിൻ പൊടിയിപ്പോളില്ലെന്നാലും
അരിതൻപൊടികൊണ്ടു കാരിയംകാണാം
മണൽക്കയറുമിപ്പോളില്ലെന്നാലും
പൊച്ചക്കയറുകൊണ്ടു കാരിയംകാണാം
ഒരുക്കങ്ങളൊക്കെയൊരുക്കിക്കൊണ്ടു
പഞ്ചപാണ്ഡവരെ മോഹിപ്പിച്ചു
തമ്മാനവുംവാങ്ങിത്തിരിച്ചവനും
മാടത്തിലങ്ങുചെന്നു കേറുന്നേരം
കുറത്തി കുറവനോടു കേൾക്കുന്നല്ലോ
ഈവിതത്തിലുള്ളയൊരുക്കമെല്ലാം
ഒരുക്കാനുള്ളകാര്യം പറകവെക്കം
പോടീ നിന്റെപാട്ടു നോക്ക നീയും
നീയോ തമ്പുരാന്റെ കാരിയംകേപ്പാൻ
ഉള്ളതുപറയാതെ കുറത്തിവെക്കം
കാട്ടിൽക്കടക്കാനായ് യാത്തിരയായി
അപ്പോൾ മകൻചെന്നു തട്ടത്തുടനെ

മകനെയെടുത്തുടൻ വലിച്ചുകീറി
എറിഞ്ഞിട്ടുടൻ കാട്ടുപൂക്കൊരുനേരം
പഞ്ചപാണ്ഡവന്മാരമ്മയുമായി
നിഴൽക്കുത്തേററു വീണുകിടക്കുന്നുണ്ട്
അപ്പോഴം കുറത്തിയുമെടുത്തുചെന്നു
വെക്കമൊരുക്കങ്ങളൊക്കയും ചെയ്തു
നിഴൽക്കുത്തങ്ങുമാററാൻ മന്തിരം ചൊല്ലി
പാരതംപാടിയവളുണർത്തിവിട്ടു

പാണ്ഡവന്മാർക്കും കുന്തീദേവിക്കും നിഴൽക്കുത്തിന്റെ ശക്തിയിൽ നിന്നു മോചനം ലഭിച്ചതിന്റെ ശേഷമുണ്ടായ ബഹളമെല്ലാം അടുത്ത കഥയോടു ചേർക്കിരിക്കുന്നു.

മഹാഭാരതപ്രകാരം ലാക്ഷാലയദഹനം കഴിഞ്ഞാൽ പാണ്ഡവരുടെ ഹിഡുംബവനപ്രസ്ഥാനംതന്നെയാണ്. മഹാഭാരതവും ഈ സംഗതിയിൽ തെററിയിട്ടില്ല. പക്ഷെ പാണ്ഡവർ സജീവന്മാരായിരിക്കുന്നുവെന്നു പാഞ്ചാലീസ്വയംവരാനന്തരം ദുര്യോധനാദികളറിയുന്നതായിട്ടാണ് മഹാഭാരതം പറയുന്നത്. എന്നാൽ ആ കുറെ അത്രയധികം നാളും മനസ്സമാധാനത്തോടിരുത്താൻ മാവാരതക്കാരനു സമ്മതമില്ല. ആ വിടവാൻ ഇടയ്ക്ക് ഒരു കുറത്തിയേയും കുറവനേയും കൂടി സൃഷ്ടിച്ച് അവരെ പാണ്ഡവരുടേയും കൌരവരുടേയും മദ്ധ്യേ പ്രവേശിപ്പിക്കുന്നുണ്ട്. പാണ്ഡവർക്കു നല്ല കിഴങ്ങുകൾ കൊടുക്കാൻ മാവാരതകർത്താവു കുറത്തിയെ നിയോഗിച്ചു. നമ്പ്യാരുടെ തുള്ളൽക്കഥകളിലെ സത്വങ്ങളെ തയാറാക്കിക്കൊടുക്കാൻ അവർ നിയോഗിതയാകാതിരുന്നത് അവളുടെ ജാതിത്താഴ്ചകൊണ്ടോ സ്ഥലസൌകര്യക്കുറവുകൊണ്ടോ പരിചയമില്ലായ്മകൊണ്ടോ എന്തുകൊണ്ടായാലും ആ വിഷയത്തിൽ മാവാരതക്കാരൻ വലിയ യുക്തിക്കുറവുകൂടാതെ ഒരുവിധം രക്ഷപ്രാപിച്ചിരിക്കുന്നുവെന്നു സമ്മതിച്ചേ കഴിയൂ. കുറത്തിയുടെ ഔദാര്യത്തെ കുറവൻ അഭിനന്ദിക്കുന്നില്ല. പാണ്ഡവർ മരി

ച്ചിട്ടില്ലെന്നറിഞ്ഞയുടനെ കുറവൻ ആ വിവരം കൌരവന്മാരെ അറിയിക്കാനായി അവരുടെ സന്നിധിയിൽ ചാടിവീഴുകയാണു് ചെയ്യുന്നതു്. വലിയവരുടെ സേവയ്ക്കായി എന്തും ചെയ്യാൻ മടിക്കാത്തതായ സമ്പ്രദായം ഇന്നോ ഇന്നലെയോ ഉണ്ടായിട്ടുള്ളതല്ലെന്നു തീർച്ചതന്നെ. കുറവന്റെ സന്ദേശം ദുര്യോധനൻ അത്ര വിശ്വസിച്ചില്ല. കുറവനെ സേവയ്ക്കു വേഷംകെട്ടിവിട്ട മാവാരതക്കാരൻ അവനെ ശ്രോതാക്കൾക്കു താല്ക്കാലികമായ സന്തോഷം മാത്രം ഉണ്ടാക്കുന്ന വർത്തമാനങ്ങൾ സത്യമോ അസത്യമോ എന്നു നോക്കാതെ പൊടിപ്പും തൊങ്ങലും വെച്ചു വിവരിക്കുന്ന വിദ്വാന്മാരുടെ ഇടയിൽ വാലന്റിയരായി വെച്ചു പരിചയിപ്പിക്കാഞ്ഞതുകൊണ്ടു ദുര്യോധനന്റെ വാളിളകാനിടയായി. നാരദൻ ഇടയ്ക്കു വന്നു വീണില്ലെങ്കിൽ ആ കുറവന്റെ കഥ എന്തായിത്തീരുമായിരുന്നു! പലർക്കും പലയവസരങ്ങളിലും പലവിധത്തിൽ സഹായിച്ചിട്ടുള്ള നാരദനെ ഒരു ഘട്ടത്തിലെങ്കിലും ക്ഷണിക്കാൻ മാവാരതക്കാരനു തോന്നിയതുകൊണ്ടു കുറവൻ ചാകാതെ കഴിഞ്ഞു. പുരാണകഥകളിൽ പലതിലും കഥാപുരുഷന്മാർ അപകടത്തിലാകുമ്പോൾ അവർക്കു് ഏതെങ്കിലും ഒരു പ്രകാരത്തിൽ നാരദന്റെ സഹായം ലഭിക്കുന്നുണ്ടു്. എന്നാൽ കുറവന്മാർ കള്ളം പറയുന്നവരാകകൊണ്ടു നാരദൻ പരസ്യമായി പ്രസ്താവിച്ചതു് അദ്ദേഹത്തെ ഒരു് ഒന്നാംക്ലാസ്സുമജിസ്ട്രേട്ടുകോടതിയിലെ പ്രതിക്കൂട്ടിൽ കയറാൻ കാരണമായി ഭവിക്കാതിരുന്നതു് തിരുവിതാംകോട്ടെ ൧൦൯൭-ാമാണ്ടത്തെ ഒന്നാം റെഗുലേഷൻ അക്കാലത്തു നടപ്പാകാതിരുന്നതുകൊണ്ടാണെന്നു വിചാരിക്കുന്നവർ അങ്ങനെ വിചാരിച്ചുകൊള്ളട്ടെ. കുറവൻ പറഞ്ഞതു് യഥാർത്ഥംതന്നെയെന്നു ഗ്രഹിച്ചപ്പോൾ „നിഴൽക്കുത്തിക്കളക" എന്നായിരുന്നു ദുര്യോധനന്റെ കല്പന. ശത്രുസംഹാരത്തിനായി നടത്തപ്പെടുന്ന ഒരു മാതിരി

ക്ഷുദ്രക്രിയയാണു് നിഴൽക്കുത്തു്. ആജ്ഞ കേട്ട മാത്രയിൽ മന്ത്രവാദിയായ കുറവൻ നിഴൽക്കുത്തുക്രിയയ്ക്കുള്ള ഉപകരണങ്ങൾ എന്തെല്ലാമാണെന്നു പറഞ്ഞുതുടങ്ങി. ആനമുട്ട, കുതിരമുട്ട, ഇരുട്ടിൻപട്ട, നിലാവിൻകുരുന്നു്, മണൽകൊണ്ടുള്ള കയറു്, വെള്ളത്തിന്റെ പൊടി, ഇത്യാദി സാധനങ്ങൾ ഒരുക്കിക്കൊടുക്കണമെന്നു കുറവൻ പറയുന്നു. ഗുണവാന്മാരും നിസ്സഹായന്മാരുമായ പാണ്ഡവരെ നശിപ്പിക്കാനായി ക്ഷുദ്രകർമ്മം ചെയ്യാൻ ആ കുറവനു സമ്മതമില്ലായിരുന്നുവെന്നു് ഇതുകൊണ്ടു നിർണ്ണയിക്കാനില്ല. ഒരു വകക്കാർ അവർക്കു കിട്ടുന്ന അസുലഭങ്ങളായ അവസരങ്ങളെ കാലദേശാദ്യവസ്ഥകൾ ഗണിക്കാതെ സ്വപ്രാഗത്ഭ്യങ്ങളെ പ്രകാശിപ്പിക്കുന്ന പ്രയോഗങ്ങൾകൊണ്ടു വിശേഷിപ്പിക്കാൻ സന്നദ്ധരാണെന്നു മഹാഭാരതക്കാരൻ ഗ്രഹിച്ചിരിക്കുന്നു. സമ്മാനങ്ങളുടെ വിവരമറിഞ്ഞ ഉടനെ അതു തന്നെയൊന്നു വിഷമിപ്പിക്കുന്നതാണെന്നു ദുര്യോധനൻ ഗ്രഹിക്കയും അവ തയ്യാറാക്കാനുള്ള ചുമതല കുറവനിൽത്തന്നെ അർപ്പിക്കുകയും അവൻ അതു നിഷേധിക്കയും ഉടനെ ദുര്യോധനൻ പതിവുപോലെ വാളുകൊണ്ടുതന്നെ പ്രതിക്രിയയ്ക്കൊരുങ്ങുകയും ചെയ്യുന്നു. ഇതിൽ കുറവൻ മടങ്ങാതെ നിവൃത്തിയില്ലല്ലോ. ഭാരമേറിയ ചുമതല തന്നിലായെന്നറിഞ്ഞ ഉടനെ അവൻ ആ മുട്ട, കുതിരമുട്ട ഇത്യാദി സാധനങ്ങൾക്കു പകരം ഉപയോഗിക്കാവുന്ന മറ്റു വസ്തുക്കളെ ഓരോന്നായി പറഞ്ഞുതുടങ്ങുന്നു. ഇതെല്ലാം നോക്കുന്നതായാൽ ഇപ്പോഴത്തെ മന്ത്രവാദികളുടെ ഒരു ശരിപ്പകർപ്പു് കുറവനെക്കൊണ്ടു മഹാഭാരതക്കാരൻ പ്രത്യക്ഷമാക്കിയിരിക്കുന്നുവെന്നു പറയാതെ തരമില്ല. നിഴൽക്കുത്തു കഴിച്ചശേഷം സമ്മാനങ്ങളും വാങ്ങിക്കൊണ്ടു കുറവൻ മാടത്തിലെത്തിയപ്പോൾ കുറവത്തി വിവരം മനസ്സിലാക്കുന്നതു് ഏതു ലക്ഷ്യംകൊണ്ടാണെന്നു് ഈ പാട്ടിൽ കാണുന്നില്ല. നിഴൽക്കുത്തു സ

മയത്തു നെററിയിൽ ഇടുന്ന പൊട്ടു പാതിയഴിഞ്ഞു കാണപ്പെട്ടുവെന്നും അങ്ങനെ കുന്തി വിവരമറിഞ്ഞുവെന്നും വേറെ പാട്ടുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. കുന്തി യാത്രയായപ്പോൾ മകൻ തടുത്തതായി കാണുന്നുണ്ടു്. ഇതു കുറവൻെറ പ്രേരണനിമിത്തമോ മകൻെറ പ്രകൃത്യാനുസൃതമായ ദൌഷ്ട്യം കൊണ്ടോ എന്നു മാവാരതക്കാരൻ കാണിച്ചിട്ടില്ല. കുന്തി കുറവൻെറ ദുഷ്ടകർമ്മത്തിനുള്ള പ്രതിക്രിയ ചെയ്തശേഷം ഭാരതം പാടിയാണു് പാണ്ഡവരെ മോചിപ്പിക്കുന്നതു്. ഇപ്പോൾ ശത്രുസംഹാരത്തിനായി പാടുന്ന "ഭാരതം കഥ" പാണ്ഡവവൃത്തം തന്നെയാണു്. പാണ്ഡവരെ ക്ഷുദ്രകർമ്മശക്തിയിൽ നിന്നു മുക്തരാക്കുന്നതിനു പാടിയതും ആ പാണ്ഡവകഥ തന്നെയായിരിക്കുമോ എന്നു രൂപമില്ല. ദുഷ്ടന്മാരായ കൌരവരുടെ ഭാഗത്തു കുറവനേയും ഗുണവാന്മാരായ പാണ്ഡവരുടെ പക്ഷത്തിൽ കുന്തിയേയും കല്പിച്ചിരിക്കുന്നു. ദുഷ്ടകർമ്മങ്ങൾക്കു സ്ത്രീയെക്കാൾ പുരുഷനു വാസനക്കൂടുമെന്നു മാവാരതകർത്താവു പരോക്ഷമായി കാണിച്ചിരിക്കയല്ലേ ഇതു് എന്ന സംശയത്തിനു വകയുണ്ടു്. പക്ഷെ മാവാരതക്കാരൻെറ കാര്യത്തിൽ അതൊന്നും ചിന്തിക്കേണ്ടതില്ല. പ്രമാണകർത്താക്കന്മാരെല്ലാം പുരുഷന്മാരായിപ്പോയതുകൊണ്ടു സ്ത്രീകളുടെ പ്രാഭവത്തെ അവർ അശേഷം വെളിപ്പെടുത്തീട്ടില്ലെന്നും അസൂയാകലുഷമായ അവരുടെ അന്തഃകരണം സ്വവർഗ്ഗക്കാരെ ശംസിക്കുന്നതിനും അവർക്കു ലോകത്തിലുള്ള ഉൽകൃഷ്ടതയെ ഘോഷിച്ചു രേഖപ്പെടുത്തുന്നതിനും മാത്രമേ ഉപയോഗപ്പെട്ടിട്ടുള്ളുവെന്നും അവർ സ്ത്രീകൾക്കു് ഒന്നിലും ഒരു സ്വാതന്ത്ര്യവും ഇല്ലെന്നാണു് കല്പിച്ചിരിക്കുന്നതെന്നും നേരേമറിച്ചു പഴയ കാലത്തെ പ്രമാണകർത്തൃത്വം സ്ത്രീകളിലായിരുന്നുവെന്നവരുകിൽ പുരുഷൻ കൌമാരത്തിൽ മാതാവിൻേറയും യൌവ്വനത്തിൽ ഭാര്യയുടേയും വാർദ്ധക്യത്തിൽ പുത്രിയുടേയും രക്ഷയിൽ അശേഷം സ്വാതന്ത്ര്യം

കൂടാതെ സദാ ഘോഷാഏൎപ്പാടനുസരിച്ചു പുരമുറികളിൽ കഴിഞ്ഞുകൂടുമായിരുന്നുവെന്നും ഉൽഘോഷിച്ചു സ്ത്രീവൎഗ്ഗോദ്ഗതിക്കു നിരന്തരമായി പരിശ്രമിച്ചു സമ്മേളിക്കുന്ന ഇപ്പോഴത്തെ ചില സ്ത്രീസഭകൾ ഏകോപിച്ച്, മാവാരതക്കാരന്റെ പേരിൽ സ്ത്രീകൾക്കു പൊതുവെയുള്ള നന്ദിയെ സൂചിപ്പിക്കാനായി ഒരു മുദ്രയോ സർട്ടിഫിക്കററോ കൊടുക്കേണ്ടതാവശ്യമായിരിക്കുന്നു. സാധാരണ മനുഷ്യായുസ്സു നൂററിരുപതു കൊല്ലമാണെന്നു ബ്രഹ്മാവിന്റെ ഒരു "പ്രൊസിഡിംഗ്സ്" ഉണ്ടായിപ്പോയതു കൊണ്ടു മാവാരതക്കാരൻ ആ പ്രൊസിഡിംഗ്സിന്റെ വ്യാപ്തിയിൽ നിന്നു തെററി ഈ ബഹുമതി കൈക്കൊള്ളാനായി വല്ല പ്രാണായാമമോ മററോ പരിചയിച്ചു കാലനില്ലാത്ത കാലത്തിലെ സുഖസ്വാതന്ത്ര്യങ്ങളനുഭവിച്ചു കൊണ്ടിരിക്കയായിരിക്കുമോ എന്നു കരുതി മരുത്വാൻമലയിലൊ വൎക്കല ഗോസായിച്ചാവടിയിലൊ ആലപ്പുഴക്കമ്പോളത്തിലൊ കാണപ്പെടുന്ന വല്ല താടിക്കാരന്മാരേയും പിടികൂടിയാൽ സഗരപുത്രന്മാർകപിലാചാൎയ്യന്റെ താടിയിൽ കടന്നുപിടിച്ചതുപോലെ വന്നേയ്ക്കാനെളുപ്പമുണ്ട്. അതിനാൽ മാവാരതക്കാരന്റെ കീൎത്തിയെ ഉദ്ദേശിച്ചു വല്ല സ്മാരകവും ഏൎപ്പെടുത്തിയാൽ ധാരാളം മതിയാകും. അതു് ഉത്സവമോ അച്ചുക്കൂടമോ പത്രമോ പ്രതിമയോ കീൎത്തിമുദ്രയോ ഏതാണു വേണ്ടതെന്നു് ആലോചിച്ചു തീൎച്ചപ്പെടുത്തുക തന്നേ വേണം.

പുരാണ കഥകളെ അടിസ്ഥാനമാക്കി വല്ലതുമെഴുതുമ്പോൾ എഴുത്തുകാരന്റെ നാലുപാടും നടക്കുന്ന കാൎയ്യ

ങ്ങൾ കഥകളിൽ ഉൾപ്പെടുത്തി അവയ്ക്ക് യഥാൎത്ഥകാല ദേശചരിത്രങ്ങളുടെ ഏതാണ്ടൊരു ഛായകൊടുക്കുന്ന വിഷയത്തിൽ മാവാരതക്കാരനേപ്പോലെ ധൈൎയ്യമായി പ്രവൎത്തിച്ചിട്ടുള്ളവർ വേറെയുമുണ്ട്. ഉദാഹരണത്തിനായി പ്രസിദ്ധമായ ഒരു കഥയുടെ ചില ഭാഗങ്ങൾ ചുവടേ കുറിക്കുന്നു.

(ഉത്തരരാമായണം)

ശ്രീരാമൻ രാവണവധം കഴിഞ്ഞു സീതയുമായി അയോദ്ധ്യയിലെത്തി സുഖമായി പാൎക്കുന്നു. സീതയുടെ സൌഭാഗ്യത്തിൽ അമ്മായിഅമ്മമാൎക്ക് അസൂയമുഴുത്ത് ആ സാധ്വിയെ ഉപദ്രവിക്കാൻ അവർ പലമാൎഗ്ഗങ്ങളും നോക്കുന്നു. ശ്രീരാമനോടു പതിവായി ഏഷണിപറഞ്ഞ് അദ്ദേഹത്തെ തെററിധരിപ്പിക്കുന്നു. എങ്കിലും പ്രത്യക്ഷലക്ഷ്യംകൂടാതെയുള്ള അപരാധങ്ങളെ അദ്ദേഹം ക്ഷമിക്കുന്നു. അങ്ങനെയിരിക്കെ അദ്ദേഹം ഒരുനാൾ സപരിവാരനായി നായാട്ടിനുപോയതു കണ്ടു കൌസല്യാദികളായ അമ്മായി അമ്മമാർ കൂടി ആലോചിച്ചശേഷം സീതയെ വിളിച്ചു രാവണന്റെ രൂപം വരച്ചുകാണിക്കണമെന്ന് ആവശ്യപ്പെടുകയും, സീത:—

"ആപത്തിന്നത്രേ നിങ്ങൾ തുടങ്ങുന്നമ്മമാരെ
എനിക്കു വരുന്നതു കാലക്കേടല്ലാതില്ലേ
രാവണൻ കട്ടുകൊണ്ടുപോയതു മൂലത്താലേ
ജാതിഭേദവും ചൊല്ലിയഗ്നിയിൽച്ചാടിച്ചെന്നെ
പ്പിന്നെയുമെനിക്കൊരു ദൂഷണത്തിനു നിങ്ങൾ
ഇന്നിവൻരൂപം കാണ്മാൻ ചൊല്ലുന്നതെന്നോടിപ്പോൾ
എനിക്കും ഭൎത്താവിനും കീൎത്തി വന്നതുമൊക്കെ
അനൎത്ഥമല്ലാതില്ലെന്നാരും ധരിച്ചാലും

രാജദ്വേഷത്തെക്കൊണ്ടു ദ്വേഷിക്കുമുടവാളുകൾ
ദ്വേഷിപ്പാനൊരു മൂലമില്ലാതിരിക്കുന്നു
ദ്വേഷിക്കുമുടവാളുകൾ രൂപത്തെ കാൺകിലെന്നെ ''

ഇത്യാദിമറുപടിപറകയും ചെയ്യുന്നു. അനന്തരം കൌസല്യാദികൾ പല പഞ്ചതന്ത്രങ്ങൾ പറഞ്ഞു സീതയെ ഒരുവിധം സമ്മതിപ്പിക്കയും, കൌടില്യരഹിതയായ ആ രാജന്യവധുവിനോട്ട് ഈ വിധം സത്യംചെയ്കയും ചെയ്യുന്നു.

''നിന്നാണെൻ നിന്നെച്ചതിച്ചിട്ടുവാൻ നിനച്ചില്ലേ
ഇന്തിരൻ പതിയാണെൻ ശങ്കരൻകഴലാണെൻ
ഈരേഴുലോകത്താണെൻ മൂർത്തികൾ മൂവരാണെൻ
ബ്രഹ്മാവും വിഷ്ണുവാണെൻ അച്ഛന്റെ തൃക്കാലാണെൻ
വേട്ട ഭർത്താവിനാണെൻ ഞങ്ങളിൽ മൂവരാണെൻ
അല്ലിത്താർശരനാണെൻ നിന്നാണെൻ മകളാണെൻ
ഓമനമകനെന്റെ ലക്ഷ്മണൻ സുതനാണെൻ
ഭരതശത്രുഘ്നന്മാർ ഇരുവർ പുത്രരാണെൻ
നിന്നാണെൻ നിന്നെച്ചതിച്ചിട്ടുവാൻ നിനച്ചില്ലേ.'',

സാധുശീലയായ സീത ഇതു വിശ്വസിച്ച് ഒരു വിധം സമ്മതിക്കുന്നു. ഉടനെ ചിത്രമെഴുതാനുള്ള ഉപകരണങ്ങളെല്ലാം സുമിത്ര കൊടുക്കുന്നു. അനന്തരം സീത ഇങ്ങനെ ധ്യാനിച്ചുകൊണ്ടു് ശ്രീരാമൻ ഇരിക്കുന്ന മണിപീഠത്തിന്റെ കീഴ്ഭാഗത്തു് എഴുതുന്നു.

* ''ഭൂമിയുമാകാശവുമെനിക്കു തുണചെയ്ക
പാലാഴിവല്ലഭൻ പരമേശനും തുണചെയ്ക
കടലും ഭഗീരഥൻ എനിക്കു തുണചെയ്ക

* ഇവിടെ ചേർത്തിട്ടുള്ള മററു പല പഴയ പാട്ടുകളിലും എന്നപോലെ ഈപാട്ടിലും കാണപ്പെടുന്ന അബദ്ധങ്ങൾക്കു ഞാൻ ഉത്തരവാദിയല്ല.

(ഗ്രന്ഥകർത്താ)

അശ്വനീ ദേവകളും എനിക്ക തുണചെയ്ക
നാന്മുഖൻ നാരായണൻ വിഷ്ണുവും തുണചെയ്ക
മുപ്പുരമെരിച്ചോനുമെനിക്ക തുണചെയ്ക
ശ്രീരാമസ്വാമിയെന്റെ ഭർത്താവും തുണചെയ്ക
ദൈവമേ തുണയെന്നു വരച്ചു തല പത്തും
മുഖത്തോടിടകളിൽക്കലർന്ന കുണ്ഡലവും
വെളുത്ത വെള്ളകേറും വലിയമുഖങ്ങളും
ജനിച്ച കണ്ണുതന്നിലഗ്നികൾ ജ്വലിക്കയും
പതിനെട്ടിലും നല്ല ദൈവത തോന്നീടുന്നു
വേദമന്ത്രത്തെ ഓതി ഉഗ്രേജും പിഴച്ചൊരു മുഖം
ഇന്ദ്രജിത്തെ വിളിച്ചീടുന്നതൊരു മുഖം
ദേവകൾതന്നെ ദൂഷി പേശുന്നതൊരു മുഖം
ഈശ്വരനെന്റെ നേരേ യില്ലായെന്നൊരു മുഖം
ലോകമൊക്കയും പരിപാലിക്കുന്നൊരു മുഖം
സീതയെത്തന്നേനിനച്ചീടുന്നതൊരു മുഖം
കാമബാണാർത്തിപെരുകീടുന്നതൊരു മുഖം
കള്ളവും കുശലുകൾ പേശുന്നതൊരു മുഖം
മംഗലമോടു മധു ഭുജിക്കുന്നൊരുമുഖം
പാണികളിരുപതും വളഞ്ഞ വളകളും
മാർവ്വിടചവടിയും അരവമാലകളും
പൂന്തുകിലാടപട്ടു ഞൊറിഞ്ഞു ചേർത്തു തൊങ്ങൽ
പൊന്മണിയരഞ്ഞാണം ഉടുത്താനതുചേർത്തു
കാൽച്ചിലമ്പോശയൊന്നിൽ വളയും തളകളും
കൈക്ക മോതിരം നല്ല കവടി നെററിപ്പൊട്ടു
കവചവും നക്രചക്രവും തെളിതാരം
വാക്കിന്റെ ഭംഗിയേറും നാവുതൻ ഗുണങ്ങളും
അററമായുധങ്ങളും ആന തേർ കുതിരയും
.................................
.................................”
മററും എഴുതിയതുകണ്ടു് അമ്മായി അമ്മമാർ അവ

രുടെ മനോരഥം സാദ്ധ്യമായതുകൊണ്ടു വളരെ സന്തോഷിക്കയും സീതയോടു ലോഹ്യങ്ങൾ പറഞ്ഞശേഷം പീഠത്തെ എടുത്തു സൂക്ഷിക്കയും ചെയ്തു. അപ്പോഴേയ്ക്കും നായാട്ടുകഴിഞ്ഞു വെയിലുകൊണ്ടു തളൎന്നു ദാഹിച്ചു വിശന്നു ശ്രീരാമനും വന്നുചേൎന്നു. ഉടനേ അമ്മ മകനിരിക്കാൻ മണിപീഠം എടുത്തു കൊടുത്തു. ശ്രീരാമൻ ഇരുന്നശേഷം പീഠമിളകി. കാരണമറിയാതെ അദ്ദേഹം അന്ധാളിച്ചു. പീഠം മറിച്ചു നോക്കാൻ കൌസല്യ പറഞ്ഞു. നോക്കിയപ്പോൾ രാവണന്റെ രൂപം കണ്ടു. ശ്രീരാമൻ കയൎത്തു കോപംകൊണ്ടന്ധനായി അതു വരച്ചതാരെന്നു ചോദിച്ചു. അമ്മമാരുടെ ഉത്തരം ഈവിധമായിരുന്നു.

‘‘മകനെ ഞങ്ങളാരും മനസ്സാലറിഞ്ഞില്ല
മനസാലുള്ള ഭാൎയ്യ ചെയ്തൊരു വിനയത്രെ
മകനെ!സുഖത്തോടു വരുത്തി വച്ചാളിവൾ
ഇനിയും ഇവൾ നിന്റെ ഭാൎയ്യയായ് വേണമെന്നു
നിന്നുടെ മനസ്സെങ്കിൽ ഞങ്ങൾക്കിന്നാവതുണ്ടോ
എത്രയും ഗുണമുള്ള നല്ലൊരു ജനങ്ങളെ
എത്രയും ദുഷ്കൎമ്മങ്ങൾ ചെയ്യുമ്പോളിവൾമുമ്പിൽ
ഏതുമൊന്നറിയാതെയിരുന്ന മനുഷ്യരെ
ഏതെല്ലാം ദോഷം വരുമാറിവൾ ചമച്ചല്ലൊ.
മന്നവന്മാൎക്കും നരപാലകന്മാൎക്കും ദോഷം
പലതു ചെയ്തതെല്ലാം മറന്നോ മകനേ നീ
കള്ളനാമസുരന്റെ വാക്കിനേ കേട്ടിട്ടിവൾ
ലങ്കയിൽ പോയതെല്ലാം മറന്നിട്ടിവളേയും
മന്ത്രികൾ പലരേയും നീയുമായ് കൂടിച്ചേൎന്നു
യുദ്ധംചെയ്തവനേയും നിഗ്രഹിച്ചിവളേയും
ചോലയിൽ കുളിപ്പിച്ചിട്ടഗ്നിയിൽ മുഴുകിച്ചു

സത്യംചെയ്തവരാംനിന്നെ ബോദ്ധ്യവും വരുത്തിയേ
അതുമെല്ലാമേ ദോഷം മകനേ മറന്നോ നീ
ഇവളെ വേളിചെയ്ത നാളതൊട്ടിന്നാംവോളം
നിനക്കങ്ങൊരു സുഖം വന്നു ഞാൻ കണ്ടില്ലല്ലോ
ഇവരാംതൻ നിനവു നീ മറന്നിട്ടില്ലായെങ്കിൽ
നിന്നുടെ ജീവനന്തം വരുത്തും ഭേദമില്ല.
നിന്നുടെ മനസ്സിന്നു ഞങ്ങൾക്കു കഴിവില്ലേ
മകനെ മാനസത്തിൽ ഞങ്ങളിതറിഞ്ഞില്ല
നിന്നുടെ ഭാര്യ സീത ചെയ്തൊരു കളിയത്രേ."

പിന്നീടു ശ്രീരാമന്റെ കോപവും സീതയുടെ വിലാപവുംമററും കണ്ടും കേട്ടും കൌസല്യാദികൾ ആനന്ദത്തോടെ കുറെ നേരം കഴിച്ചുകൂട്ടേണ്ടിവന്നു.

"സീതതൻ ദുഃഖം കണ്ടു മലകളുലയുന്നു
പക്ഷിജാലങ്ങളൊക്കെ ചിറകങ്ങൊതുക്കുന്നു
കുസുമങ്ങളും മലരൊട്ടേറെ ചൊരിയുന്നു
പെരുത്ത വൃക്ഷങ്ങളുമിലയൊന്നിളകാതെ
നിലകുനിന്നു മരമവരാംതാൻ ദുഃഖംകണ്ടു
പശുവും പുലികളുമൊരുമിച്ചു മേവീടുന്നു
അരവം മൂഷികനുമൊരുമിച്ചു മേവീടുന്നു
മത്സ്യവും ചുഴലുന്നു നദിയങ്ങൊഴുകാതെ
പാവമേയെന്നു നിന്നു കാലനും കരയുന്നു."

ഇവയൊക്കെയായിട്ടും രാമനും അമ്മമാരും അശേഷം ഇളകിയില്ല. ശ്രീരാമൻ സീതയെ പഴിച്ചു പരസ്യമായി പലതും പറയുന്നു.

"ആദിയെയിവരാംതന്റെ കൈപിടിച്ചതിൽപിന്നെ
അന്നുതൊട്ടിന്നാംവോളമുണ്ടായില്ലൊരുസുഖം
അരക്ഷുതന്നെ മുന്നം പിഴകിപ്പുറപ്പെട്ടു
ഭർത്താവെന്നൊരു ചിന്തയില്ലിവൾക്കൊരിക്കലും

വേഗമെ രാവണനെ കൈക്കൊണ്ടു മറിവർലെ
നിത്യവും വഴിപാടു പാർത്തുപാർത്തിരിക്കയും
പാതിരായ്ക്കുമേലിവർക്കുറക്കമില്ലാതാനും
പന്നിയും കടുവായും കണ്ടിട്ടെന്നോർത്തുപോയ് ഞാൻ
മലക്കുവിലെ പോയാൽ വൈകിയേ വരുതാനും
വൃഷ്ടസായകനോടു മറിവു പറഞ്ഞിവർ
ഒക്കവേ പരമാർത്ഥം നിശ്ചയമറിഞ്ഞു ഞാൻ
കള്ളത്തിൽ മറിവുകൾ ഏറേ നീ പറയേണ്ട
നിന്നുടെ മറിമായമത്രയുമറിഞ്ഞു ഞാൻ.''

സീതയും രാവണനും കൂടിയാലോചിച്ചു മാരീചനെ പൊൻമാനായയച്ചു തന്നെയകററിയെന്നും മററും ശ്രീരാമൻ പൊടിപ്പും തൊങ്ങലും വച്ചു പറയുന്നു. എന്തിനു? സീതയെ കാട്ടിൽ കൊണ്ടുപോയി വെട്ടാൻ ലക്ഷ്മണനെ നിയോഗിച്ചയക്കുന്നു. ലക്ഷ്മണൻ ആദ്യം തക്കം പറഞ്ഞുവെങ്കിലും ഒടുവിൽ സമ്മതിച്ച് ആ ദേവിയെ കാട്ടിൽ കൊണ്ടു ചെന്നാക്കുകയും ഉടുമ്പ് എന്നൊരുജന്തുവിനെ വെട്ടി രക്തം വാളിലാക്കിക്കൊണ്ടു ചെന്നു കാണിക്കയും ചെയ്യുന്നു. ഇതു കണ്ടിട്ടു കൌസല്യ പറയുന്നതാവിത്:

''മകനെ മറിവുകൾ ഞങ്ങളിങ്ങറിഞ്ഞെടാ
മനുഷ്യർ ചോര ഞങ്ങൾ കണ്ടിട്ടില്ലതുകൊണ്ടോ
പടയും ഭണ്ഡാരവും കണ്ടിട്ടില്ലതുകൊണ്ടോ.''

പിന്നീടു ലക്ഷ്മണൻ തിരിയെപ്പോയി സീതയുടെ ഒരു കൈവിരലറുത്തു രക്തം കൊണ്ടുവന്നു കാണിച്ചു. അപ്പോഴും സ്ത്രീയുടെ രക്തമല്ലെന്നു കൌസല്യ തക്കിച്ചു. ഒടുവിൽ ഒരുവിധം സമ്മതിച്ചു. പിന്നീടാണു ശ്രീരാമലക്ഷ്മണന്മാരുടെ ആലാപകലാപം.

"അല്ലിത്താർതിരുമുടി ഭംഗികൾ മറപ്പതോ
മഴക്കാറിനൊത്ത തലനാർ മറപ്പതോ
മുത്തുകളണിഞ്ഞീടും തൃക്കണ്ണു മറപ്പതോ
കൊവ്വൽതൻകുരുവൊത്ത പല്ലുകൾ മറപ്പതോ
ആലിലയ്ക്കൊത്ത നല്ല വയറു മറപ്പതോ
അന്നത്തോടൊത്ത ചാരു നടയും മറപ്പതോ
കുട്ടിൽക്കാൽ നിറമൊത്ത തൃക്കാലു മറപ്പതോ
പോർമുലയിടെയിടെയുദരം മറപ്പതോ."

ഇത്യാദി വിലാപങ്ങളോടെ രാമലക്ഷ്മണന്മാർ ദിവസങ്ങൾ തള്ളിക്കഴിക്കുന്നു. സീത കാട്ടിൽ പ്രസവിക്കുന്നു. കുട്ടികൾ വളൎന്നു രാമലക്ഷ്മണന്മാൎക്കായി കാട്ടുവഴി കൊണ്ടുപോകുന്ന സാമാനങ്ങളെ ചുമട്ടുകാരോടെതിൎത്തു പിടിച്ചുപറിക്കുന്നു. ഈ വിധം ഈ കഥ തെററിയും തിരിഞ്ഞും പോകുന്നുണ്ടു്.

സാധാരണജനങ്ങളുടെ ഇടയിൽ തന്നേയും ഒരു വിധം മാന്യന്മാർ ഊഹിക്കപോലും ചെയ്യാത്ത കട്ടക്കൈകളാണു ശ്രീരാമന്റെ തലയിൽ കയററിയിരിക്കുന്നതു്. ആ രാജപുരുഷൻ ധൎമ്മപത്നിയെ അപഹസിക്കയും നിന്ദിക്കയും ചെയ്യുന്ന രീതി ഒരുവിധം ഹീനന്മാരുടെ കൂട്ടത്തിൽ മാത്രം നടക്കുന്നതാകുന്നു. രാമായണകഥാപാത്രങ്ങളിൽ ദുൎഗ്ഗുണലേശമില്ലാത്തതായി കൌസല്യയെപ്പോലെ മററൊന്നില്ല. ആ കൌസല്യയെ ഈ പാട്ടിൽ എത്ര വഷളാക്കീട്ടുണ്ടെന്നു കണക്കില്ല. ഈ പാട്ടുകൊണ്ടു നോക്കുന്നതായാൽ കൌസല്യയെപ്പോലെ ദുൎഗ്ഗുണവതിയായ ഒരു സ്ത്രീയെ രാജകുടുംബത്തിലെന്നല്ല സാമാന്യജനങ്ങളുടെ കൂട്ടത്തിലും കാണപ്പെട്ടു

മോ എന്നു ഞാൻ സംശയിക്കുന്നു. ശ്രീരാമൻെറ പുത്രന്മാർ കാട്ടിൽ തീവെട്ടിക്കൊള്ളക്കാരായിട്ടാണത്രെ വളന്നതു്. ഈ കഥയെ ഇവിടെ വിസ്തരിച്ചു നിരൂപിക്കുന്നില്ല. പ്രസിദ്ധകഥകളേപ്പോലും സ്വാശയഗതിക്കൊത്തുതിരിച്ചു വിടാൻ ചിലർ സ്വീകരിച്ചു പോന്നിട്ടുള്ള സ്വാതന്ത്ര്യം ഇതുപോലെ എന്തെല്ലാം വരുത്തിവച്ചിട്ടുണ്ടെന്നു സൂക്ഷ്മമായി പരിശോധിക്കുമ്പോൾ നാം ആശ്ചര്യം കൊണ്ടു് അന്ധന്മാരായേക്കാം. കഥാഗതിയുടെ ഈ മാതിരിയുള്ള മാററങ്ങൾ മററു പ്രകാരത്തിൽ പ്രയോജനകരമായിത്തീന്നിട്ടുണ്ടെന്നു് ഈ ഗ്രന്ഥത്തിൻെറ വേറൊരു ഘട്ടത്തിൽ തെളിയിച്ചിരിക്കുന്നു. പ്രസിദ്ധമായ നളചരിതം കഥയിലും ഇതുപോലെ ചില പൊടിക്കൈകൾ കലത്തീട്ടുള്ള ചില പാട്ടുകൾ ഉണ്ടു്. അവ എഴുതപ്പെട്ട കാലത്തു് എഴുത്തുകാരൻെറ ചുററും നടന്ന സംഗതികളുടെ പ്രതിച്ഛന്ദങ്ങളായിട്ടാണു് ആ പാട്ടുകളെ ഗണിക്കേണ്ടതു്. ആ എഴുത്തുകാരൻെറ ഈ കാലത്തെ നളചരിതം ഇതായിരിക്കും.

"പണ്ടു് നിഷധരാജ്യത്തിനു് അലങ്കാരഭൂതനായി സകലകലാവിശാരദനായി സവ്ഗുണസമ്പന്നനായി ഒരു രാജാവു് ഉണ്ടായിരുന്നു. അദ്ദേഹത്തെ നൈഷധൻ എന്നെല്ലാവരും വിളിച്ചു. എങ്കിലും അദ്ദേഹം എഴുതിക്കൊടുത്തിട്ടുള്ള ഒററിയാധാരങ്ങളിലും പണയാധാരങ്ങളിലും നളൻ എന്ന പേരാണു് വച്ചിട്ടുള്ളതു്. അതിനാൽ നിഷധരാജ്യത്തെ നളമഹാരാജാവെന്നു സവ്രാലും അറിയപ്പെട്ടിരുന്നു. അദ്ദേഹം വേദവിധിയനുസരിച്ചു രാജ്യം ഭരിച്ചുവരുന്നതിനിട

യ്ക്ക് ഒരു ദിവസം ഒരു താമരപ്പൊയ്കയുടെ അരികെ വരാനിടയായി. ആ പൊയ്കയിൽ അഡ്വ്യലും തോടയും കോഴിക്കോട്ടു ചെക്കുകൊണ്ടുള്ള കോട്ടും വട്ടത്തൊപ്പിയും കാളറും ടൈയും ധരിച്ച് ഏതാനും പക്ഷികൾ നീന്തിക്കളിക്കുന്നതു കണ്ടു. അദ്ദേഹം അതിൽ ഒന്നിനെ പിടിച്ചു. അത് ഒരാണരയന്നമായിരുന്നു. അന്നം മാറത്തടിച്ചും തലമുടി മുഴുവൻ അഴിച്ചു പിറകെയിട്ടും ചീട്ടിത്തുണികൊണ്ടുള്ള റവിക്ക വലിച്ചു കീറിയെറിഞ്ഞും നിലവിളിക്കയും നളനോടു ഈ വിധം പറകയും ചെയ്തു. മിസ്റ്റർ നളമഹാരാജാവേ! ഈ നിസ്സാരനായ മനുഷ്യനെക്കൊന്നിട്ട് അങ്ങേയ്ക്ക് എന്തു ലാഭമുണ്ട്? പക്ഷിമാംസത്തിലാഗ്രഹമുണ്ടെങ്കിൽ കൊടുങ്ങല്ലൂർ ഭരണിക്കു കോഴിവെട്ടുന്നെടത്തു ചെന്നാൽ ധാരാളം കോഴിത്തല പെറുക്കി ചുട്ടുതിന്നാമല്ലൊ. അതല്ല, മൃഗമാംസത്തിലാണാഗ്രഹമെങ്കിൽ റാത്തലിന് ഒരുപണം കൊടുത്താൽ പാളയത്തിലെ കശാപ്പുകടയിൽ നിന്ന് എല്ലും മാംസവും കൂടി കിട്ടുമല്ലൊ. ഇതു കേട്ടു നളൻ അരയന്നത്തെ വിട്ടു. അപ്പോൾ അന്നം വീണ്ടും പറയുന്നു. പ്രാണരക്ഷണത്തിനു പ്രതിഫലമായി അങ്ങേയ്ക്ക് ഒരു വലിയ ഉപകാരം ഞാൻ ചെയ്യുന്നുണ്ട്. ഭീമരാജാവിന്റെ പുത്രിയായ ദമയന്തിയെ അവിടത്തോടുകൂടി ചേർക്കാനാണ് എന്റെ ശ്രമം. ദമയന്തി ത്രൈലോക്യസുന്ദരിയാകുന്നു. സമസ്തകലകളിലും വിദഗ്ദ്ധയാണ്. തയ്യൽ നല്ലപോലെയറിയാം. പാട്ടും വിശേഷം. ചക്രപാണിവാരിയരുടെ ഹരിശ്ചന്ദ്രചരിതത്തിലെ പറയന്റെ പാട്ടും കെ. സി. യുടെ സദാരാമയിലെ കള്ളന്റെ പാട്ടും മുഴുവൻ

പാട്ടം സ്ത്രീസമാജത്തിൽ മെംബറാണ്. ഇതൊക്കെ കേട്ടപ്പോൾ നളൻ മാരമാൽ മുഴുത്തു ശീതോപചാരങ്ങളന്വേഷിച്ച് ഉദ്യാനത്തിലേയ്ക്കും അന്നം ദമയന്തിയെ തിരഞ്ഞു കിളുമീപ്പാലത്തിലേയ്ക്കും പോയി. അന്നം ഭീമരാജധാനിയിലെത്തിയപ്പോൾ ദമയന്തി ഒരു സിഗററും പിടിച്ചു മനോരമപ്പത്രവും വായിച്ചുകൊണ്ട് ഒരു ചാരുകസേരയിൽ കിടക്കയായിരുന്നു. അന്നത്തെക്കണ്ടു കൈകൊട്ടുത്തു കസേരയിലിരുത്തി വർത്തമാനങ്ങളെല്ലാം ചോദിച്ചറിഞ്ഞശേഷം മടങ്ങുന്ന അഞ്ചലിൽ നളന് എഴുതി അയച്ചുകൊള്ളാമെന്നു മറുപടി പറയുകയാണു ദമയന്തി ചെയ്തതു്. അന്നം നളനെക്കണ്ടു കാര്യം പറഞ്ഞു. അന്നുമുതൽ നളനും ദമയന്തിയും "താമരപ്പൂമണം ചന്ദനത്തെന്നലും പൂമരക്കാവും സഹിച്ചുകൂടാഞ്ഞഹോ, ഭൂമിയിൽവീണുരുണ്ടീടുന്നു സർവദാ" എന്നമട്ടിലായി. ദമയന്തീസ്വയംവരത്തിനുള്ള വട്ടങ്ങൾ കൂട്ടി· ദിവസം സമീപിച്ചു. നളൻ വേണ്ട ഒരുക്കങ്ങളോടെ ഒരുമോട്ടാർബസ്സിൽ യാത്രയുമായി. ഇതിനിടയ്ക്കു ദേവലോകത്ത് ഒരു സൌന്ദര്യപ്പിണക്കം സംഭവിച്ചു. ദേവേന്ദ്രൻ ഉർവ്വശ്യാദിദേവസ്ത്രീകളുമായി രസിച്ചുകൊണ്ടിരുന്നപ്പോൾ ലക്ഷ്മിഭായി എന്ന മാസിക അഞ്ചൽശിപായി കൊണ്ടുവന്നു. അതുതുറന്നുവായിച്ചപ്പോൾ ദമയന്തിയുടെ ഒരു ലേഖനം അതിൽ കണ്ടു് ഇന്ദ്രൻ സന്തോഷിച്ചു ദമയന്തിയെ സ്തുതിച്ചുപറഞ്ഞു. ഉർവ്വശിക്കും മററും അതു രസിച്ചില്ല. ഉർവ്വശി എതിർത്തു. അവർ തമ്മിൽ ശണ്ഠയുണ്ടായി. ദേവേന്ദ്രൻ അന്നു് അത്താഴം കഴിക്കാതെ പിണങ്ങിക്കിടന്നു. ദമയന്തീസ്വയംവരം സംബന്ധിച്ച സദ്യയ്ക്കു

കാകറിസാമാനങ്ങൾ വാങ്ങാൻ മണക്കാട്ടുചന്തയിലേയ്ക്കു തിരിച്ചവർ വരുണൻ താമസിക്കുന്ന ബംഗ്ലാവിൻെറ മുൻവശത്തുക്രൂടിയാണ് കടന്നു പോയത്. ഇതു് അദ്ദേഹം കണ്ടുപിടിച്ച് അഗ്നിയോടും ധമ്മരാജനോടും പറഞ്ഞു. ഇവരെല്ലാം ദേവേന്ദ്രനുമായാലോചിച്ചു ദമയന്തീസ്വയംവരത്തിനു തിരിച്ചു. ഇവർ വഴിയിൽ വച്ചു നളനെക്കണ്ടു. അദ്ദേഹം വണ്ടി നിറുത്തിട്ടു മാഴ്സിൻെറ ഷാപ്പിൽ കയറി ഒരുകുപ്പി ബ്രാൻറി വാങ്ങുകയായിരുന്നു. ഇന്ദ്രാദികൾ നളനോടു ദൂതിനപേക്ഷിച്ചു ടിക്കററുകൊടുത്തു പറഞ്ഞയച്ചു. അദ്ദേഹം ചെന്നു വിവരം പറഞ്ഞു വന്നു. ഇന്ദ്രാദികൾസന്തോഷിച്ച് റെയിനാൾഡിൻെറ കുറേ നോവലുകൾ നളനുസമ്മാനിച്ചു. സ്വയംവരാഡംബരം മുറയ്ക്കു നടക്കുന്നു. രാജസദസ്സിൽ ഇന്ദ്രാദികൾ നളൻെറ വേഷം ചമഞ്ഞിരുന്നു. അഞ്ചു നളന്മാരേയും കണ്ടു ദമയന്തി അന്ധാളിച്ചു. ബി. ഏ. ഡിഗ്രി എടുക്കാനായി മദ്രാസ് സർവ്വകലാശാലയിൽ കാൺവോക്കേഷനു പോയയവസരത്തിൽ ഇന്ദ്രാദികളെക്കണ്ടു പരിചയമുള്ള മിസ് വില്യംസ് മദാമ്മ ഓരോരുത്തരേയും വിവരിച്ച് ഈ വിധം പറഞ്ഞു. "അല്ലയോ ഭൈമീ! നിൻെറ വിവാഹത്തെ കാംക്ഷിച്ചുവന്ന ഇവർ സാമാന്യന്മാരല്ല. ഇന്ദ്രനെ നോക്കുക! ഇദ്ദേഹം ദേവലോകത്തിനു നാഥനാണ്. നന്ദനവനം സ്വന്തമാകുന്നു. വൃത്രാരിയാണ്. തിരുവിതാംകോട്ടു സെററിൽമെൻറുവകുപ്പിൽ നിന്ന് ഇയ്യിടെ ജോലിവിട്ടു രജിസ്ട്രേഷൻ വകുപ്പിലേക്കു ഹർജികൊടുത്തു കാത്തുനില്ക്കുന്നു. ഇതാ അഗ്നിയെ കാൺക!

ഇദ്ദേഹം വലിയപുള്ളി. സൂര്യനോളം പ്രകാശമുണ്ട്. കൊച്ചുകുഞ്ഞുമാപ്പിളയുടെ നാടകത്തിൽ ബബ്ബലൻഭട്ടരുടെ വേഷം കെട്ടിയിട്ടുണ്ട്. ഈ വിദ്വാനാണ് ഇക്കഴിഞ്ഞ ഓച്ചിറപ്രദർശനത്തിനു മത്തങ്ങയ്ക്കു സമ്മാനം വാങ്ങിയതു്. ഇതാ അടുത്തു വരുന്നിരിക്കുന്നു. സമുദ്രരാജൻ ഈ കേമനാണ്. ആറാട്ടിന് എഴുന്നെള്ളത്തോടൊന്നിച്ച് പട്ടാളക്കാർ പോകുമ്പോൾ അവർക്ക് ടീപാർട്ടി കഴിക്കാൻ ഇദ്ദേഹം ഒരു വരിപ്പണലിസ്റ്റ് തയ്യാറാക്കീട്ടുണ്ട്. ചാലചലഹള കേസിൽ ഒരിക്കൽ കുടുങ്ങിയതും ഈ മഹാൻ തന്നെ. ഇപ്പോൾ ഒരു കോറും കൂട്ടതലായി കിട്ടി. അതിനടുത്തതു യമൻ. ഈ മഹാൻ അജ്ഞാനകുഠാരത്തിൻെറ സഹപത്രാധിപരാണ്. "മുൻപുമറിയാൻ മിടുക്കനല്ലെങ്കിലും പിൻപുമറിയാൻ മോശക്കാരൻ തന്നെ"യെന്നൊരു യോഗ്യതയും ഇദ്ദേഹത്തിനുണ്ട്. ഇതുകൂടാതെ ഒരിക്കൽ ഒരു ചില്ലറതലവേദന വന്നു എന്നൊരു യോഗ്യതയുംകൂടിപ്പറയാനുണ്ട്. ഇതൊക്കെയാണ് ഇദ്ദേഹത്തിൻെറ ഉൽക്കഷലക്ഷ്യങ്ങൾ. സാക്ഷാൽ നളൻ ഇതാ കാണപ്പെടുന്നു. ഈ വിദ്വാനും ശാരദയിലെ കുണ്ടൻമേനോനും അളിയന്മാരാണ്. ഇപ്പോൾ ഒരു പഞ്ചസാരത്തൊഴിൽശാലയും തീപ്പെട്ടിക്കോൽമന്ദിരവും സ്ഥാപിക്കാൻ ഈ മഹാനുഭാവൻ ഉദ്യമിക്കുന്നു. കൂടെ പോയാൽ പഞ്ചസാര ധാരാളം തിന്നാം. തീപ്പെട്ടിയും വാങ്ങാം. ഇതുകേട്ടു ദമയന്തി മാലയിട്ടു. ഘോഷമെല്ലാം യഥായോഗ്യം കഴിഞ്ഞുകൂടി. എല്ലാവരും അവരവരുടെ വീടുകളിലേയ്ക്കു യാത്രയായി. ഇന്ദ്രാദികൾ വഴിയിൽ

വച്ചു കലിയേയും ദ്വാപരനേയും കണ്ടു. സ്വയംവരവിവരമറിഞ്ഞ് അവർ കോപിച്ചു. നളന്റെ കാരണവരുടെപക്കൽ നിന്നു വസ്തുക്കളെല്ലാം ഒററി എഴുതി വാങ്ങിക്കളയാമെന്നും സുഗ്രീവന്റെ ചിട്ടിക്കു പണം കൊടുക്കാതെ മുടക്കിക്കളയാമെന്നും ശപഥം ചെയ്തുപുറപ്പെട്ടു. നളന്റെ നാട്ടിൽവന്നു പുഷ്കരനെ കണ്ടു. അയാൾ കാഴ്ച്ചബംഗ്ലാവുതോട്ടത്തിലെ ഒരുകല്ലുതൊട്ടിയിൽ നിറച്ചിട്ടുള്ള വെള്ളത്തിൽമുങ്ങിയും പൊങ്ങിയും നീന്തിയുംമറിഞ്ഞും വാലിട്ടടിച്ചും പല്ലിളിച്ചുംചീററിയും ചവച്ചുംകിടക്കയായിരുന്നു. അയാളെക്കൊണ്ടു ചൂതുകളിപ്പിച്ചു നളന്റെ സ്വത്തെല്ലാം പിടിച്ചുപറിച്ച് അദ്ദേഹത്തെ കാട്ടുപത്തനാപുരത്തേയ്ക്കയച്ചു. നളനുംദമയന്തിയുംപുത്തൻചന്തയിൽനിന്നും തിരിച്ച് കോടിമതക്കടവിൽ നീന്തിക്കയറി കണ്ടിയൂർ റോഡിൽ ക്രൂടി ചാക്കയിൽ തോടുമുഴുവൻ മുട്ടുകുത്തിനടന്ന് നായർഹോട്ടലിൽ നിന്ന് ഊണുകഴിഞ്ഞ് പൂജയെടുപ്പും ആറാട്ടും കണ്ടശേഷം കരമന വച്ചു തമ്മിൽ പിരിഞ്ഞു. നളൻ ഓടിവരുംവഴിക്കു മരച്ചീനിവിളയിൽ കയറി കിഴങ്ങു മോഷ്ടിച്ചതിനാൽ ഉടമസ്ഥന്മാർ കണ്ടുപിടിച്ചു കിഴിയുംധാരയും കഴിച്ചശേഷം പോലീസ്റ്റേഷനിൽ ഏല്പ്പിക്കാൻനിറുത്തിയിരുന്ന കാർക്കോടകനെ കണ്ടു സമാധാനം പറഞ്ഞ് അയാളെ ജാമ്യത്തിൽ വിടുവിച്ചു. പിന്നീട് നളൻ ഋതുവർണ്ണന്റെ രാജ്യത്തിലെത്തി അദ്ദേഹത്തിന്റെ വക എണ്ണച്ചക്കാപ്പീസിൽ ഒരു ജോലിക്കാരനായി താമസിച്ചു. ദമയന്തി ഉണർന്നു നോക്കിയപ്പോൾ നളനെ കണ്ടില്ല. കിണററിലും തട്ടിൻപുറത്തും അഞ്ചലാ

ഫീസിലും കതകിൻെറ മുകളിലും നോക്കിയിട്ടും കണ്ടില്ല. അപ്പോൾ ഒരു കാട്ടാളൻ വന്നുചേൎന്നു. നളൻ കുറെ പണം കുംഭകൎണ്ണനു കൊടുക്കാനുണ്ടായിരുന്നു. അതു് ഈടാക്കാനായി ജില്ലാക്കോടതി വിധിപ്രകാരം വാറണ്ടും കൊണ്ടു വന്ന ശിപായിയായിരുന്നു അയാൾ. അയാൾക്കു ചായവാങ്ങിക്കൊടുത്തു പറഞ്ഞയച്ചശേഷം ദമയന്തി മണ്ടയ്ക്കാട്ടു കൊട കാണാൻ പോകുന്നവരോടൊന്നിച്ചു നാട്ടിലെത്തി പാൎത്തു. കുറേനാൾ കഴിഞ്ഞു് ദമയന്തിക്കു രണ്ടാംസ്വയംവരമുണ്ടെന്നു നാടൊട്ടുക്കു പ്രസിദ്ധമായി. നളനും ഋതുപൎണ്ണനും തിരിച്ചു. വഴിയിൽവച്ചു് എക്സൈസ് വകുപ്പിലെ പെററിആഫീസറായ കലിയെക്കണ്ടു് ഇവർ തമ്മിലുള്ള വിരോധം തീൎത്തു. നളൻ കുണ്ഡിനത്തിലെത്തിയശേഷം വിവരം മുഴുവൻ എല്ലാവരും ഗ്രഹിച്ചു. ദമയന്തിയേയും കൊണ്ടു കോട്ടയത്തുനിന്നും പീരുമേട്ടിലേക്കുള്ള റോഡിൻെറ അരികെ ഒരു ബങ്കളാവു വാടകയ്ക്കെടുത്തു സുഖമായി താമസിച്ചു. ഇതിനിടയ്ക്കു പുഷ്കരനെ പിടിച്ചു കൂട്ടുകാരായ കാഴ്ച്ചബംഗ്ലാവു തോട്ടത്തിലെ നീൎനായ്ക്കളുടെ തൊട്ടിയിൽത്തന്നെയിട്ടു. *

---

* മലയാള നാടകങ്ങൾ അഭിനയിക്കുമ്പോൾ വിദൂഷകന്മാർ പറയാറുള്ള ഈ നവീന നൈഷധവും രാമായണവും ൫൦ കൊല്ലം മുൻപേ ഈ ഗ്രന്ഥകാരൻ "ഭാഷാപോഷിണി",യിൽ എഴുതിത്തുടങ്ങിയ മലയാളത്തിലെ പഴയ പാട്ടുകൾ എന്ന ഉപന്യാസപരമ്പരയിൽ ഉൾപ്പെട്ടിട്ടുള്ളവയാണു്.

# തുമ്പിപ്പാട്ട്.

൧. ഒന്നാം തുമ്പിയും അവർ പെററമക്കളും
പോയി നടപ്പറ തുമ്പിതുള്ളാൻ
തുമ്പിയിരുമ്പല്ല ചെമ്പല്ല ഓടല്ല
തുമ്പിത്തുടൽമാല പൊന്മാലകിങ്ങിണി.

രണ്ടാം തുമ്പിയും——————ഇത്യാദി

൨. ഒന്നാനാം കൊച്ചുമല്ല
പൂത്തായൊ പൂച്ചൊരിഞ്ഞു്
തങ്കുളത്തിൽ വീണനപൂവു്
താൻവാരിയാദരിക്ക
ആദരിക്ക പന്തലിലെ
അലങ്കരിക്ക ഗണപതിയെ
കാററടിക്ക പൂപറക്ക
കന്നിമാരെ വായ്ക്കുരവ
പൂപ്പടയ്ക്കും നേരമായി
പൂപറന്താളോടിവായെ

രണ്ടാനാം——————ഇത്യാദി

൩. ഒന്നാനാം മലരമ്പേൻ തുമ്പി
മലരമ്പനെ കണ്ടോരൊണ്ടോ
കണ്ടേൻ ഞാൻ കണ്ടേൻ പെണ്ണേ
പൂഞ്ഞോലക്കാവിൽ വച്ചു്
പൂങ്കച്ച വട്ടം ചുററി
പൂമുണ്ടും തോളത്തിട്ടു്.
കച്ചരട്ടു് കരത്തിലിറക്കി
പിച്ചിമലർ അമ്പുമെടുത്തു
തെററിപ്പൂതെററിത്തെററി
പിച്ചിപ്പൂ തൊങ്ങേലിട്ടു്
വട്ടകത്താലികെട്ടി

പോയ കുമാരകനെ
കാണാൻ വിധിയുമില്ല
കമ്മം നമുക്കമില്ല.

൪. ഒന്നീക്കിൽ തോട്ട കെട്ടി
ഒന്ന പറിച്ചതും കണ്ണിമാങ്ങ
ആ മാങ്ങ തിന്നവക്ക്
ആമാസത്തിൽ ഗഭ്ഭമുണ്ടാം
അവളുപെറും ബാലകന
എന്തു ചൊല്ലി പേർ വിളിക്കും
കരിങ്കുഴലെ ചെറുമണിയെ
രാമനെന്നും പേർ വിളിക്കും

൫. ഒന്നാനാം കൊച്ചുതുമ്പി
എങ്ങുടെ പോരുവായൊ
നിൻ കൂടെ പോന്നാലല്ലോ
എന്തെല്ലാം തരുമെനിക്ക
കുളിപ്പാൻ കുളം തരുവേൻ
കളിപ്പാൻ കളം തരുവേൻ
കുളിപ്പാൻ കുളം തരുവേൻ
കുമ്പിടുവാൻ കോയിലൊണ്ടു്
ഇട്ടിരിപ്പാൻ പൊന്തടുക്ക്
ഇട്ടുണ്ണാൻ പൊൻതളിക
കൈകഴുവാൻ കൊച്ചുകിണ്ടി
കൈതോത്താൻ പുള്ളിപ്പട്ടു്.

൬. ഒന്നാം കുന്നമ്മ ഒന്നരികുന്നമ്മ
ഒന്നല്ലൊ മക്കമാർ പാലനട്ടു്
പാലയ്ക്കിലവന്നു പൂവന്നു കാവന്നു
പാലയ്ക്കു പാൽകൊട്ടു് പാവ്വതി നീ
ഞാനല്ല പൈങ്കിളി താമരപൈങ്കിളി
ഞാനിരുന്നാടുന്ന പൊന്നോല പൈങ്കിളി
ചുണ്ടുകറുപ്പനും തൂവൽചുവപ്പനും
മഞ്ഞച്ചിറക്കിളി കൂടറിഞ്ഞു്

അത്തത്തണയിട്ടു താമരണയിട്ടു
എങ്ങനെകൊത്തി യിണപിരിക്കാം
തൻെറ കുലം ചൊല്ലി തായാർ കുലം ചൊല്ലി
തങ്ങളിൽ കൊത്തിയിണ പിരിക്കാം.

൭. ഒന്നാം കടപ്പുറവാരെ
ഒന്നരവട്ടി പാവയ്ക്കാ
ഞാൻ പറിപ്പോം നീ പറിപ്പോം
പൊന്നാരമ്പം പാവയ്ക്കാ.

൮. ഞുഞ്ഞുക്കുട്ടിയോർ കുറുമണലിൽ
പൊട്ടിച്ചുവന്നോർ കുമ്പളവള്ളി
കുമ്പളത്തിൻ കൊഴുന്തൊടിച്ചെ
കോരെനെല്ലി ലൂഞ്ഞാലിട്ടു
ഊഞ്ഞാലാടാൻ വാടി പെണ്ണെ
നല്ലപെണ്ണെ തങ്കക്കൊടീ
എനിക്കെൻെറ കാൽകഴച്ചു്
ഓരടിയും നടക്കാൻ വയ്യ
എനിക്കിരിക്കും കിഴക്കേയാല
എടുത്തുടനെ കൊട്ടപ്പിനമ്മോ
ഇനിയെങ്കിലും വാടിപെണ്ണെ
നല്ലപെണ്ണെ തങ്കക്കൊടീ
എനിക്കെൻെറ കൈകഴച്ചി
ട്ടോരടിയും നടക്കാൻ വയ്യ
എനിക്കിരിക്കും കിഴക്കൻ കാപ്പു്
എടുത്തുടനെ കൊട്ടപ്പിനമ്മൊ
ഇനിയെങ്കിലും വാടിപെണ്ണെ
നല്ലപെണ്ണെ തങ്കക്കൊടീ

൯. ഒന്നാനാം മതിലകത്തു്
ഒന്നല്ലൊ പൊന്നിലഞ്ഞി
പൊന്നിലഞ്ഞി പൂവിറപ്പാൻ

വദ്ധ

ഏഴല്ലൊ തോഴിമാരു്
ഏഴിലേയ്ക്കും ഇളയകന്നി
കുമാരനല്ലൂർ കാത്യായനി
അവരും കുളിക്കും കുളക്കടവി
ലെന്തെല്ലാം ശോഭയുണ്ടു്
കൊട്ടുത്തും കൊടിവിളക്കും
വാക്കരവ ശോഭയുണ്ടു്.

---

ഓ[illegible]പ്പാട്ടു്.

---

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരു[illegible]ന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്ക[illegible]ാട്ടില്ലതാനും
കള്ളവുമില്ല ച[illegible]വുമില്ല
എള്ളോളമില്ല [illegible]ാളിവചനം
വെള്ളിക്കോലാ[illegible]ം നാഴികളും
എല്ലാം കണ[illegible] തുല്യമായി
കള്ളപ്പറയും [illegible]നാഴിയും
കള്ളത്തരങ്ങൾ [illegible]റൊന്നുമില്ല.

---

ഞാറു [illegible] പാടുന്ന
റ[illegible]ം.

---

രാജാവിന്റെ [illegible]സ്തുകളുണ്ടു്—ഒരു
ചെങ്കുരുമ്പ [illegible]താണേ

പോച്ചെന്നാൽ തൊട്ടുകുറിച്ച്
രാച്ചെന്നാൽ കൊണ്ടുപോരാം
അച്ചനാണെ അമ്മയാണെ–നിന്റെ
കന്നിയാക്കം തീന്നോ പെണ്ണേ
അച്ചനാണെ അമ്മയാണെ–എന്റെ
കന്നിയാക്കം തീന്നതില്ല.

രാജാവിന്റെ കോട്ടയ്ക്കകത്തു്–ഒരു
വരിക്കച്ചക്ക നിപ്പുതൊണ്ടേ
പോച്ചെന്നാൽ കണ്ടുകുറിച്ച്
രാച്ചെന്നാൽ കൊണ്ടുപോരാം
അച്ചനാണെ അമ്മയാണേ–നിന്റെ
കന്നിയാക്കം തീന്നോ പെണ്ണേ
അച്ചനാണേ അമ്മയാണേ–എന്റെ
കന്നിയാക്കം തീന്നതില്ല

രാജാവിന്റെ കോട്ടയ്ക്കകത്തു്–ഒരു
കദളിക്കുല നിപ്പുതൊണ്ടേ
പോച്ചെന്നാൽ കണ്ടു കുറിച്ച്
രാച്ചെന്നാൽ കൊണ്ടുപോരാം
അച്ചനാണേ അമ്മയാണേ– നിന്റെ
കന്നിയാക്കം തീന്നോ പെണ്ണേ
അച്ചനാണേ അമ്മയാണേ– എന്റെ
കന്നിയാക്കം തീന്നതില്ല

രാജാവിന്റെ കോട്ടയ്ക്കകത്തു്–ഒരു
പൊന്നും ചേന നിപ്പുതൊണ്ടേ
പോച്ചെന്നാൽ കണ്ടു കുറിച്ച്
രാച്ചെന്നാൽ കൊണ്ടുപോരാം
അമ്മയാണേ അച്ചനാണേ–നിന്റെ
കന്നിയാക്കം തീന്നോ പെണ്ണേ
അച്ചനാണേ അമ്മയാണേ–എന്റെ
കന്നിയാക്കം തീന്നതില്ല"

രാജാവിന്റെ കോട്ടയ്ക്കകത്ത് ചെന്തെങ്ങിലെ കരിക്കും വരിക്കച്ചക്കയും കദളിക്കുലയും പൊന്നുംചേനയും ഉണ്ടെന്നും പകൽ അവിടെ ചെന്നു സ്ഥാനം കണ്ടറിഞ്ഞ ശേഷം രാത്രിയിൽ പോകയാണെങ്കിൽ അവയെ കൊണ്ടു പോരാമെന്നും മറ്റും വിവരിക്കുന്ന ഭാഗം പഴയകാലത്തിലെ ഒരു ഘട്ടത്തെ സ്മരിപ്പിക്കയല്ലയോ ?

൧. ആനവരുന്നേ കുഞ്ഞയ്യപ്പം
കുഞ്ഞിക്കൈയ് മുന്നിൽ വച്ച്
ആനവരുന്നേ കുഞ്ഞയ്യപ്പാ
കുഞ്ഞിക്കാൽ പിറകിൽ വച്ച്
ആനവരുന്നേ കുഞ്ഞയ്യപ്പം
പഴം മൊറം പോലെ ചെവിയും വച്ച്
ആന വരുന്നേ കുഞ്ഞയ്യപ്പാ
കിണ്ണം പോലെ കണ്ണും വച്ച്
ആന വരുന്നേ കുഞ്ഞയ്യപ്പം
കലക്കവെള്ളം തെറ്റിത്തെറ്റി
ആനവരുന്നേ കുഞ്ഞയ്യപ്പാ

൨. ചിറിരാമാ പകവാനെ–തെയ്യമ്മതാര
ചീതാതേവിപ്പെണ്ണവളെ–തെയ്യമ്മതാര
എന്തെടി ചൂർപെണ്ണേ–തെയ്യമ്മതാര
ഒട്ടൊട്ടുനാറ്റംകൊണ്ടു–തെയ്യമ്മതാര
ചെമ്പഴുക്കാപ്പാക്കു–തെയ്യമ്മതാര
ഏട്ടക്കാറുമില്ലല്ലോ–തെയ്യമ്മതാര
എന്തെടീ ചൂർപെണ്ണേ–തെയ്യമ്മതാര
ഒട്ടൊട്ടുനാറ്റംകൊണ്ടു തെയ്യമ്മതാര
വെററത്തെറപ്പാറില്ല–തെയ്യമ്മതാര

൩. ഇട്ടിക്കാളിപ്പെരുമണ്ണാത്തി
എന്റെ മാററു നീ അലക്കിത്തരണേ

എന്റെ ചരുകല്ലു പിഴുതുപോയി
കിണ്ണക്കല്ലു പിളന്നും പോയി
എന്റെ കൂട്ടു പിരിഞ്ഞും പോയി.

൫. തായ്മാരെ തായ്മാരെ
തയവുള്ളോരെങ്ങൾ പൊന്നു തായ്മാരെ
ഏർപിടിച്ചു വയലുഴുതു
ഇതമുടനതുക്കമേൽ മരമടിച്ചു
ഇരുമ്പാലെ വരമ്പൊരുക്കി
ഇതമുടൻ നാലരുക നിരപ്പാക്കി
കാൽവീശി വിത്തെറിഞ്ഞു
കരുത്തുടനെ ജലം താനടൈത്തു
ഞാറിളക്കി വയൽ നട്ടവോം
നട്ടവുക്കടനെ കളയെടുപ്പോംമേ
പൊതിപിടിച്ചു കതിരാനാൽ
മാടവും കെട്ടിക്കാവൽ കിടപ്പോംമേ
പാലടൈത്തു കതിർ ചാഞ്ഞാൽ
അറുത്തുടൻ നാങ്കളിലവടിപ്പോംമേ
മൂന്നാംനാൾ കലൈയതിൽ
മാടൈട്ടപ്പിണച്ചു മൂടടിപ്പോംമേ
കൊമരിരുത്തും കതിർ നെല്ലും
കൊററയും വാങ്കി നാങ്കൾ നടപ്പോംമേ
ആടറുപ്പോം മാട്ടരിപ്പോം
മാടൈട്ടയറുത്തു നാങ്കൾ കറിചമപ്പോം.

---

# ഗണപതിസ്തുതി.

---

ആറുമുകവനും ഗണപതിയും
കാനകത്തുനിന്നു കളിച്ചനാളിൽ
അന്നു കട്ടരാഹം പെരുതായിട്ടു

തെററിവനത്തോടി ഏറങ്ങീയതൊ
തെററിപ്പഴങ്ങളുമിറുത്തു തിന്നു
കദളിവനത്തോടി ഏറങ്ങീയതോ
കദളി കനികളുമിറുത്തു തിന്നു
തിന്നതിലൊരുകനി അധികംവന്നു
വളർ മടിക്കുവച്ചു തെറുത്തുകൊണ്ടു
ആറുമുകവനും ഗണപതിയും
തമ്മിലിരുവരും വഴിനടന്നു
കുട്ടുവഴിദൂരം ചെന്നൊരുനേരം
അപ്പഴത്തിൻെറയൊരു രുചിയെപ്പററി
തമ്മിലിരുവരും പിടിയും പെട്ടു
ഗണപതിയെത്തള്ളിയടിയിലിട്ടു
ഗണപതി തൻെറയൊരു വലം കൊമ്പല്ലൊ
ഇരുമുറിയായപ്പോൾ മുറിഞ്ഞേ പോയി
ഒററ മുറി കൈയിലെടുത്തും കൊണ്ടു്
അച്ഛൻ തിരുമുമ്പിലന്യായമായ്
ആറുമുകവനും ഗണപതിയും
കാനകത്തു നിന്നു കളിച്ച നാളിൽ
ഇക്കുറവു ഞാനോ തീപ്പ്തുമൊണ്ടു്
മറുകുറവു ഞാനോ തീപ്പ്തുമൊണ്ടു്
വെള്ളിയാഴ്ച വെള്ളി വെളുക്കുമ്മുമ്പേ
ആതികതിരവനുതിക്കും മുമ്പേ
ചംകം മണലാട്ടും കടപ്പുറത്തു്
പുങ്കം പുനരാട്ടും തിരയരികിൽ
ഏഴു തിരയ്ക്കോട്ടിങ്ങിപ്പുറമതോ
കരിങ്കല്ലു തൻെറ കളത്തും മൂട്ടിൽ
നിങ്ങളിരുവരും വന്നിട കൊൾവിൻ
ഇടി ഇടത്തേന പൊടിയവലു്
ഇതുമുടനെ നിങ്ങളെടുപ്പിച്ചിട്ടു്
പൂരി പൊരുത്തന പൊരിമലരു്

അഴകൊട്ട വിരവിനാലെ എടുപ്പിച്ചതോ
ചൊന്തെങ്ങിലെ യിളം ചെംകുരുമ്പയും
ചെത്തി ച്ചിത്രമാക്കി ച്ചുമട്ട കെട്ടി
വരിക്കച്ചക്കതന്റെ ചുളയുമെല്ലാം
അഴകൊട്ട വിരവിനാലെ എടുപ്പിച്ചതൊ
ചിങ്ങൻ കതളി യിക്കനികളെല്ലാം
അഴകൊട്ട വിരവിനാലെ എടുപ്പിച്ചതോ
വെള്ളിയാഴ്ച വെള്ളി വെളുക്കും മുമ്പേ
ആതിച്ച പകവാനങ്ങുതിക്കും മുമ്പേ
ചംകം മണലാട്ടും കടപ്പുറത്ത്
അവരങ്ങിരുവരും ചെന്നിടകൊണ്ട
വെള്ളിക്കിണ്ടിയിലെ നീരെടുത്തല്ലൊ
നേരു കിഴക്കായി നിലയും നിന്നു
ചെങ്കീരാലി തന്റെ ചാണകം കൊണ്ട
വട്ടമെഴുക്കലും മെഴുകിയതോ
ചിങ്ങൻ വാഴയില നേർ കിഴക്കായിട്ട്
വെള്ളിവിളക്കും പോൻ വിളക്കും വെച്ച
ചെല്ലച്ചെറനാഴി നിറ പറ വെച്ച്
ഗണപതിക്കും പിന്നെ യറുമുകനും
ഈടീയിടത്തേന പൊടിയവല്ല്
കുന്നുപോലെ കൊണ്ട കുമിത്താനപ്പോൾ
പോരി പൊരുത്താന പൊരിമലര്
കുന്നുപോലെ കൊണ്ട കുമിത്താനപ്പോൾ
ചെന്തെങ്ങിലിളം ചെങ്കുരുമ്പ ചെത്തി
ചിത്രമാക്കി നിരത്തി നല്ല വരിക്കച്ചക്ക
ച്ചുള കുന്നുപോലെ കൊണ്ട കുമിത്താനപ്പോൾ
ചിങ്ങൻ കനി നല്ല കദളിക്കനിയും
കുന്നുപോലെ കൊണ്ട കുമിത്താനപ്പോൾ
ആറുമുകവനും ഗണപതിയും
കണ്ട കൊൾവിൻ നിങ്ങളുണ്ടുകൊൾവിൻ

കണ്ടതില്ല ഞങ്ങളു ണ്ടതുമില്ല
പൈതാകങ്ങളൊന്നും പോയതുമില്ല
അച്ഛനാക്ക നേർച്ച തരുന്ന പോലെ
ഞങ്ങൾക്ക നേർച്ചയെല്ലാം തരികവേണം
കടലിന്ന തുല്യമായ വയറുണ്ടായാൽ
മാനിടരെന്തു തരും നിങ്ങൾക്കെന്നും
ഏഴു പൊരിമലർ ജപിച്ചെടുത്തു്
ഗണപതിയുടെ വായിൽ പോടീയതോ
അപ്പോൾ പ്പറയുന്നു ഗണപതിയും
കണ്ടതുണ്ടു ഞങ്ങളുണ്ടതുമൊണ്ടു്
പൈതാകങ്ങളെല്ലാം പോയതുമൊണ്ടു്
അപ്പേർപ്പെട്ടു പൊന്നും ഗണപതി തൻ
അടിമലരു രണ്ടുമടിയൻ | കുപ്പി

---

## പുലർകാലപ്പാട്ട് (പാണൻപാട്ട്)

---

ഈ നാട്ടിന്റെ നാനാഭാഗങ്ങളിലും താമസിച്ചുവരു ന്ന പാണന്മാർ അവരുടെ സമീപസ്ഥലങ്ങളിലുള്ള വീടുക ളിൽ അർദ്ധരാത്രിക്കു ശേഷം ചെന്നു് ഈ പാട്ടുപാടി കിട്ടുന്ന ആദായം സ്വീകരിച്ചു വരുന്നു. ഈ പാട്ടു രാത്രികാലങ്ങളി ലല്ലാതെ പാടിക്കൂടായെന്നും എഴുതി പഠിച്ചുകൂടായെന്നും പുരുഷൻതനിച്ചുപോയി പാടരുതെന്നും, ഓരോവീടുകളിൽ ചെന്നാൽ അവിടുള്ള ആളുകളെവിളിച്ചു് ഉണർത്താൻപാടി ല്ലെന്നും, ഏഴുവീടുകളിൽ അധികം ഒരേദിവസം പൊയ്ക്കൂടാ യെന്നും ആവീടുകളിൽനിന്നുകിട്ടുന്ന ആദായംകൊണ്ടു നിത്യ

വൃത്തി കഴിച്ച യാതൊന്നും ഇല്ലാതായതിൻെറ ശേഷമല്ലാതെ പാടാവുന്നതല്ലെന്നും മററും ചിലനിർബ്ബന്ധങ്ങളുണ്ട്. പാണനും പാണത്തിയും കൂടിയാണ പാടാൻ പോകുന്നതു്. വീടുകളിൽ ചെന്നാൽ പറകൊട്ടിയും മുരടനക്കിയും ആളുകളെ ഉണൎത്തുന്നു. പാണൻ ജാതിയിൽ ജനിച്ച്, ശിവഭക്തനായി തിരുവണ്ണാമല എന്നൊരു സ്ഥലത്തു പാൎത്തിരുന്ന തിരുവരങ്കൻ എന്നൊരാൾക്കു ഭഗവാൻ ശ്രീപരമേശ്വരൻ ഒരു വരം കൊടുത്തതിനെ അടിസ്ഥാനമാക്കിയാണ തിരുവരങ്കൻെറ സന്തതികളായ പാണന്മാർ ഈ പാട്ടു പാടി കാലക്ഷേപം ചെയ്തുവരുന്നതു്. പാണന്മാർ ഇപ്പോൾ, തയ്യൽ, നെയ്ത്തു, കുടകെട്ടു മുതലായ തൊഴിലുകൾ ചെയ്തുവരുന്നുണ്ടെങ്കിലും, ഈ പാട്ടുപാടി ഉപജീവിക്കണമെന്നാണ് അവരുടെ ഇടയിലുള്ള വിശ്വാസം.

ശനിപ്പിഴ നിമിത്തം ഭഗവാൻ ശ്രീപരമേശ്വരനും ശ്രീപാൎവ്വതിയുംകൂടി പന്തീരാണ്ടു ഭിക്ഷയെടുത്തു നടന്നു. അക്കാലത്ത് ഭഗവാനും ഭഗവതിയുംകൂടെ വട്ടമണിയമ്പലത്തിൽ ഇരുന്നു ചൂതു കളിച്ചു.

> "അഷ്ടമത്തിൽ ശനിപിഴച്ചു
> ഭിക്ഷ യേൾക്കാനിറങ്ങി ഭഗവാൻ
> ഭഗവാനും ശ്രീപാൎവ്വതിയും
> പിടിച്ചു ഭിക്ഷ പന്തീരാണ്ടു"

ചൂതുകളി കാണുന്നതിനു ദേവന്മാർ, യക്ഷന്മാർ, ഗന്ധൎവ്വന്മാർ, മുതലായവർ വട്ടമണിയമ്പലത്തിൽ ചെന്നു.

ആ കൂട്ടത്തിൽ തിരുവണ്ണാമലയിൽ നിന്നു നമ്മുടെ തിരുവരങ്കനും അവിടെ എത്തി............ഭഗവാനും ഭഗവതിയും കൂടെ ചൂതുകളിച്ചതിൽ

"പിറെറന്നാളുദയത്തിനു
തോററുപോയി ഭഗവാനു
കണ്ടു നിന്ന തിരുവരങ്കൻ,
കയ്യടിച്ചു ചിരിച്ചുകൊണ്ടു
പെണ്ണോടെ തോററ സ്വാമി,
ആരോടെ ജയിക്കുമെന്നു"

തിരുവരങ്കൻ ആക്ഷേപമായി പറഞ്ഞതു കേട്ടു

"തിരുകോപമെ സഹിക്കരുതാഞ്ഞു
ചൂതുവാരി നിലത്തടിച്ചു
അച്ചൂതേലൊന്നുചെന്നു
തിരുവരങ്കൻ മെയ്യിലേററു
ഏററുകൊണ്ടു മണ്ടു വീണു
ഭൂമിതന്നിലഭയമുററു"

ഉടനെ ശ്രീപാർവ്വതി തിരുവരങ്കൻെറ ശരീരത്തിൽ ജലം തളിച്ചു തിരുവരങ്കനെ എഴുന്നീല്പിച്ചു. തിരുവരങ്കൻ ശ്രീപാർവ്വതിയുടെ കക്ഷിപിടിച്ചു പറഞ്ഞതുതന്നെ ആ ദേവിക്ക് ആനന്ദകരമായിരുന്നിരിക്കുമല്ലൊ. അല്ലെങ്കിൽ ഭർത്താവിൻെറ അപരാധത്തിനു സമാധാനമുണ്ടാക്കേണ്ട ചുമതലയും ഭാര്യക്കുണ്ട്. എങ്ങനെയായാലും തിരുവരങ്കനെ രക്ഷിച്ചു. തിരുവരങ്കൻ എഴുന്നീററിരുന്നായുടനെ ഭഗവാനെ ശപിക്കയാണുണ്ടായതു്.

"ഇന്നെന്നെ എറിഞ്ഞ ഭഗവാൻ
നാളെയാരേം യെറിയരുതു്

എന്നവന്ന് ശാപമിട്ടു
അന്നു പോയി തിരുവണ്ണാമല്യ''

ഈ ശാപമേററു ഭഗവാന്ന് അന്നുമുതൽ ആലസ്യം ആരംഭിച്ചു. ആലസ്യശാന്തിക്കായി വേലപ്പണിക്കർ കണിക്കിടാവു മുതലായി പലരെ വരുത്തി മന്ത്രവാദവും ചികത്സയും കഴിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. പിന്നീട് തിരുവരങ്കനെ വിളിച്ചുകൊണ്ടുവരുന്നതിനായി കട്ടകമ്മതൻ എന്നൊരു ഭൃതനെ തിരുവണ്ണാമലയ്ക്കു് അയച്ചു. കട്ടകമ്മതൻ പോയ വഴിയെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

''തൻപടിയതു കഴിഞ്ഞു,
മറപടിയുടൻ കഴിഞ്ഞു
പച്ചമലയതുകഴിഞ്ഞു,
പവിഴമലയുടൻ കഴിഞ്ഞു
ഉച്ചിക്കുന്നു മലകഴിഞ്ഞു,
വട്ടപ്പാറമല കഴിഞ്ഞു
ഉറുമ്പിനുമെ ഇഴയരുതാത്ത
ഉയിരുയന്ത മല കഴിഞ്ഞു
പരുന്തിനുമേപറക്കരുതാത്ത,
പ്പാറയന്തുമല കഴിഞ്ഞു
നാഗങ്ങളോം കുടികൊള്ളുന്ന,
നാഗേന്ദ്ര മല കഴിഞ്ഞു
ഭൂതങ്ങളോം കുടികൊള്ളുന്ന,
പുതിയ ചോല മല കഴിഞ്ഞു
ആനകളോം ചരിഞ്ഞുറങ്ങും
അടവിയന്ന മല കഴിഞ്ഞു
കുതിരനിന്നു കൂത്താടുന്ന
ഗുവടിയെന്ന മല കഴിഞ്ഞു

ഓടിയുമേ ഉഴറിമെല്ലെ,
തിരുവണ്ണാം മലക്ക ചെന്നു . . . . . .

അനന്തരം കടുകദ്ദുതൻ തിരുവരങ്കനെക്കണ്ടു ഭഗവാന്റെ ആലസ്യത്തെപ്പററിപ്പറഞ്ഞു മനസ്സിലാക്കി. കടുകദ്ദുതനും തിരുവരങ്കനും തിരുവരങ്കന്റെ "പൂമങ്കത്തള്ളയാരും" കൂടി പുറപ്പെട്ടു ഭഗവത്സന്നിധാനത്തിലെത്തി.

"മുമ്പാകെ കടുകദ്ദുതൻ,
അതിൻപിറകെ തിരുവരങ്കൻ
ഒള്ളേലിപ്പുറകുപററി
പൂമങ്കത്തള്ളയാരു"

ഈ ക്രമത്തിനാണ് അവർ പോയതു്. ഭഗവാനെക്കണ്ടു് ആലസ്യം ഭേദമാക്കിയപ്പോൾ ഭഗവാൻ സന്തുഷ്ടചിത്തനായി തിരുവരങ്കന് എന്തുവരമാണ് വേണ്ടതെന്നു ചോദിച്ചു

"എന്നത്താൻ പുലത്തിയവനു
ഞാനെന്തും വരംതരുന്നു,
ഞാനേറിക്കളിക്കുന്ന,
മദയാനെ തരട്ടിതോടം
ആനയേറാൻ രാജാവല്ല,
കുതിരയേറാൻ മന്തിരിയല്ല
അങ്കങ്ങളെ തരട്ടിതോടം,
പൃങ്കങ്ങളെത്തരട്ടിതോടം
ആയതൊന്നും അടിയനു വേണ്ടാ,
അഴകുള്ള തമ്പുരാനെ"

ആനെ വിലയേറിയ പലവരങ്ങൾ കൊടുക്കാമെന്നു ഭഗവാൻ അരുളിച്ചെയ്തതിനെ എല്ലാം തിരുവരങ്കർ വേണ്ടെന്നുവച്ചു. ഏതെങ്കിലും ഒരു "എളിയ വരം" മതിയെന്നു

ണു തിരുവരങ്കൻ ഭഗവാനോടറിയിച്ചതു്. അപ്പോൾ ഭഗവാൻ ഇപ്രകാരം അരുളിച്ചെയ്തു.

“ഏതുമൊന്നുമില്ലാത്ത നാം,
ദ്ദേഴവീടെ തുകലൊണർത്തുക
എന്നെത്താൻ നിനപ്പവരെം,
വിളക്കടനെ കൊളത്തുമെടം
ഞാനറിയാ മഹാപാപികൾ,
പടിയടച്ചു വിലക്കമെടം
വിലക്കുന്ന, വീട്ടിലെങ്ങും,
മറന്നവിടെ പാടരുതു്”

ഇങ്ങനെ ശിവഭക്തന്മാരുടെ വീടുകളിൽ പോയി പാട്ടുപാടിയാൽ ഉടനെ പത്തായം തുറന്നു് അവരവിത്തു, ഉപ്പു, മുളക, നാളികേരം, ഉള്ളി, മഞ്ഞൾ, മുതലായി ഭക്ഷണത്തിനുവേണ്ട സകല സാമാനങ്ങളും നിനക്കു തരും എന്നുകൂടി ഭഗവാൻ അരുളിച്ചെയ്തശേഷം

“ഈ വരമെതന്നിതേടാ, നിനക്കും നിൻെറ സന്തതിക്കും” എന്നു പറഞ്ഞു പസാനിപ്പിക്കുന്നു. ഈ കല്പനയനുസരിച്ചാണു് ഇന്നും പാണന്മാർ പുലർകാലപ്പാട്ടു പാടുന്നതു്. പാട്ടിൻെറ അവസാനഘട്ടത്തിൽ ഇപ്രകാരംകാണുന്നു.

“അന്നുതന്ന കല്പനയാലെ,
ഇന്നടിയൻ നാവു പാടുക
പകലെന്നെ സ്തുതിക്കരുതു്,
കാരോലൽ വരയ്ക്കരുതു്
വിളിച്ചുണർത്തിപ്പാടരുതു്,
യാത്രചൊല്ലി പ്പോകരുതു്
നാരായണാ തുകിലൊണരുക,
നല്ലൊരുളെ തുകിലൊണരുക”

# കുറവൻപാട്ട്.

ഈ പാട്ടുകളിപ്പോൾ സാധാരണ ഉപയോഗിക്കുന്നതു വാലന്മാരാകുന്നു. വാലന്മാർ വള്ളത്തിൽ കയറി തണ്ടു വലിക്കുമ്പോൾ ഈ പാട്ടു പാടുന്നതു് അവൎക്കു് ഏററവും ആഹ്ലാദജനകമാണു്. ഈ പാട്ടു നല്ലപാട്ടുകാരായ വാലന്മാർ കൂട്ടംകൂടി പാടുന്നതു കേട്ടാൽ വളരെ മനോഹരമായിരിക്കും. തന്റെ ഭാൎയ്യയിൽ ജാരസംസൎഗ്ഗത്തെ ശങ്കിച്ചു് അവളോടു കുറവൻ ചില ചോദ്യങ്ങൾ ചോദിക്കുന്നതിനു രസികത്തിയായ കുറത്തി ഓരോ സമാധാനം പറഞ്ഞു കുറവനെ സമ്മതിപ്പിക്കുന്നഘട്ടമാണു താഴെക്കാണിക്കുന്നതു്. ഇതിൽ നിന്നും ഈ ജാതിക്കാരെപ്പററി പല കാൎയ്യങ്ങളും മനസ്സിലാക്കാവുന്നതാണു്.

"ചീമിത്തിരുകിയ പീലിത്തലമുടി
എങ്ങനലിഞ്ഞിതെടീ കുറത്തീ
ഇല്ലില്ലംകാവിലെരിപ്പിക്കപോയപ്പോൾ
മുള്ളാലലിഞ്ഞിതെടാ കുറവാ
ഞാനിതൊന്നും മറിമായമറിഞ്ഞില്ലേ
പഞ്ചവൎണ്ണക്കിളിയെ കുറത്തി
പഞ്ചവൎണ്ണക്കിളിയെന്നെന്നെച്ചൊല്ലിയാൽ
പാപം പലതുണ്ടെടാ കുറവാ
നെററിക്കു തൊട്ടൊരു ചന്ദ്രവൎണ്ണക്കുറി
എങ്ങനെ പോച്ചിതെടീ കുറത്തി
വഴിയേറെ നടന്നിട്ടും വെയിലേറെക്കൊണ്ടിട്ടും
വിയൎപ്പാലെ പൊച്ചിതെടാ കുറവാ,
ഞാനിതൊന്നും മറിമായമറിഞ്ഞില്ലേ

## വന്നൂർ

പഞ്ചവർണ്ണക്കിളിയെ കുറത്തി
പഞ്ചവർണ്ണക്കിളിയെന്നെന്നെ ചൊല്ലിയാൽ
പാപം പലതുമുണ്ടടാ കുറവാ
മൂക്കേക്കിടന്നൊരു മൂക്കാണി മൂക്കത്തി
എങ്ങനെ പോച്ചിതെടീ കുറത്തി
മൊന്തയിൽ നീർ വെള്ളം മൊന്തിക്കുടിച്ചപ്പം
അങ്ങനെ പോച്ചിതെടാ കുറവാ
ചുണ്ടപ്പഴം പോലിരുന്നൊരു ചുണ്ടിന്റെ
ശോഭ കുറഞ്ഞിതെന്തേ കുറത്തി
അമ്പുററ വീട്ടിലെ ശർക്കര മാവേലെ
മാങ്ങാ കടിച്ചീതെടാ കുറവാ
കഴുത്തേക്കിടന്നൊരു കനകവളമുത്തു
എങ്ങനെ പോച്ചിതെടീ കുറത്തി
കാട്ടിക്കുരക്കുററി ചുററിപ്പിഴുതപ്പം
പൊട്ടിച്ചു പോച്ചിതെടാ കുറവാ
ചെപ്പു പതിച്ചൊരു കുത്തുമുല രണ്ടു
മേവനലച്ചിതെടീ കുറത്തി
അമ്പുററ വീട്ടിലെ പൈതൽ കരഞ്ഞപ്പം
പാല്യ കൊടുത്തിതെടാ കുറവാ
ആലില പോലെ കിടന്നൊരണിവയ-
റെങ്ങനലഞ്ഞിതെടീ കുറത്തി
കാലത്തെഴുനീററു വെള്ളപ്പഴങ്കഞ്ഞി
കുടിക്കാഞ്ഞിട്ടല്ലയൊടാ കുറവാ
കാലേ കിടന്നൊരു കനകവളത്തണ്ടു
എങ്ങനെ പോച്ചിതെടീ കുറത്തി
കല്ലുള്ള നാട്ടിൽ കടുകെ നടന്നപ്പോൾ
കല്ലാലേ പോച്ചിതെടാ കുറവാ

മുന്തിയുടുത്തോരു ചോകം പുടവയും
മാറീട്ടുകാണുന്നിതോടീ കുറത്തി
മുന്തിയുടുത്തിട്ടു ചന്തം വരാഞ്ഞിട്ടു
മാറിയുടുത്തേനെടാ കുറവാ
ഞാനിതൊന്നും മറിമായമറിഞ്ഞില്ലേ.
പഞ്ചവൎണ്ണക്കിളിയെ കുറത്തീ
പഞ്ചവൎണ്ണക്കിളിയെന്നെന്നെച്ചൊല്ലിയാൽ
പാപം പലതുണ്ടെടാ കുറവാ.

---

# വാലൻപാട്ട്.

---

ഈ പാട്ട് വാലന്മാർ തണ്ടുപിടിക്കുമ്പോൾ പാടുന്നതാകുന്നു.

"റാകിപ്പറക്കുന്ന ചെമ്പരുന്തെ
നീയുണ്ടോ മാമാങ്ക വേല കണ്ടു
വേലയും കണ്ടു വിളക്കും കണ്ടു
കടലിത്തിര കണ്ടു കപ്പൽ കണ്ടു
കടലിച്ചാഞ്ചാഞ്ഞ കരിന്തെങ്ങിന്മേൽ
കുടന്തലുമുണ്ടു കടന്തക്കൂടുണ്ടു
കടന്തൽ പിടിപ്പാൻ വിരുതാക്കൊള്ളു.
തച്ചുള്ള വീട്ടിൽ രണ്ടു പിള്ളേരുണ്ടു
പിള്ളേരെ വിളിപ്പാൻ രണ്ടാളയച്ചു
പിള്ളേരും വന്നു പോയാളും വന്നു
പട്ടുമുടുത്തു പണിത്തൊപ്പിയിട്ടു
ഈക്കിക്കരയനും തോൾമേലണിഞ്ഞു
കടന്തൽ പിടിച്ചവരു കൂട്ടിലിട്ടു
ഇളയ തുലുക്കനു കാഴ്ച വെച്ചു
ഇളയ തുലുക്കൻ തുറന്നൊന്നു പാൎത്ത

ഇളയ തുലുക്കൻെറ മൂക്കേലും കുത്തി
കൊണ്ടുപോം പിള്ളരെ യിവിടെ വേണ്ടാ
നമ്മുടെ തമ്പുരാൻ തിരുവിതാംകോട്ടെ
തൃക്കെ വിളയാടിയൊരു പട്ടം കിട്ടി
പട്ടം മടക്കി മടിമേൽ വെച്ചു . . . . . .

കല്ലിനിടവഴിയും കാഞ്ഞിരക്കുററിയും കടന്തൽക്കൂട്ടം തിരുവാറന്മുളഭഗവാനും ഉള്ളപ്പോൾ തിരുവാറന്മുളകയറുകയില്ലെന്നു തുലുക്കൻ സത്യംചെയ്തിട്ടുള്ളതായി ഒരു ഐതിഹ്യം ഉണ്ടു്. അക്കാലത്തുണ്ടായ പാട്ടല്ലയോ ഇതു്.

---

## സന്ദേശവും, വീരവാദവും.

---

"നെല്പന്തി മേലററം കൊത്തും തത്തെ
നീയുണ്ടോ കുടമാളൂർ കോട്ട കണ്ടു ;
കോട്ടയും കണ്ടു മതിലും കണ്ടു.
കോട്ടയ്ക്കകത്തു വടക്കേക്കെട്ടിൽ
അമ്മ തമ്പുരാട്ടിയെ കൂടെക്കണ്ടു.

. . . . . . . . . . . . . . . . . . . . . . . . . . .

ആന പറക്കട്ടെ ആകാശം താഴട്ടെ
ആഴിക്കടലൊരു കുളമാകട്ടെ
പൂച്ച പറക്കട്ടെ പുരുഷൻ പെണ്ണാകട്ടെ
പൂച്ചക്കിടാവൊരു പുലിയാകട്ടെ
പന്തൊന്നു? താഴട്ടെ പടിഞ്ഞാറുദിക്കട്ടെ
പാതിരാനേരം പകലാകട്ടെ
ചെപ്പു? പതിക്കട്ടെ ചെമ്പിരുമ്പാകട്ടെ
ചെമ്പകശ്ശേരിയോടു നേരിടുവാൻ"

ദിഗ്വിജയോദ്യുക്തനായ മാർത്താണ്ഡവർമ്മ മഹാരാജാവു കായംകുളത്തെ നിരോധിച്ചു കീഴടക്കിയശേഷം ചെമ്പകശ്ശേരിയെ ആക്രമിക്കാൻ ഒരുങ്ങി. ചെമ്പകശ്ശേരി രാജകുടുംബത്തിലെ സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെട്ട മററംഗങ്ങളുടെ നിവാസം കുടമാളൂർ എന്ന സ്ഥലത്തായിരുന്നു.

ഈ പ്രദേശം വേമ്പനാട്ടുകായലിനു കിഴക്ക് ഏററുമാന്തർ താലൂക്കിൽ ചേർന്നതാണ്. ഈ കായലിനു തെക്കുപടിഞ്ഞാറാണല്ലൊ ചെമ്പകശ്ശേരി. ഇതു തെക്കുംകൂർ വടക്കുംകൂർ ഈ രണ്ടുരാജ്യങ്ങളുമായി പണ്ടുപണ്ടേ മൈത്രീബന്ധത്താൽ സുഘടിതമായിരുന്നു. കുടമാളൂർ വടക്കുംകൂറിന്റേയും തെക്കുംകൂറിന്റേയും സംയുക്തബലംകൊണ്ടു സുരക്ഷിതവും ചെമ്പകശ്ശേരി രാജാക്കന്മാരുടെ മൂലകുടുംബസ്ഥാനവുമായിരുന്നതിനാൽ രണഭീതിനിമിത്തം പ്രവിചലിതമായിരുന്ന കാലത്തു പ്രാകാരപരിവൃതമായ കുടമാളൂർകൊട്ടാരത്തിലേക്ക് എഴുന്നള്ളി വിവരമന്വേഷിക്കുന്നതിനിടയാകാതെ ചെമ്പകനാട്ടധിപൻ ആക്രമണഭയവും വിപ്രയോഗദുഃഖവും കൊണ്ടു ക്ഷോഭാധീനനായി ദിവസങ്ങൾ തള്ളിക്കഴിച്ചു.

ആയിടയ്ക്കാണു "നെല്പന്തിമേലററം കൊത്തും തത്തയെ" കുടമാളൂർ കോട്ടയിലേയ്ക്കയക്കുന്നത്. കിളിയെക്കൊണ്ടു കഥ പറയിക്കുന്ന ഏർപ്പാടു കേരളഭാഷയിൽ ആദ്യമായി സ്ഥാപിച്ചതു തുഞ്ചനാണെന്നു നാം ധരിച്ചിട്ടുള്ളതുപോലെ വിരഹാകുലരായ ദമ്പതിമാരുടെ സന്ദേശങ്ങൾ വഹിക്കാൻ തിര്യക്കുകളെ ചുമതലപ്പെടുത്തിത്തുടങ്ങിയതു കാളിദാ

സൻ, ലക്ഷ്മീദാസൻ മുതലായ പ്രാചീന കവികളാണെന്നും നമുക്കറിവുണ്ട്. എന്നാൽ ഇക്കാലത്താകട്ടെ പരിഷ്കാരം കേറിമറിഞ്ഞു കവികളോടു കഥപറയാൻ കഴുതയും കാണ്ടാമൃഗവും കാട്ടുപൂച്ചയും വിരഹികളുടെ സന്ദേശം വഹിക്കാൻ ചുക്കും ചുണ്ണാമ്പും, ചൂരക്കോലും ഒരുങ്ങിയിറങ്ങിയിരിക്കുന്നതും നാം കാണുന്നുവല്ലൊ.

തുഞ്ചത്തു കവി അദ്ദേഹത്തിൻെറ "താർമകൾക്കന്പുള്ള തത്തയ്ക്കു" പാലും ശക്കരയും കദളിപ്പഴവുംകൊടുത്തു. അതുകൊണ്ടുതന്നെ "സകല ശുകകുലവിമലതിലകിതകളേബര"യായ ആ സാരസ്യ പീയൂഷസാരസർവ്വസ്വം തൃപ്തിപ്പെട്ടു നമ്മുടെ കവികളാകട്ടെ അവരുടെ ആജ്ഞ അനുസരിക്കുന്ന കിളിക്കുഞ്ഞുങ്ങൾക്ക് ആമവടയും, ലാഡുവും, റൊട്ടിയും മിഠായിയും ലമനേഡും കൊടുത്തശേഷം ചാരുകസേരയിലിരുത്തി സെല്യൂട്ടുചെയ്താലും അവ സംതൃപ്തിയെ പ്രാപിക്കുന്നില്ലെന്ന് ഇക്കാലത്തെ കവിതാവിഷയത്തിലുള്ള അത്ഭുതപ്രയോഗങ്ങൾ വെളിപ്പെടുത്തുന്നു. ഹാ! കവിതാദേവതേ! പ്രകൃതിയാൽ ആജ്ഞപ്തമായ പരിവത്തനത്തിനു നീ മാത്രം അധീനയാകാതെ പിന്മാറി നില്ക്കയാണോ? ഇല്ല. പരിവത്തനാധീനയായതുകൊണ്ടായിരിക്കണമല്ലൊ സാക്ഷാൽ കവിതയ്ക്ക് ഇത്ര ശോച്യയായ അവസ്ഥ നേരിടേണ്ടിവന്നതു്.

പ്രകൃതത്തിൽ പ്രവേശിക്കാം. പാടത്തിൽവിളഞ്ഞുകിടക്കുന്ന നെൽപ്പന്തിയുടെ മേലററം, അതാവിതു കതിർക്കുല കൊത്തുന്ന തത്ത ചെമ്പകശ്ശേരി രാജാവിൻെറ കല്പന

പ്രകാരം വേമ്പനാട്ടുകായലിൻെറ തെക്കുപടിഞ്ഞാറു ചെമ്പകനാട്ടിൽനിന്നു വടക്കുകിഴക്കായിപ്പുറന്നു കുടമാളൂർ എന്ന സ്ഥലത്തെത്തുന്നു. അവിടെ ചെന്നു ചേൎന്നശേഷം ആ ദേശത്തെ സംരക്ഷിക്കുന്ന കോട്ടയും മതിലുകളും കണ്ടു് അവിടം നിർബ്ബാധമായിരിക്കുന്നുവെന്നു ഗ്രഹിക്കുന്നു. പിന്നീടു കോട്ടയ്ക്കകത്തു പ്രവേശിച്ചു വടക്കേക്കെട്ടിൽ എഴുന്നെള്ളിത്താമസിക്കുന്ന അമ്മ തമ്പുരാട്ടിയെകാണുന്നു. ഇതു് യാത്രോദ്ദേശ്യത്തിൽ ചേൎന്നതായിരുന്നില്ലെങ്കിലും കാൎയ്യകുശലതയുടേയും ഔചിത്യജ്ഞാനത്തിൻെറയും ഉത്തമ ലക്ഷ്യമായി സ്വീകരിക്കേണ്ടിവരുന്നു. സീതാദേവിയെ തിരഞ്ഞറിയാൻപോയ ഹനുമാൻ രാവണനെ സന്ദൎശിച്ചതും ഉദ്യാനം ഭഞ്ജിച്ചതും ആ വാനരത്താൻെറ ഉചിതമായ മനോധൎമ്മവ്യാപാരത്തിൻെറ ഫലമല്ലയോ ?

തത്തയാകട്ടെ കുടമാളൂരിൽ കണ്ടകഥ രാജാവിനെ അറിയിച്ചു കൃതാൎത്ഥനാക്കിയ ശേഷം ഒരു വീരവാദ പ്രകടനംകൊണ്ടു് അദ്ദേഹത്തെ അത്യാനന്ദപയോരാശിയിലെ തരളകല്ലോലമാലകളിൽ ആറാടിക്കുന്നു. ചെമ്പകശ്ശേരിയോടു നേരിടാൻ ആൎക്കും സാദ്ധ്യമല്ലപോൽ. ഈശ്വരശക്തിക്കധീനങ്ങളായവയെല്ലാം ആ ശക്തിയെ അതിലംഘിച്ചു വ്യാപരിച്ചാൽ മാത്രമേ ഈ ആക്രമണത്തിനു ന്യായമുള്ളുവത്രെ. അങ്ങനെ വ്യാപരിക്കയെന്നതു സംഭാവ്യവുമല്ലല്ലൊ. ഈ വീരവാദം ലോകത്തിലടങ്ങാത്ത ആത്മസ്തുതിയും അപരനിന്ദയും നിറഞ്ഞു കവിയുന്ന കഥകളിയിലെ പോരിനു വിളിയേപ്പോലും അതിശയിക്കുന്നുണ്ടു്. ചെമ്പകശ്ശേരിയുടെ അ

നന്തരഗതി ഉത്തരോചിതമായ ഈ വൃഥാവീരവാദത്തോട് എത്രത്തോളം യോജിച്ചുവെന്നു തിരുവിതാംകോട്ടുചരിത്രം വെളിപ്പെടുത്തുമല്ലൊ.

---

# ആദികേശവസ്തുതി.

---

ആദിത്യവമ്മരാജാവും അനന്തിരവരായ അഞ്ചുതമ്പുരാക്കന്മാരും അന്തരിച്ചശേഷം വേണാട്ടുരാജ്യഭാരത്താൽ നമ്രശിരസ്കയായ ഉമയമ്മറാണി തന്നാട്ടു ശത്രുക്കളെ ഭയന്നു നെടുമങ്ങാട്ടു മല്ലൻതമ്പുരാൻ കോയിക്കൽ എഴുന്നെള്ളിത്താമസിച്ചു. ആയവസരത്തിൽ വൻപടക്കൂട്ടി നാടിളക്കി നാനാദിക്കും മുഴക്കി കൊള്ളചെയ്തു കുബേരനാകാൻ വട്ടംക്കൂട്ടി സ്വയം പട്ടം കെട്ടിസ്സഞ്ചരിച്ച മുകിലവീരൻ ആരുവാമൊഴി കടന്നു പടിഞ്ഞാറുനോക്കി നടന്നു. പലക്ഷേത്രങ്ങൾ പൊളിച്ചു മതിലുകളിടിച്ചു മണ്ഡപങ്ങൾ തകൎത്തു വിഗ്രഹങ്ങളുടച്ചു പൊന്നും പണവും വാരിക്കൊണ്ടു തിരുവനന്തപുരത്തെത്തി. എട്ടുവീട്ടിൽ പിള്ളമാരുടെ ചട്ടവട്ടങ്ങൾകൊണ്ടു നാഥനില്ലാതായ നാട്ടിലെ നായകനായി ചെങ്കോലുമുറപ്പിച്ചു ചുങ്കവും പിരിപ്പിച്ചു. ഈ തരുണത്തിൽ ശത്രുസംഹാരത്തിനായി റാണി വടക്കെമലയാളത്തിൽനിന്നു ക്ഷണിച്ചുവരുത്തിയ കേരളവമ്മരാജാവു പലെടങ്ങളിലും വച്ചു പടക്കൂട്ടി പടവെട്ടിയെങ്കിലും വിജയലാഭത്തിനു കാലസാമാന്യത്താൽ കാലതാമസമുള്ളതായിക്കണ്ടു തിരു

വട്ടാററു ആദികേശവക്ഷേത്രത്തിലെ മുഖമണ്ഡപത്തിൽ നിന്നുകൊണ്ടു ഭക്തിപരവശനായി ഭഗവാനെ സ്മരിച്ചു. അപ്പോൾ ഒരു സത്വം കുതിരപ്പുറത്തുകയറി കുറെദ്ദൂരംപോയശേഷം എവിടെയോ മറഞ്ഞുവെന്നു് അദ്ദേഹത്തിനുതോന്നി. ഇതു് ഈശ്വരസഹായത്തെ സൂചിപ്പിക്കുന്ന ശുഭലക്ഷ്യമായി കരുതി രാജാവു പടയ്ക്കു പുറപ്പെട്ടു. ശത്രുവിനെതട്ടുത്തും ഓടിച്ചും തിരുവട്ടാററിനടുത്ത അരുവിക്കര എന്ന സ്ഥലത്തു രണ്ടുഭാഗക്കാരുടേയും സൈന്യങ്ങൾ നിലയുറപ്പിച്ചു. പിന്നീടുണ്ടായ പോരിൽ മുകിലൻ തോററു കല്ലേറും കവിണേറും കൊണ്ടോടുമ്പോൾ അരികെയുണ്ടായിരുന്ന ഒരു മരത്തിന്മേൽനിന്നു് ഒരു കടന്നൽക്കൂടിളകി അയാളുടെ തലയിൽവീണു. അനന്തരം കടന്നൽപട മുകിലനോടെതിർത്തു് അയാളെ കൊന്നു. ഈ വിജയം ആദികേശവൻെറ അനുഗ്രഹഫലമാണെന്നു് അദ്ദേഹം ഊഹിച്ചു. കേരളീയഭാഷാകവിമുഖ്യനായ അവിടുന്നു പോരിനുപോകും മുമ്പെ മണ്ഡപത്തിൽ നിന്നുകൊണ്ടു് ഈശ്വരസ്തോത്രംചെയ്തതു് ഈ വിധമാണു്.

"അഹികുലവരശയന, രമാവര, മഹിതപദാംബുജ, നതപാതക
ദഹന, ജനാർദ്ദന, ദനുജാന്തക, ദരസരസിജധര, കരുണാകര,
അഹമഹമികയൊടു പൊരുവാൻ വരുമഹിതരെയുധി സപദിജയിപ്പതി-
നഹരഹരൊരു വരമരുളീടുക കേശിമഥന, നാഥ, തൊഴുന്നേൻ.
ആതങ്കം മനസിവളക്കും മാതംഗങ്ങളുമതിവേഗാൽ
ശ്രീതങ്കും പെരിയ തുരംഗമജാലങ്ങളൊടും ചേവുകരും
ഏത്തും ഭയമിയലാതേ വന്നേറിന മദമോടു പൊരുമ്പോൾ
നീ തന്നെ ജയിച്ചരുളീടുക കേശിമഥന, നാഥ, തൊഴുന്നേൻ
ഇടിനികരമൊടിടയും ഡിണ്ഡിമപടുനിനദമൊടിടയിട വെടിയും

പൊട്ടുപൊട്ടെ നിലവിളികളുമായുധമിടയുന്നൊരു ഝടഝടരവവും
ഝടിതികിളുന്നെഴ മൊരുപൊടിയും തടപിന പടയുടനെ തടുപ്പാൻ
അടിയനുയുധി പടുത തരേണം; കേശിമഥന, നാഥ, തൊഴുന്നേൻ
ഈഷൽ ചേതോ ബഹുമാനം ദ്വേഷിച്ചോരിയലാതേ യുധി
ദ്വേഷിച്ചീടുകയെന്നേവം ഭാഷിച്ച തിമിത്തിവേഗാൽ
ഘോഷിച്ചു വരുമ്പോളവരിഹ ശേഷിച്ചീടായ്വാൻ നിൻ കൃപ
പോഷിച്ചീടേണമതെന്നിൽ; കേശിമഥന, നാഥ, തൊഴുന്നേൻ.
ഉരുതരമായ്തെരുതെരെ നിതരാം വരുമൊരു വൻതിരകൾ കണക്കേ
ഒരുമ കലൎന്നരിവരനികരം പൊരുവതിനിഹ ചാടിവരുമ്പോൾ
കരബലമൊടു കരിപടവെട്ടി തുരുതുരെ മണ്ടിപ്പതിനായ് ഞാൻ
സരസിജദളനയന, മുരാരേ കേശിമഥന, നാഥ, തൊഴുന്നേൻ.
ഊക്കേറിന വൈരികൾ പോരിൽ കാൽക്കാണിയുമഴകൊടു പിന്നിൽ
പാക്കാതെ പുളച്ചിഹ നമ്മോടു പോക്കായി വളഞ്ഞു വരുമ്പോൾ
അൎക്കും തുരഗങ്ങൾക്കും ശരമാകം കെടുമാറേല്പിച്ചുയിർ
പോക്കാകേണം പുനരെന്നാൽ കേശിമഥന, നാഥ, തൊഴുന്നേൻ.
എളുതു ജയിപ്പതിനേവം മനതളിരിലുറച്ചരിവരനികരം
പ്രളയപയോനിധിസമമേററം ഘളഘളമോടിളകിവരുമ്പോൾ
തെളുതെളെവിലസും കരവാളാൽ ഗളതലമഥവെട്ടിമുറിപ്പാൻ
കളയരുതേ ചെറതിഹസമയം കേശിമഥന, നാഥ, തൊഴുന്നേൻ.
ഏറിന മോദത്തൊടു വാഹനമേറി മഹാബലമിയലുന്നവ-
ർക്കുറമദിച്ചഴകൊടു വന്നുടനേറിയുടൻ പടപൊരുമളവിൽ
ഏറംപടിവെന്നിവ യേററഴലേറെ മുറിഞ്ഞോടുവതിന്നായ്
ഏറി നിരന്തരമമ്പൊടു ഞാൻ കേശിമഥന, നാഥ, തൊഴുന്നേൻ.
ഹയ്യോ യെന്നഖിലജനാനാം തോന്നുംപടി തിങ്ങിമുഴങ്ങി
കൈയ്യൂക്കൊടു വന്നു വളഞ്ഞുടനെയ്യുന്നൊരു വൈരികൾ പോരിൽ
കൈയ്യും കാലും ഗളതലവും ചെവ്വോടു മുറിച്ചെറിവാൻ കൃപ
ചെയ്യേണം സപദി വിഭോ, മയി കേശിമഥന, നാഥ തൊഴുന്നേൻ.
ഒരുവൻകടൽ തിരവന്നതുപോൽ അരിതൻകുലമഴകൊടുകണ്ടി-
ട്ടുരുസങ്കടമൊടു ജനമെല്ലാം പെരുകും ഭയമൊടു മണ്ടുമ്പോൾ
കരിസംഘവുമഴകൊടുകണ്ടിക്കരയുംപടി വെട്ടി മുറിപ്പാൻ

അരുൾ നിൻകൃപ വിരവൊടു മാധവ കേശിമഥന, നാഥ, തൊഴുന്നേൻ.
ഓരോവിധമായുധജാലവുമോരോവിധവേഷവുമാണ്ടുട
നോരോവകവമ്പട മൃതിഭയമോരാതെ നടിച്ചുവരുമ്പോൾ
പാരാതവരെക്കൊല ചെയ്തിഹ പാരിൽനിരത്തീടുവതിന്നായ്
നേരേ മമ നീ തുണയാകുക കേശിമഥന, നാഥ, തൊഴുന്നേൻ.
ഔവ്വണ്ണം സകലജഗത്തും ചൊവ്വൊടു വന്നെതിരീടുകിലും
വൈഭവമില്ലരികളെ മമ കൊല ചെയ്വതു നന്നാകിലുമനിശം
കൈവല്യപ്രദ, നിൻകൃപ മേൽ ദൈവാൽ വന്നെതിരിട്ടീടിൽ
സർവ്വാധികളും തോറ്റോടും കേശിമഥന, നാഥ, തൊഴുന്നേൻ.
അക്ഷതബലമിയലും രിപുകുലമൊക്ക മുടിച്ചിഹ മുരളീശൻ,
വഞ്ചിക്ഷിതി കേരളസംജ്ഞം രക്ഷവിഭോ, രക്ഷ മുദാ മാം
പക്ഷീശ്വരവാഹന, സജ്ജനരക്ഷക, വിമതക്ഷയ, കാരണ
അക്ഷയയശ സൽഗുരു മാധവ കേശിമഥന, നാഥ, തൊഴുന്നേൻ.
പരിപുഷ്ടാടോപമൊടരിജനമെതിരിട്ടു വരുമ്പോളുടവുകൾ
തറിവെട്ടീടും പാടി പാഞ്ഞവരിഹപെട്ടു വരുന്നതിവേഗാൽ
ഒരുവട്ടമുണർന്നരുളീടുക പരിതുഷ്ടി കലർന്നു വിഭോ മയി
തിരുവട്ടാറതിൽ മരുവീടിന കേശിമഥന, നാഥ, തൊഴുന്നേൻ.

---

## ശങ്കരൻനമ്പൂരിയുടെ
# കരംപിരിവ്.

---

ഏതുകലയിലും യുദ്ധനിലയിലും അജയ്യനായ കാർത്തികതിരുനാൾ രാമരാജൻ കാലഗതിയടഞ്ഞശേഷം അവിടത്തെ അനന്തിരവൻ അവിട്ടം തിരുനാൾ ബാലരാമരാജാവു രാജപട്ടത്തിന് അനന്തിരാവകാശിയായി സിംഹാസനാരോഹണം ചെയ്തു. ആശ്രിതൻ ജയന്തൻശങ്കരൻനമ്പൂരി പ്രബലനായിത്തീർന്നു. ജയംതന്റെ പാട്ടിലായ ജയന്തന്റെ

ക്രൂട്ടകാർ ദുർമ്മദത്താൽ രാജ്യഭരണചക്രത്തിന്ന വക്രഗതി വരുത്തി. ജനസങ്കടം വൎദ്ധിച്ചു. ജനക്ഷേമനിരതനായ കേശവദാസന്റെ നിര്യാണം ധർമ്മരാജ്യചരിത്രത്തിൽ കറുപ്പുകലൎത്തി. നമ്പൂരി അചിരേണ മന്ത്രിപദത്തിൽ പററിക്കൂടി. മുൻപേ ഒഴിഞ്ഞിരുന്ന ഖജനായെ നിറയ്ക്കാൻ അദ്ദേഹവും ക്രൂട്ടകാരും ഉദ്യോഗിച്ചു. കള്ളവും കൊള്ളയും കോഴയും ധനസമ്പാദനത്തിനുള്ള സുകരമാൎഗ്ഗങ്ങളായി ഭവിച്ചു. പ്രജകളുടെ മാനത്തിനും ധനത്തിനും രക്ഷയില്ലാതായി. അക്രമം ദിക്കെങ്ങും പരന്നു. മന്ത്രിയും മിത്രങ്ങളും നാടൊട്ടുക്ക സഞ്ചരിച്ചു. പണക്കാരെ പിടിപ്പിച്ചുവരുത്തി പണം പിടുങ്ങി. വിരോധം പറയുന്നവരെ കെട്ടിയടിപ്പിച്ചു. അന്യായമായവിധം കരംപിരിച്ചു. ഈ കഥയെല്ലാം കേരളഭാഷയിൽ അക്കാലത്തുതന്നെ രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ആ രേഖകളിൽ ഒന്ന് ഈ വിധമാകുന്നു.

പട്ടയചട്ടപ്രകാരമല്ലാതുള്ള
മുൻപാട്ടമെന്ന കരം പിരിപ്പാൻ
പണ്ടൊരു നാളിലും കേട്ടറിവില്ലാത്ത
കിട്ടിയെന്നുള്ളൊരു കോലിറക്കി
കൈക്കിട്ടു കെട്ടി മുറുക്കിപ്പിടിക്കമ്പോൾ
വെക്കം പണം ധനമൊക്കെ വിററും
ഇങ്ങനെ കോലിട്ടിക്കുറം നിലവിളി
ഘോഷങ്ങളുണ്ടാമൊരു തരത്തിൽ
കാലും വലിച്ചങ്ങു തൂശിക്കിരുത്തീട്ടു
കല്ലും ചുമപ്പിച്ചൊരുതരത്തിൽ
ചൂണ്ടാണി കുത്തിക്കനിച്ചു മുതുകതിൽ
കല്ലേററമുണ്ടാമൊരുതരത്തിൽ
കാലു രണ്ടും തടിതന്നിലിട്ടാണിയും

വെച്ചിട്ടുഴിപ്പുരത്തന്നിലിട്ടും
തല്ലുമിടിയും കണക്കില്ല ചൊല്ലുവാൻ
കണ്ടവക്കൊത്തപോൽ ചെയ്തിട്ടുന്ന
ദേഹം ചൊറിയനം കൊണ്ടുപൊതിഞ്ഞടി-
ച്ചെണ്ണമില്ലാതെയുപാസമിട്ടും
ഇങ്ങനെ ഘോഷമായുള്ള പണം പിരി-
വൊട്ടും കുറവില്ലറിഞ്ഞു കൊൾക"

---

# കോലാട്ടം.

---

നടക്കാം വാടി മാനെ ! മൈലെ !
നമ്മുടെ നഗരിയിൽ കോലാടാം
ശൃംഗാരയിനങ്ങളെ പുറപ്പാക്കാം
ചെലപ്പം കൊണ്ടാടാം കളിയാടാം
പുവന്നയരളി, ചെമ്പകമാമ്പൽ
ചെമന്തി മല്ലികച്ചോലയിലെ
മല്ലിക മുല്ല മന്ദാര പിച്ചി
വിരിഞ്ഞു ചൊരിയും ചോലയിലേ
വാടീ കൈകൾ കോർത്തു ചാടീ കോലടിച്ചു
പാടീ ചോലയിൽ കളിയാടാം

---

# കൈകൊട്ടിക്കളി.

---

പൊന്നും കൊടിയും കുടയും തഴകളും
പൊന്നണിഞ്ഞാനയും പന്തങ്ങളും

മുന്നിൽ വിലസുന്നൊരാലവട്ടങ്ങളും
ചിന്നിച്ചിതറുന്ന വെഞ്ചാമരങ്ങളും
ആർത്തുവിളിച്ചമ്മ ആറാട്ടുവാനായി
ആറ്റിലഴകോടിറങ്ങുന്നേരം
ആടയും താലിയുമാഭരണങ്ങളും
ആദരവോടു കരയ്ക്കു വച്ചു
അമ്മ തിരുവടി നീരാട്ടുവാനായി
പൊന്മയമേനി വിളങ്ങുമാറായ്

.....................................

നാരി കുമാരനെല്ലൂർ വാഴും ദേവിയാം
കാർത്ത്യായനീ പദം കൈതൊഴുന്നേൻ.

---

ഞാറുനടുമ്പോൾ പാടുന്ന

## മറ്റൊരു പാട്ട്.

---

മാരിമഴകൾ ചൊരിഞ്ഞു—ചെറു
വയലൊക്കെ വെള്ളം നിറഞ്ഞു
പൂട്ടി ഒരുക്കി പറഞ്ഞു—ചെറു
ഞാറുകൾ കെട്ടി എറിഞ്ഞു
ഓമല ചെന്തില മാല—ചെറു
കണ്ണമ്മ കാളി കറുമ്പി
ചാത്ത ചടയിമാരായ—ചെറു
മന്ത്രിമാരെല്ലാരും വന്നു
വന്നുനിരന്നവർ നിന്റെ—കെട്ടി
ഞാറെല്ലാം എണ്ണി പകുത്തു
ഒപ്പത്തിൽ നട്ടുകരേറാ—നവർ
കുത്തിയുടുത്തു കുനിഞ്ഞു

കണ്ണച്ചെറുമി ഒണ്ണപ്പോൾ_അവൾ
ഓമലെ ഒണ്ണു വിളിച്ചു
പാട്ടൊന്നു പാടീട്ടുവേണം–നിങ്ങൾ
നട്ടു കരയ്ക്കു്ങ്ങു കേറാൻ
അപ്പോൾ ഒരു തത്തപ്പെണ്ണു്–അവർ
മേമരമേറി കരഞ്ഞു
മേപ്പോട്ടുനോക്കി പറഞ്ഞു–കൊച്ചു
ഓമലകുട്ടി ചെറുമി
തത്തമ്മപ്പെണ്ണെ നീ ഇപ്പോൾ–ഇങ്ങു
വന്തൊരുകാരിയം ചൊല്ലു
വിളവുപയിത്തു കിടന്തം–എല്ലാം
ചെറുമക്കളോടു നീ വന്തു
കയിരു മുറിഞ്ഞങ്ങുകൊണ്ടു–പോവാൻ
കയ്യും കരുത്തും നിനക്കു
നട്ടുകരയ്ക്കു്ങ്ങുകേറ-വോളം
പാടിയിരിക്കേണ്ടി അമ്മെ
തത്തമ്മപ്പെണ്ണു പറഞ്ഞു-നിങ്ങൾ
താനാട്ടം ചൊല്ലി നടുവിൻ
തത്തയ്യം താതയ്യം താരോം–തിമി
തത്തയ്യം താതയ്യം താരോം
തിന്തിനം തിന്നായി താരോം-തിമി
തിന്തിനം തിന്നായി താരോം
താനാട്ടം ചൊല്ലി തുടങ്ങി-അവർ
തത്തമ്മ പാടിത്തുടങ്ങി
മുക്കണ്ണനും ആനയായി–മല
മാതും പിടിവടിവായി
മാരമാൽ പൂണ്ടനകാലം–നല്ല
മോടു വനവാസം പുക്കു
തമ്മിലിണന്തു പുണന്തെ-ഉമ–
യാൾക്കങ്ങു ഗർഭം പകുത്തെ

### വവ്വെ

മുട്ടിമുയങ്കി പിറന്തെ-ഒരു
ചങ്ങവയറുള്ള പിള്ള
തെങ്കിൻറിളം ചൂട്ടുപോലെ-രണ്ടു
നീണ്ടു വളഞ്ഞന കൊമ്പും
ആടി അലഞ്ഞന കാതും-രണ്ടു
കൊച്ചു മുറം കണക്കമ്മെ
പഞ്ചകരമന തൻറ-കരം
ഇമ്പമൊതുങ്കിന പിള്ളെ
പള്ളനിറയോളം ചോറും-പാലും
എള്ളുണ്ടയും തരാം ഉണ്ണി
ചന്തമോടംവന്നം മാറി-മോദം
പൂണ്ടുകളിച്ചതുകാലം

---

## കുറത്തിപ്പാട്ട് (ഉടുക്കുകൊട്ടിപ്പാട്ട്)

മൌലിയിൽ കാണുന്നതെന്തോന്നു കാന്ത ?
ബാലകുളുർമതിയാണേ ബാലേ !
ഉള്ളിൽ വെളുത്തൊന്നു കാണുന്നൊണ്ടു്
പിന്നെയുമേതാനമുണ്ടവിടെ
വെള്ളം ചിടയിന്നു പോകുന്നില്ല
വെള്ളത്തിനിപ്പോൾ മുഖവുമുണ്ടോ
കണ്ണുകളുണ്ടാമോ വെള്ളം തന്നിൽ
കണ്ണുകളല്ലിതു മീനമാണെ
വാർക്കുന്തലുണ്ടാമോ വാരിയിങ്കൽ
വാർക്കുന്തലല്ലിതു ചണ്ടിയാണേ
പോകാൻ തുനിയുന്നു പാർവതിയാൾ
വാവാ മകനെ ഗണപതിയെ

. . . . . . . . . . . . . . . . . . . . . . . . . . . . . . . . .

ഇപ്പാട്ടു പാടുന്ന മങ്കമാർക്കു
കല്യാണമുണ്ടാകുമെല്ലാനാളും

എല്ലം തോല്വമണിഞ്ഞു ചാമ്പലും തേച്ച ചുടലയിൽ കിടക്കുന്ന കാളക്കാരൻ മന്ദാകിനീദേവിയെ തലയിൽ വെ രുന്നതുകണ്ട് അസൂയാകലുഷയായിത്തീന്ന പാവ്വതി "ചീ ഫം ക്രാസം"കൊണ്ടു ഭത്താവിൻെറ കള്ളങ്ങൾ വെളിപ്പെ ടുത്തുന്നതും സമാധാനം ദുർബ്ബലമാണെന്നു കണ്ട് മകനേയും കൊണ്ടു ബന്ധമൊഴിഞ്ഞുപോകാൻ വട്ടംകൂട്ടുന്നതും മററും സരസമായിരിക്കുന്നു ഇതു സാമൂഹികമായ ചില പൊടി കൈകളെ സൂചിപ്പിക്കയല്ലേ ചെയ്യുന്നത്.

---

# സ്ത്രീധർമ്മം വഞ്ചിപ്പാട്ട്.

---

നാട്ടുനടപ്പുവിട്ടാൽ നാട്ടിൽ നടപ്പു വിടേണ്ടിവരും. നാലുപേരിലൊരുത്തനാകുന്നതു നാലുകൊണ്ടും നല്ലതുത ന്നെ. കോലത്തിനൊത്ത കാലം കിട്ടിയില്ലെങ്കിൽ കാലത്തി നൊത്ത കോലം കെട്ടാമല്ലൊ. അതാണു ഒരു വഞ്ചിപ്പാ ട്ടിൽതന്നെ ഈ വാല്യം സമാപിക്കാമെന്നുവച്ചത്.

൧. അമ്പിനോടങ്ങാരകത്തു
ഇമ്പമുടൻ വാണുളരുളും
തമ്പുരാട്ടിയെ തൊഴുന്നേൻ
ഭക്തിയോടിന്നു.

൨. കുംഭിമുഖനാം സുതനും
തമ്പിമാരാമീശന്മാരും
കമ്പമെല്ലാമൊഴിച്ചെന്നെ
കാത്തുകൊള്ളേണം.

൩. നാരിമാരാം ജനത്തിൻെറ
നീതിധമ്മപ്രകാരങ്ങൾ

ആദരവോടൊട്ടു ചൊല്ലാം
കേൾപ്പിനെല്ലാരും.

൪. മന്ത്രമില്ല തന്ത്രമില്ല
ഹോമമില്ല ധ്യാനമില്ല
കാന്തനെ പരിചരിക്ക
മാത്രമേയുള്ളു.

൫. ഭക്തിയോടെ നിത്യവും തൻ
കാന്തനിഷ്ടംപോലിരിക്കും
ഉത്തമനാരിക്കു സ്വർഗ്ഗം
നിശ്ചയം കിട്ടും.

൬. പാതിയും പുരുഷനോർക്കിൽ
ഭാര്യയാണെന്നല്ലേ മുന്നം
വ്യാസനരുൾ ചെയ്തതൊന്നും
കേട്ടറിവില്ലേ ?

൭. ധർമ്മമർത്ഥം കാമം മോക്ഷം
എന്നിവയിലെല്ലാററിലും
നിർമ്മലമാം കാന്തപ്രീതി
പാത്രമാകുന്നു.

൮. പുത്രരുണ്ടാം കീർത്തിയുണ്ടാം
എന്നുവേണ്ടാ സമസ്തവും
തൻപതിതൻ പ്രീതികൊണ്ടു
സാംപ്രതം കിട്ടും

൯. ആകയാലിസ്ത്രീകളെല്ലാം
കാന്തനീശനെന്നുറച്ചു
പ്രേമമോടെ ശുശ്രൂഷിക്ക
നന്നു നന്നത്രെ.

൧൦. ദൈവമെന്നു നിനയ്ക്കേണം
തൻ പ്രിയരെ സ്ത്രീകളെല്ലാം
ഖേദമേതും വേണ്ടതിനാൽ
മംഗളമുണ്ടാം.